V. നിയമനിർമ്മാണ കാര്യം

1986-ലെ കേരള ധനവിനിയോഗ (5—ാം നമ്പർ) ബിൽ

Minister for Finance **Shri. Thachadi Prabhakaran:** Sir, I introduce the Kerala Appropriation (No. 5) Bill, 1986.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

Minister for Finance **Shri. Thachadi Prabhakaran:** Sir, I move the Kerala Appropriation (No. 5) Bill, 1986 be taken into consideration.

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർകുട്ടിനഹ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ധനകാര്യ മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ ധനവിനിയോഗബില്ലിനെ എതിർക്കാൻ എന്നെ പ്രേരിപ്പിക്കുന്ന കാര്യമാണ് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്. ഈ സംസ്ഥാന ഗവൺമെൻറിന്റെ കഴിഞ്ഞ കാല പ്രവർത്തനങ്ങളും ചെയ്തികളും വച്ചു നോക്കിയാൽ ഈ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിൽ ഈ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുന്നു എന്നു കാണാം. മാത്രമല്ല, കഴിഞ്ഞ കാലത്തുണ്ടായ നടപടികളും പ്രവർത്തനങ്ങളും കൊണ്ട് കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങളും സംരക്ഷിക്കാൻ കഴിയുകയുമില്ല. കേരളത്തിലെ ജനങ്ങൾ ധൂർത്തടിച്ച ഒരു കൊള്ള സംഘമാണ് ഇവിടെ ഭരിക്കുന്നതെന്ന് കഴിഞ്ഞ കാല അനുഭവം തെളിയിക്കുകയാണ്. ഈ ധനവിനിയോഗബില്ലിനെ എതിർക്കുമ്പോഴും കേരളത്തെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളും ഈ ഗവൺമെൻറിന്റെ പരിമിതിക്കുള്ളിൽപ്പെട്ടതാണെന്നുള്ള ധാരണയില്ല. ഇൻഡ്യാ മഹാരാജ്യം ഭരിക്കുന്ന ഭരണവർഗ്ഗവും ആ ഭരണവർഗ്ഗത്തിന്റെ നയങ്ങളും നമ്മുടെ രാജ്യത്തെ ഇന്ന് എവിടെ എത്തിച്ചിരിക്കുന്നു. കേരളത്തിൽതന്നെ നീറുന്ന രണ്ടു പ്രശ്നങ്ങളുണ്ട്. കേന്ദ്രഭരണാധികാരിവർഗ്ഗം കൈക്കൊള്ളുന്ന നയങ്ങൾ നമ്മുടെ ജനങ്ങളുടെ ജീവിതത്തെയും രാജ്യത്തെയും എങ്ങനെ ബാധിക്കുന്നു. കേന്ദ്രഗവൺമെൻറിന്റെ ഇറക്കുമതിനയംകൊണ്ട് നാളികേരത്തിനു വില കുറഞ്ഞു. കേന്ദ്രഗവൺമെൻറിന്റെ ഇറക്കുമതിനയംകൊണ്ട് നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടി. അങ്ങനെ വന്നതിന്റെ കാരണങ്ങൾ എടുത്തു പരിശോധിച്ചാൽ ഒന്നിൽ ചിലപ്പോൾ കൊല്ലമായിട്ട് മാവൂർ റയോൺസ് പൂട്ടിക്കിടന്നിട്ടും ബിർളാ ഗ്രൂപ്പിന് എന്തുകൊണ്ട് ലാഭമുണ്ടായി. ഒന്നിൽ ചിലപ്പോൾ കൊല്ലം ഒരു പ്രധാനപ്പെട്ട വ്യവസായകേന്ദ്രം അടച്ചുപൂട്ടി ലാഭമുണ്ടാക്കുന്നു. അപ്പോൾ നമ്മുടെ രാജ്യത്തിലെ മുതലാളിമാർക്ക് വ്യവസായസ്ഥാപനങ്ങൾ നടത്താനും ഈ രാജ്യത്തിലെ തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കാതെ ഇഷ്ടംപോലെ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യാനുമുള്ള സൗകര്യങ്ങൾ ഉണ്ടെന്നതാണ് ഈക്കാര്യങ്ങൾ തെളിയിക്കുന്നത്. ഈ നയം നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയെ എവിടെ കൊണ്ടുചെന്നെത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെൻറിന്റെ കണക്കുകൾ പ്രകാരംതന്നെ നമ്മുടെ വിദേശ വ്യാപാര കമ്മിപ്പണം 14,100 കോടിയായിരിക്കുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് കണ്ണു നട്ടിരിക്കുന്ന കേന്ദ്ര ഭരണാധികാരികളുടെ നയം കൊണ്ട് ഇന്ന് 14,100 കോടിയിൽ നിൽക്കുന്നു. ഈ നയം നമ്മുടെ രാജ്യത്തെ എവിടെയെത്തിക്കും. ആ സാമ്പത്തിക നയത്തെ എതിർക്കാതെ മുന്നോട്ടു പോകാൻ കഴിയില്ല. ആ സാമ്പത്തിക നയത്തെ എതിർക്കുമ്പോൾ കേന്ദ്രഗവൺമെൻറിന്റെ നയത്തെ എതിർക്കേണ്ടിവരും. അപ്പോൾ കേന്ദ്രവിരുദ്ധമായ സമരം എന്ന ഓമനപ്പേര് ഇട്ടതുകൊണ്ട് കാര്യമില്ല. കേന്ദ്രത്തിന്റെ സാമ്പത്തിക നയത്തെ എതിർക്കാതെ ഇൻഡ്യയിൽ ഒരൊറ്റ സംസ്ഥാനത്തിനും മുന്നോട്ടു പോകാൻ കഴിയാത്ത ഒരു സാഹചര്യം വളർന്നുവന്നിരിക്കുന്നു. അതുകൊണ്ട് സംസ്ഥാനത്തെ ജനങ്ങളും സംസ്ഥാനഗവൺമെൻറുകളും കേന്ദ്ര ഭരണാധികാരി വർഗ്ഗത്തിന്റെ സാമ്പത്തിക നയത്തെ എതിർത്ത് പോരാടേണ്ടി വരും. ഇന്ന് നടക്കുന്ന പോരാട്ടത്തെ കേന്ദ്ര വിരുദ്ധസമരമായി മുദ്രയടിക്കുന്നത് അപമാനകരമാണ്. അമ്മിഞ്ഞപ്പാലിനുവേണ്ടി കരയുന്ന കുട്ടിയോട് അമ്മവിരുദ്ധ സമരം നടത്തുന്നുവെന്നു പറയുന്ന വാചകം പോലെയാണ്. ഈ രാജ്യത്ത് കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി സമരം നടത്തുന്നവരെയും വാദിക്കുന്നവരെയും കേന്ദ്രവിരുദ്ധസമരക്കാരായി മുദ്രയടിക്കുന്ന നയത്തിനെതിരായി നാം പോരാടേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ ഇന്ന് എന്താണ് സ്ഥിതി? അപ്പുറത്തുനിന്ന് പ്രസംഗിച്ചപ്പോൾ കേട്തത്, നമ്മുടെ രാജ്യത്ത് ക്ഷീര ഉൽപ്പാദനം വർദ്ധിച്ചിരിക്കുന്നുവെന്നാണ്. എന്നാൽ വസ്തുത എന്താണ്? നമ്മുടെ സംസ്ഥാനത്ത് അരി ഉൽപ്പാദനം വർദ്ധിച്ചിരിക്കുന്നുവെന്നു പറയുന്നത് ശരിയാണോ, ഇല്ലെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. 1981—ൽ ഉള്ള കണക്കിൽ എങ്കിലും ഇപ്പോൾ എത്തിയിട്ടുണ്ടോ. 1980—ൽ 12,71,965 ടൺ അരി ഇവിടെ ഉൽപ്പാദിപ്പിച്ചു. 1984—ൽ 12,55,936 ടൺ അരിയാണ് ഉൽപ്പാദിപ്പിക്കപ്പെട്ടത്. 1980—81—ൽ നമ്മുടെ സംസ്ഥാനത്തിൽ നാളികേരം ഉൽപ്പാദിപ്പിച്ചിരുന്നതിനേക്കാൾ 1984—85—ൽ വർദ്ധിച്ചിട്ടില്ല. ഇങ്ങനെ എവിടെ നോക്കിയാലും വൻപിച്ച രൂപത്തിലുള്ള പുരോഗതി ഉണ്ടായിട്ടില്ലെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. അങ്ങനെ പുരോഗതിയുണ്ടാകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന വഴിയെന്താണ്. മുഖച്ഛായ നന്നാക്കുക, മുഖച്ഛായ നന്നാക്കി കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക രംഗത്തെ നിശ്ചലമാക്കി, കാർഷിക രംഗം നിശ്ചലമാക്കുന്നതിന് ഉത്തരവാദിയായ ശ്രീ. എ. എൽ. ജേക്കബ്ബിന്റെ കയ്യിൽനിന്നും ശ്രീമാൻ നാടാരുടെ കയ്യിലേക്ക് ഈ വകുപ്പ് എത്തിച്ചതുകൊണ്ട് കാർഷികരംഗത്ത് എന്തെങ്കിലും പുരോഗതി ഉണ്ടാകുമെന്ന് ചിന്തിക്കാൻ ഈ രാജ്യത്തിലെ ഒരൊറ്റ വ്യക്തിയെയും കിട്ടുകയില്ല. അങ്ങനെ കാർഷികരംഗം തകർത്തു. വ്യാവസായികരംഗം തകർത്തു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പെരുകി. ഇതെല്ലാമുള്ള ഒരു ഗവൺമെൻറ് ധനവിനിയോഗത്തിനുവേണ്ടിയുള്ള ബില്ല് വീണ്ടും അവതരിപ്പിച്ചപ്പോൾ അതിനെ എതിർക്കുന്നത് പക്ഷപാതപരമായിട്ടല്ല. എന്തെങ്കിലുമൊരു മെസ്മെറിസംകൊണ്ട് ഇത് നടപ്പിലാക്കുമെന്നല്ല. കേന്ദ്രഗവൺമെൻറ് അനുവർത്തിക്കുന്ന നയങ്ങൾ നമ്മുടെ രാജ്യത്തെ എവിടെ എത്തിച്ചു. സ്വാതന്ത്ര്യം കിട്ടി 40—ാം വർഷത്തിലേക്ക് നീങ്ങാൻപോകുന്ന നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെന്താണ്? 40 കൊല്ലക്കാലം കൊണ്ട് ഭരിക്കുന്ന ഭരണാധികാരി വർഗ്ഗത്തിന്റെ ഭരണനയത്തിന്റെ ഫലമായി നമ്മുടെ രാജ്യത്ത് വിഘടിത ശക്തികളും വർഗ്ഗീയവാദികളും എവിടെ എത്തിയെന്ന് പരിശോധിക്കണം. ജനാധി

LIBRARY ARCHIVES Kerala Legislative Assembly

പത്യം നമ്മുടെ രാജ്യത്ത് വളർന്ന് എവിടെയെത്തി. ഒരു സംസ്ഥാനം ഭരിക്കണമെങ്കിൽ ആ സംസ്ഥാനത്തിലെ മുഖ്യമന്ത്രി മതനേതാക്കൻമാരുടെ ഒപരിപ്പു തുടച്ചാൽ മാത്രമേ കഴിയൂ എന്ന നിലയിൽ അധഃപതിച്ചിരിക്കുന്നു. ഈയൊരു സ്ഥിതിവിശേഷം നമ്മുടെ രാജ്യത്തുണ്ടായതുകൊണ്ടാണ് വർഗ്ഗീയതക്കെതിരായ പോരാട്ടം, വിഘടിതശക്തികൾക്കെതിരായ പോരാട്ടം ഈ കാലഘട്ടത്തിലെ പ്രാധാന്യമെന്ന് പറയുന്നത്. ആ പ്രാധാന്യമെന്നു പറയുമ്പോൾ ഒരു കൂട്ടം ആളുകൾ ചോദിക്കും ഈ വർഗ്ഗീയ വാദികളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവർ എന്തുകൊണ്ട് ഇന്ന് ഇങ്ങനെ പറയുന്നുവെന്ന്. ഞാൻ ഒരു ഉദാഹരണം പറയാം. ഇന്നലെ പഞ്ചസാര പായസം കുടിച്ച ഒരു മനുഷ്യൻ ഇന്ന് പഞ്ചസാരയിട്ട ചായ കഴിക്കുന്നില്ല. നിങ്ങൾ ഇന്നലെ പഞ്ചസാര കഴിച്ചിട്ട് എന്താണ് ഇന്ന് പഞ്ചസാരയിടാതെ ചായ കുടിച്ചത് എന്നു ചോദിക്കും. ഇന്നലെ ഡയബറിക് രോഗിയല്ലായിരുന്നു. ഇന്ന് ഡോക്ടർ പറയുന്നു ഞാൻ ഡയബറിക് രോഗിയാണെന്ന്. ഇന്നലെ ഡയബറിക് രോഗിയല്ലാത്ത ഞാൻ പഞ്ചസാര പായസം കുടിച്ചിരുന്നു. ഇന്നലെ പ്രമേഹരോഗിയല്ലാത്ത ഞാൻ പഞ്ചസാരയിട്ട ചായ കഴിച്ചിരുന്നു. പക്ഷെ ഇന്ന് ഡയബറിക് രോഗിയാണെന്ന് മനസ്സിലായപ്പോൾ പഞ്ചസാര കഴിക്കില്ലെന്ന് പറഞ്ഞാൽ ഇന്നലെ കഴിച്ചില്ലെന്നു പറയുന്നതല്ല ന്യായം. ഇൻഡ്യൻ ദേശീയതയെ ചോദ്യം ചെയ്യുന്ന ഒരു സ്ഥിതിയിലേക്ക് വരുമ്പോൾ അതിനെതിരെ അണിനിരക്കണം, യോജിക്കണമെന്ന് പറയുന്ന രാഷ്ട്രീയം തെറ്റായ രാഷ്ട്രീയമാണ് എന്ന് പറയുന്നത് അൽപത്വത്തിന്റെ ലക്ഷണമാണ്. ഇതാണ് ഞാൻ കാണുന്ന രാഷ്ട്രീയ നയങ്ങൾ. അത്തരമൊരു സമീപനമെടുക്കാൻ തയ്യാറുണ്ടോ? അതാണ് അറിയേണ്ടത്.

ഇപ്പോൾ കേരളത്തിൽ ഭരണം നടത്തുന്ന ഐക്യജനാധിപത്യമുന്നണിയുടെ തലവൻ മലർപ്പൊടിക്കാരന്റെ ചിന്തയോടുകൂടിയാണ് നടക്കുന്നത്. മലർപ്പൊടിക്കാരൻ മലർപ്പൊടിവിറ്റ് കിട്ടുന്ന കാശുകൊണ്ട് ആടിനെ വാങ്ങിക്കും, ആടിനെ വളർത്തി മാടിനെ വാങ്ങിക്കും, തൊഴുത്തുകളുണ്ടാക്കും, കല്യാണം കഴിക്കും, കുട്ടികളുണ്ടാകും, തന്റെ ഭാര്യ മാടിനെ കറക്കാൻ പോകുമ്പോൾ കുട്ടി കരയും, അപ്പോൾ കയ്യിലുള്ള വടികൊണ്ട് ഭാര്യയെ തല്ലും എന്നു പറഞ്ഞ് ഓങ്ങിയപ്പോൾ വടി തട്ടി കുടം പൊട്ടി മലർപ്പൊടി മുഴുവൻ തറയിൽ വീണു എന്നു പറഞ്ഞതുപോലെ ഇവിടെ അധികാരത്തിലിരിക്കുന്ന ശ്രീമാൻ കരുണാകരൻ ദിവാസ്വപ്നം കാണുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇത് ആരാണ് ചെയ്തത്? നമ്പൂതിരിയല്ലേ? നമ്പൂതിരിയുടെ കാര്യമല്ലേ പറഞ്ഞത്?

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: നമ്പൂതിരി ആയാലും ശരി മാരാരായാലും ശരി, അതിൽ പ്രശ്നമില്ല. അത് ആരോ ആകട്ടെ. കഥ നിങ്ങൾക്കും എനിക്കും അറിയാവുന്നതുകൊണ്ട് പിന്നെ അതു വേണോ? അതുകൊണ്ടാണ് പറഞ്ഞത് അധികാരത്തിലിരുന്നുകൊണ്ട് ചെയ്യുന്ന ചെയ്തികൾ നമ്മുടെ സംസ്ഥാനത്തിലെ ജനജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്നു ശാന്തമായി നിങ്ങൾ പരിശോധിക്കണം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ഈ ഒരു പ്രസംഗംകൊണ്ട് മാർക്സിസ്റ്റുപാർട്ടിയുടെ നടപടിയിൽനിന്നും അങ്ങേയ്ക്ക് രക്ഷപ്പെടാമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ശ്രീ. തച്ചടി പ്രഭാകരൻ രാഷ്ട്രീയം തുടങ്ങുന്നതിനു മുമ്പ് രാഷ്ട്രീയക്കാരനായ എന്റെ രാഷ്ട്രീയ ജീവിതം എങ്ങനെ രക്ഷപ്പെടുത്തണമെന്നുള്ളതിന് അങ്ങയുടെ ഉപദേശം ആവശ്യമില്ല. അതിനുള്ള സാമാന്യമായ കഴിവ് എനിക്കുണ്ട്. ഞാൻ എവിടെ നിൽക്കണമെന്നുള്ളത് ഞാൻ തീരുമാനിക്കും. അതിന് ശ്രീ. തച്ചടി പ്രഭാകരന്റെ ഉപദേശം വേണ്ട. ശ്രീമാൻ തച്ചടിയെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഓന്തിനെപ്പോലെ നിറം മാറുന്ന രാഷ്ട്രീയനയമല്ല എന്റെ രാഷ്ട്രീയനയമെന്നു മനസ്സിലാക്കാനുള്ള അൽപ്പബുദ്ധിയെങ്കിലുമുണ്ടായാൽ മതി. അത്രയേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. തച്ചടി പ്രഭാകരൻ: ഞാൻ ഓന്തിനെപ്പോലെയൊന്നുമല്ല. ഞാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ഉറച്ചുനിൽക്കുന്ന ഒരു പ്രവർത്തകനാണ്. ഞാൻ 35 വർഷമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽത്തന്നെയാണ് നിൽക്കുന്നത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായിട്ടോ മറ്റു കോൺഗ്രസ്സുമായിട്ടോ എന്തോ ആയിക്കോട്ടെ. ശ്രീ. തച്ചടി പ്രഭാകരന്റെ രാഷ്ട്രീയം എനിക്കറിയാം; എന്റെ രാഷ്ട്രീയം നാട്ടുകാർക്കറിയാം.

ശ്രീ. ഒ. ഭരതൻ: തച്ചടി പാതിരാത്രി തലയിൽ മുണ്ടുമിട്ടുകൊണ്ട് എ. കെ. ജി. സെന്ററിൽ വന്നത് ഓർമ്മിക്കുന്നുണ്ടോ?

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: അങ്ങനെ പല ഓർമ്മകളുമുണ്ട്. ആ ഓർമ്മകളെപ്പറ്റിയൊന്നും ഞാനിപ്പോൾ പറയുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: ശ്രീമാൻ തച്ചടി ഇനിയും തലയിൽ മുണ്ടുമിട്ടുകൊണ്ട് എ. കെ. ജി. സെന്ററിൽ വരുമെന്നറിയാമോ?

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ആര് എവിടെ പോകുന്നു, ആര് എവിടെ വരുന്നു എന്നുള്ള കാര്യത്തിലേക്ക് പോകാൻവേണ്ടിയല്ല പറയുന്നത്. ഈ വസ്തുതകൾ കാണാൻ, സത്യം മനസ്സിലാക്കാൻ തയ്യാറാകണം. ഏതായാലും ഞാൻ എന്നെ രക്ഷിക്കണമെന്നു പറഞ്ഞ് ബഹുമാനപ്പെട്ട തച്ചടി പ്രഭാകരന്റെയടുത്തു വന്നിട്ടില്ല. ഞാൻ ആരുടേയും അടുത്ത് പോയി എനിക്ക് ഇങ്ങനെ പറഞ്ഞിരിക്കുന്നു, എന്നെ രക്ഷിക്കണേ എന്നു പറഞ്ഞിട്ടില്ല. എനിക്ക് വിഷമം പറഞ്ഞെങ്കിൽ ആ വിഷമം എങ്ങനെ തീർക്കാൻ കഴിയും എന്നുള്ളത് ചിന്തിക്കാനും തീരുമാനിക്കാനുമുള്ള എന്റെ അധികാരത്തിൻമേലെങ്കിലും കൈവയ്ക്കാതിരുന്നാൽ മതി. ഇവിടെ അതല്ല പ്രശ്നം. ഇവിടത്തെ പ്രശ്നം ഇവിടെ കൊണ്ടുവന്ന നയത്തെപ്പറ്റി, നടപടിക്രമങ്ങളെപ്പറ്റിയാണ്.

നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഫിഷറീസ് വകുപ്പ് നമ്മുടെ മുഖ്യമന്ത്രി ഏറെടുത്തല്ലോ. ഇവിടെ നിന്നും കയറ്റുമതി ചെയ്യുന്ന മത്സ്യസമ്പത്തിന്റെ കണക്ക് എന്താണ്? 1980–81–ൽ 38.56 ശതമാനമായിരുന്നു ഇവിടത്തെ സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതിയെങ്കിൽ 1981–82 ൽ 45 ശതമാനമായി ഉയർന്നു. പക്ഷേ 1984–85 ആയപ്പോഴേയ്ക്കും അത് 36.63 ശതമാനത്തിലേക്ക് താഴ്ന്നു. ഇങ്ങനെ എവിടെ എടുത്തുനോക്കിയാലും ഇതുതന്നെയാണ് സ്ഥിതി. സഹകരണമേഖലയുടെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുന്ന കടം 1983–ൽ 559 ലക്ഷം രൂപയായിരുന്നു. എന്നാൽ 1984–ൽ 316 ലക്ഷമായി. അതു കൊണ്ടാണ് പറയുന്നത് ഏത് രംഗമെടുത്തുനോക്കിയാലും പുരോഗതിയുടെ ഭാഗം നിങ്ങൾക്ക് കാണിക്കാൻ കഴിയുകയില്ല. ഏത് ഭാഗത്തു നോക്കിയാലും നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിഗതികൾ താഴോട്ടു വരുന്നു. ഈ സ്ഥിതിഗതികൾ മാറിമറിയുക്കുന്നതിന് എങ്ങനെയാണ് കഴിയുക? അതിന് ആവശ്യമായ പ്രവർത്തനം എങ്ങനെ നടത്തും? ആ നയങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പോരാടുമോ? എന്റെ രാജ്യം ഒന്നാണ്, എന്റെ രാജ്യത്തിലെ ജനങ്ങൾ ഒന്നാണ് എന്ന ഉയർന്ന ആശയം നിലനിറുത്തുമ്പോൾതന്നെ നമ്മുടെ നാടിനേയും നാട്ടിലെ ജനങ്ങളേയും ബാധിക്കുന്ന പ്രശ്നങ്ങൾക്കുവേണ്ടി പോരാടുന്നതിന് തയ്യാറാകണം. ഭരണാധികാരമുണ്ട്, മന്ത്രിക്കസേരയിലിരിക്കുന്നു എന്നതുകൊണ്ട് കാര്യമില്ല. സ്വന്തം സംസ്ഥാനത്തിലെ ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി, അവരുടെ ജീവിതത്തിനുവേണ്ടി വാദിക്കാൻ കഴിവില്ലാതെ തരംതാണുനിന്ന് കേന്ദ്രത്തിന് ഏറാൻമൂളുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യമെന്നും സംസ്ഥാനത്തിന്റെ താൽപ്പര്യമെന്നും പറയുന്ന തെറ്റായ നയം കൈക്കൊള്ളുന്നിടത്തോളംകാലം കേരളത്തെപോലെയുള്ള ഒരു സംസ്ഥാനത്തിന് ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയില്ല എന്നുള്ളതാണ് സത്യം, ഇത്തരത്തിലുള്ള ഒരു ഗവൺമെന്റ് കൊണ്ടുവന്ന ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകളവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ നിയമസഭ പാസ്സാക്കിക്കൊടുത്ത ധനാഭ്യർത്ഥനയനുസരിച്ച് ധനവിനിയോഗം നടത്താനുള്ള അവകാശം, അതിനുള്ള അർഹത ഈ ഗവൺമെന്റിനുണ്ട്. കേരളത്തിന്റെ തീരാശാപമായിരുന്ന ഭരണ അസ്ഥിരത അവസാനിപ്പിച്ച് ഈ സംസ്ഥാനത്ത് സുസ്ഥിരമായ ഒരു ഭരണം കാഴ്ചവച്ച ഈ ജനാധിപത്യമുന്നണി ഗവൺമെന്റ് അഞ്ചാം വയസ്സിലേക്ക് കാലൂന്നിനിൽക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഈ കാലമത്രയും ഒരു ഗവൺമെന്റിനും കാഴ്ചവയ്ക്കാനാവാത്ത തരത്തിൽ വികസന രംഗത്ത് അദ്ഭുതകരമായ നേട്ടങ്ങളുണ്ടാക്കുവാൻ ശ്രീമാൻ കെ. കരുണാകരൻ നയിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അത് വളരെയേറെ അഭിമാനമുള്ള കാര്യമാണ്. പ്രതിപക്ഷം പരസ്യമായി എന്തെല്ലാം പറഞ്ഞാലും കഴിഞ്ഞ നാലു കൊല്ലക്കാലംകൊണ്ട് വികസന രംഗത്ത് ഈ ഗവൺമെന്റ് നേടിയ വമ്പിച്ച നേട്ടങ്ങളെ രഹസ്യമായി അംഗീകരിക്കാൻ തയ്യാറാകുമെന്ന കാര്യത്തിൽ സംശയമില്ല. അത്തരത്തിൽ കേരളത്തിന്റെ പുരോഗതിക്ക് ഗുണമായ ഒരു അടിത്തറയുണ്ടാക്കുവാൻ, ഈ നാടിന്റെ വളർച്ചയ്ക്ക് സഹായകരമായ നടപടികൾ സ്വീകരിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ഞാൻ അനുസ്മരിക്കുകയാണ്. ദേശീയതലത്തിൽ 1985-86-ൽ വളർച്ചനിരക്ക് 4.5 മുതൽ 5 ശതമാനംവരെ ആയിരുന്നുവെങ്കിൽ കേരളത്തിൽ ആ കാലത്തിലുള്ള ഗ്രോത്ത് റേറ്റ് 14.6 ശതമാനമായിരുന്നു. വളർച്ചനിരക്ക് ഉയർത്തിയെന്നു മാത്രമല്ല ഇന്ത്യയിലെമ്പാടും ലോകത്തെമ്പാടും വിലനിലവാരം പിടിച്ചു നിറുത്തുവാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അനുസരിച്ച് 1983–ൽ 12.8 ശതമാനവും 1984–ൽ 11.7 ശതമാനവും ആയിരുന്നു പണപ്പെരുപ്പം.

LIBRARY ARCHIVES Kerala Legislative Assembly

ഇത് 1985-ൽ 3.3 ശതമാനമാക്കി കുറയ്ക്കുവാൻ സംസ്ഥാന ഗവൺമെന്റിനു കഴിഞ്ഞു. ഇത് നിസ്സാരമായ കാര്യമാണോ? വികസന രംഗത്തെ നേട്ടങ്ങളുടെ പട്ടികയിലേക്ക് കടക്കുന്നില്ല. കഴിഞ്ഞ ദിവസം നാം ചർച്ച ചെയ്ത കാര്യമാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: ഇൻഡസ്ട്രിയൽ വർക്കേഴ്സിന്റെ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ഏഴിൽചിലാനമായിരുന്നത് എട്ടിൽ ചിലാനമായി വർദ്ധിച്ചുവെന്ന് ഔദ്യോഗികമായിത്തന്നെ കേന്ദ്രഗവൺമെന്റ് പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഞാൻ ഇവിടെ ഉദ്ധരിച്ചത് മൊത്തത്തിലുള്ള കൺസ്യൂമർ പ്രൈസ് ഇൻഡക്സിന്റെ കാര്യമാണ്. നിങ്ങളൊക്കെ ഉദ്ധരിക്കുന്ന കേരളാ ഗവൺമെന്റിന്റെ ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ളതനുസരിച്ചാണ് ഞാൻ പറഞ്ഞത്. അടുത്ത ഒരു കൊല്ലക്കാലത്തേക്കുള്ള ധനവിനിയോഗബില്ലിന് ഈ ഗവൺമെന്റ് അനുമതി തേടുമ്പോൾ എനിക്ക് ഒന്നു രണ്ടു കാര്യം സൂചിപ്പിക്കുവാനുണ്ട്. കേരളത്തിലെ ഏറ്റവും മുഖ്യമായ പ്രശ്നം തൊഴിലില്ലായ്മയാണ്. കേരളത്തിൽ തൊഴിലില്ലായ്മ സീമാതീതമായ മേഖലകളിലേക്ക് പടർന്നുകയറിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഏറ്റവും അവസാനമുള്ള കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം ഏതാണ്ട് 25 ലക്ഷത്തിലേറെയാണ്. യഥാർത്ഥത്തിലുള്ള കണക്ക് അതിലും അധികം വരും. ഇത്തരത്തിൽ ഭയാനകമായ നിലയിലേക്ക് തൊഴിലില്ലായ്മ പടർന്നുകയറുമ്പോൾ അത് നിയന്ത്രിക്കുവാനുള്ള ചുമതലയും ഉത്തരവാദിത്വവും ഗവൺമെന്റിനുണ്ട്. കഴിഞ്ഞ ദിവസങ്ങളിലെ ചർച്ചകളിൽ പല കാര്യങ്ങളും ചൂണ്ടിക്കാണിച്ചു. വ്യവസായ രംഗത്ത് പുരോഗതി ഉണ്ടായിട്ടുണ്ട്, മാറ്റങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ ജനപ്പെരുപ്പവുമായി തട്ടിച്ചുനോക്കുമ്പോൾ തൊഴിലില്ലായ്മയുടെ ഭയാനകമായ ചിത്രവുമായി തട്ടിച്ചുനോക്കുമ്പോൾ ആ വളർച്ച അപര്യാപ്തമാണ്. പുതിയ വ്യവസായങ്ങളുണ്ടാകണം, ചെറുകിട വ്യവസായ രംഗത്ത് പുതിയ സമീപനമുണ്ടാകണം.

ഇവിടെ തൊഴിലില്ലായ്മയെപ്പറ്റി പറയുമ്പോൾ നമുക്കറിയാം കഴിഞ്ഞ കാലങ്ങളിലൊക്കെ ഉദാഹരണമായി, അൻപതുകളിലും അറുപതുകളിലും കേരളത്തിന് പുറത്ത് ജോലി സാദ്ധ്യതകളൊക്കെ ഉണ്ടായിരുന്നു. ഇൻഡ്യക്കകത്തു തന്നെ മദിരാശിയിലും, കർക്കട്ടയിലും ബോംബെയിലും ഒക്കെ പതിനായിരക്കണക്കിന് മലയാളികൾ ജോലി ചെയ്യുന്നുണ്ട്. ഇന്ന് കാലഘട്ടം മാറിയിരിക്കുന്നു. പ്രാദേശിക വാദം പറഞ്ഞ്, മണ്ണിന്റെ മക്കൾ വാദം പറഞ്ഞ് കേരളത്തിന് പുറത്ത് ഇൻഡ്യയ്ക്ക് ഉള്ളിലാണെങ്കിൽപ്പോലും ഒരു ജോലി ലഭിക്കാനുള്ള സാദ്ധ്യത ഈ മലയാളികൾക്ക് ഇല്ലാതായിരിക്കുന്നു. സർ, തൊഴിലില്ലായ്മ രൂക്ഷമായപ്പോൾ നമുക്ക് ആശ്വാസം പകർന്നത് വിദേശ രാജ്യങ്ങളായിരുന്നു. ഗൾഫ് നാടുകളിൽ പുതുതായി ജോലി സാദ്ധ്യതകളുണ്ടായിരുന്നു, പുതിയ അവസരങ്ങൾ ഉണ്ടായിരുന്നു. സർ, ഇന്ന് ആ കാലഘട്ടം പിന്നിടാൻ പോകുകയാണ്. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ആശ്വാസം പകർന്നത് മറ്റ് എന്തിനെക്കാളും ഗൾഫ് നാടുകളാണ്. ഇന്ന് ആ സാദ്ധ്യതയും മങ്ങിത്തുടങ്ങിയിരിക്കുന്നു. അവിടെ ജോലി സാദ്ധ്യതയില്ലെന്നു മാത്രമല്ല കഴിഞ്ഞ ഏതാനും മാസങ്ങളായി, വർഷങ്ങളായി അവിടെ നിന്ന് ജോലി അവസാനിച്ച് ആളുകൾ മടങ്ങേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. അത്തരത്തിൽ ഇനിയങ്ങോട്ടുള്ള വർഷങ്ങളിൽ കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചിത്രം വളരെ ഭയാനകമാകാൻ പോകുകയാണ്. കേരളത്തിലുള്ള തൊഴിലില്ലായ്മ,ഗൾഫ് നാടുകളിൽനിന്ന് ആളുകളെ ജോലി നഷ്ടപ്പെട്ട് മടങ്ങുമ്പോൾ വളരെ ഭയാനകമായി മാറാൻ പോകുന്നു. അക്കാര്യം മുന്നിൽ കണ്ടുകൊണ്ട് പദ്ധതികളും ആവിഷ്കരിച്ച് വ്യാവസായിക രംഗത്ത് നടപടികളും സ്വീകരിക്കുവാൻ ഗവൺമെൻറിന് ബാദ്ധ്യതയുണ്ട്. കേരളത്തിന്റെ അടിത്തറ മണിയോർഡർ എക്കണോമിയാണെന്ന് ആക്ഷേപിക്കാറുണ്ട്. എന്തായാലും കേരളത്തിൽ കഴിഞ്ഞ കാലത്തുണ്ടായ പുരോഗതിയുടെ മുഖ്യമായ ഒരു പങ്ക് വഹിച്ചത് ഗൾഫ് നാടുകളിലുള്ള പാവപ്പെട്ട മലയാളികളുടെ സമ്പാദ്യമായിരുന്നു. ഇന്ന് പെട്രോളിന് വില കുറഞ്ഞു. ജോലി സാദ്ധ്യത കുറഞ്ഞു. പുതുതായി ജോലി സാദ്ധ്യതകളുണ്ടാകുന്നില്ലെന്ന് മാത്രമല്ല അവിടെയുള്ള ആളുകളെ പോലും ജോലി നഷ്ടപ്പെട്ട് മടങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നു. കേരളത്തിലെ രൂക്ഷമായ, ഭയാനകമായ പൊട്ടിത്തെറിയുടെ വക്കിലാണ്. ആ പ്രശ്നം മുന്നിൽ കണ്ടുകൊണ്ട് പദ്ധതികളും ആവിഷ്കരിച്ച് പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനും ഈ ഗവൺമെൻറ് ശ്രദ്ധിക്കണമെന്ന് ഞാൻ പറയുകയാണ്.

മറൊരു കാര്യം കേരളത്തിലെ പൊതു മേഖലാ വ്യവസായസ്ഥാപനങ്ങളുടെ കാര്യമാണ്. ഇവിടെ നടന്ന വ്യവസായ ചർച്ചയിൽ പറഞ്ഞു, പൊതു മേഖലാസ്ഥാപനങ്ങൾ മെച്ചപ്പെടുത്താൻ പോകുന്നുവെന്ന്. ശ്രീ. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കാര്യമായ നീക്കമുണ്ടായിട്ടുണ്ട്. ഇൻഡ്യയിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടബിലിറ്റി നിശ്ചയിക്കുവാൻ, അവയെ നഷ്ടത്തിൽനിന്ന് കരകയറ്റാൻ, മെച്ചപ്പെടുത്താൻ ശ്രമങ്ങളുണ്ടായിരിക്കുന്നു. ആ ശ്രമങ്ങളിൽ കേന്ദ്ര ഗവൺമെൻറുമായി സഹകരിക്കാൻ സംസ്ഥാനഗവൺമെൻറ് തയ്യാറാകണം. ഇന്ന് പലപൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉത്തരവാദിത്വബോധമില്ല. ഇവിടെ നൽകുന്ന കണക്കനുസരിച്ച് തന്നെ നമ്മുടെ പല പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ കണക്കുപോലും കൊടുക്കുന്നില്ല. 1984–85–ൽ 86 ഗവൺമെൻറ് കമ്പനികളിൽ 31 എണ്ണത്തിന്റെ കണക്കുകൾ മാത്രമാണ് കൊടുത്തിട്ടുള്ളത്. പൊതു ജനാവിലെ വണം കൊണ്ട് നടത്തുന്ന സ്ഥാപനങ്ങൾ വെള്ളാനകളാകാൻ പാടില്ല. പൊതു മേഖലാസ്ഥാപനങ്ങളിലെ തലവൻമാരായ ഉദ്യോഗസ്ഥപ്രമാണിമാർ ഇന്ന് എയർ കണ്ടീഷൻ കാറുകളിൽ സഞ്ചരിക്കുന്നു. എയർ കണ്ടീഷൻ റൂമുകളിൽ വിരാജിക്കുന്നു. അത്തരത്തിലുള്ള ധൂർത്തിനേറെയും അമിതമായ ചെലവിനേറെയും മേഖലകളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറാതെ പൊതു മേഖലാസ്ഥാപനങ്ങളെ ഉദ്ധരിക്കാനും കേരളത്തിന്റെ അഭിമാനങ്ങളായി മാറാനും നടപടി സ്വീകരിക്കണം. മറൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് കേരളത്തിന്റെ ഭരണസ്ഥിരതയെപ്പറ്റിയാണ്. ഇവിടെ കോൺഗ്രസ്സിന്റെ അധികാര കുത്തകയെപ്പറ്റി പലരും പ്രസംഗിച്ചു. കോൺഗ്രസ്സിന്റെ അധികാര കുത്തക തകർക്കുവാനും അട്ടിമറിക്കാനും നടന്ന ശ്രമങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇവിടെ കാലുമാറ്റത്തിലൂടെ, കുതിരക്കച്ചവടത്തിലൂടെ പലരേയും ചാക്കിട്ട് പിടിച്ച് ഈ ഗവൺമെൻറിനെ മറിച്ചിടാൻ നടന്ന ശ്രമത്തെക്കുറിച്ച് നമുക്കറിയാം. എന്തായാലും നാലുകൊല്ലം പിന്നിട്ടിരിക്കുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ അധികാര കുത്തകയ്ക്കെതിരെ ജനാധിപത്യ മുന്നണിക്ക് എതിരെ പട പൊരുതിയ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഇന്ന് തകർന്ന് തരിപ്പണമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചിത്രമാണ് നാമിന്നു കാണുന്നത്. സർ, നാട്ടിൻപുറത്ത് ഒരു ചൊല്ലുണ്ട്. 'പ്രസവമെടുക്കാൻ പോയവരും ഇരട്ട പെറുവെന്ന്'' കോൺഗ്രസ്സിന്റെ അധികാര കുത്തകയെ തകർക്കാൻ പോയ മാർക്സിസ്റ്റ് പാർട്ടി ഇന്ന് നെടുകേയും, കുറുകേയും പിളർന്ന ദയനീയ ചിത്രം കേരളം കണ്ടു കൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കോൺഗ്രസ്–ഐ. വർക്കിംഗ് പ്രസിഡന്റായ കമലാപതി ത്രിപാഠി തന്നെ രാജീവ് ഗാന്ധിക്കെതിരായി പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? മി. പ്രണാബ് മുക്കർജിയെ പുറത്താക്കിയത് നിങ്ങൾക്കറിയാമോ? കർണ്ണാടകയിൽ റൗണ്ടുപോയില്ലേ, അതിനെക്കുറിച്ച് നിങ്ങൾക്കറിയാമോ? കോൺഗ്രസ് പാർട്ടി അഖിലേന്ത്യാടിസ്ഥാനത്തിൽ തന്നെ പിളർന്നുകൊണ്ടിരിക്കുന്ന ആ സന്ദർഭത്തിൽ ഇങ്ങനെ പ്രസംഗിക്കുന്നത് ആത്മാർത്ഥതയോടുകൂടിയാണോ?

ശ്രീ. കെ. സി. ജോസഫ്: സർ, കോൺഗ്രസ് പാർട്ടി അച്ചടക്കമുള്ള ഒരു പാർട്ടിയാണ്. ഗുണ്ടുറാവു ആണെങ്കിലും പ്രണാബ് മുക്കർജിയാണെങ്കിലും പാർട്ടിക്കെതിരായി നീങ്ങിയാൽ പാർട്ടിക്ക് പുറത്തു തന്നെയായിരിക്കും. അതിന് യാതൊരു സംശയവുമില്ല. നിങ്ങളുടെ സ്ഥിതിയെന്താണ്? നിങ്ങൾ പുറത്താക്കിയ എം. വി. രാഘവൻ ഇന്നെവിടെ? ഞാൻ നിയമസഭയിൽ അംഗമായ കാലം മുതൽ ഇക്കഴിഞ്ഞ നാലു കൊല്ലക്കാലം നിങ്ങളുടെ മെയിൻ സ്പോക്കസ്മാൻ എം. വി. രാഘവനായിരുന്നു. നിങ്ങളുടെ വക്താവും എം. വി. രാഘവനായിരുന്നു. ഇന്ന് അദ്ദേഹമെവിടെ? എം. വി. രാഘവനോട് സഹതാപം ഉള്ള സുഹൃത്തുക്കൾ അപ്പുറത്തുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ ഒരു ബൈബിൾ കഥ ഓർത്തു പോകുകയാണ്. ''യേശുക്രിസ്തു തന്നെ അവസാന അത്താഴ സമയത്ത് ശിഷ്യൻമാരോട് പറഞ്ഞു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റുകൊടുക്കുമെന്ന്'' അപ്പോൾ എല്ലാവരും ഞാനാണോ, ഞാനാണോ എന്ന് ചോദിച്ചു കയ്യൊഴിയാൻ ശ്രമിച്ചു. അദ്ദേഹം വീണ്ടും പറഞ്ഞു. ''എന്റെ ശിഷ്യൻമാരിലൊരാൾ കോഴി കൂകും മുൻപ് മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയുമെന്ന്'' അതുപോലെ എം. വി. രാഘവനോടൊപ്പം ബദൽ രേഖയുണ്ടാക്കാൻ നടന്ന പല സ്നേഹിതൻമാരും കോഴി കൂകും മുൻപ് രാഘവനെ തള്ളിപ്പറയുന്നത് നാം കാണുന്നുണ്ട്. പൂച്ച പാലു കുടിക്കുന്നതുപോലെ കണ്ണടച്ച് ഇരുന്ന് രാഘവനെ വിസ്മരിക്കാൻ പലരും നോക്കുന്നു.

ശ്രീ. വി. ദിനകരൻ: ശ്രീ. രാഘവന്റെ ഇന്നത്തെ പ്രസ്താവനയിൽ നമ്മുടെ പ്രതിപക്ഷ നേതാവ് നായനാർ പോലും അദ്ദേഹത്തെ ഈ കാര്യത്തിൽ ഉപദേശിച്ചുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എം. വി. രാഘവൻ പല കഥയും പറയും. ഊതിക്കാച്ചിയ പൊന്നു പോലെ എം. വി. രാഘവൻ മടങ്ങിവരുമെന്ന് പറഞ്ഞ ആളുകളാണ് ഇവിടെയുള്ളത്. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി, ജനാധിപത്യ പാർട്ടിയാണെന്ന് കാലം തെളിയിക്കാൻ പോകുകയാണ്. മാർക്സിസ്റ്റ് പാർട്ടിക്കകത്തെ അച്ചടക്കരാഹിത്യത്തെപ്പറ്റി,

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് പാർട്ടിക്കുള്ളിലുള്ള ജനാധിപത്യ വിരുദ്ധ നടപടിയെപ്പറ്റി ആ പാർട്ടിക്കുള്ളിൽനിന്ന് തന്നെ ശബ്ദമുണ്ടാകുന്നു. ഏതായാലും മാർക്സിസ്റ്റ് പാർട്ടിക്കുള്ളിലുള്ള ആഭ്യന്തര പ്രശ്നങ്ങം പുകഞ്ഞ് പുകഞ്ഞ് ഇന്ന് പാർട്ടി നാശത്തിന്റെ വക്കിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി തകർന്ന് കൊണ്ടിരിക്കുന്നുവെന്നല്ലേ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ട് പഞ്ചായത്ത് തിരഞ്ഞെടുപ്പെങ്കിലും നിങ്ങം ഒന്ന് നടത്തുമോ?

ശ്രീ. കെ. സി. ജോസഫ്: അത് സമയത്ത് നടത്തിക്കൊള്ളും. പഞ്ചായത്ത് തിരഞ്ഞെടുപ്പ് മാത്രമല്ല നിയമസഭാ തിരഞ്ഞെടുപ്പും നടത്തും. നിങ്ങം തള്ളിപ്പറഞ്ഞ എം. വി. രാഘവനോടൊപ്പം പൊതുവേദികളിൽ കേരളത്തിൽ അങ്ങോളമിങ്ങോളം പ്രസംഗിക്കുന്ന സഖാവ് ചക്രപാണിയും സഖാവ് വാസുദേവമേനോനും മാർക്സിസ്റ്റ് ബെഞ്ചുകളിലാണിരിക്കുന്നത്. ഇവരെ പുറത്താക്കാൻ തന്റേടമുണ്ടോ? രാഘവൻ പാർലമെന്ററി വ്യാമോഹത്തിലാണെന്ന് പറഞ്ഞ് ആക്ഷേപിക്കുന്ന നിങ്ങളുടെ പാർലമെന്ററി അവസരവാദത്തിന്റെ മറ്റൊരു മുഖമല്ലേ ഇത്. ചക്രപാണിയേയും, വാസുദേവമേനോനെയും നിങ്ങളുടെ ബെഞ്ചിൽ തന്നെ ഇരുത്തേണ്ട ഗതികേടുണ്ടെങ്കിൽ ഞങ്ങളെ ഉപദേശിക്കാൻ വരണ്ട. ഞങ്ങളുടെ പാർട്ടിക്കുള്ളിൽ.....

ശ്രീ. കെ. കൃഷ്ണൻകുട്ടി: മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ച് പറഞ്ഞു, അങ്ങയുടെ ബഹുമാനപ്പെട്ട നൂറുദ്ദീനും, നമ്മുടെ തോപ്പിൽ രവിയും കരുണാകരനെക്കുറിച്ചും, പാർട്ടിയെക്കുറിച്ചും എന്തെല്ലാമാണെന്നോ പറഞ്ഞത്, പാർട്ടിയിൽ ഏകാധിപത്യമാണ് ജനാധിപത്യമില്ല എന്നൊക്കെയാണ്. അദ്ദേഹത്തെ പാർട്ടിയിൽ നിന്ന് പുറത്താക്കാനുള്ള ശ്രമം വല്ലതും നടത്തിയോ?

ശ്രീ. കെ. സി. ജോസഫ്: ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഈ ലോകം കണ്ട ഏറ്റവും വലിയ ജനാധിപത്യപ്രസ്ഥാനമാണ്. പ്രശ്നങ്ങം ഉണ്ടാകും. ഞങ്ങം പാർട്ടിക്കുള്ളിൽ ചർച്ചകം നടത്തും. അഭിപ്രായവ്യത്യാസങ്ങം പരിഹരിച്ച് ഞങ്ങളെല്ലാവരും ഒന്നായി മുന്നോട്ടു പോകും. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ മുഖ്യശത്രു കോൺഗ്രസ് അല്ലാതായിരിക്കുന്നു. നമ്മുടെ രാജ്യത്ത് പല ദേശീയ പ്രശ്നങ്ങളും ഉണ്ട്. ശ്രീ കുഞ്ഞിക്കണ്ണൻ പറഞ്ഞ കാര്യങ്ങം ശ്രദ്ധേയമാണ്. ഇൻഡ്യയുടെ ഐക്യത്തിന് എതിരായി, ഭീതരതെതിരായി നീക്കങ്ങളുണ്ടാക്കുന്നു. ആ നീക്കങ്ങളുണ്ടാകുമ്പോം അപകടകരമായ ആ പ്രവണതയെ കണ്ണു തുറന്നു കാണാൻ നാം തയ്യാറാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നാമെല്ലാം ഈ രാജ്യത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ഇന്ന് ഇൻഡ്യയിലുണ്ടാക്കുന്ന അപകടകരമായ, പ്രവണതയെ കണ്ണു തുറന്ന് കാണുവാനുള്ള ബാദ്ധ്യത നമുക്കുണ്ട്. ആ ശ്രമത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുമായി വൈകിയാണെങ്കിലും സഹകരിക്കുവാൻ മാർക്സിസ്റ്റുകാർ തയ്യാറായതിൽ സന്തോഷമുണ്ട്. കഴിഞ്ഞ നാലു കൊല്ലക്കാലം കൊണ്ട് കേരളത്തിലെ പുരോഗതിക്ക് അടിത്തറയിട്ട, ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ ഗവൺമെന്റിന് ധനവിനിയോഗം നടത്താനുള്ള, അതിന്റെ വിശ്വാസയോഗ്യത തന്നെ ഇന്ന് നഷ്ടപ്പെട്ട അവസ്ഥയിലാണ്. മുൻപൊക്കെയാണെങ്കിൽ ഗവൺമെന്റിന്റെ യഥാർത്ഥ ധന സ്ഥിതിയെ സംബന്ധിച്ച് നിയമസഭയിലെങ്കിലും സത്യസന്ധമായി പറയുന്ന പാരമ്പര്യമുണ്ടായിരുന്നു. ഇപ്പോഴാ അതും പോയി. ഇത്തവണ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് മുൻ ധനകാര്യമന്ത്രി ചെയ്ത പ്രസ്താവനയിൽ നമ്മുടെ സംസ്ഥാനത്തിന്റെ ബാദ്ധ്യതയെ സംബന്ധിച്ച് ഒട്ടനവധി വസ്തുതകളും മറച്ച് വച്ചിരിക്കുന്നുവെന്നാണ് പുതിയ ധനകാര്യ മന്ത്രിയുടെ അഡീഷണൽ സ്റ്റേറ്റ്മെന്റ് വ്യക്തമാക്കിയത്. രണ്ടു പേരിൽ ആരു പറയുന്നതാണ് ശരി എന്നുള്ളതാ ഇപ്പോഴും തർക്കമായി അവശേഷിക്കുകയാണ്. ഈ ബില്ല് പാസ്സാക്കിക്കഴിഞ്ഞാൽ ഇവർ എന്താണ് ഇവിടെ നടത്താൻ പോകുന്നത്? ഈ ഡിമാൻഡുകളുടെ ചർച്ചയിൽ ഇന്ന് കേരളത്തിലെ വ്യാവസായിക, രാഷ്ട്രീയ, വിദ്യാഭ്യാസ മേഖലയിലും ജനങ്ങളെ പൊതുവായി ബാധിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾ പ്രതിപക്ഷത്തുനിന്നും, ഭരണപക്ഷത്തുനിന്നും ഉന്നയിക്കപ്പെട്ടിരുന്നു. അതിനൊക്കെ വായടക്കി മറുപടി പറഞ്ഞതുകൊണ്ടും കൈപൊക്കി വോട്ട് ചെയ്തതുകൊണ്ടും ആ പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. അതെല്ലാം ഇപ്പോഴും അവശേഷിക്കുകയാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ ഇത് കഴിഞ്ഞാൽ ഇതിനൊക്കെ പരിഹാരമുണ്ടാക്കേണ്ട നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത ഇതിനുമുമ്പ് നിർവ്വഹിക്കപ്പെട്ടാറില്ല. ഇനിയും നിർവ്വഹിക്കുകയില്ല എന്നുള്ളതിന്റെ സൂചനയാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്ന പുതിയ വിവാദം. ഇപ്പോൾ ഒരു പുതിയ വിവാദത്തിന് തിരികൊളുത്തിയിരിക്കുകയാണ്. കഴിഞ്ഞ വർഷം തന്നെ എട്ടു മാസക്കാലം പ്രതിഛായ ചർച്ചയായിരുന്നു. രേണുകക്ഷിയിലെ പാർട്ടികളും പരസ്പരമുള്ള വാദ വിതർക്കങ്ങൾകൊണ്ട് ബഹുജന പ്രശ്നങ്ങളിൽനിന്നൊക്കെ തന്നെ ജനശ്രദ്ധ തിരിച്ചു വിടാനുള്ള ശ്രമമായിരുന്നു. അതൊന്ന് കെട്ടടങ്ങിയപ്പോഴാ ഇന്ന് സഭ പിരിയുന്നതിന് മുൻപുതന്നെ രേണുകക്ഷിയിലെ സാരഥ്യം വഹിക്കുന്ന പാർട്ടിയുടെ നേതാവ് കെ. പി. സി. സി. പ്രസിഡന്റ് ഇപ്പോഴും ഒരു പുതിയ വിവാദമാണ് തൊടുത്തു വിട്ടത്. രാജീവ് ഗാന്ധിയുടെ നേതൃത്വവും ദേശീയ നയങ്ങളും അംഗീകരിക്കപ്പെടുന്ന പാർട്ടികൾക്ക് മാത്രമേ ഇനി തങ്ങളുടെ മുന്നണിയിൽ സ്ഥാനമുണ്ടാകൂ എന്നദ്ദേഹം അസന്നിഗ്ദ്ധമായി കൊല്ലത്ത് പ്രസ്താവിച്ചതാണ്.

ഉടനെ വന്നിരിക്കുന്നു പ്രതികരണം. കേരള കോൺഗ്രസ്സിന്റെ വർക്കിംഗ് പ്രസിഡന്റായ ലൂക്കോസ് പറയുന്നത് അങ്ങനെ രാജീവ് ഗാന്ധിയുടെ ദേശീയനയങ്ങളൊക്കെ അംഗീകരിച്ചു കൊള്ളാമെന്ന് ഞങ്ങളാരും ഏറ്റിട്ടില്ലെന്നാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി വരുന്ന നയങ്ങളെ മേലിലും, എതിർക്കുമെന്നാണ് ലൂക്കോസ് പറയുന്നത്. റബ്ബർ കൃഷിക്കാരുടെ താൽപ്പര്യത്തിനെതിരായിട്ടുള്ള ഇറക്കുമതിനയമാണിപ്പോഴും കേന്ദ്രഗവൺമെന്റ് തുടരുന്നത്. നാളികേരകർഷകരുടെ താൽപ്പര്യങ്ങൾക്കെതിരായിട്ടുള്ള നയമാണിപ്പോഴും കേന്ദ്രം തുടരുന്നത്. അതുകൊണ്ടാണ് നാളികേരകർഷകരുടെ പ്രശ്നംവച്ചുകൊണ്ട് കേരളാ കോൺഗ്രസ്സുകാർ തീവണ്ടിസമരം നടത്തിയത്. മാത്രമല്ല ഏറ്റവും വിശ്വസ്തതയോടുകൂടി നിൽക്കുന്നുവെന്നു പറയുന്ന മുസ്ലീംലീഗിന്റെ സെക്രട്ടറി ഉമ്മർബാഫഖി തങ്ങൾ ഒരു പ്രസ്താവനയുമായി വന്നിരിക്കുകയാണ്. ഞങ്ങളിപ്പോൾ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് ഈ മുന്നണിയിലൊക്കെ നിൽക്കുന്നതെന്നാണ് പറയുന്നത്. അതിനപ്പുറമുള്ള കാര്യങ്ങളൊന്നും ഞങ്ങളാരും ഏറ്റിട്ടില്ല. അതിന്റെ അർത്ഥം ശ്രീ. പത്മരാജൻ പറയുന്നു ശ്രീമാൻ രാജീവ്ഗാന്ധിയുടെ നേതൃത്വവും ദേശീയനയങ്ങളുമൊക്കെ അംഗീകരിക്കേണ്ട യാതൊരു ബാദ്ധ്യതയും ഞങ്ങൾക്കില്ലെന്ന് ഭംഗ്യന്തരേണ വ്യക്തമാക്കിയിരിക്കുകയാണ് ബാഫഖി തങ്ങൾ.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: മാർക്സിസ്റ്റു പാർട്ടിയിലുണ്ടായിട്ടുള്ള ഭിന്നിപ്പുകൾ വ്യക്തിവൈരാഗ്യം കൊണ്ടുള്ളതാണെന്ന അങ്ങയുടെ നേതാവ് അച്യുതമേനോന്റെ അഭിപ്രായത്തെപ്പറ്റി എന്താണ് പറയുവാനുള്ളത്?

ശ്രീ. കെ. പി. പ്രഭാകരൻ: അതിനെപ്പറ്റി പിന്നെ പറയാം. നിങ്ങൾ ഈ പറയുന്നത് ആത്മാർത്ഥമായിട്ടല്ലെന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ ഇപ്പോൾ ഒരു പുതിയ തർക്കവിവാദം ഉണ്ടാക്കി ജനങ്ങളുടെ ശ്രദ്ധ മുഴുവൻ തന്നെ നാടിന്റെ ഗുരുതരമായ പ്രശ്നങ്ങളിൽനിന്ന് തിരിച്ചുവിട്ടു. തിരഞ്ഞെടുപ്പു നടത്താൻ വേണ്ടിയുള്ള ഗൂഢാലോചനയിലാണ്. ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'ചുട്ടുതിന്നാൻ നേരത്ത് കൊല്ലനും കൊല്ലത്തിയും ഒന്നാണെന്നാണ്' അത്. അതുപോലെയാണ് തിരഞ്ഞെടുപ്പിന്റെ അവസാനനിമിഷംവരെ. നിങ്ങൾ ഇനിയും ഈ വാദങ്ങളുമായിട്ട് ജനങ്ങളെ പറഞ്ഞിക്കാൻ പോകുകയാണെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ഈ പറയുന്നതിൽ ഒരാത്മാർത്ഥതയുമില്ല. ഇതിനൊക്കെത്തന്നെ ഏറാൻമൂളിനിന്നുകൊണ്ടല്ലേ നിങ്ങൾ ഈ മുന്നണിയിൽ തുടരുന്നത്. ആ കാര്യമാണ് ഞാൻ പറഞ്ഞത്. പിന്നെ അച്യുതമേനോന്റെ പ്രസ്താവനയെപ്പറ്റി പോദിച്ചല്ലോ? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രം ജനയുഗം ആണ്, മാതൃഭൂമിയല്ല. മാതൃഭൂമിയിൽ തെറ്റായികൊടുത്തത് തിരുത്തിക്കൊണ്ട് ഇന്നത്തെ ജനയുഗം പത്രത്തിൽ അച്യുതമേനോൻ തന്നെ വിശദമായിട്ടുള്ള സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ട്. അത് സാവകാശം വായിച്ചുനോക്കിയാൽ മതി. ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യവകുപ്പു മന്ത്രിയായി ചാർജ്ജ് എടുത്തതിനുശേഷം ഒട്ടനവധി പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായി. വളരെ സന്തോഷത്തോടുകൂടി ഞാനടക്കം എല്ലാവരും കേട്ടതാണ്. ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കുമറിയാം. കർഷകരുടെ മുഴുവൻ സബ്സിഡിയും ഗവൺമെന്റുകൾ കൊടുത്തു തീർക്കുവാനുള്ള ബാദ്ധ്യതകളും എല്ലാം കൊടുത്തുതീർക്കുമെന്നാണ് പറഞ്ഞത്. ഇതൊക്കെ വളരെ സന്തോഷപൂർവ്വം കേട്ടിരുന്നതാണ്. ഇതൊക്കെ അദ്ദേഹത്തിന് നടപ്പിലാക്കുവാൻ കഴിയുമോ? ഇവിടെ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി വളരെയേറെ കുടിശ്ശികകൾ കൊടുത്തുതീർക്കുവാനുണ്ട്. അതിന്റെ കണക്കുകളൊക്കെ ശേഖരിക്കുന്നുവെന്നു പറയുകയുണ്ടായി. അതൊക്കെ കൊടുത്തുതീർക്കുമെന്നു അദ്ദേഹം പറഞ്ഞപ്പോൾ എല്ലാവർക്കും സന്തോഷമാണുണ്ടായത്. ഞങ്ങൾക്കുമൊക്കെ അതിൽ സന്തോഷമുണ്ട്. എന്നാൽ അതിന് കഴിയുമോ? കഴിയുകയില്ലെന്നുള്ളതിന്റെ ഒരു സൂചന ഇന്നലത്തെ സപ്ലിമെന്ററി ബഡ്ജറ്റിന്റെ സ്റ്റേറ്റ്മെന്റ് ഇവിടെ വിതരണം ചെയ്തപ്പോൾ ബോദ്ധ്യമായി. ഈ പറയുന്നതിനൊന്നും തുകകൾ ബഡ്ജറ്റിലുൾക്കൊള്ളിച്ചിട്ടില്ല. കർഷകരുടെ പമ്പിംഗ് സബ്സിഡി, വളം സബ്സിഡി ഇതൊക്കെ കൊടുത്തുതീർക്കുമെന്ന് അദ്ദേഹം പറയുകയുണ്ടായി. അതൊക്കെ കൊടുക്കുവാൻ ഇപ്പോഴുള്ള ബഡ്ജറിൽ പ്രൊവിഷൻ പോരാ. അതിനാവശ്യമുള്ള സപ്ലിമെന്ററി ഡിമാൻഡ് കൊണ്ടുവരുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ പറഞ്ഞതാണ്. പക്ഷേ ഇന്നലെ ഡിമാൻഡ് വായിച്ചുപരിശോധിച്ചപ്പോൾ ഒറ്റ കാര്യത്തിനും ഇവിടെ കൊടുക്കുമെന്നു പറയുന്നത് ഉൾക്കൊള്ളിച്ചിട്ടില്ല. അധികവും നൂറുരൂപയുടെ ടോക്കൺ പ്രൊവിഷനാണ്. ഏതായാലും കർഷകരുടെ വളം സബ്സിഡിക്കുവേണ്ടി ഒരു 35 ലക്ഷം രൂപ നീക്കിവച്ചതായികണ്ടു. ഇവിടെ 60,000 ഹെക്ടർ നിലമാണ് കുട്ടനാട്ടിലും തൃശ്ശൂരുമായി പുഞ്ചക്കൃഷി ചെയ്യുന്നത്. ഹെക്ടറിന് നൂറുരൂപപ്രകാരം 60,000 ഹെക്ടർ നിലം പണിയുന്നതിന് കർഷകർക്ക് 60 ലക്ഷം രൂപയുണ്ടെങ്കിൽ മാത്രമേ വളം സബ്സിഡി കൊടുത്തുതീർക്കുവാൻ കഴിയുകയുള്ളൂ. കഴിഞ്ഞകൊല്ലത്തേത് ഇനി ഏഴുലക്ഷം രൂപയുണ്ട്. എന്നിട്ടിപ്പോൾ 35 ലക്ഷം രൂപ. അതിന്റെ അർത്ഥം ഇക്കൊല്ലത്തെ കുടിശ്ശിക 42 ലക്ഷം ആകുവാൻ പോകുകയാണ് എന്നാണ്. കയറിന്റെ കാര്യത്തിലും മറ്റു പലതിലും അദ്ദേഹം നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളുടെയൊക്കെ ഗതി ഇതുതന്നെയാകുമോ എന്ന് ന്യായമായും ആശങ്കിക്കേണ്ടിയിരിക്കുകയാണ്. കൊടുത്തു തീർത്താൽ നല്ലകാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യും. ഭരണഘടനാ ബാദ്ധ്യത നിറവേറ്റാനുള്ള ഒരു വഴിപാടുചടങ്ങായിട്ടുണ്ട് നമ്മുടെ ബഡ്ജറ്റവതരണം. ബഡ്ജറ്റ് അവതരിപ്പിച്ച് ആ ബഡ്ജറ്റ് പാസ്സാക്കുന്നതിനുമുമ്പ് ഇപ്പോൾ സപ്ലിമെന്ററി ഡിമാൻഡ് കൊണ്ടുവന്നു. ഞങ്ങൾ ഇതു മുമ്പും ചൂണ്ടിക്കാണിക്കാറുള്ളതാണ്. ആ 24 ഡിമാൻഡിൽ 12 ഡിമാൻഡും 100 രൂപയുടെ ടോക്കൺ പ്രൊവിഷനാണ്. ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ തുടങ്ങാനാണ്. അതിന്റെ അർത്ഥം ഇപ്പോൾ അവതരിപ്പിച്ച സമ്പൂർണ്ണ ബഡ്ജറ്റിലുള്ള നിർദ്ദേശങ്ങൾക്കല്ല പണം ചെലവുചെയ്യാൻ പോകുന്നത്, സപ്ലിമെന്ററിയായി കൊണ്ടുവന്നിട്ടുള്ളതിന് വകമാറി ചെലവുചെയ്യാൻപോകുന്നുവെന്നാണ്. അതിപ്പോഴത്തന്നെ വ്യക്തമായിരിക്കുകയാണ്. കഴിഞ്ഞ നാലുവർഷമായി ഈ ഗവൺമെന്റ് തുടർന്നുവന്ന നയമാണിത്. വർഷാവസാനമാകുമ്പോഴേയ്ക്കും ചെലവു ചുരുക്കലിന് ഉത്തരവ് പുറപ്പെടുവിക്കും. വിവിധ ഡിപ്പാർട്ടുമെന്റുകൾ ബില്ലുകളെഴുതിയാൽ അത് ഇന്നയിന്ന ചെലവുകൾക്കൊഴികെ മറ്റൊന്നിനും കൊടുക്കരുതെന്ന നിരോധന ഉത്തരവായിരുന്നു കഴിഞ്ഞവർഷംവരെ. കഴിഞ്ഞവർഷം ശ്രീമാൻ മാണി ഒരു സൂത്രം ഒപ്പിക്കുകയുണ്ടായി. ഓർഡർ പുറപ്പെടുവിച്ചില്ല. നേരേമറിച്ച് ഒക്ടോബർ ആകുമ്പോഴത്തന്നെ അഞ്ചുലക്ഷം രൂപയിൽക്കൂടുതലുള്ള ഏതു ഡിപ്പാർട്ടുമെന്റിന്റെ ബില്ലുകളായാലും ധനകാര്യവകുപ്പുമന്ത്രിയുടെ മുൻകൂട്ടിയുള്ള ക്ലിയറൻസ് വാങ്ങിയിട്ടല്ലാതെ ക്യാഷ് ചെയ്യാൻ പാടില്ലെന്നു പറഞ്ഞു. അങ്ങനെ കോടിക്കണക്കിനുരൂപയുടെ ബില്ലുകൾ വർഷാവസാനംവരെ മന്ത്രി മാണി തടഞ്ഞുവച്ചു. അതു തടഞ്ഞുവച്ചിട്ട്, അതുമുഴുവൻതന്നെ റിസർവ്വ് ബാങ്കിൽ ഗവൺമെന്റിന്റെ മിച്ചമാക്കിനിറുത്തിക്കൊണ്ട് തന്റെ ധനകാര്യമാനേജുമെന്റിന്റെ വിജയം വിളംബരം ചെയ്യുകയുമാണ് ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന്റെ കള്ളിയൊക്കെ പുതിയ ധനകാര്യവകുപ്പുമന്ത്രിയുടെ സ്റ്റേറ്റുമെന്റ് വന്നപ്പോൾ പൊളിഞ്ഞുപോയി. ഇതൊക്കെത്തന്നെയാണോ ഇനിയും ആവർത്തിക്കുവാൻ പോകുന്നത്. സപ്ലിമെന്ററി ഡിമാൻഡിന്റെ സൂചന അതാണു കാണിക്കുന്നത്. അതുകൊണ്ട് ഈ രീതിയിൽ പോയാൽ ഇനിയും പഴയ ഗതിതന്നെയായിരിക്കും നമ്മുടെ സംസ്ഥാനത്തിന് നേരിടാൻ പോകുന്നത്. വിവിധ ഡിപ്പാർട്ടുമെന്റുകൾക്കുവേണ്ടി ബഡ്ജറ്റിൽ പാസാക്കിക്കൊടുക്കുന്ന സംഖ്യയുടെ നല്ലൊരുഭാഗം ഇന്ന് ചോർന്നു പോകുന്നുവെന്നുള്ളത് രാജ്യത്ത് പരക്കെ ബോദ്ധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. അതാണ് അഴിമതിയാരോപണമായിട്ട് ദിവസവും പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ഇതൊക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരമായിട്ട് ഇതിൽനിന്നുള്ള വിഭവങ്ങളം പറ്റുന്ന ഒരു വലിയവിഭാഗം മന്ത്രിമാരും അവരുടെ പാർശ്വവർത്തികളും പാർട്ടികളുമായിട്ട് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. എന്തിന് ദാരിദ്ര്യനിർമ്മാർജ്ജനത്തിനു വേണ്ടി ഐ. ആർ. ഡി. പി., ആർ. എൻ. ഇ. ജി. പി., എൻ.ആർ.ഇ.പി. തുടങ്ങിയിട്ടുള്ള പദ്ധതികൾക്ക് കേന്ദ്രഗവൺമെൻറ് അനുവദിക്കുന്ന പണം പോലും (അതിന്റെ 50 ശതമാനംപോലും) അതിന്റെ ഗുണഭോക്താക്കൾക്ക് എത്താത്ത ഒരവസ്ഥയാണിന്ന് നിലനിൽക്കുന്നത്. അതിനു പാകമായിട്ടുള്ള ഒരു സംവിധാനമാണിപ്പോഴുണ്ടാക്കിയിട്ടുള്ളത്. ആർ.എൽ.ഇ.ജി.പി.യിൽ പാവപ്പെട്ട ഹരിജനങ്ങൾക്കു വീടുപണിയുന്നതിനുവേണ്ടി ഒരു പദ്ധതിയുണ്ട്. കുറെ അധികം വീടുകൾ അനുവദിക്കുന്നുണ്ട്. ആ വീടുകൾ ആർക്കുകൊടുക്കണമെന്ന് സെലക്ട് ചെയ്യാനായിട്ട് ഒരു കമ്മിറ്റി സംഘടിപ്പിച്ചപ്പോൾ അതിൽ എം. എൽ. എ. ഒഴിച്ചുള്ളവരെല്ലാം ഭരണകക്ഷിക്കാരിൽ നിന്നാണു നോമിനേറ്റു ചെയ്തത്. പാവപ്പെട്ട ഹരിജനങ്ങൾക്കുവേണ്ടി പുരപണിയുന്നതിന് ഗവൺമെൻറ് കൊടുക്കുന്ന സംഖ്യയിൽനിന്ന് നല്ലൊരുഭാഗം ഇന്ന് കൈക്കൂലി വാങ്ങുന്നുവെന്നുള്ളത് അങ്ങാടിപ്പാട്ടാണ്. അങ്ങനെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി ചെലവാക്കുന്നപണംപോലും പിച്ചച്ചട്ടിയിൽനിന്നും കൈയിട്ടുവാരുന്ന സ്ഥിതിയായിരിക്കുകയാണ്. ഇത്തരത്തിലുള്ള അഴിമതിനടക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് നമ്മുടെ രാജ്യം എത്തിയിരിക്കുകയാണ്. ഇതിനൊരു മാറ്റം വരുത്താത്തിടത്തോളംകാലം ഈ ബഡ്ജറ് പാസ്സാക്കിയതുകൊണ്ടോ ഇത് വിനിയോഗിക്കുന്നതിനുള്ള അധികാരം കൊടുത്തതുകൊണ്ടോ ഇവിടെ യാതൊന്നും നേടാൻ പോകുന്നില്ല. നമ്മുടെ രാഷ്ട്രീയ വ്യാവസായിക മേഖലയാകെ ഇന്നു തകർന്നിരിക്കുകയാണ്. കൃഷിവകുപ്പിനെപ്പറ്റി ഇവിടെ ചർച്ചചെയ്യാൻപോലും സമയം കിട്ടിയില്ല. ചർച്ചയ്ക്കുപോലും സമയം തരാതെ കൈപൊക്കി പാസ്സാക്കിവിടുകയാണ് ചെയ്തത്. ഇത് നീക്കിവച്ചപ്പോൾ ചർച്ചചെയ്യാനുള്ള ദിവസമൊക്കെയുണ്ടായിരുന്നു. ഇവിടെ നെൽക്കൃഷി തകർച്ചയിലാണ്. നാളികേരക്കൃഷി തകർച്ചയിലാണ്. റബ്ബറിന്റെ വിലയിടിയുന്നു. റബ്ബറിന്റെ വില താഴ്ത്തിക്കെട്ടിക്കൊണ്ട് ഗവൺമെൻറ് ഇറക്കുമതി നടത്തുന്നു. ഇതെല്ലാം ഇവിടെയുള്ളവർക്കെല്ലാം ബോദ്ധ്യമുള്ള കാര്യങ്ങളാണ്.

സർ, ഈ വക കാര്യങ്ങളൊന്നും ഇവിടെ ചർച്ചചെയ്യാൻ അവസരമുണ്ടായില്ല. കൃഷിവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചക്കവസരം തരാതെയാണ് പാസ്സാക്കിയത്. വ്യവസായവകുപ്പിനെപ്പറ്റി വളരെ വിശദമായ ചർച്ച നടന്നു. ബഹുമാനപ്പെട്ട മന്ത്രി വളരെ തകർപ്പൻ മറുപടിയും പറഞ്ഞു. പക്ഷേ ഇവിടെ ചർച്ചയിൽ ഉന്നയിക്കപ്പെട്ട വളരെ കാതലായ പ്രശ്നം പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനെ സംബന്ധിച്ചായിരുന്നു. അതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടില്ല. ഇന്ന് പരമ്പരാഗത വ്യവസായരംഗത്ത് ഏറ്റവും രൂക്ഷമായിട്ടുള്ളത് ഒന്നിൽചിലപ്പോൾ ലക്ഷം വരുന്ന കശുവണ്ടി തൊഴിലാളികളുടെ 100 ദിവസത്തോലം നീണ്ടുനിന്ന സമരമാണ്. അതുമൂലം ഇന്ന് കൊല്ലം ജില്ലയാകെ ഒരു അഗ്നിവർത്തംപോലെ നീറിപ്പുകഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന്റെ കാതലായ പ്രശ്നം തൊഴിൽ വകുപ്പിന്റേതല്ല. ഇവിടെ വ്യവസായവകുപ്പ് തോട്ടണ്ടിയുടെ കുത്തക സംഭരണം എടുത്തുകളഞ്ഞതാണ് അവരുടെ മിനിമം വേജ് നഷ്ടപ്പെടുത്താൻ ഇടയാക്കിയത്. വർഷങ്ങളായി ഇവിടെ നിലനിന്ന കുത്തകസംഭരണ സമ്പ്രദായത്തിലെ വ്യവസ്ഥ, അങ്ങനെ സംഭരിക്കുന്ന തോട്ടണ്ടിക്ക് കാനഡലൈസേഷൻ, ഓരോ ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

യിലും വർക്കുചെയ്യുന്ന തൊഴിലാളികളുടെ എണ്ണം അനുസരിച്ച് കൊടുക്കണമെന്നും, അങ്ങനെ കൊടുക്കണമെങ്കിൽ അവർ ഗവൺമെൻറിന്റെ പ്രഖ്യാപിത മിനിമം വേജ് കൊടുത്തുകൊള്ളണമെന്നും ഉള്ള ഉപാധിയായിരുന്നു. ആ കുത്തക സംഭരണം പോയതോടുകൂടി ഉപാധിപോയി. മുതലാളിമാർ ഇഷ്ടംപോലെ തോട്ടണ്ടി സംഭരിച്ച് അത് അയൽ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി ഒരു രൂപയും രണ്ട് രൂപയും കൂലികൊടുത്തു കൊണ്ട് പണിയെടുപ്പിക്കുകയാണ്. ഇന്ന് കശുവണ്ടി പരിപ്പിന് വമ്പിച്ച മാർക്കറ്റ് ഉണ്ടായിരുന്നിട്ടും ആ തൊഴിലാളിക്ക് മിനിമം വേജ് പോലും കിട്ടുന്നില്ല. കോടിക്കണക്കിന് രൂപ മുതലാളിമാർ തട്ടിയെടുക്കുകയാണ്. അതിന് എതിരായിട്ടാണ് അവർ സമരം ചെയ്യുന്നത്. അതിന് പരിഹാരം ഉണ്ടാക്കാൻ ഉള്ള ബാദ്ധ്യത ഗവൺമെൻറിനില്ലേ? അതൊന്നും ഇവിടെ നടന്നില്ല. ചർച്ചയ്ക്കൊക്കെ തകർപ്പൻ മറുപടി പറഞ്ഞു. പൂട്ടിക്കിടക്കുന്ന ഒരൊറ്റ വ്യവസായശാലയും ഇന്ന് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള പരിപാടിയെന്താണ് എന്ന് പറഞ്ഞില്ല. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ജനങ്ങളെയാകമാനം വീർപ്പുമുട്ടിക്കുന്ന ഒരു പ്രശ്നമാണ് കറൻറ് കട്ട്. വീടുകൾക്ക് നിത്യോപയോഗത്തിനുള്ള കറൻറ് കിട്ടാത്തതിന്റെ പ്രശ്നം മെഴുകുതിരി ഉപയോഗിച്ചെങ്കിലും പരിഹരിക്കാം. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ സംസ്ഥാനത്താകെ കറൻറ് ഇല്ലാതെ നൂറ് നൂറിയൻപത് വ്യവസായശാലകളും പൂട്ടിയിട്ടിരിക്കുന്നതിന്റെ ലിസ്റ്റ് ഇവിടെ വച്ചിരിക്കുന്നു. ലേ ഓഫ് പ്രഖ്യാപിച്ചിട്ടുണ്ട്.. കോടിക്കണക്കിനുരൂപ ഇന്ന് തൊഴിലാളികളുടെ കൂലിയായിട്ട് നമ്മുടെ വ്യവസായത്തിന് നഷ്ടം സംഭവിച്ചുകഴിഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിനുതന്നെ 100 കോടി രൂപയുടെ നഷ്ടം വന്നുവെന്നാണ് കണക്കുകളിൽ പറയുന്നത്. ഈ സ്ഥിതി മഴയില്ലാത്തതുകൊണ്ടുമാത്രം സംഭവിച്ചതാണോ? പ്രകൃതിദത്തമായ കാര്യങ്ങളെ തടയാനും അതിന് മുൻവിധി കണ്ടുപിടിക്കുന്നതിനും സാധിക്കുമായിരുന്നില്ലേ? അത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തിന് സംഭവിച്ചതിൽ അതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഇലക്ട്രിസിറ്റി ബോർഡിനും അതിനെ നയിക്കുന്ന ഇന്നത്തെ ഗവൺമെൻറിനും ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. കാലവർഷം വീഴുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽനിന്ന് കാലേക്കൂട്ടി മുന്നറിയിപ്പ് ഉണ്ടായിരുന്നതാണ്. ഇന്നലെ ആലുവ വ്യവസായ്മേഖലയിൽ ഉള്ള എല്ലാ ട്രെയ്ഡ് യൂണിയനുകളും സംയുക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്ത് നിവേദനവുമായി വന്നിരുന്നു. അവർ പറയുന്നത് കാലേക്കൂട്ടി പവ്വർ കട്ട് വരുമെന്ന് ഞങ്ങളെ അറിയിച്ചിരുന്നെങ്കിൽ ഈ സമയം മെയിൻറനൻസിനു വേണ്ടി അടച്ചിടാമായിരുന്നു. അങ്ങനെ ഈ നഷ്ടം ഒഴിവാക്കാമായിരുന്നു. അതുപോലും ചെയ്തിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്കനുസരിച്ച് കേരളത്തിലെ ജലസംഭരണികളിൽ 1650 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് 1986 ഫെബ്രുവരി 15-ാം തീയതി വരെ ഉണ്ടായിരുന്നത്. സാധാരണ നിലക്ക് ജൂൺ 15-ാം തീയതിയാണ് നമ്മുടെ കാലവർഷം ശക്തിപ്പെടുന്നത്. ആ പീരിയേർഡ് വരേക്ക് 1891 ദശലക്ഷം യൂണിറ്റ് വൈദ്യുതി നമുക്ക് ആവശ്യമാണ്. 1650 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളമേ നമുക്ക് ഉള്ളൂവെന്ന് ഫെബ്രുവരി 15-ന് തന്നെ ബോദ്ധ്യമായെങ്കിൽ തീർച്ചയായും കറൻറ് കട്ട് വേണ്ടിവരുമെന്ന് അന്നുതന്നെ തീരുമാനിച്ചുകൊണ്ട് അതിന് ആവശ്യമായിട്ടുള്ള മുന്നറിയിപ്പ് ഫാക്ടറികൾക്ക് കൊടുക്കാമായിരുന്നു. അതിന് ആവശ്യമായ മുൻകരുതലുകൾ നമുക്ക് സ്വീകരിക്കാമായിരുന്നു. ഇപ്പോൾ മഹാരാഷ്ട്രയിൽ നിന്ന് കൊണ്ടുവരാൻ ശ്രമം നടക്കുന്നില്ലേ? ഇത്

LIBRARY ARCHIVES Kerala Legislative Assembly

കാലേക്കൂട്ടി ശ്രമിച്ചിരുന്നെങ്കിൽ ഇത്രവലിയ ഒരു പവ്വർ കട്ടും, ഇത്ര വലിയ ഒരു സാമ്പത്തിക നഷ്ടവും ഈ സംസ്ഥാനത്തിന് ഉണ്ടാകുമായിരുന്നില്ല. രാമഗുണ്ടം, കൽപ്പാക്കം എന്നീ തെർമൽ പ്ലാന്റുകളിൽനിന്ന് നമ്മുടെ സംസ്ഥാനത്തിനുള്ള വിഹിതം ഇതുവരെ വാങ്ങിയിരുന്നില്ല. അത് കൊണ്ടുവരുന്നതിനുള്ള മാർഗ്ഗതടസ്സങ്ങളാണ് മന്ത്രി പറയുന്നത്. ആ തടസ്സങ്ങളും അടിസ്ഥാനരഹിതമാണ്. ഇപ്പോൾ മഹാരാഷ്ട്രയിൽ നിന്ന്, കറൻറ് കേരളത്തിൽ എത്തിക്കാം. അങ്ങനെയാണെങ്കിൽ രാമഗുണ്ടം, കൽപ്പാക്കം സ്റ്റേഷനുകളിൽ നിന്നുള്ള കറൻറ് കർണ്ണാടകം, തമിഴ്നാട് ഏരിയായിലെ ലൈനുകളിൽക്കൂടി നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ സാധിക്കുമെന്ന് ഇപ്പോൾ ബോർഡ് സമ്മതിക്കുന്നുണ്ട്. ഇത് മാത്രമല്ല വർഷംതോറുമുള്ള പ്രസരണ നഷ്ടവുമുണ്ട്. ഇവിടെ മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു നാഷണൽ ആവറേജിനേക്കാൾ താഴെയാണ് കേരളത്തിലെ പ്രസരണ നഷ്ടമെന്ന്. അതും ശരിയല്ല. ഈ ഗവൺമെൻറ് പ്രസിദ്ധീകരിച്ച കണക്കുകളനുസരിച്ചുതന്നെ 1980-ൽ 22 ശതമാനം ആയിരുന്നു നമ്മുടെ കറൻറ് നഷ്ടമെങ്കിൽ 1985-ൽ അത് 29 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. ദേശീയ ശരാശരി 21 ശതമാനമാണ്. കേന്ദ്ര മന്ത്രി ഇലക്ട്രിസിറ്റി ബോർഡ് മന്ത്രിയുടേയും മറ്റ് ബോർഡ് ചെയർമാൻമാരുടേയും സമ്മേളനത്തിൽ കഴിഞ്ഞ ദിവസം മദിരാശിയിൽവച്ച് പ്രസ്താവിച്ചതാണ്; നാഷണൽ ആവറേജ് 21 ശതമാനമാണ്. ആ 21 ശതമാനമെങ്കിലും നിയന്ത്രിച്ച് നിർത്താൻ കഴിഞ്ഞെങ്കിൽ, 1986-ൽ നമ്മുടെ സംസ്ഥാനത്ത് ആകെ 4,900 ദശലക്ഷം യൂണിറ്റിൽ നിന്ന് 1,425 ദശലക്ഷം യൂണിറ്റാണ് നഷ്ടപ്പെട്ടത്. അത് 21 ശതമാനമായി നിയന്ത്രിച്ചിരുന്നെങ്കിൽ 391 ദശലക്ഷം യൂണിറ്റ് ലാഭിക്കാമായിരുന്നു. 23 ദിവസത്തെ ഈ പവ്വർകട്ട് ഒഴിവാക്കാമായിരുന്നു. ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ്. അങ്ങനെ മഴയെ കുറ്റം പറഞ്ഞുകൊണ്ട് ഇതിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. മാത്രമല്ല കഴിഞ്ഞ 10 വർഷമായി 1974-ന് ശേഷം പുതിയ യാതൊരു വൈദ്യുത പദ്ധതിയിലും ഉൽപ്പാദനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇതിനൊക്കെ ഈ ഗവൺമെൻറാണ് ഉത്തരവാദി. അങ്ങനെ ഈ രാജ്യത്തെ വ്യാവസായികമായി തകർത്ത, കാർഷികമേഖലയെ തകർത്ത, പരമ്പരാഗത വ്യവസായങ്ങളെ തകർത്ത ഈ ഗവൺമെൻറിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. എഫ് തോമസ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിൻതാങ്ങുകയാണ്. ബഹുമാന്യനായ ശ്രീ. കെ. പി. പ്രഭാകരൻ പറയുന്നത് ഈ ഗവൺമെൻറിന് ധനം വിനിയോഗിക്കാൻ തന്നെ അവകാശമില്ല, വിനിയോഗിച്ചിട്ടില്ല, അതുകൊണ്ട് നമ്മുടെ രാജ്യത്തെ കാർഷിക വ്യാവസായിക മേഖലയാകെ തകർന്നിരിക്കുന്നുവെന്നാണ്. നമ്മൾ എല്ലാവരും യോജിക്കുന്ന ചില പ്രശ്നമുണ്ട്. നമ്മുടെ സംസ്ഥാനത്തിനേറെയായ ചില പ്രത്യേക പ്രശ്നങ്ങൾ ഉണ്ടെന്നുള്ള കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. ആ പ്രശ്നത്തിന്റെ പരിഹാരത്തിന് പ്രായോഗികമായ ഒരു സമീപനം ഈ ഗവൺമെൻറ് കഴിഞ്ഞ നാലുവർഷമായി സ്വീകരിക്കുന്നുണ്ടോയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കാർഷിക മേഖലയെ സംബന്ധിച്ചും കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവിനെ സംബന്ധിച്ചും പറഞ്ഞു. അങ്ങനെയുള്ള അവസരങ്ങളിൽ ഈ ഗവൺമെൻറ് എന്ത് നടപടികളും സ്വീകരിച്ചുവെന്ന് നിങ്ങളും ആലോചിക്കുന്നുണ്ടോ? ഇപ്പോൾ നാളികേരത്തിന്റെ വിലയിടിവിനെക്കുറിച്ച് സൂചിപ്പിച്ചു. ഇന്നലെയും നമ്മുടെ പുതിയ ധനകാര്യമന്ത്രി പ്രസ്താവിച്ചു നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിന് സ്ഥിരമായി

LIBRARY ARCHIVES Kerala Legislative Assembly

നാളികേരസംഭരണത്തിനുള്ള ഏർപ്പാടുണ്ടാക്കുമെന്ന്. ഒരു നാളികേരത്തിന് രണ്ട് രൂപയിൽ താഴോട്ട് വില കുറഞ്ഞുപോകാതെ ഇരിക്കത്തക്കവണ്ണം നാളികേര സംഭരണത്തെക്കുറിച്ച് വ്യക്തമായ ഒരു പദ്ധതി ഉണ്ടാകുമെന്ന് ധനകാര്യമന്ത്രി പ്രസ്താവിച്ചു. ഈ സംസ്ഥാനത്തെ നാളികേര കർഷകരുടെ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നവർ നെൽകൃഷിക്കാരാണ്. അത് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. കുട്ടനാട്ടെയും പാലക്കാട്ടേയും, തൃശൂരിലേയും ഏറ്റവും കൂടുതൽ വിഷമിക്കുന്ന നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് ഈ ഗവൺമെൻറ് മുൻതൂക്കം നൽകിയിട്ടുണ്ട്. നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ മറേത് ഗവൺമെൻറിനേക്കാളും കൂടുതൽ ശക്തമായ നടപടികളാണ് സ്വീകരിച്ചത്. ഈ ഗവൺമെൻറാണ്. വളം സബ്സിഡി ചെറിയ കാര്യമാണോ? കാർഷിക മേഖലയിലെ നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഉൽപ്പാദനച്ചെലവ് കുറച്ചുകൊണ്ടുവരുകയെന്നുള്ളതാണ് അവർ ആവശ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഉൽപ്പാദനച്ചെലവ് കുറയ്ക്കാനായിട്ട് നമ്മുടെ കാർഷിക തൊഴിലാളികളുടെ കൂലി കുറച്ചാൽ ശരിയാകുമോ? അവരുടെ ജീവിതച്ചെലവ് വർദ്ധിച്ചില്ലേ? അവരുടെ ജീവിതച്ചെലവ് വർദ്ധിക്കുമ്പോൾ അവർക്ക് കൂടുതൽ കൂലി കൊടുക്കേണ്ടേ? അങ്ങനെ കൂലി കൂടുതൽ കൊടുക്കുന്നതിനെ എതിർക്കാൻ ഒക്കുമോ? നമ്മൾ രണ്ടു കൂട്ടരും യോജിക്കുന്ന വിഷയമാണ് തൊഴിലാളികൾക്ക് കൂടുതൽ കൂലി കൊടുക്കുക എന്നുള്ളത്. പിന്നെ എങ്ങനെയാണ് ഉൽപ്പാദനച്ചെലവ് കുറയ്ക്കാൻ സാധിക്കുന്നത്? അവർക്ക് ആശ്വാസത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക അതാണ് ഈ ഗവൺമെൻറ് ചെയ്യുന്നത്. വ്യാപകമായി എല്ലാ മേഖലയിലും വളം സബ്സിഡി കൊടുത്തുകൊണ്ട് അവരുടെ ഉൽപ്പാദന ചെലവിൻറെ ഒരു പങ്ക് വഹിക്കുവാൻ തയ്യാറായി.

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ശ്രീ. സി. എഫ്. തോമസ്: ഇവിടെ പറഞ്ഞല്ലോ, നെൽക്കൃഷി ആകെ നഷ്ടമാണ്. അവർക്ക് സഹായം നൽകേണ്ടത് ആവശ്യമാണെന്ന്. പക്ഷേ അങ്ങനെ സമ്മതിക്കുന്ന നിലയ്ക്ക് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന 50 ശതമാനം വളത്തിൻറേയും കീടനാശിനിയുടേയും സബ്സിഡി കൊടുക്കാൻ എങ്കിലുമുള്ള തീരുമാനം വ്യാപകമായി ഉണ്ടാകുമോ? അതിന് ഈ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. സി. എഫ്. തോമസ്: സർ, യാതൊരു സംശയവുമില്ല. ഇത് കൊടുക്കേണ്ടതല്ലേ? ഈ പരിപാടികൾ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച സർക്കാരാണ് ശ്രീ. കരുണാകരൻറെ നേതൃത്വത്തിലുള്ള ഐക്യ ജനാധിപത്യ മുന്നണി സർക്കാർ. നിങ്ങൾക്ക് ഇത് നിഷേധിക്കാമോ? വളം സബ്സിഡി അംഗീകരിച്ചില്ലേ? വ്യാപകമായി കുട്ടനാട്ടും പാലക്കാട്ടുമൊക്കെ വളം സബ്സിഡി കൊടുക്കാൻ തുടങ്ങിയത് ആരാണ്? ഈ ഗവൺമെൻറ് തന്നെയാണ്. ബഹുമാനപ്പെട്ട ശ്രീ. ബേബിജോൺ റബ്ബറിൻറെ കാര്യം പറഞ്ഞു. ആർക്കാണ് വിയോജിപ്പ്. പ്രതിപക്ഷത്തിൻറെ അഭിപ്രായവും ഭരണകക്ഷിയുടെ അഭിപ്രായവും തമ്മിൽ വ്യത്യാസമുണ്ടോ? മുഖ്യമന്ത്രിയും നിങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടോ? റബ്ബറിന് വില വർദ്ധിപ്പിക്കണം. വില താഴോട്ടുപോകരുതെന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഭരണമുന്നണി ഒറ്റക്കെട്ടായി നിൽക്കുന്നു. പ്രതിപക്ഷത്തിനും ആ കാര്യത്തിൽ അഭിപ്രായം ഉണ്ടായിരിക്കും. പക്ഷേ പണ്ട് ഞങ്ങളും ഇതൊക്കെ പറയുമ്പോൾ റബ്ബർ മുതലാളിമാരുടെ പാർട്ടി. ബ്യൂർഷ്വാകളുടെ പാർട്ടി, കാഞ്ഞിരപ്പള്ളി മുതലാളിമാരുടെ പാർട്ടി എന്നുപറഞ്ഞ് നിങ്ങളും ആക്ഷേപിച്ചിരുന്നു. ഞങ്ങളും റബ്ബറിന്റെ വില വർദ്ധിപ്പിക്കണം, റബ്ബറിന് തറവില നിശ്ചയിക്കണം, എസ്. ടി. സി. ശേഖരിക്കുന്ന റബ്ബർ സ്റ്റോക്ക് അനവസരത്തിൽ മാർക്കറ്റിൽ ഇറക്കരുത് എന്നൊക്കെ ഞങ്ങളും പറഞ്ഞാൽ കേരളാ കോൺഗ്രസ്സുകാർ ബ്യൂർഷ്വാ ജൻമി മുതലാളിത്ത പാർട്ടിയെന്ന് ആക്ഷേപിച്ച നിങ്ങളും ഇന്ന് റബ്ബറിനുവേണ്ടി സംസാരിക്കുവാൻ വന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. സർ, ഈ രാജ്യത്തെ റബ്ബർ കർഷകരിൽ 92 ശതമാനവും ചെറുകിട കർഷകരാണ്. അവർക്കു വേണ്ടി കേരള കോൺഗ്രസ്സ് എല്ലാ കാലവും പറയും. അങ്ങനെ പറഞ്ഞപ്പോൾ ഇത് റബ്ബർലോബിയാണെന്നു പറഞ്ഞു. റബ്ബർമുതലാളിമാരുടെ താൽപ്പര്യത്തിനുവേണ്ടിയാണ് എന്ന് കഴിഞ്ഞ ചർച്ചയിലും പ്രതിപക്ഷത്തുനിന്ന് ആരോപറയുന്നത് കേട്ടു. ഇന്ന് നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക ഘടനയുടെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന .....

<u>ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്</u>: കേരള കോൺഗ്രസ്സ് റബ്ബർ മുതലാളിമാരുടെ പാർട്ടിയാണെന്നും ആ തരത്തിൽ റബ്ബർ മേഖലയിൽ നിന്ന് നികുതി പിരിക്കുന്നില്ല എന്നും ഈ രാജ്യത്ത് പരസ്യമായി പ്രസംഗിച്ച് നടന്നത് ഇന്ദിരാകോൺഗ്രസ്സിന്റെ ആളായ ഡോക്ടർ പി. കെ. ഗോപാലകൃഷ്ണനും ഇന്നത്തെ ധനകാര്യമന്ത്രിയായ ശ്രീ. തച്ചടി പ്രഭാകരനും ഇന്ദിരാകോൺഗ്രസ്സിന്റെ യൂത്ത് നേതാക്കൻമാരായ കാർത്തികേയനും രമേശ് ചെന്നിത്തലയും ആയിരിക്കേ പ്രതിപക്ഷത്തിന്റെ നേരെ എന്തിനാണ് പഴി ചാരുന്നത്. മനസ്സാക്ഷിയോടു ചോദിച്ചിട്ട് നിങ്ങൾ വർത്തമാനം പറയണം.

<u>ശ്രീ. സി. എഫ്. തോമസ്</u>: ആ ചർച്ചയിൽ പങ്കെടുക്കാൻ എനിക്ക് വലിയ സന്തോഷമുണ്ട്. ശ്രീ. തച്ചടി പ്രഭാകരൻ എന്താണ് പ്രസ്താവന നടത്തിയത്. കാർഷികാദായനികുതി വെട്ടിപ്പുനടത്തുന്ന വൻകിട കച്ചവടക്കാരുണ്ടെങ്കിൽ ആ നികുതിവെട്ടിപ്പ് തടയുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങൾക്ക് അതിനോട് വിയോജിപ്പില്ല. പ്രതിപക്ഷത്തുള്ള പല മെമ്പർമാരും പറഞ്ഞു, ആ മേഖലയിലേക്ക് ടാക്സ് അടിച്ചേൽപ്പിക്കണം എന്ന്. ഞങ്ങളും അതിനോട് വിയോജിക്കുന്നു. റബ്ബർ മേഖലയിലെ കർഷകർ പാവപ്പെട്ട കർഷകരാണ്. കാർഷികമേഖലയല്ല കൂടുതൽ നികുതി ഏർപ്പെടുത്തേണ്ട മേഖല. കേരളത്തിലെ കർഷകർ പാവപ്പെട്ട ചെറുകിട കർഷകരാണ്. നമ്മുടെ രാജ്യത്ത് ഇനിയും നികുതികൊണ്ടുവരാൻ ഏതെങ്കിലും വലയുണ്ടെങ്കിൽ അത് കാർഷികമേഖല ആണെന്നും ആരെങ്കിലും പറഞ്ഞാൽ ഞങ്ങളുടെ പാർട്ടിക്ക് അതിനോട് യോജിക്കാൻ കഴിയുകയില്ല. ധനകാര്യമന്ത്രി അത് പറഞ്ഞപ്പോൾ ഇനിയും ആ മേഖലയിൽ കൂടുതൽ നികുതി ഏർപ്പെടുത്തുമെന്നല്ല അദ്ദേഹം പറഞ്ഞത്. സെയിൽസ് ടാക്സിന്റെ തട്ടിപ്പിനെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. അവിടെ നിന്ന് സംസ്ഥാനഗവൺമെൻറിന് കിട്ടുമായിരുന്ന, അല്ലെങ്കിൽ സംസ്ഥാനഗവൺമെൻറിന് കിട്ടിക്കൊണ്ടിരുന്ന പണം ചോർന്നു പോകുന്നുണ്ടെങ്കിൽ അത് തടയുമെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രതിപക്ഷം റബ്ബറിന് വില കൂട്ടണം, തറവില നിശ്ചയിക്കണമെന്നൊക്കെ പറഞ്ഞാൽ അതിനേക്കാൾ ഉയർന്ന

LIBRARY ARCHIVES Kerala Legislative Assembly

സത്യം സംസാരിക്കുന്നവരാണ് ഞങ്ങളും. അതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് അവരുടെ നയം തീർച്ചയായിട്ടും പുനരാലോചിക്കേണ്ടതാണ്. ഈ സമയത്ത് എസ്. ടി. സി. യുടെ റബ്ബർ മാർക്കറ്റിൽ ഇറങ്ങേണ്ടതല്ല. റബ്ബറിന് തറവില നിശ്ചയിക്കണം. അതൊക്കെ ഈ ഗവൺമെന്റ് ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിൽ തിരുത്തൽ ആവശ്യമായി വന്നാൽ അത് പറയാൻ മടിയുള്ള സർക്കാർ അല്ല ഇവിടെയുള്ളത്. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ പറയുന്നത് കേട്ടു, കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ ഓച്ഛാനിച്ചുനിൽക്കാനും മുട്ട് മടക്കാനും മാത്രമേ ഈ ഗവൺമെന്റിന് സാധിക്കുകയുള്ളു എന്ന്. അങ്ങനെയുള്ള രീതിയല്ല ഈ ഗവൺമെന്റിനുള്ളത്. കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾ തിരുത്തേണ്ടതുണ്ടെങ്കിൽ പല പ്രാവശ്യവും മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ തന്നെ അത് പറഞ്ഞിട്ടുണ്ട്. റബ്ബറിന്റെ കാര്യത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിന്റെ താൽപ്പര്യത്തിനുവേണ്ടി പറഞ്ഞിട്ടുണ്ട്. അത് പറയേണ്ട ചുമതല മുന്നണി ഗവൺമെന്റിന് ഉണ്ടുതാനും. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഞങ്ങളുടെ ആശയങ്ങൾ തുറന്നുപറയും. റബ്ബറിനെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതി നയം പുനരാലോചിക്കേണ്ടതാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക താൽപ്പര്യങ്ങൾക്കെതിരായി നിൽക്കുന്ന ഒരു ഗവൺമെന്റാണിത് എന്ന് ഈ സർക്കാരിനെ വിശേഷിപ്പിക്കാൻ സാധിക്കുകയില്ല.

നിങ്ങൾ ധനവിനിയോഗത്തെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ കേരളത്തിൽ നടന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് നിങ്ങൾ ആലോചിക്കണം. കേരളത്തിൽ ഇത്രയേറെ വികസനപ്രവർത്തനങ്ങൾ നടന്ന ഒരു കാലഘട്ടം വേറെ ഉണ്ടായിട്ടുണ്ടോ? ഇവിടെ വീടിന്റെ കാര്യം ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞു. എൻ.ആർ. ഇ. പി. യിലും ആർ. എൽ. ഇ. ജി. പി. യിലും അനുവദിക്കുന്ന വീടുകളെക്കുറിച്ച് അദ്ദേഹം സമ്മതിച്ചു. പക്ഷേ വീട് വിതരണം ചെയ്യുന്ന കമ്മിറ്റിയിൽ എം. എൽ. എ. മാരെ കൂടാതെ ഭരണകക്ഷിയിലെ ഹരിജൻ നേതാക്കൻമാർ മാത്രമേയുള്ളൂ എന്ന് അദ്ദേഹം ആക്ഷേപം പറഞ്ഞു. ഇനിയെങ്കിലും പിശക് നിങ്ങൾ തിരുത്തണം. പക്ഷേ വീട് കൊടുക്കുന്നുണ്ട് എന്ന് അദ്ദേഹം സമ്മതിച്ചു. എൻ. ആർ. ഇ. പി. യിലും ആർ. എൽ. ഇ. ജി. പി. യിലും ആയിരക്കണക്കിന് വീടുകൾ ഹരിജൻ കോളനികളിൽ നിർമ്മിക്കുന്നുണ്ട്. ഭവനനിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ ലക്ഷക്കണക്കിന് വീടുകൾ ഈ ഗവൺമെന്റ് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ തീർത്തുകഴിഞ്ഞു. ഗാന്ധിജയന്തി ദിനത്തിൽ പുതിയ ഒരു സ്കീം കൂടി തുടങ്ങി. ഒന്നൊന്നര ലക്ഷം വീടുകൾ പുതുതായി നിർമ്മിക്കാൻ തുടങ്ങുകയാണ്. അങ്ങനെയൊരു സമീപനം നേരത്തെ എടുക്കാൻ സാധിച്ചോ? എപ്പോഴും സാധാരണക്കാരനുവേണ്ടിയും പാവപ്പെട്ട ആളുകൾക്കുവേണ്ടിയും വാദിക്കുന്നുണ്ടല്ലോ. ഇതുമുന്നണി ഗവൺമെന്റ് 1957–ലും 1967–ലും ഇവിടെ അധികാരത്തിൽ വന്നപ്പോൾ പാവപ്പെട്ട ആളുകളെ വിസ്മരിച്ചില്ലേ. അവരുടെ വീടുപൊളിച്ച പ്രശ്നങ്ങളൊക്കെയുണ്ടായിരുന്നു. 1982–ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ പുതിയ ഇലക്ട്രിക് കണക്ഷൻസ് കൊടുത്തു. ലക്ഷക്കണക്കിന് കണക്ഷൻ 1986 വരെ കൊടുത്തു. ആർക്കെങ്കിലും അത് നിഷേധിക്കാൻ സാധിക്കുമോ? വസ്തുതകൾക്ക് നേരെ കണ്ണടച്ചുകൊണ്ട് യാഥാർത്ഥ്യമല്ലാത്ത ഒരു സമീപനമല്ല പ്രതിപക്ഷം സ്വീകരിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ നാലുകൊല്ലമായി വികസനരംഗത്ത് പുതിയ റെക്കോർഡു സൃഷ്ടിച്ച ഈ ഗവൺമെൻറ് 1986–87 വർഷത്തെ ധനവിനിയോഗത്തിനു വേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ ഒന്നുകൂടി പിന്താങ്ങുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. പൂർണ്ണമായും പരാജയപ്പെട്ട ഈ ഗവൺമെൻറിനുവേണ്ടി ഈ ബിൽ പാസ്സാക്കി കൊടുത്താലും അതുകൊണ്ട് രാജ്യത്ത് ഗുണകരമായ യാതൊരു കാര്യത്തിനും ഉപയോഗിക്കാൻ കഴിയുകയില്ല എന്ന് കഴിഞ്ഞ നാലുകൊല്ലത്തെ അനുഭവം തെളിയിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുക, വിലവർദ്ധനവ് തടയുക, വ്യവസായങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിക്കുക, പുതിയ വ്യവസായങ്ങൾ സംസ്ഥാനത്തിന് നേടിയെടുക്കുക, നിയമസമാധാനം പാലിക്കുക, വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുക ഈവകകാര്യങ്ങളിലെല്ലാം പരാജയപ്പെട്ടിരിക്കുന്ന ഒരു സർക്കാർ ഇതുവരെ ഈ സംസ്ഥാനം ഭരിച്ചിട്ടില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്. പ്രവർത്തനരഹിതമായ, നിശ്ചലമായ, പ്രവർത്തിക്കാൻ കെൽപ്പില്ലാത്തവരുടെ കയ്യിൽ ഇത് കൊടുത്തതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്. ഇവർ തമ്മിൽ ഒരു കാര്യത്തിൽ ഐക്യമുണ്ട്. കൊള്ളമുതൽ പങ്കിടുന്നതിന് ചമ്പൽ താഴ്വരവരെയുള്ള ഐക്യമേ ഈ ഗവൺമെൻറിലെ ഘടകകക്ഷികൾ തമ്മിലുള്ളൂ. വേറെ ഏതെങ്കിലും കാര്യത്തിൽ ഐക്യമുണ്ടോ? ജനങ്ങളുടെ പോക്കറടിയാണ് ഇവരുടെ പരിപാടി. മുഖ്യമന്ത്രി തന്നെ കൊല്ലത്ത് ഐക്യജനാധിപത്യമുന്നണിയുടെ കൺവെൻഷനിൽ പ്രസംഗിച്ചതാണ്, നമ്മൾ പരസ്പരം പോക്കറടിക്കരുത് എന്ന്. ജനങ്ങളുടെ പോക്കറടിക്കുന്നതിൽ നമുക്ക് ഒരുമിച്ചുനിൽക്കാമെന്നാണ് മുഖ്യമന്ത്രി കൊല്ലത്ത് പ്രസംഗിച്ചത്. അതാണ് അവരുടെ മുഖമുദ്ര. ഐക്യജനാധിപത്യമുന്നണിയുടെ നയപ്രഖ്യാപനത്തിൽ അത് പ്രതിഫലിച്ചിരിക്കുന്നു. അതാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടുത്തെ ഗവൺമെൻറിൻെറ നേട്ടമെന്താണെന്നു ചോദിച്ചാൽ അഴിമതി സാർവ്വത്രികമാക്കി എന്നുള്ളതാണ്. മുഖ്യമന്ത്രി മുതൽ ഏറ്റവും താഴെയുള്ള ഉദ്യോഗസ്ഥൻമാർ വരെ അഴിമതി ഒരു അവകാശമായി അംഗീകരിച്ചിരിക്കുന്നു. അത് തങ്ങളുടെ ജീവിതത്തിൻെറ ഭാഗമായി അംഗീകരിച്ചിരിക്കുന്ന ഒരു സമീപനമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. കൈക്കൂലി കണക്കുപറഞ്ഞ് വാങ്ങുന്നത് ഈ ബിസിനസ്സിൻെറ ഒരു ഭാഗമാണ്. നിങ്ങൾക്ക് കിട്ടുന്ന ആദായം ഇത്രലക്ഷം രൂപ ആണെങ്കിൽ അതിൻെറ ഒരുഭാഗം നിങ്ങൾ എനിക്ക് തന്നാൽ എന്താണ്. അങ്ങനെ ചോദിച്ചുവാങ്ങുന്ന വിധത്തിൽ മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥൻമാരും പ്രവർത്തിക്കുന്നുവെന്നുള്ളതാണ് ഈ ഗവൺമെൻറിൻെറ മുഖമുദ്ര. അതുകൊണ്ടുതന്നെ ഈ ധനവിനിയോഗബിൽ പാസ്സാക്കിക്കൊടുക്കുന്നതിൽ യാതൊരു അർത്ഥവുമില്ല.

ഈ രാജ്യത്തെ സ്ഥിതി എന്താണ്? ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് നാലുകൊല്ലമായി. ഈ നാലുകൊല്ലത്തിനിടയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം ആറുലക്ഷം വർദ്ധിച്ചിട്ടുണ്ട്. ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി ശ്രീമതി ഇന്ദിരാഗാന്ധി പ്രത്യേകം അനുഗ്രഹിച്ച് ഇവിടെ അധികാരത്തിൽ ഏറിയ കരുണാകരൻ സർക്കാർ ഈ രംഗത്തെ പരാജയം ഏറ്റുപറഞ്ഞ് സ്ഥാനമൊഴിഞ്ഞുപോകാൻ തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ രംഗത്തേക്ക് വരാം. ഒരു കൊച്ചു വ്യവസായം എങ്കിലും കേന്ദ്രഗവൺമെൻറിൻെറ മേഖലയിൽ നേടിയെടുക്കാൻ ഇവർക്ക് സാധിച്ചിട്ടുണ്ടോ? കാപ്രോലാക്ടം പ്രോജക്ടിനെപ്പറ്റി പറയുമ്പോഴും അത് മുൻഗവൺമെൻറിൻെറ കാലത്ത് നേടിഎടുത്തതാണെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? ബെൻസിൻ യൂണിറ്റ് ആ ഗവൺമെൻറിൻെറ കാലത്ത് നൽകാം എന്ന് ഏറ്റതാണെങ്കിൽ പോലും അത് നഷ്ടപ്പെടുന്ന ഘട്ടത്തിലാണ് ഇപ്പോഴും നിൽക്കുന്നത്. താലൂക്ക് വ്യവസായങ്ങളുടെ കാര്യം ഇവിടെ പ്രസ്താവിച്ചു. സ്വകാര്യവ്യക്തികളും ബാങ്കിൽ നിന്ന് പണമെടുത്ത് സ്വന്തമായി നടത്തുന്ന വ്യവസായങ്ങളൊക്കെ തങ്ങളുടെ പദ്ധതിയുടെ ഭാഗമായി വന്നതാണെന്ന് അവകാശപ്പെടാനല്ലാതെ, ഈ സർക്കാർ മുൻകയ്യെടുത്ത് മുതൽ മുടക്കി ഏതെങ്കിലും വ്യവസായം ഈ നാലുവർഷത്തിനുള്ളിൽ തുടങ്ങിയിട്ടുണ്ടോ? ഏതുരംഗത്താണ് സർക്കാർ കാര്യങ്ങളും നേരേചൊവ്വേ നടത്തിയിട്ടുള്ളത്. മൽസ്യത്തൊഴിലാളികളുടെ വളരെയധികം കാര്യങ്ങൾ ചെയ്തുവെന്ന് പറയുന്നുണ്ട്. ഇന്നലത്തെ ബില്ലിൽ മൽസ്യത്തൊഴിലാളികളുടെ കടലിലുള്ള സംഘട്ടനം അവസാനിപ്പിക്കാൻ ഒരു നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അത് അഴിമതിക്ക് സൗകര്യം നൽകുന്ന ഒരു വകുപ്പാണ്. ഉദ്യോഗസ്ഥൻെറ പിടലിക്ക് വച്ച് അയാംവഴി മുതലാളിമാർക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. സഹകരണമേഖലയിൽ മൽസ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി രൂപീകരിച്ച മൽസ്യത്തൊഴിലാളി ഗ്രാമസഹകരണ സംഘങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തി അവിടുത്തെ മൽസ്യത്തൊഴിലാളികളെ അതിൻെറ ഭാരം ഏൽപ്പിച്ചുകൊടുക്കാൻ ഈ സർക്കാർ തയ്യാറാകുന്നില്ല. അത് ഇപ്പോഴും രാഷ്ട്രീയക്കാരുടെ ചൂഷണമേഖലയാക്കി നിലനിർത്തുകയാണ്. ഒരു പ്രധാന കാര്യം പറയാം. കായലുകളിൽ മീൻപിടിക്കുന്ന മൽസ്യത്തൊഴിലാളികളുണ്ട്. സ്ഥിരമായി ഊന്നിയുള്ളവരും തറച്ചുകെട്ടുന്നവരും തമ്മിൽ ഊന്നിവലയുടെ പേരിൽ ഞങ്ങളുടെ പ്രദേശത്ത് നിരന്തരമായി സംഘട്ടനമാണ്. സ്ഥിരമായി ഊന്നിയുള്ളവരേയും തറച്ചുകെട്ടുന്നവരേയും ഊന്നി പതിച്ചുകെട്ടുന്നവരേയും സഹായിക്കുന്നത് കോൺഗ്രസ്സ് (ഐ) കാരുടെ നേതാക്കൻമാർ തന്നെ. ഇവർതമ്മിൽ തല്ലിനശിക്കട്ടെ എന്ന ഒരു സമീപനം എടുത്തിരിക്കുകയാണ്. ഈ സർക്കാരിന് ആ രംഗത്ത് ഒരു നയമുണ്ടോ. എവിടെയെല്ലാമാണ് ഊന്നി കൊടുക്കാൻ കഴിയുകയെന്ന് പരിശോധിച്ച് അതിന് ലിസ്റ്റ് ഉണ്ടാക്കി അർഹതയുള്ള ആളുകൾക്ക് കൊടുക്കാവുന്ന സ്ഥലത്ത് ഊന്നി അനുവദിച്ചു കൊടുത്താൽ സംഘട്ടനം അവസാനിപ്പിക്കാൻ കഴിയും. സംഘർഷം അവസാനിപ്പിക്കുന്നതിനുപകരം അത് വർദ്ധിപ്പിക്കുന്ന നയമാണ് മുഖ്യമന്ത്രിയുംപ്പെടെയുള്ള ആളുകൾ ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ സുഹൃത്തുക്കളാണ് പ്രശ്നങ്ങൾ കൂടുതലായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

നേരേചൊവ്വേ നടന്നു വന്ന ഒരു മേഖലയാണ് വിദ്യാഭ്യാസ മേഖല. എന്നാൽ ഈ സർക്കാർ വന്നതിനുശേഷം കുഴപ്പങ്ങൾക്കുപുറമേ കുഴപ്പങ്ങളില്ലാത്ത മറ്റെന്തെങ്കിലും അവിടെയുണ്ടായിട്ടുണ്ടോ? നമ്മുടെ

11 A.M.] യൂണിവേഴ്സിറ്റികളെന്നുപറയുന്നത് ഇൻഡ്യയിലെല്ലാ ഭാഗത്തും അംഗീകാരമുള്ള യൂണിവേഴ്സിറ്റികളായിരുന്നു. പക്ഷേ ഇപ്പോൾ ഇവിടത്തെ ഡിഗ്രിക്ക് വല്ല വിലയുമുണ്ടോ? കാരണം ആദ്യത്തെ റിസൽട്ടിൽ ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുകയും പിന്നത്തെ റിസൽട്ടിൽ തോൽക്കുകയും, അതുപോലെ തന്നെ ആദ്യത്തെ റിസൽട്ടിൽ തോൽക്കുകയും പിന്നത്തെ റിസൽട്ടിൽ ഫസ്റ്റ് ക്ലാസിൽ പാസ്സാകു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്താൽ ഇതെല്ലാം കൃത്രിമമായി ഉണ്ടാക്കുന്നതാണെന്ന ഒരവസ്ഥയിൽ നമ്മെ എത്തിച്ചേരേണ്ടിവരും. അതുണ്ടാക്കിയത് ഈ ഗവൺമെൻറിൻെറ പിടിപ്പുകേടു കൊണ്ടല്ലേ? ഏറെറവും ചുരുങ്ങിയത് പരീക്ഷകളുടെ റിസൾട്ടുകൾ വരുന്നതുവരെയെങ്കിലും ഗവൺമെൻറിന് ഈ കുഴപ്പങ്ങൾ ഉണ്ടാക്കാതിരിക്കാൻ ശ്രദ്ധിക്കാമായിരുന്നു. അതിൻെറ ഫലമായി വിദ്യാർത്ഥികളുടെ ഭാവിയെ അതു ബാധിക്കുകയും രക്ഷകർത്താക്കൾക്ക് ആശങ്കയുണ്ടാവുകയും ചെയ്തു. സർ, ഞാൻ ആ വക കാര്യങ്ങളെപ്പററി കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല.

ഇവിടെ നിയോജകമണ്ഡലങ്ങളുടെ വികസനപ്രവർത്തനങ്ങളെപ്പററി പറയുന്നു. അതിനുവേണ്ടി ചെലവഴിക്കാൻ ഇപ്പോൾ പണമുണ്ടോ? പള്ളുരുത്തി നിയോജകമണ്ഡലത്തിൽ ഒരു ആശുപത്രി ഇല്ല. അവിടെ ഒരു ആശുപത്രി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം കൊടുത്തു. ഗവൺമെൻറ് അത് തത്വത്തിൽ അംഗീകരിച്ച് ഓർഡറാക്കി വച്ചിരിക്കുകയാണ്. പക്ഷെ ബഡ്ജറിൽ അതിനുവേണ്ടി പണം വക കൊള്ളിക്കാൻ സർക്കാരിൻെറ കൈയിൽ കാശില്ല. എന്തിനുപറയുന്നു, കുമ്പളങ്ങിയിലുള്ള പ്രൈമറി പബ്ലിക് ഹെൽത്ത് സെൻററിലെ കക്കൂസ് പൊട്ടിയൊഴുകുകയാണ്. എല്ലാദിവസവും അത് അവിടത്തെ ജനങ്ങൾ കോരിമാററുകയാണ്. അവിടത്തെ കിച്ചൺ ഓലകൊണ്ടു മേഞ്ഞ ഒരു ഷെഡ്ഡിനകത്താണ് ഇട്ടിരിക്കുന്നത്. പത്രത്തിൽ പടമൊക്കെ വന്നതാണ്. അതിൻെറ റിപ്പയർ നടത്താനോ കക്കൂസ് പൊളിച്ചു പണിയാനോ കാശനുവദിക്കാൻ കഴിയാത്ത സർക്കാർ ഈ രാജ്യത്ത് എന്തു വികസനപ്രവർത്തനമാണ് നടത്തുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. ഇങ്ങനെയുള്ള ചെറിയചെറിയ കാര്യങ്ങൾക്കുപോലും പണമില്ലാത്ത ഒരു സർക്കാർ വികസനപ്രവർത്തനങ്ങൾ നടത്തുന്നുവെന്നു പറഞ്ഞ് അഭിമാനിക്കുന്നതിൽ എന്തർത്ഥമുണ്ടെന്നാണ് എനിക്കു ചോദിക്കാനുള്ളത്.

ഇവിടെ നിയമസമാധാനത്തിൻെറ കാര്യം പറയുന്നു. ഇപ്പോഴത്തെപോലെ ആയിരക്കണക്കിന് കൊലപാതകങ്ങൾ നടന്ന ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ സർ. വീടുകളിൽ കടന്നുചെന്ന് കൊലപാതകങ്ങൾ നടത്തുക ഒരു ഫാഷനായി മാറിയിരിക്കുകയാണിപ്പോൾ. അതിനെ നിയന്ത്രിക്കാൻ സർക്കാർ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ? എങ്ങനെ നിയന്ത്രിക്കും സർ. പോലീസ് സ്റേഷനുകളിൽ ഏറെറവും കൂടുതൽ കൊലപാതകങ്ങൾ നടന്നത് ഈ ഗവൺമെൻറിൻെറ കാലത്താണ്. കൊലപാതകം നടത്തിയ ആളുകളെ ശിക്ഷിക്കേണ്ട ആളുകൾ കൊലപാതകികളുടെ സങ്കേതമാണെങ്കിൽ പിന്നെ എങ്ങനെ കൊലപാതകികളെ നേരിടാൻ കഴിയുമെന്ന് ഞാൻ ചോദിക്കുകയാണ്. ഇന്ന് ശ്രീമാൻ വർക്കല രാധാകൃഷ്ണൻ രണ്ടു വക്കീലൻമാരെ പോലീസ് സ്റേഷനിൽ കൊണ്ടു പോയി ഉടുപ്പൊക്കെ അഴിപ്പിച്ചു നിർത്തിയിട്ട് മർദ്ദിച്ച ഒരു കാര്യം പറഞ്ഞു. ആലപ്പുഴയിൽ രണ്ടു മാസങ്ങൾക്കുമുമ്പ് ഇതുപോലെതന്നെ ഒരു വക്കീലിനെ മർദ്ദിച്ച കാര്യം ശ്രീ. തച്ചടി പ്രഭാകരൻ അറിയാമെന്ന് ഞാൻ വിചാരിക്കുകയാണ്. അങ്ങനെ പല സ്ഥലത്തും വക്കീലൻമാരെപ്പോലും വെറുതേ വിടുന്നില്ല. എം. എൽ. എ. മാരെ തല്ലുന്നു, പത്രപ്രവർത്തകൻമാരെ തല്ലുന്നു. അങ്ങനെ ആരെ തല്ലാനും ലൈസൻസുള്ള ഒരു വിഭാഗമായി പോലീസിനെ കയറൂരി വിട്ടിരിക്കുകയാണ്. അതിനെതിരെ എന്തു നടപടി ഈ സർക്കാരെടുത്തിട്ടുണ്ട്? പോലീസ് മർദ്ദനത്തെപ്പററി പറയുമ്പോൾ ഏറെറവും ഒടുവിലായി അതായത് മിനിഞ്ഞാന്ന് എൻെറ ജില്ലയിലെ പെരുമ്പാവൂരിൽ ശ്രീമാൻ മുസ്തഫയുടേയും ബെന്നി ബഹനാൻേറയും നാട്ടിലുണ്ടായ പോലീസ് മർദ്ദനത്തെപ്പററി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ർക്കുകയാണ്. സർ, 21–ാം തീയതി അഖിലേന്ത്യാ മുസ്ലീംലീഗിന്റെ തൊഴിലാളി സംഘടനയായ എസ്. ടി. യു. വിന്റെ താലൂക്ക് സെക്രട്ടറിയായ ശ്രീ. എം. ജമാലുദ്ദീനെ അവിടത്തെ പോലീസ് സ്റ്റേഷനിലെ സബ്ഇൻസ്പെക്ടർ ടെലിഫോണിൽ വീട്ടിൽ വിളിച്ചിട്ട് എന്തോ കാര്യം പറയാനുണ്ടെന്നും അതുകൊണ്ട് അവിടംവരെ വരണമെന്നും ആവശ്യപ്പെട്ടു. അങ്ങനെ വിളിച്ചു വരുത്തി ഉടുപ്പെല്ലാം അഴുപ്പിച്ച് ക്രൂരമായി അയാളെ മർദ്ദിച്ചു. ഇന്ന് അയാൾ ആശുപത്രിയിൽ കിടക്കുകയാണ്. അഖിലേന്ത്യാ മുസ്ലീംലീഗിന്റെ ആളുകൾക്ക് ഇതിൽ വേദനയുണ്ടാകുമെന്ന് എനിയ്ക്കറിയാം. ഞാൻ ചോദിക്കുകയാണ് വേദനയുണ്ടെങ്കിൽ അതിവിടെ പ്രകടിപ്പിച്ചു കണ്ടില്ല. അഖിലേന്ത്യാ മുസ്ലീംലീഗ് ഈയടുത്ത കാലത്ത് പുതുമണവാട്ടിയായിട്ട് ആ മുന്നണിയിൽ ചെന്ന ആളുകളാണ്. അവർക്ക് അവിടെ ചെന്നസമയത്ത് കിട്ടിയ അനുഭവമിതാണ്. ഐക്യ ജനാധിപത്യ മുന്നണിയ്ക്കകത്തെ രണ്ടാമത്തെ പ്രബലകക്ഷിയായ മുസ്ലീംലീഗിന്റെ അവിടത്തെ താലൂക്കിലെ തൊഴിലാളി നേതാവിനെ പോലീസ് വിളിച്ചുവരുത്തി വസ്ത്രം അഴിപ്പിച്ച് മർദ്ദിച്ച് ആശുപത്രിയിലാക്കിയെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ? ലീഗുകാർ ഒന്നാലോചിക്കണം. അടിയും തൊഴിയുംകൊണ്ട് ഇനിയും അവിടെ ചടഞ്ഞുകൂടിയിരിക്കാനാണ് ഭാവമെങ്കിൽ എനിക്ക് നിങ്ങളെപ്പറ്റി പരാതിയില്ല. പോലീസിന്റെ തേർവാഴ്ചയിലൂടെ രാജ്യം കൈയ്യടക്കാമെന്നാണ് വിചാരം. മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഈ രാജ്യത്തെ പോലീസിനെ കൈയ്യടക്കി വാണിരുന്ന ഒരു കാലമായിരുന്നു അടിയന്തിരാവസ്ഥ. അന്ന് അദ്ദേഹത്തിന് വിരോധമുണ്ടായിരുന്ന മുഴുവൻ നേതാക്കൻമാരേയും അതായത് ഞങ്ങളെ ഉൾപ്പെടെയുള്ള ആളുകളെയെല്ലാം പോലീസ് ജീപ്പിലിടിക്കുകയും അടിക്കുകയും തൊഴിക്കുകയും ചെയ്തിരുന്നു. അങ്ങനെ പാർട്ടിയുടെ നിയന്ത്രണം ഏറെടുത്തു പരിചയമുള്ള ആളാണ് ശ്രീമാൻ കരുണാകരൻ. ഇന്നിപ്പോൾ ശ്രീമാൻ കരുണാകരന് പാർട്ടിയുടെ നേതൃത്വം കൈവശമെടുക്കണമെന്നുണ്ട്. അതുകൊണ്ടാണ് പോലീസ് വകുപ്പ് കരുണാകരൻ തിരിച്ചു വാങ്ങിയത്. പ്രതിച്ഛായ ചർച്ചയൊക്കെ ഒരുകാലത്ത് നടത്തിയത് എന്തുകൊണ്ടാണെന്ന് അറിയാമോ? വയലാർ രവിയെ പുറത്താക്കുകമാത്രമായിരുന്നു ശ്രീ. കരുണാകരന്റെ ആവശ്യം. പ്രതിച്ഛായയെന്നു പറഞ്ഞാൽ ശ്രീ. വയലാർ രവിയെ പുറത്താക്കുകയെന്നാണ്. വയലാർ രവി പുറത്തുപോയതോടുകൂടി പ്രതിച്ഛായ മെച്ചപ്പെട്ടിരിക്കുന്നു. സർ, അതിന്റെ ഫലമെന്താണെന്നു വച്ചാൽ കെ. എസ്. യു. വിലെ പഴയ (എ) ക്കാർക്കും, യൂത്ത് കോൺഗ്രസ്സിലെ പഴയ (എ) ക്കാർക്കും ഐ. എൻ. ടി. യു. സി. യിലെ പഴയ (എ) ക്കാർക്കും എൻ. ജി. ഒ. അസോസിയേഷനിലെ പഴയ (എ)ക്കാർക്കും ഇന്ന് പൊതിരെ തല്ലാണ്. ഇപ്പോൾ രണ്ട് എൻ. ജി. ഒ. അസോസിയേഷനുകളുണ്ട്. പൊതുവാളിന്റേത് ഒന്ന്, കരുണാകരൻ പിള്ളയുടേത് മറ്റൊന്ന്. ശ്രീമാൻ കരുണാകരൻ പറയുന്നത് കരുണാകരൻപിള്ളയുടേതാണ് എന്റേതെന്ന്. അതാണു സ്ഥിതി. സ്വന്തം കക്ഷിയെപ്പോലും ഒന്നായിക്കൊണ്ടുപോകാൻ കഴിയാത്ത ഒരു നേതാവ് ഈ മുന്നണിയെ തമ്മിൽ കലാപമുണ്ടാക്കുന്നുവെന്നു പറഞ്ഞാൽ വല്ല തർക്കവുമുണ്ടോ? ശ്രീ. സി. വി. പത്മരാജൻ ഇദ്ദേഹത്തെ സന്തോഷിപ്പിക്കാനായിരിക്കും, തങ്ങളുടെ മുന്നണിയിൽ രാജീവ്ഗാന്ധി ആഗ്രഹിക്കുന്നവരെ മാത്രമല്ല, തങ്ങളുടെ പരിപാടികളോട് യോജിക്കുന്നവരേയും കേന്ദ്ര വിരുദ്ധൻമാരല്ലായെന്നു പ്രഖ്യാപിക്കുന്നവരേയും മാത്രമേ എടുക്കുകയുള്ളൂവെന്ന് പറഞ്ഞിരിക്കുന്നു. അതിന്റെ അർത്ഥമെന്താണ് സർ? രണ്ടു കോൺഗ്രസ്സുമായിട്ട് യോജിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. കരുണാ

LIBRARY ARCHIVES Kerala Legislative Assembly

കരൻ ഇവിടെ അധികാരത്തിലില്ലാതെ അലഞ്ഞുതിരിഞ്ഞു നടന്ന കാലഘട്ടത്തിൽ പത്മരാജനുംകൂടി ഉണ്ടായിരുന്നു. അന്ന് ഇത്ര കണ്ടീഷൻസ് ഒന്നുമില്ല. ആരു വന്നാലും സ്വീകരിക്കാം, ഒരു വ്യവസ്ഥയും വച്ചിരുന്നില്ല. ഇപ്പോൾ അധികാരം ഇവരെല്ലാംകൂടി കൊടുത്തു. പത്മാസുരനു വരം കൊടുത്തതുപോലെ അലഞ്ഞുതിരിഞ്ഞു നടന്ന കോൺഗ്രസ്സ് (ഐ) ക്കാർക്ക്, മുഖ്യമന്ത്രി പദം ഇവരെല്ലാം കൂടി ചേർന്ന് കൊടുത്ത് കുറെ കഴിഞ്ഞപ്പോൾ പറയുന്നു, ഞങ്ങൾ പറയുന്നതു കേട്ടില്ലെങ്കിൽ നിങ്ങളെ ഞങ്ങൾ ശരിപ്പെടുത്തിക്കളയുമെന്നു പറയുന്ന ഒരു സമീപനമാണ് ഇവരെടുക്കുന്നത്. കാര്യങ്ങൾ നേരത്തേ നോക്കി മനസ്സിലാക്കിയില്ലെങ്കിൽ ഇനി കേരളാകോൺഗ്രസ്സുകാർക്കും മുസ്ലീംലീഗുകാർക്കും തീർച്ചയായും നാശത്തിലേക്ക് പോകേണ്ടതായിവരും. ഈ രാജ്യത്തെ സോഷ്യലിസ്റ്റാധിപത്യത്തിനെതിരായി പോലീസ് തേർവാഴ്ചയ്ക്കെതിരായി നിങ്ങളുടെ അവകാശങ്ങളേയും നിങ്ങളേയും അംഗീകരിക്കാത്ത ഈ മുന്നണി അടുത്ത തിരഞ്ഞെടുപ്പ് ഉണ്ടാകുമ്പോൾ കൂട്ടുപിടിച്ച് ഭൂരിപക്ഷം കിട്ടിക്കഴിഞ്ഞാൽ തനിച്ചു ഗവൺമെന്റ് ഉണ്ടാക്കാനാണ് കാർത്തികേയനും കൂട്ടരും നടക്കുന്നത്. ഏകകക്ഷി ഭരണത്തിൽ വിശ്വസിക്കുന്ന കാർത്തികേയനും അതുപോലുള്ള ആളുകൾക്കും താങ്ങായി നിൽക്കാൻ നിങ്ങൾ തയ്യാറാകുകയാണെങ്കിൽ ഞങ്ങൾക്കതിൽ വിരോധമില്ല. പക്ഷേ ഒരു കാര്യം മാത്രമേയുള്ളൂ. ഈ രാജ്യത്ത് കൊള്ളയും കൈക്കൂലിയും അഴിമതിയും മാത്രം കൈമുതലാക്കിയ ഈ മുന്നണിയെ ഈ രാജ്യത്തിലെ ജനങ്ങൾ ഇനി രക്ഷപ്പെടുത്തുകയില്ലായെന്ന കാര്യം ഞാൻ ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. പി. വി. മുഹമ്മദ്: സർ, ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട പി. വി. കുഞ്ഞിക്കണ്ണൻ ഇവിടെ നേരത്തേ ആർക്കുവേണ്ടി പ്രസംഗിച്ചുവെന്ന് എനിക്കറിയില്ല. അദ്ദേഹം പ്രസംഗിച്ചത് അദ്ദേഹത്തിന്റെ പാർട്ടിക്കുവേണ്ടിയാണോ അതോ അദ്ദേഹത്തിനുവേണ്ടിയാണോ എന്ന് എത്ര ആലോചിച്ചിട്ടും ഒരെത്തുംപിടിയും കിട്ടുന്നില്ല. ആ സമയത്ത് ഗൗരിയമ്മ ഇവിടെ ഉണ്ടായിരുന്നില്ല. ശ്രീ. പി. വി. കുഞ്ഞിക്കണ്ണന്റെ പ്രസംഗത്തിൽ എന്താണു പറഞ്ഞത്. പ്രമേഹം പിടിച്ചാൽ പഞ്ചസാരയെ വെറുക്കുന്നു. എന്നു പറയുന്നതുപോലെ തങ്ങൾ പ്രാദേശിക, വർഗ്ഗീയ കക്ഷികളെ മാറ്റിനിർത്തിയിരിക്കുന്നുവെന്നാണ് പറഞ്ഞത്. സർ, പ്രമേഹരോഗം വന്നാൽ പഞ്ചസാരയെ വെറുക്കുന്നത് പഞ്ചസാരയുടെ കുറ്റംകൊണ്ടാണോ? രോഗം പ്രമേഹമായതുകൊണ്ട് പഞ്ചസാര കഴിക്കാൻ പാടില്ല, അലുവ കഴിക്കാൻ പാടില്ല, ജിലേബി കഴിക്കാൻ പാടില്ലായെന്നല്ലാതെ പഞ്ചസാരയും ജിലേബിയും അലുവയും രോഗമായതുകൊണ്ടാണോ കഴിക്കാത്തത്? ബഹുമാനപ്പെട്ട പി. വി. കുഞ്ഞിക്കണ്ണൻ പ്രസംഗിച്ചത് സഖാവ് എം. വി. രാഘവനു വേണ്ടിയാണെന്നുള്ള കാര്യം ഈ രാജ്യത്തുള്ള എല്ലാവർക്കുമറിയാം. സർ, അപ്പുറത്തിരിക്കുന്ന പലരും ചെയ്യുന്നതെന്താണ്? പകൽ രാഘവവിരോധം രാത്രിയോ രാഘവപക്ഷം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഗോവിന്ദക്കുറുപ്പ് അർദ്ധരാത്രിയിൽ എം. വി. രാഘവനുമായി നിരന്തരമായി ചർച്ച നടത്തിക്കൊണ്ടിരിക്കുന്നുവെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി. വി. മുഹമ്മദ്: ഗോവിന്ദക്കുറുപ്പ് മാത്രമല്ല അപ്പുറത്തിരിക്കുന്ന പലരുമുണ്ട് അക്കൂട്ടത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു നിയമസഭാസാമാജികനും കഴിഞ്ഞ 40 സംവത്സരമായി സ്ഥിരമായ രാഷ്ട്രീയാഭിപ്രായം വച്ചുപുലർത്തുന്ന ആളുമായ എന്നെ അപമാനിക്കുന്ന തരത്തിൽ, അധികാരം കിട്ടാൻവേണ്ടി കരുണാകരന്റെ പിന്നിൽ നടക്കുന്ന അവസരവാദിയായ ശ്രീ. രാമചന്ദ്രൻ 'നമ്പ്യാർ' പറഞ്ഞത് ഓർഡറിലാണോ? .....(ബഹളം).....

ശ്രീ. പി. വി. മുഹമ്മദ്: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ആഴ്ച ബാർബർഷോപ്പിൽ മുടി വെട്ടിക്കാൻ പോയി. അദ്ദേഹം ബാർബറോട് പറഞ്ഞത് എന്റെ മുടിയും മീശയും ശ്രീ. രാഘവന്റെ സ്റ്റൈലിൽ ആക്കരുത് അങ്ങനെയായാൽ പാർട്ടി എന്നെ സസ്പെൻഡ് ചെയ്യുമെന്നാണ്. അതാണ് ഇപ്പോഴത്തെ മാർക്സിസ്റ്റുകാരുടെ സ്ഥിതി. എന്റെ നാട്ടിൽ പണ്ട് ഒരു ബീരാൻകുട്ടി മജിസ്ട്രേട്ട് ഉണ്ടായിരുന്നു. അയാളെ മജിസ്ട്രേട്ടായത് വെള്ളക്കാരനായ ഒരു സായ്പ് കൊടുത്ത ഒരു പദവി മൂലമാണ്. വെള്ളക്കാരനായ കളക്ടറുടെ കാർ ഒരു കുട്ടിയുടെ മേൽ തട്ടി. പക്ഷെ അദ്ദേഹത്തെ അപകടത്തിൽ നിന്നു ബീരാൻകുട്ടി രക്ഷിച്ചതുകൊണ്ട് 'ബീരാൻകുട്ടി നീ ഗ്രാമമജിസ്ട്രേട്ടായിക്കോ' എന്നു സായ്പ് പറഞ്ഞു. ബീരാൻകുട്ടി മജിസ്ട്രേട്ടിന് ആദ്യമായി ഒരു കേസ് വന്നു. ഒരാളുടെ കോഴിയെ കട്ട കേസ്. കേസിൽ വാദിയും പ്രതിയും ഹാജരായി. 2 ഭാഗത്തുനിന്നും വക്കീലൻമാർ വന്നു. അവർ കേസെല്ലാം ഭംഗിയായി തകൃതിയായി വാദിച്ചതിനുശേഷം ബീരാൻകുട്ടി ഒരു വിധി പറഞ്ഞു. 'നീ കോഴിയെ കട്ടതുകൊണ്ട് നിന്നെ ഞാൻ തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുന്നു.' അപ്പോഴാ അന്യായക്കാരന്റെ വക്കീൽ പറഞ്ഞു അങ്ങനെ തൂക്കിക്കൊല്ലാൻ വകുപ്പില്ലെന്ന്. അപ്പോഴാ മജിസ്ട്രേട്ട് പറഞ്ഞു. എന്നാൽ നിന്നെയും തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുന്നു. അപ്പോഴാ പ്രതിഭാഗം വക്കീൽ പറഞ്ഞു, സാറെ അതു വേണ്ട, അങ്ങനെ വകുപ്പില്ല, അതു മാറണമെന്ന്. അപ്പോഴാ മജിസ്ട്രേട്ടിന്റെ വിധി പ്രതിഭാഗം വക്കീലിനേയും തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുന്നെന്നാണ്. ആ ബീരാൻകുട്ടി മജിസ്ട്രേട്ടിന്റെ സ്ഥിതിയാണ് ഇപ്പോഴാ നമ്പൂതിരിപ്പാടിനുള്ളത്. അദ്ദേഹം എല്ലാപേരേയും തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുകയാണ്. സത്യത്തിൽ പ്രമേഹരോഗമല്ല, എയിഡ്സാണ് മാർക്സിസ്റ്റ് പാർട്ടിക്ക് പിടിപെട്ടിരിക്കുന്നത്. അതുകൊണ്ടാണല്ലോ നമ്പൂതിരിപ്പാടിനെ എവിടെയും കാണാത്തത്. നമ്പൂതിരിപ്പാട് കൽക്കത്തയിലില്ല, ബോംബെയിലില്ല, ഡൽഹിയിലില്ല, തിരുവനന്തപുരത്തില്ല. അങ്കമാലിയിൽ അജ്ഞാതവാസത്തിലാണ്. എങ്ങനെ അവിടെ ഒളിച്ചിരിക്കാതിരിക്കും? അല്ലെങ്കിൽ പ്രവർത്തകൻമാരുടെ കൂരമ്പു പോലെയുള്ള ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടേ? ബഹുമാനപ്പെട്ട ബേബിജോണും കെ. പി. പ്രഭാകരനും എ. സി. ഷൺമുഖദാസും ഒക്കെ അവിടെയിരിക്കുന്നല്ലോ. ഇവരെയെല്ലാം കൂട്ടി ജനങ്ങളെ എങ്ങനെ സമീപിക്കും? നിങ്ങൾ എന്താണ് പറയുക? കോൺഗ്രസ്സ് ഈ രാജ്യം ഭരിക്കാതിരിക്കാൻ വോട്ട് തരണമെന്നാണോ പറയുക? കേരള രാഷ്ട്രീയത്തിലെ ഏറ്റവും തലമൂത്ത നേതാവാണല്ലോ ഗൗരിയമ്മ. ഗൗരിയമ്മയോട് ചോദിക്കട്ടെ, വർഗ്ഗീയ കക്ഷികളുമായി നിങ്ങൾക്ക് ബന്ധമില്ലെന്നു പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? തമിഴ്നാട്ടിൽ മാർക്സിസ്റ്റ് പാർട്ടി അവിടത്തെ ഡി.എം.കെ.യുമായും മുസ്ലീംലീഗുമായും കൂട്ടുകൂടി പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ നേരിട്ടില്ലേ?....(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾസ് ഓഫ് പ്രൊസീഡുവർ അനുസരിച്ച് സത്യവിരുദ്ധമായ പ്രസ്താവനകൾ സഭയിൽ നടത്താൻ പാടില്ല. തമിഴ്നാട്ടിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടി ലീഗുമായി കൂട്ടുകൂടിയിട്ടില്ല. അങ്ങനെയിരിക്കെ ഇവിടെ അവാസ്തവമായിട്ടുള്ള ഒരു പ്രസ്താവന ചെയ്യുന്നത് ഓർഡറിലാണോ?

ശ്രീ. പി. വി. മുഹമ്മദ്: സർ, ആന്ധ്രാപ്രദേശിൽ എൻ. ടി. രാമറാവുവിന്റെ പ്രാദേശിക പാർട്ടിയായ തെലുങ്കുദേശവുമായി മാർക്സിസ്റ്റ് പാർട്ടി സംഖ്യം ചെയ്തു. ആസാമിലെ ഗണതന്ത്ര പരിഷത്തുമായി സംഖ്യം ചെയ്തു. തമിഴ്നാട്ടിലെ ഡി. എം. കെ. യുമായി സംഖ്യം ചെയ്തു. തമിഴ്നാട്ടിലെ ഡി. എം. കെ. ദേശീയ പാർട്ടിയാണോ? അവരുമായും സംഖ്യം ചെയ്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞങ്ങളുടെ പാർട്ടിയുടെ പേര് മാർക്കിസ്റ്റ് പാർട്ടിയെന്നല്ല. മാർക്സിസ്റ്റ് പാർട്ടിയെന്നാണ്. ഉച്ചാരണശുദ്ധിയോടുകൂടി പറയുന്നെങ്കിലും ഒന്നു പഠിക്കുവാൻ ദയവുണ്ടാകണമെന്നു മെമ്പറെ ഒന്നു ഉപദേശിക്കുമോ?

ശ്രീ. പി. വി. മുഹമ്മദ്: അങ്ങനെ പേരുകളൊക്കെ മാറേണ്ടിവരും. ഇന്നല്ലെങ്കിൽ നാളെ. കാശ്മീരിൽ ഫാറൂക് അബ്ദുള്ളയുടെ പിന്നാലെ നടന്നു. ആസാമിൽ കോൺഗ്രസ്സിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പിൻതുണ കൊടുത്തു.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: അങ്ങ് ഇപ്പോൾ ആസ്സാമിലേയും കാശ്മീരിലേയും കാര്യമൊക്കെ പറഞ്ഞല്ലോ. കേരളത്തിൽ ഇന്നലെ ശ്രീ. പത്മരാജൻ ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് ഇവിടെ വർഗ്ഗീയപാർട്ടികളുമായി ഇനി ബന്ധമില്ലെന്നാണ്. കേന്ദ്രത്തിന്റെ നയം മുഴുവൻ അംഗീകരിക്കുന്ന ആളുകളുമായി മാത്രമേ ബന്ധമുള്ളൂ. ഇതിനെപ്പറ്റി എന്താണ് മുസ്ലീംലീഗിന്റെ അഭിപ്രായം? പുതിയ മുന്നണിയുണ്ടാക്കുമെന്നാണോ?

ശ്രീ. പി. വി. മുഹമ്മദ്: മുസ്ലീം ലീഗിന്റെ അഭിപ്രായം ഞങ്ങളുടെ സംസ്ഥാന സെക്രട്ടറി ശ്രീ. സെയ്തു ഉമ്മർ ബാഫക്കി തങ്ങൾ പറഞ്ഞിട്ടുണ്ട്. ഐക്യജനാധിപത്യമുന്നണിയെന്നു പറഞ്ഞാൽ വിവിധ കക്ഷികൾ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ചുണ്ടാക്കുന്ന മുന്നണിയാണ്. യാതൊരു സംശയവും അക്കാര്യത്തിലില്ല. ഈ സംസ്ഥാനത്തെ പല ഗവൺമെന്റുകളും പൊളിഞ്ഞുപോയത് പല ചെറിയ പാർട്ടികളേയും തള്ളിപ്പറഞ്ഞതുകൊണ്ടാണ്. ആ അനുഭവം ഈ മുന്നണിക്കുണ്ടാകരുതെന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്. (ബഹളം)

ശ്രീ. തോപ്പിൽ രവി: നമ്മുടെ നാട്ടിൽ പണ്ടുകാലത്ത് നമ്പൂതിരിമാർ വിവാഹിതമായി കല്ല്യാണം നടത്തും. അതുകഴിഞ്ഞു പിന്നെ സംബന്ധം കൂടും. അങ്ങനെ സംബന്ധംകൂടിക്കഴിഞ്ഞാൽ ഒന്നു കുളിച്ചാൽ നമ്പൂതിരിയുടെ അശുദ്ധമെല്ലാം പോകുമെന്നു പറയുന്നതുപോലെ. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആവശ്യത്തിന് ലീഗുമായി ഒട്ടൊക്കെ കൂടിയതിനുശേഷം ഇപ്പോൾ വേളിയൊക്കെ കഴിഞ്ഞു കുളിച്ചു നിൽക്കുകയാണ്, അല്ലെങ്കിൽ കുളിക്കാൻ ശ്രമിക്കുകയാണ് എന്നുള്ള കാര്യം മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. മുഹമ്മദ്: ഈ രാജ്യത്തെ ഏറ്റവും വലിയ ബൂർഷ്വാ യെന്നു കമ്മ്യൂണിസ്റ്റുകാർ പറഞ്ഞ ചരൺസിംഗിനു്, ഇന്ദിരാഗാന്ധി യോടൊപ്പം നിന്ന ചരൺസിംഗിനു് പിൻതുണ കൊടുത്തില്ലേ? മൊറാർജി ദേശായിയെ മാറ്റാൻവേണ്ടി ചരൺസിംഗിനു് പിൻതുണ കൊടുത്തു. അങ്ങനെ ഇൻഡ്യൻരാഷ്ട്രീയത്തിൽ ജാതിപർഗ്ഗീയതയ്ക്കൊപ്പം എല്ലാ ക്കാലവും അന്തിയുറങ്ങിയ, വാസവദത്തയെപ്പോലും ലജ്ജിപ്പിക്കുന്ന ഒരു വേശ്യയുടെ സ്വഭാവമാണു് മാർക്സിസ്റ്റ് പാർട്ടിക്കുള്ളതു്. അതു കൊണ്ടു് ശ്രീ. ബേബിജോണിനോടും പ്രഭാകരനോടും ഷൺമുഖദാസി നോടും ഞാൻ ചോദിക്കുന്നു, ഇവരുടെ കൂടെ നിങ്ങൾ എങ്ങനെ ജനങ്ങളെ സമീപിക്കും? ആനപ്പുറത്തു കയറണം, അങ്ങാടി വരെ പോകണം, ആളാരും കാണരുതു് എന്നു പറഞ്ഞാൽ നടക്കുമോ ഇവിടെ? കേരളത്തിൽ ലീഗിനെ കൂട്ടരുതു്? കേരളാകോൺഗ്രസ്സിനെ കൂട്ടരുതു്? കോൺ ഗ്രസ്സു് ഇവിടെ ഭരിക്കരുതു്, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് ഒറ്റയ്ക്കു് ഭരിക്കാൻ കഴിയുകയുമില്ല. എങ്ങനെയാണു് ഇതു നടക്കുക? ഈ സംസ്ഥാനത്തെ മുസ്ലീംലീഗിന്റെ വോട്ടു് കിട്ടുകയില്ലെന്നു വന്നപ്പോൾ ന്യൂനപക്ഷ വർഗ്ഗീയത ആപത്താണു്, ഭൂരിപക്ഷ വർഗ്ഗീയത ആപത്തല്ല എന്നു പറയുന്നു. ബഹുമാനപ്പെട്ട ബേബിജോണിനു് അറിയാമോ, മലബാർപ്രദേശത്തു് ആർ. എസ്. എസ്. കാർ ഇപ്പോൾ മാർക്സിസ്റ്റുകാരായിരിക്കുന്നു. ആർ.എസ്.എസ്.കാരുടെ സംഘടന പിരിച്ചുവിട്ടിരിക്കുകയാണു്. അവിടെയിപ്പോൾ മാർക്സിസ്റ്റ് ആർ. എസ്. എസ്. സംഘടനമില്ല. അവർ അന്യോന്യം കുത്തിമരിക്കു ന്നില്ല. അവിടെയിപ്പോൾ മാർക്സിസ്റ്റുകാരും ആർ. എസ്. എസ്. കാരും ഒന്നിച്ചുചേർന്നു വർഗ്ഗീയസംഘടനമുണ്ടാക്കാൻ ശ്രമിക്കുകയാണു്. അവിടെ കെ. ജി. മാരാരും ഇ. എം. എസ്സും ഒരു ഊഞ്ഞാലിലാണു് ആടുന്നതു്. ഈ രാജ്യത്തു് എന്തുതന്നെ സംഭവിച്ചാലും ഈ രാജ്യത്തെ സാമുദായിക സൗഹാർദ്ദംപോലും തകർന്നാലും ഇവിടത്തെ ഹിന്ദു—മുസ്ലീം വോട്ടിനുവേണ്ടി ശ്രമിക്കുന്ന ഒരു പുതിയ സിദ്ധാന്തമാണു് ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുള്ളതു്. ഇതിനോടു് യോജിക്കാൻ നിങ്ങൾക്കു് കഴിയുമോ? പത്മരാജൻ പ്രസ്താവന ഇറക്കി യെന്നു നിങ്ങൾ പറഞ്ഞില്ലേ? ജറുസലേമിലെ പുത്രിമാരോടു് യേശു ക്രിസ്തു പറഞ്ഞതുപോലെ പുത്രിമാരെ നിങ്ങൾ ഞങ്ങൾക്കുവേണ്ടി കരയേണ്ട. നിങ്ങൾ നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ സന്താനപരമ്പര കൾക്കുവേണ്ടിയും കരയുവിൻ എന്നുമാത്രമേ ഞങ്ങൾക്കു് പറയുവാനുള്ളു. ഞങ്ങൾ ഭരിച്ച ഈ നാലര കൊല്ലത്തിനിടയിൽ ഈ സർക്കാരിനെ തള്ളിയി ടാൻവേണ്ടി നിങ്ങൾ കാട്ടിക്കൂട്ടിയ പേക്കൂത്തുകൾ ആരും മറന്നിട്ടില്ല. ഇവിടത്തെ കണ്ണാടിജനലുകളൊക്കെ നിങ്ങൾ പൊട്ടിച്ചു. സ്പീക്കറെ നിങ്ങൾ കയ്യേറ്റം ചെയ്തു. മുഖ്യമന്ത്രിയെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചു. അവിശ്വാസപ്രമേയങ്ങൾ പലതവണ കൊണ്ടുവന്നു. ബഹുമാനപ്പെട്ട ഗൗരി യമ്മയെപ്പോലും നിങ്ങൾ പട്ടിണി കിടത്തി. എന്നിട്ടെന്തായി? ഒരു ദിവസത്തെ നിരാഹാരം. പിറ്റേന്നു വിജയം പ്രഖ്യാപിച്ചുകൊണ്ടു് പരാജയം സമ്മതിച്ചു പിൻമാറി. നിങ്ങൾ എന്തെല്ലാം നടത്തി. നാളെ തെര ഞ്ഞെടുപ്പിനു് പോകേണ്ടതല്ലേ? ഈ സംസ്ഥാനത്തെ ജനങ്ങളോടു് നിങ്ങൾ എന്തു പറയും? ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഞങ്ങൾ നാലര വർഷക്കാലം ഭരിച്ചു. നാലര വർഷക്കാലം ഈ സംസ്ഥാനത്തെ ദുർബ്ബല വിഭാഗങ്ങൾക്കും ആലംബഹീനർക്കുംവേണ്ടി നൂറു നൂറു നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടു്, ജനനൻമയ്ക്കുവേണ്ടി രാജ്യപുരോഗതി ക്കുവേണ്ടി മഹത്തായ സംഭാവനകൾ ചെയ്ത ഐക്യജനാധിപത്യ മുന്നണി യാണു് ഇപ്പോൾ ഉള്ളതു്. അപ്പുറത്തുള്ളവർ പറയുന്നതു് കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

രിക്കരുതെന്നാണ്. പിന്നെ ആരുഭരിക്കണം. അതിന് മറുപടിയില്ല. കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള ഏതെങ്കിലും സംസ്ഥാനത്ത് നിങ്ങളുണ്ടോ? ഉത്തർപ്രദേശിൽ നിങ്ങളുണ്ടോ? മഹാരാഷ്ട്രയിൽ നിങ്ങളുണ്ടോ? ഇൻഡ്യയിൽ കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള, കോൺഗ്രസ്സിന് ഒറ്റയ്ക്ക് ഭരിക്കാൻ കഴിവുള്ള ഏതെങ്കിലും സ്ഥലത്ത് നിങ്ങളുണ്ടോ? ഇല്ല. കോൺഗ്രസ്സ്ന് ഭൂരിപക്ഷമില്ലാത്തിടത്ത് നിങ്ങളുടെ നയം വേറെ. ഞാൻ ചോദിക്കട്ടെ, ഡൽഹിയിൽ നിങ്ങളുണ്ടോ? ബഹുമാനപ്പെട്ട നായനാർ നിങ്ങളും ഒന്ന് ചിന്തിക്കുക, എനിക്കറിയാം അങ്ങ് മാനസികമായി വളരെയധികം വിഷമമുള്ള ആളാണെന്ന്.

ശ്രീ. ഇ കെ. നായനാർ: മുസ്ലീം ലീഗ് ഇവിടെയല്ലാതെ ഇൻഡ്യാ രാജ്യത്ത് വേറെ എവിടെയുണ്ട്? ഇവിടെ മാത്രമേയുള്ളൂ. ഇന്നല്ലെങ്കിൽ നാളെ കോൺഗ്രസ്സ് നിങ്ങളെ ചവുട്ടിപ്പുറത്താക്കും. അതിനുള്ള സമയമായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വി. മുഹമ്മദ്: കുഞ്ഞിക്കണ്ണൻ പറഞ്ഞല്ലോ, ഇവിടെ ദേശീയ വർഗ്ഗീയ കക്ഷികൾക്ക് എതിരാണെന്ന്. ബഹുമാനപ്പെട്ട നായനാർ, ഇക്കഴിഞ്ഞ രാജ്യസഭാ തെരഞ്ഞെടുപ്പിൽ 6 എം. പി. മാരെ നിങ്ങൾ വോട്ട് ചെയ്തു അയച്ചില്ലേ? മാർക്സിസ്റ്റുപാർട്ടിയല്ലാത്ത 6 എം. പി. മാരെ, വോട്ട് ചെയ്ത് ഡൽഹിയിലേക്ക് അയച്ചില്ലേ. അത് ചെയ്തിട്ട് നിങ്ങൾ ഇവിടെ ഈ പറയുന്നതിൽ എന്തർത്ഥമാണുള്ളത്? എം. വി. രാഘവൻ പിൻതിരിയണമെന്ന് ശ്രീ. നായനാർ പറഞ്ഞു. എന്തിനാണ് എം. വി. രാഘവൻ പിൻതിരിയേണ്ടത്? പുറത്താക്കിയിട്ടാണോ നിങ്ങൾ ഇത് പറയുന്നത്? അപ്പോൾ നിങ്ങളുടെ രാഷ്ട്രീയമായ പാപ്പരത്വമാണ് അത്. ഇന്ന് ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ പറഞ്ഞതുപോലെ അദ്ദേഹം വന്നാൽ ബഹുമാനപ്പെട്ട നായനാർ ഇല്ല, നായനാർക്ക് സീറ്റില്ല, കുഞ്ഞിക്കണ്ണനില്ല. കുഞ്ഞിക്കണ്ണൻ ഇവിടെ എന്താണ് പ്രസംഗിച്ചത് എന്നറിയാമോ? ഞാൻ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ഉണ്ടെന്ന് അറിയാൻ വേണ്ടിയാണെന്ന്. അടുത്ത തെരഞ്ഞെടുപ്പു കഴിഞ്ഞാലും അങ്ങ് ജയിച്ചുവന്ന് ഈ നിയമസഭയിൽ അപ്പുറത്ത് ഇരിക്കാനുള്ള ആളാണ്. അങ്ങയോട് ഞങ്ങൾക്കും ബഹുമാനമുണ്ട്. അങ്ങ് ഇവിടെ വരാതിരിക്കരുത്. പക്ഷേ അഞ്ചുസീറ്റിൽ കൂടുതൽ ഉണ്ടാവുകയില്ല. അതുകൊണ്ട് മാർക്സിസ്റ്റു പാർട്ടി ഇന്ന് ഉപ്പു വച്ച കലം പോലെ ആയിരിക്കുകയാണ് യാണ്. ബഹുമാനപ്പെട്ട ബേബി ജോണിനോടും അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ നേതാക്കൻമാരോടും എനിക്ക് ഒന്ന് പറയാനുണ്ട്. ഇവരേയും കൂട്ടി പോകണ്ടാ. ''തുറിയവനെ പേറിയാൽ പേറിയവനും നാറും'' എന്നു പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുകയാണ്. ധനവിനിയോഗബില്ലിനെ എതിർക്കുന്ന അവസരത്തിൽ ഇവിടെ ഇന്ന് പ്രസംഗിച്ച ഭരണപക്ഷ അംഗങ്ങൾ പറഞ്ഞത് എന്താണ്? കഴിഞ്ഞ നാലര വർഷത്തെ ഭരണംകൊണ്ട് കേരള ജനതയ്ക്ക് വളരെയധികം നേട്ടങ്ങളുണ്ടായിട്ടുണ്ട്. വളരെയേറെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട് എന്ന അവകാശവാദമാണ് അവർ ഉന്നയിച്ചത്. ഞാൻ അത് പരിശോധിക്കുവാൻ ശ്രമിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നാലര വർഷത്തെ നേട്ടത്തെക്കുറിച്ച് ഞാൻ പറയാം. കഴിഞ്ഞ സമ്മേളനത്തിൽ സൂചിപ്പിച്ചതുപോലെ ഈ നിയമസഭയുടെ അവസാനത്തെ ബഡ്ജറായിരിക്കും ഇത്. അതുകൊണ്ടാണ് നാലരവർഷത്തെ ഭരണനേട്ടങ്ങളെക്കുറിച്ച് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിൻെറ ഇത്രയും കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നോക്കുമ്പോഴും നമ്മുടെ സംസ്ഥാനത്തിന് എന്തെല്ലാം സംഭാവനകളും നൽകി, സംസ്ഥാനത്തിൻെറ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് എന്തെങ്കിലും നേട്ടങ്ങളുണ്ടാക്കുവാൻ കഴിഞ്ഞുവോ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങളും നടന്നിട്ടുണ്ടോ? അതിൽ എന്തെങ്കിലും പ്രയോജനം കണ്ടിട്ടുണ്ടോ, വ്യാവസായിക വളർച്ചയ്ക്കു വേണ്ടി പരിശ്രമിച്ചിട്ടുണ്ടോ, കാർഷിക ഉൽപ്പാദനംരംഗത്തുള്ള നമ്മുടെ പ്രവർത്തനം എങ്ങനെ, ഇതൊക്കെ വിലയിരുത്തിയിട്ട് വേണ്ടേ നേട്ടങ്ങളെക്കുറിച്ച് നാം ഊറ്റം കൊള്ളാനും അല്ലെങ്കിൽ കോട്ടങ്ങളെക്കുറിച്ച് പറയാനും. അങ്ങനെ നാം നോക്കുകയാണെങ്കിൽ ഈ ഗവൺമെൻറ് ഈ മേഖലകളിൽ ഒരു പരാജയമായിരുന്നുവെന്ന് പറഞ്ഞാൽ അതിൽ അശേഷം തെറ്റുണ്ടാകുമെന്ന് തോന്നുന്നില്ല. വസ്തുതകളും പരിശോധിച്ച് നമുക്ക് ആ നിഗമനത്തിൽ എത്താൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് വളരെ പ്രത്യേകമായ സാഹചര്യങ്ങളുണ്ട്. ഈ രാജ്യത്ത് മറെറങ്ങുമില്ലാത്ത വിധത്തിൽ അഭ്യസ്തവിദ്യരുടെ പ്രശ്നമുണ്ട്. കേന്ദ്രവും സംസ്ഥാനവുമായി നല്ല ബന്ധമുണ്ടല്ലോ? ഇവർ അവകാശപ്പെടുന്നല്ലോ കേന്ദ്രത്തിൽനിന്ന് നമുക്ക് പലപ്പോഴും വഴിവിട്ട് സഹായങ്ങളും ലഭിച്ചുവെന്ന്. എന്തെങ്കിലും പ്രത്യേകമായി നേടാൻ നിങ്ങൾക്ക് കഴിഞ്ഞോ? പ്രത്യേകമായി ഒന്നും നേടുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, നമുക്ക് അർഹതപ്പെട്ടത് വാങ്ങിക്കാൻ കഴിഞ്ഞോ? ഞാൻ ചോദിക്കുന്നു, വ്യവസായവകുപ്പുമന്ത്രി ഇവിടെ തന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്, വ്യവസായവൽക്കരണത്തിൽക്കൂടിയാണ് തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുന്നതെന്ന്. കേന്ദ്രം ഈ സംസ്ഥാനത്ത് നിക്ഷേപിച്ചിട്ടുള്ള തുക, ഇവിടെയുള്ള വ്യവസായങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുക വർഷംതോറും കുറഞ്ഞുവരുന്നോ, കൂടി വരുന്നോ? അതിൻെറ ശതമാനം എത്രയാണ്? 1980—ൽ നമ്മുടെ വ്യവസായ രംഗത്ത് കേന്ദ്ര ഗവൺമെൻറിൻെറ ഇൻവെസ്റ്റുമെൻറ് 2.33% ആയിരുന്നു. ഇന്ന് ഗവൺമെൻറ് തന്നിരിക്കുന്ന അതിൻെറ കണക്ക് 1.80%. ഇത് എൻെറ കണക്കല്ല. പ്ലാനിംഗ് ഫോർമുല അംഗീകരിച്ചാൽതന്നെയും നമ്മുടെ ജനസംഖ്യയുടെ ആനുപാതികമായ കണക്കുകൂടി പരിശോധിച്ചാൽ നമുക്ക് കുറഞ്ഞത് 4% കിട്ടേണ്ടതാണ്. നാം മുൻപൊക്കെ ചോദിച്ചു വാങ്ങിച്ചിട്ടുള്ളതുമാണ്. ഇത്രയേറെ അനുകൂലമായ സാഹചര്യങ്ങളുണ്ടെന്നു അവകാശപ്പെടുന്ന ഇവരുടെ ഉറവബന്ധം കൊണ്ട് പ്രയോജനമുണ്ടാകുമെന്ന് പറയുന്നതിൽ, നല്ല ബന്ധമുണ്ടായികൊള്ളട്ടെ, എനിക്കതിൽ വിരോധമൊന്നുമില്ല. കോടിക്കണക്കിന് രൂപ വർഷംതോറും വ്യാപസായിക രംഗത്ത് കേന്ദ്രമേഖലയിൽ മറു പല സംസ്ഥാനങ്ങളിലും നിക്ഷേപിക്കുന്ന അവസരത്തിൽ നമ്മുടെ സംസ്ഥാനത്തിന് വർഷംതോറും കുറഞ്ഞുവരുന്ന സ്ഥിതി, അഭിമാനകരമാണോ? നേട്ടമാണോ? കേന്ദ്രം നമ്മെ വളരെയധികം സഹായിച്ചോ എന്ന് ഞാൻ ചോദിക്കുന്നു. ഞാൻ ഇതിൻെറ ഒരു കണക്ക് ഇവിടെ പറയാം. നമ്മുടെ സ്ഥിതി ഇപ്രകാരമാണെങ്കിൽ മറു സംസ്ഥാനങ്ങളിൽ കേന്ദ്രത്തിൻെറ നിക്ഷേപം എങ്ങനെയാണ്? കേരളത്തിലേത് ഞാൻ നേരത്തെ പറഞ്ഞു, 1.80%, അത് കോടി കണക്കിൽ പറഞ്ഞാൽ 715 ആണ്. ആന്ധ്രാപ്രദേശിൽ 7.5 (3087 കോടി) തമിഴ്നാട്ടിൽ 2187 കോടി, കർണ്ണാടകത്തിൽ 1199 കോടി, വെസ്റ്റുബംഗാൾ 2910 കോടി. ഞാൻ തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളുടെ കാര്യമാണ് നോക്കിയത്. വെസ്റ്റു ബംഗാളിനെക്കുറിച്ച് ഇവിടെ കൂടെക്കൂടെ പറയുന്നതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ. തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഇത്രയേറെ വ്യാവസായികരംഗത്ത് ഇൻവെസ്റ്റുചെയ്യാൻ കേന്ദ്രം തയ്യാറായപ്പോഴും തൊഴിലി

LIBRARY ARCHIVES Kerala Legislative Assembly

ല്ലായ്മ വളരെയധികം. രൂക്ഷമായിരിക്കുന്ന നമ്മുടെ സംസ്ഥാനത്തിലെ വ്യാവസായിക രംഗത്തെ കേന്ദ്രത്തിന്റെ മുതൽമുടക്ക് എന്താണ്? കുറഞ്ഞുവരുന്നോ അതോ കൂടി വരുന്നോ? നിങ്ങൾ തന്ന കണക്കാണ്. ഇന്ന് നമ്മുടെ സമ്പദ്ഘടനയെ കാര്യമായി നിലനിർത്തുന്നതും, വളർത്തുന്നതും തളർത്തുന്നതും എല്ലാം നമ്മുടെ റബ്ബർ, നാളികേരം തുടങ്ങിയവയുടെ ഉൽപ്പാദനവും വിലയും ആശ്രയിച്ചാണ്. ഇന്ന് ശ്രീ. തോമസ്സിനേറെയും മാറും പരാതി വന്നല്ലോ. റബ്ബറിന്റെ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി. റബ്ബറിനേറെയും മറ്റും കാര്യത്തിൽ കുത്തകക്കാർക്കുവേണ്ടിയുള്ള ഒരു ഇറക്കുമതി നയമാണ് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്.

സർ, ഇവിടത്തെ റബ്ബർ കർഷകന്റെ താൽപ്പര്യം അപകടപ്പെടുത്തുന്ന ഒരു നയമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇവിടെ സാമാന്യം നല്ല രീതിയിൽ റബ്ബർ ഉൽപ്പാദനം നടക്കുന്ന അവസരത്തിൽ എസ്. ടി. സി. റബ്ബർ കമ്പോളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നത് ആരെ സഹായിക്കാനാണ്? ഇവിടത്തെ നാളികേരകർഷകനെ സഹായിക്കാൻ വേണ്ടി നിങ്ങൾ എന്ത് ചെയ്തു? രണ്ടുരൂപ നാളികേരത്തിന് കിട്ടാൻ ഉറപ്പുചെയ്യാമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പുതിയ സാമ്പത്തികസിദ്ധാന്തവുമായി വന്നിരിക്കുന്നു. ഇങ്ങനെ പല ഉറപ്പുകളും ഇവിടെ നടന്നു. ഇന്നും വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നില്ലേ? കേന്ദ്രത്തിനെതിരെ ഒന്നും പറയരുതല്ലോ. തോമസിന് പറയാൻ പറ്റുമോ എന്നെനിക്കറിയില്ല, ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജിക്ക് പറയാൻ പറ്റുമോ എന്നെനിക്കറിയില്ല. ബഹുമാന്യനായ പത്മരാജൻ രണ്ടു ദിവസംമുമ്പു പറഞ്ഞുകഴിഞ്ഞു, കേന്ദ്രത്തിന്റെ നയത്തിനെതിരായി ആരും പറയരുത് എന്ന്. പറഞ്ഞാൽ അവർ മുന്നണിയിൽ ഇല്ല എന്ന്. അതുകൊണ്ട് ഇന്നെന്ത് പറയാൻ കഴിയുമെന്ന് എനിക്കറിയില്ല. സർ, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

നമ്മുടെ വളർച്ചയ്ക്കുവേണ്ടിയുള്ള നിങ്ങളുടെ മുടക്കുമുതൽ എങ്ങനെ? ഓരോവർഷംകഴിയുന്തോറും ഇത് കുറഞ്ഞുവരുകയല്ലേ? അതാണ് ഞാൻ നോക്കുന്നത്. തുക കുറച്ചുനിക്ഷേപിച്ചാൽ വളർച്ചയുടെ വേഗത കൂടുമോ? നിങ്ങളുടെ കണക്കിൽ അങ്ങനെയായിരിക്കും. ഉദാഹരണമായി ഈ വർഷം നോക്കുക. 1985–86-ൽ ഡെവലപ്പുമെന്റു സർവ്വീസിനുവേണ്ടി Both revenue and Capital 1130.73 കോടി രൂപയായിരുന്നു നീക്കിവച്ചിരുന്നത്. ഇത് നിങ്ങളുടെ കണക്കാണ്. എന്റെ കണക്കല്ല. അത് 1119 ആയി കുറഞ്ഞു; 1986–87-ൽ. അപ്പോഴാ 1986–87–ൽ വളർച്ചയാണ്! ഓരോവർഷം കഴിയുന്തോറും ഡെവലപ്പുമെന്റൽ സർവ്വീസ് ആക്ടിവിറ്റീസിനുള്ള തുക കുറച്ചുകൊണ്ടുവരുകയാണ്. നമ്മുടെ സംസ്ഥാനത്ത് വ്യാവസായിക വളർച്ചയില്ലെങ്കിൽ മറ്റു മേഖലകളിലെ വളർച്ച എങ്ങനെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും എന്ന സിദ്ധാന്തം എനിക്കു മനസ്സിലാകുന്നില്ല. എന്തുകൊണ്ട് കുറഞ്ഞു? കുറഞ്ഞതിന് ഉത്തരവാദി ആരാണ്? നിങ്ങൾ അതിന് പ്രത്യേകമായ ശ്രദ്ധ നൽകിയിട്ടുണ്ടോ; ആ മേഖലകളിൽ തുക വർദ്ധിപ്പിക്കാനായിട്ട്? ഇക്കോണമിക് ഡെവലപ്പുമെന്റ് സർവ്വീസസിന് 1985–86–ൽ 2,10,230 ലക്ഷം രൂപയായിരുന്നു. 1986–87–ൽ അത് 11,327 ലക്ഷം രൂപയായി കുറഞ്ഞു. നമ്മുടെ വളർച്ച ഒരുപക്ഷേ പാരമ്യതയിൽ എത്തിയതുകൊണ്ടായിരിക്കാം തുക കുറഞ്ഞത്. ഈ സംസ്ഥാനം വളർച്ചയിലേക്ക് പോകുന്നുവെന്ന് നിങ്ങൾ പറയുന്നത് എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതാണ് നിങ്ങളുടെ ഈ മേഖലകളിലുള്ള കണക്ക്. ഇനി വ്യാവസായിക രംഗം എടുത്തു നോക്കുക. ബഹുമാനപ്പെട വ്യവസായവകുപ്പുമന്ത്രി 1986–വരെയുള്ള ഭരണത്തെക്കുറിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

നേട്ടങ്ങൾ വിലയിരുത്തിക്കൊണ്ട് വ്യവസായരംഗത്തെ നേട്ടങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് നമ്മുടെ ജനസംഖ്യയിൽ പകുതിയിലധികം താഴെ ഇന്നും ദാരിദ്ര്യരേഖയ്ക്ക് കീഴിലാണ് എന്നാണ്. എന്നാൽ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത് 30 ശതമാനം എന്നാണ്. എങ്ങനെയാണ് ഈ കണക്കിൽ വ്യത്യാസം വരുന്നതെന്ന് എനിക്കറിയില്ല. അങ്ങയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറിന്റെ പബ്ലിക് റിലേഷൻസ് പ്രസിദ്ധപ്പെടുത്തിയ വ്യവസായമന്ത്രിയുടെ പേരുവച്ച് ഒപ്പിട്ട് ഞങ്ങൾക്ക് തന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു, കേരളത്തിൽ 50 ശതമാനം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന്. 1986-ലെ പുസ്തകമാണിത്. സർ, ഞാൻ ചോദിക്കുന്നു, നിങ്ങൾക്കൊരു വ്യവസായ നയമുണ്ടോ? എന്താണ് നിങ്ങളുടെ വ്യവസായ നയം? ഈ സംസ്ഥാനത്തിലെ കഴിഞ്ഞ കാലങ്ങളിലെ വ്യാവസായിക നയമെന്താ യിരുന്നു. ഞാൻ ഒരു ഗവൺമെൻറിനേയും പ്രത്യേകിച്ച് പറയുന്നില്ല. പുതിയ വ്യവസായസംരംഭങ്ങൾക്ക് ചില ഇൻസെൻറീവ്സ് കൊടുക്കാൻ മുൻഗവൺമെൻറുകൾ തീരുമാനിച്ചിരുന്നു. നമ്മുടെ സംസ്ഥാനത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക്, സ്വകാര്യമേഖലാസ്ഥാപനങ്ങൾക്ക് ഇവർക്കൊക്കെ ഒരു പ്രൈസ് ഡിഫറൻസിയേഷൻ ഉണ്ടായിരുന്നു. അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തുതന്നെ ചെലവഴിക്കത്തക്ക രീതിയിൽ അല്പം നഷ്ടം സഹിച്ചാലും നമ്മുടെ വ്യവസായത്തിനെ വളർത്തിക്കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെൻറുടമയിലുള്ള കോർപ്പറേഷൻസ്, ഡിപ്പാർട്ടുമെൻറുകളൊക്കെ വാങ്ങിക്കുന്നതിനുവേണ്ടിയുള്ള ചില നടപടികൾ എടുത്തിരുന്നു. എന്നാൽ മാത്രമേ നമ്മുടെ തൊഴിലില്ലായ്മ പരിഹരിച്ച് നമ്മുടെ സമ്പദ്ഘടന അഭിവൃദ്ധിപ്പെടുകയുള്ളൂവെന്ന് കണ്ടുകൊണ്ട് അന്ന് ഒരു നയം രൂപീകരിച്ചിരുന്നു. അങ്ങയുടെ ഗവൺമെൻറിനും ഇങ്ങനെയൊരു നയമുണ്ടെന്ന് അങ്ങ് പറയുമായിരിക്കും. ഒന്ന് നെഞ്ചത്തു കൈവച്ച് ആലോചിക്കൂ, അങ്ങനെയൊരു നയം ഇവിടെ നടപ്പിലാക്കുന്നുണ്ടോ? ഓരോ ഡിപ്പാർട്ടുമെൻറും പ്രത്യേകമായ പരിഗണനമൂലം, പ്രത്യേകമായ കാരണങ്ങൾമൂലം (കാരണം എന്താണെന്ന് ഞാൻ പറയുന്നില്ല നമുക്കു രണ്ടുപേർക്കുമറിയാം കാരണമെന്താണെന്ന്.) സംസ്ഥാനത്തിന് പുറത്തുനിന്നാണ് അവർക്ക് ആവശ്യമായത് വരുത്തുന്നത്. പ്രാദേശികതലത്തിലല്ല എന്നെയത് പറയാൻ ഉദ്ദേശിച്ചത്. ഈ സംസ്ഥാനത്തിന്റെ വ്യാവസായികവളർച്ചയ്ക്ക് ആവശ്യമായി സ്വീകരിച്ചിട്ടുള്ള നടപടി പാലിക്കാതെ കോർപ്പറേഷൻസ്, ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഇലക്ട്രിസിറ്റിബോർഡ് തുടങ്ങിയവ ഡിപ്പാർട്ടുമെൻറുകൾ എല്ലാംതന്നെ ചിലകാരണങ്ങൾ പറഞ്ഞ് ഇവിടെ നിന്നല്ല അവർക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നത്. കാരണമെന്താണെന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ വാങ്ങിക്കാനുള്ള താൽപ്പര്യം കാണിക്കുകയാണെങ്കിൽ അത് പൊതുമേഖലാസ്ഥാപനങ്ങളെ തളർത്തുകയല്ല നിലനിർത്തുകയായിരിക്കും ചെയ്യുന്നത്. അതേസമയം ഇന്ന് എത്രയോ പൊതുമേഖലാസ്ഥാപനങ്ങൾ തളർന്നുവരുന്നു. ഇതാണോ പൊതുമേഖലാസ്ഥാപനങ്ങളോടുള്ള നിങ്ങളുടെ നയം. ഇവിടെ പുതിയ എൻറർപ്രണേഴ്സ് വരാൻ തയ്യാറാകുമോ? ആരെങ്കിലും വന്ന് വ്യവസായം തുടങ്ങിയാൽ അവർ കഷ്ടപ്പെടുമെന്ന സ്ഥിതിയാണ്. ഇന്നലെ ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ പറയുന്നതു കേട്ടു, 'അവർ കഷ്ടപ്പെട്ടു കമ്പനി ഉണ്ടാക്കും, ഒടുവിൽ വേറെ ആർക്കെങ്കിലും ഏൽപ്പിച്ചു കൊടുത്തിട്ട് പോകും' എന്ന്. ഇങ്ങനെയൊരു വ്യവസായനയം നമുക്ക് വളർച്ച ഉണ്ടാക്കുമോ എന്ന് ഞാൻ ചോദിക്കുന്നു. രണ്ടുദിവസംമുമ്പ് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി വ്യാവസായിക വളർച്ചയുടെ ഒരു ചിത്ര

LIBRARY ARCHIVES Kerala Legislative Assembly

മിവിടെ വരച്ചു കാണിച്ചു. എനിക്ക് സന്തോഷമേയുള്ളൂ. ഇന്നലെ എനിക്ക് അത്യാവശ്യമായ ഒരു കാര്യത്തിനുവേണ്ടി മാവേലിക്കരവരെ പോകേണ്ടിവന്നു. ട്രാവൻകൂർ ഓക്സിജൻ എന്നുപറഞ്ഞ ഒരു കമ്പനി അവിടെയുണ്ട്. ഈ ഗവൺമെൻറു വന്നതിനുശേഷം തുടങ്ങിയതാണ്. നല്ല കാര്യമാണ്. എന്താണെന്നറിയാമോ അവിടത്തെ എംപ്ലോയ്മെൻറ് പൊട്ടൻഷ്യാലിറ്റി? രണ്ടു പേരാണ്. അതാണ് ആ സ്ഥാപനം. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത് നമ്മുടെ ആകെക്കൂടിയുള്ള നേട്ടത്തെക്കുറിച്ചാണ്.

ഇന്ന് പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതിയെന്താണ്. പ്രചരണത്തിനുവേണ്ടി നിങ്ങൾ പലതും പറയും. കശുവണ്ടിവ്യവസായം ഇന്ന് തളർന്നിരിക്കുകയാണ്. ഒരുപക്ഷേ ബഹുമാനപ്പെട്ട ചില മന്ത്രിമാർ സമ്മതിക്കുകയില്ലായിരിക്കാം. സർ, കയർവ്യവസായത്തിന്റെ സ്ഥിതി യെന്താണ്? ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി തന്നെ പറഞ്ഞു, ഇനിയും ധാരാളം ചെയ്യാനുണ്ടെന്ന്. അങ്ങേയ്ക്ക് കയർവകുപ്പു കൈകാര്യം ചെയ്തു പരിചയമില്ലല്ലോ. ശ്രീ. തച്ചടി പ്രഭാകരനോട് ചോദിക്ക്, കൈത്തറി മേഖലയുടെ സ്ഥിതിയെന്താണ്? ജനസംഖ്യയിൽ നാൽപ്പതു ശതമാനത്തോളം വരുന്ന ഒരു വിഭാഗത്തെ ബാധിക്കുന്ന ഈ മേഖലയാകെ ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. ഇത് കഴിഞ്ഞ നാലര വർഷക്കാലത്തെ നേട്ടമാണെന്ന് നിങ്ങൾക്ക് എങ്ങനെ അവകാശപ്പെടാൻ കഴിയും. നാലരവർഷക്കാലമായുള്ള വളർച്ചയാണോ ഇത്?

നിങ്ങൾതന്ന പുസ്തകത്തിലെ കണക്ക് ഞാൻ വായിക്കാം. തിരുവനന്തപുരത്തെ ഓർഗനൈസ്ഡ് സെക്ഷനിലെ വ്യവസായ തൊഴിലാളികളുടെ എണ്ണം 1980–ൽ 19,769 ആണ്. വളർച്ചയുടെ ഫലമായി 1985–ൽ അതിന്റെ എണ്ണം 18,045 ആയി കുറഞ്ഞു. കൊല്ലത്തു 1980–ൽ 1,24,624 ആയിരുന്നത് നാലരവർഷത്തെ വളർച്ചയുടെ ഫലമായി 1985–ൽ അത് 1,05,284 ആയി കുറഞ്ഞു. ആലപ്പുഴയിൽ 1980–ൽ 17,749 ആയിരുന്നത് 1985 ആയപ്പോഴേ 16,596 ആയി കുറഞ്ഞു. അങ്ങനെ മൊത്തം നോക്കിയാൽ 1980–ൽ 3,00,444 വർക്കേഴ്സ് ഉണ്ടായിരുന്നുവെങ്കിൽ വ്യാവസായിക വളർച്ചയുടെയൊക്കെ ഫലമായി ഇപ്പോഴേ 2,87,713 ആയി കുറഞ്ഞു. 'ഇവിടെ വ്യാവസായിക വിപ്ലവം നടക്കുന്നു, ധാരാളം ആളുകൾക്ക് തൊഴിൽ കിട്ടിയിരിക്കുന്നു' എന്നൊക്കെ നിങ്ങൾ പറയുന്നുവല്ലോ ഓരോസമയത്തു നിങ്ങൾതന്ന കണക്കനുസരിച്ച് 1980–ൽ ഉണ്ടായിരുന്നതിൽ നിന്ന് 1985 ആയപ്പോഴേക്കും വളർച്ചയുടെ തോത് കുറഞ്ഞിരിക്കുകയാണ്. ഇത് വളർച്ചയുടെ ലക്ഷണമാണോ? ഇതിനുവേണ്ടിയാണോ ധനവിനിയോഗബില്ലിന് അനുമതി നൽകേണ്ടത്? കാർഷിക രംഗത്തേയും വ്യാവസായികരംഗത്തേയും വളർച്ചയുടെ തോത് കണക്കാക്കിയാണല്ലോ വികസനത്തെ സംബന്ധിച്ച് വിലയിരുത്തേണ്ടത്.

സർ, നമ്മുടെ കാർഷികരംഗം എടുത്തു നോക്കാം. 1979–80–ൽ നെല്ല് ഉൽപ്പാദനം 12,89,695 ടണ്ണായിരുന്നു. 1984–85–ൽ അത് 12,55,932 ടണ്ണാണ്. കൂടിയോ കുറഞ്ഞോ നിങ്ങൾ തീരുമാനിക്കൂ. നമ്മൾ വളരുന്നുവെന്നാണല്ലോ നിങ്ങൾ പറഞ്ഞത്. അതുപോലെ അഞ്ചാം പദ്ധതിയിൽ നമുക്കുണ്ടായിരുന്ന ആ വളർച്ച അത് നിലനിർത്താൻപോലും 6–ാം പദ്ധതിയുടെ അവസാനം നമുക്കു കഴിഞ്ഞില്ല. അഞ്ചാം പദ്ധതിയുടെ അവസാനകാലത്ത് നമുക്കുണ്ടായിരുന്ന നേട്ടം പോലും നിലനിർത്താൻ കഴിയാതെയാണ് ഇവിടെ പറയുന്നത് 'ഞങ്ങൾ ഒരുപാട് നേടിയിരിക്കുന്നു' എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി പാംസിന്റെ കാര്യമെടുത്തു പരിശോധിക്കാം. 1979–80–ൽ 23,443 ടൺ ആയിരുന്നു നമ്മുടെ ഉൽപ്പാദനമെങ്കിൽ 1984–85–ൽ അത് 22,036 ടൺ ആയി കുറഞ്ഞു. ഇത് വളർച്ചയാണോ? കുറഞ്ഞു വരുന്നതാണ് വളർച്ചയെങ്കിൽ 'വളർന്നു' ഞാൻ സമ്മതിക്കുന്നു.

പെപ്പറിന്റെ കണക്കെടുത്താൽ 28,093 ലക്ഷം ടൺ ആയിരുന്നത് 1984–85 ആയപ്പോൾ 19,376 ടണ്ണായി കുറഞ്ഞു.

ജിഞ്ചറാണെങ്കിൽ 1979–80–ൽ 35,825 ലക്ഷം ടൺ ആയിരുന്നത് 1984–85–ൽ 34,388 ലക്ഷം ടണ്ണായി. ഇങ്ങനെ വളർച്ചയുടെ അളവുകൾ കുറഞ്ഞുവരുന്നതിനെ സംബന്ധിച്ചാണ് പറയുന്നത്. കാർഡമം 1979–80–ൽ 3,300 ടൺ ആയിരുന്നത് 1984–85–ൽ 2,850 ടണ്ണായി. കാർഡമവും വളരുന്നു. ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്ന കണക്ക് കള്ളമാണെന്ന് ചിലപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞേക്കും. ഇതെല്ലാം ഞങ്ങൾക്കു തരുന്ന പുസ്തകത്തെ ആശ്രയിച്ചാണ് പറയുന്നത്. കാഷ്യൂനട്ട് 1979–80–ൽ 82,763 ടൺ, 1984–85–ൽ 75,737 ടൺ. മരച്ചീനിയുടെ ഉൽപ്പാദനം 5–ാം പഞ്ചവൽസരപദ്ധതിയുടെ അവസാനം 40,88,917 ടൺ ആയിരുന്നത് ഇപ്പോൾ 39 ലക്ഷമായി കുറഞ്ഞു. ഗ്രൗണ്ട്നട്ട് 11,222 ആയിരുന്നത് 10,953 ആയി കുറഞ്ഞു. ആകെ അൽപം കൂടിയത് നാളികേരത്തിലാണെന്ന് നിങ്ങളുടെ കണക്കുകളിൽ പറഞ്ഞിട്ടുണ്ട്. തേയില 58,225 മെട്രിക് ടൺ ആയിരുന്നത് 48,387 മെട്രിക് ടണ്ണായി കുറയുകയാണ് ചെയ്തത്. വ്യാവസായിക രംഗത്തെ നിങ്ങളുടെ വളർച്ചയെക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതിനാണോ ധനവിനിയോഗ ബില്ല് അനുവദിച്ചു തരേണ്ടത്? 4 വർഷത്തെ നിങ്ങളുടെ നേട്ടത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ എന്താണ് വളർച്ച എന്ന് എനിക്ക് അറിയില്ല. ബഹുമാന്യനായ നമ്മുടെ ക്ഷീരകാര്യമന്ത്രി ഒരു സാമ്പത്തിക സിദ്ധാന്തം കഴിഞ്ഞ പ്രാവശ്യം പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ഈയിടെ ശ്രീ. രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് കുറച്ച് ശമ്പളവർദ്ധനവ് നൽകിയിരിക്കുന്നു, അതുകൊണ്ട് ഇവിടെ വിലക്കയറ്റം വന്നിരിക്കുന്നു എന്ന്. വിലക്കയറ്റം പല കാരണങ്ങളാലാണ്. ചൂഷണം, പൂഴ്ത്തിവയ്പ് തടയൽ പരാജയപ്പെടൽ, നാണയപ്പെരുപ്പം തുടങ്ങിയ കാരണങ്ങളാൽ വിലക്കയറ്റം ഉണ്ടാകാറുണ്ട്. അങ്ങനെ വരുന്ന അവസരത്തിൽ ആ വില നിയന്ത്രണത്തിനു നടപടി സ്വീകരിക്കണം. അതിൽ നിങ്ങൾ വിജയിച്ചോ? കേന്ദ്ര ഗവൺമെന്റ് മുൻകാലങ്ങളിൽ ഇറക്കിയ സർട്ടിഫിക്കറിനെ കുറിച്ച് പറയുന്നതല്ല. പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം വളരെ ഇഫക്ടീവ് ആണെന്ന് പറഞ്ഞിട്ട് അത് നിങ്ങൾ തകർത്തില്ലേ എന്നു ഞാൻ ചോദിക്കുന്നു. അതല്ലേ നിങ്ങൾ ചെയ്തത്. വളരെ ലാഘവത്തോടുകൂടിയാണ് ഹോർട്ടികൾച്ചർ സെക്ടറിൽ ഡിപ്പോകളെക്കുറിച്ച് പറഞ്ഞത്. മുൻപും ഈ ഹോർട്ടികൾച്ചർ സെക്ടറിൽ ഡിപ്പോകൾ സഹകാര്യ മേഖലയിൽ ഉണ്ടായിരുന്നു. സഹകാര്യമേഖലക്ക് അനുവദിക്കുന്നതിനെ എതിർത്തല്ല ഞാൻ പറയുന്നത്. പക്ഷേ ഇവിടെ നടന്നത് അതല്ല. പൊതുമേഖലയിൽ ഉണ്ടായിരുന്ന സ്ഥാപനത്തെ നിറുത്തി സഹകാര്യ മേഖലക്ക് കൊടുക്കുന്നു. അവിടെയാണ് അഭിപ്രായവ്യത്യാസം. സഹകാര്യമേഖലയിൽ നേരത്തെ ഉണ്ടായിരുന്നു. ചിലപ്പോൾ ഇനിയും കൊടുക്കുമായിരിക്കാം. പക്ഷേ പൊതു മേഖലയിൽ നടന്നിരുന്ന ക്ഷീര വിതരണ സമ്പ്രദായം സഹകാര്യ മേഖലക്ക് കൊടുക്കുന്നത് പുരോഗമനം ആണെങ്കിൽ ആ പുരോഗമനം നമുക്ക് വേണ്ടായിരുന്നു. പക്ഷേ വിലക്കയറ്റത്തെക്കുറിച്ച് നിങ്ങൾ നോക്കൂ. അരിയുടെ വിലയുടെ കാര്യത്തിൽ എന്താണ് ഇപ്പോഴത്തെ സ്ഥിതി? നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ അരിയുടെ

LIBRARY ARCHIVES Kerala Legislative Assembly

വില 3 രൂപ അല്ലായിരുന്നോ? 3 രൂപ പോലും ഇല്ലായിരുന്നു. ഇപ്പോൾ 4½ രൂപവരെയുണ്ട്. അതുപോലെ എല്ലാ സാധനങ്ങൾക്കും ഇന്നലെ ഞാൻ പാളയം മാർക്കറ്റിൽ വില അന്വേഷിച്ചതാണ്. കാരണം ഇവിടെ വിലയെല്ലാം കുറച്ചു കൊണ്ടുവരുന്നു എന്നല്ലേ പറയുന്നത്. ഗവൺമെന്റിനെക്കുറിച്ച് വിലയിരുത്തുമ്പോൾ വ്യാവസായിക രംഗത്തുള്ള വളർച്ച, കാർഷിക രംഗത്തുള്ള വളർച്ച, ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിലനിലവാരം താഴ്ത്തിക്കൊണ്ടു വന്ന് ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് സാധനങ്ങൾ കൊടുക്കുക ഇതെല്ലാമാണല്ലോ നാം ചെയ്യേണ്ടത്. അങ്ങനെയാണെങ്കിൽ പാളയത്ത് ഇന്നലത്തെ വില ഇതായിരുന്നു.

	രൂപ. പൈസ
ഉഴുന്ന്	8.40
ജീരകം	26.00
മല്ലി	16.00
മഞ്ഞൾ	22.00
തക്കാളി	6.00
ഏത്തക്കാ	5.50
തേയില	38.00
കോഫി	32.00

ഇത് കുറവാണോ കൂടുതലാണോ എന്ന് നിങ്ങൾ ആലോചിക്കൂ. ഇത് ഇനിയും കൂടും. കാരണം നിങ്ങൾ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിന്റെ കടയ്ക്കൽ കത്തിവച്ചവരാണ്. ആ വാക്ക് ഉപയോഗിക്കുന്നതിൽ ക്ഷമിക്കണം. അതായത് പഞ്ചസാരയുടെ വിതരണത്തിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് ഒരു കൺട്രോൾ റേറ്റ് തന്നു. നിങ്ങൾ എന്താണ് ചെയ്തത്? ആ കൺട്രോൾ റേറ്റിലാണോ വിറ്റത്? അവിടെ ലാഭം എടുത്തു നിങ്ങൾ. നിങ്ങൾ ലാഭം എടുക്കുന്നതിൽ ഞാൻ എതിരല്ല. സാധനങ്ങളുടെ വില കുറച്ചുകൊണ്ടു വരുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച വിലയിൽനിന്ന് കൂട്ടി നിങ്ങൾ ഇവിടെ പഞ്ചസാര വിൽക്കുന്നു. ഓപ്പൺ മാർക്കറ്റിലെ വിലയേക്കാൾ കൂട്ടി വിൽക്കുന്നു നിങ്ങൾ. അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിലുള്ളതാണ്, അല്ലാതെ ഞാൻ കയ്യിൽനിന്നിട്ടു പറയുന്നതല്ല. ഓപ്പൺ മാർക്കറ്റിലെ വിലയേക്കാൾ കൂടിയ വിലയ്ക്ക് അരി വിറ്റിട്ടുണ്ട്. എനിക്കറിയാം. 3 രൂപ ഓപ്പൺ മാർക്കറ്റിൽ ഉണ്ടായിരുന്നപ്പോൾ നിങ്ങൾ 3½ രൂപയ്ക്ക് അരി വിറ്റു. കാരണം കൂടിയ വിലയ്ക്ക് അരി വാങ്ങിച്ചു കൊണ്ടായിരിക്കാം. അപ്പോൾ ഏതു രംഗത്തു നിങ്ങൾ വിജയിച്ചു. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽ ഇല്ലാത്തവരുടെ എണ്ണം 19 ലക്ഷം ആയിരുന്നു. ഇപ്പോഴോ 26 ലക്ഷം. പക്ഷേ അതിൽനിന്ന് എത്രപേരെ ബോസർവ് ചെയ്യാൻ കഴിഞ്ഞു എന്ന് പറയണം. നിങ്ങൾ തന്ന കണക്കനുസരിച്ച് എത്രപേരെ ഒബ്സർവ്വ് ചെയ്യാൻ കഴിഞ്ഞുവെന്ന് നിങ്ങൾക്ക് ഇതുവരെ പറയാൻ കഴിഞ്ഞിട്ടില്ല. ഇതിനകത്ത് പറഞ്ഞിരിക്കുന്നത് 4 വർഷത്തിനിടയിൽ 3000—ത്തോളം ആളുകൾക്ക് പുതിയ തൊഴിൽ കൊടുത്തു ഞാൻ കഴിഞ്ഞുവെന്നാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. അതാണ് നിങ്ങൾക്ക് കഴിയുന്നത്. അതുകൊണ്ട് ഈ ഗവണ്മെന്റിന് ധനവിനിയോഗ ബില്ല് എന്തിനുവേണ്ടി പാസ്സാക്കിത്തരണം. കാർഷിക കാര്യങ്ങൾ ശ്രദ്ധിക്കാൻ നിങ്ങൾക്ക് നേരമുണ്ടോ? വ്യാവസായിക രംഗത്ത് ശ്രദ്ധ ഉണ്ടോ, പ്രവർത്തിക്കാൻ സമയമുണ്ടോ? ഉപഭോക്താക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യം സംരക്ഷിക്കാൻ നേരമുണ്ടോ? നിങ്ങൾക്ക് വേറെന്തിനൊക്കെയാണ് നേരമുള്ളത്? നിങ്ങൾ ഈ നാട്ടിൽ ഒരു നേട്ടം ഉണ്ടാക്കി. അതു നേട്ടമല്ല. നിങ്ങൾ ഈ നാട്ടിൽ ആപത്ത് വരുത്തി വച്ചു. ഇന്ന് ആളുകൾ എത്രയോ ഭയന്നാണ് ജീവിക്കുന്നത്. ഈ നാട്ടിൽ മുമ്പെന്നത്തേക്കാളും സാമുദായിക ചിന്ത വളർന്നിരിക്കുന്നു: മുമ്പെന്നത്തേക്കാളും ജാതി രാഷ്ട്രീയം വളർന്നിരിക്കുന്നു. നിങ്ങളുടെ ഭരണത്തിന്റെ നേട്ടം അതാണ്. ജാതി രാഷ്ട്രീയം വളർത്താൻ ഈ ധനവിനിയോഗബില്ല് വേണമോ? അതിന്റെ നേട്ടത്തെക്കുറിച്ച് കൂടുതൽ ഞാൻ പറയുന്നില്ല. ഒരു കാര്യം പെട്ടെന്ന് ഓർമ്മ വരുന്നു. നിങ്ങളുടെ കക്ഷിയിലെ ഒരു ഘടകമാണല്ലോ എൻ. ഡി. പി. അതിന്റെ ഒരു നേതാവ് ഈയിടെ പറഞ്ഞു: ''ഹിന്ദുക്കൾ രണ്ടാംതരം പൗരൻമാരാണ് ഈ കേരളത്തിൽ'' എന്ന്. എന്തെല്ലാം വികാരങ്ങൾ എവിടെയെല്ലാം ഉണ്ടാകുന്നു. ഇത് അതിനു ഒരു സൂചന മാത്രമാണ്. ഫാദർ വള്ളമറ്റം പറഞ്ഞു: നമ്മുടെ പ്രീ-ഡിഗ്രി ബോർഡിന്റെ ഗുണം നമുക്കാണ് എന്ന്. അപ്പോൾ നമ്മുടെ നാട് എങ്ങോട്ട് പോകുന്നു. ഈ ധനവിനിയോഗ ബില്ല് പാസ്സാക്കി ജാതി രാഷ്ട്രീയം വളർത്താൻ ഞങ്ങൾ കൂട്ടു നിൽക്കണമോ? സാമുദായികവിദ്വേഷം വളർത്താൻ കൂട്ട് നിൽക്കണമോ? ഈ നാടിനു ദ്രോഹമാണ് നിങ്ങൾ ചെയ്യുന്നത്. അതു കൊണ്ട് വ്യാവസായിക രംഗത്ത്, കാർഷിക രംഗത്ത് വളർച്ച ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും — ദയവുചെയ്ത് സാമുദായിക ചിന്ത വളർത്താൻ ഈ ജാതി രാഷ്ട്രീയം വളർത്താൻ നിങ്ങൾ ഇനിയെങ്കിലും ശ്രമിക്കാതിരിക്കണം. അതായിരിക്കും ഈ നാടിനോട് ചെയ്യുന്ന ഏറ്റവും വലിയ സംഭാവന എന്ന് ബഹുമാനപ്പെട്ട കരുണാകരനെ ഓർമ്മിപ്പിച്ചുകൊണ്ട് ഇതിനെ എതിർക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വനം കയ്യേറം നടത്തിയവർക്ക് കൈവശാവകാശത്തിന്റെ പേരിൽ 10,000 കണക്കിനു ഏക്കർ ഭൂമി പതിച്ചു കൊടുക്കാൻ മൽസരബുദ്ധിയായി പ്രവർത്തിക്കുന്ന നമ്മുടെ നാട്ടിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വരുന്ന ലക്ഷക്കണക്കിനു കേരള ജനങ്ങൾക്ക് വിരിവച്ച് വിശ്രമിക്കാനും, അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറാനുമുള്ള സൗകര്യത്തിനുവേണ്ടി സ്വൽപം വന ഭൂമിയെങ്കിലും അനുവദിക്കണമെന്ന അടിയന്തിരമായ ആവശ്യം അനുവദിക്കില്ലെന്ന പിടിവാശി സർക്കാർ ഉപേക്ഷിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. ചില സമ്മർദ്ദ ഗ്രൂപ്പുകളുടെ താൽപ്പര്യം മാത്രം പരിരക്ഷിക്കുന്ന ദുഷിച്ച പ്രവണത ജനാധിപത്യ മുന്നണി സർക്കാരിനു ഭൂഷണമല്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി നമ്മുടെ സംസ്ഥാനത്ത് മിക്കവാറും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നഗര വികസന അതോറിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പക്ഷേ തൃശ്ശൂരിൽ വികസന പ്രവർത്തനങ്ങൾ ഏറെടുക്കുന്നില്ല എന്നതോ പോകട്ടെ, ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ പോലും ഇല്ല. സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടാണ് അതിനു കാരണമെങ്കിൽ അതാത് സ്ഥലത്തെ ജനങ്ങളിൽനിന്ന് കടം എടുത്ത് വികസന അതോറിറ്റികളുടെ പ്രവർത്തനം നടത്താവുന്നതാണ്. ഒരു സാഹചര്യമെങ്കിലും ഉണ്ടാക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. തൃശ്ശൂർ നഗരവികസന അതോറിറ്റിയിൽ ഉൾപ്പെടുത്തിയ സ്ഥലങ്ങൾ ചേർന്നാൽ ഒരു കോർപ്പറേഷനുവേണ്ട ജനസംഖ്യയായി, സാമ്പത്തിക സ്ഥിതി കൈവരിക്കുമ്പോൾ കഴിയുന്നതുംവേഗം തൃശ്ശൂരിനെ ഒരു കോർപ്പറേഷനാക്കി ഉയർത്തണമെന്നാണ് എന്റെ അഭിപ്രായം. തൃശ്ശൂരിൽ ഒരു ലാ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ട് വർഷങ്ങളായി. പക്ഷേ കാലിക്കട്ട് യൂണിവേഴ്സിറ്റി സ്ഥലം പരിശോധന നടത്തി സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി സർട്ടിഫൈ ചെയ്ത് സർക്കാരിലേക്ക് അയച്ചിട്ട് 2 വർഷമായി. അന്ന് കേരളത്തിൽ കോതമംഗലത്തുകൂടി ഒരു ലാ കോളേജ് ആരംഭിക്കണമെന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ പിടിവാശിമൂലം കാര്യങ്ങളെല്ലാം ഫൈക്കോടതിവരെ എത്തി. കാര്യങ്ങളെല്ലാം ആകെ കുഴപ്പത്തിലായി. വർഷം 2 കഴിഞ്ഞിട്ടും കാലിക്കട്ട് യൂണിവേഴ്സിറ്റി അംഗീകരിച്ച് ശുപാർശ ചെയ്ത തൃശ്ശൂരിലെ ലാ കോളേജിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇവിടെ യൂണിവേഴ്സിറ്റി ഉണ്ടാക്കാൻ കഴിഞ്ഞ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി, പ്രീ-ഡിഗ്രി ബോർഡ് ഉണ്ടാക്കാൻ താൽപ്പര്യവും ആവേശവും കാണിച്ച വിദ്യാഭ്യാസ മന്ത്രി, തൃശ്ശൂരിലെ ജനങ്ങളുടെ ഉൽക്കടമായ ആഗ്രഹമായ ലാ കോളേജ് ഈ വിദ്യാഭ്യാസ വർഷത്തിൽ തന്നെ ആരംഭിക്കാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. തൃശ്ശൂർ മാനസിക രോഗാശുപത്രി അതിന്റെ ശതാബ്ദി ആഘോഷങ്ങളും നടത്തിയിരിക്കുകയാണ്. പക്ഷേ പഴക്കം ചെന്ന ആ ആശുപത്രിയിൽ ഇന്ന് യാതൊരു സൗകര്യങ്ങളും ഇല്ല. കന്നുകാലി തൊഴുത്തിനോട് ഉപമിക്കാവുന്ന വാർഡുകളാണ് അവിടെയുള്ളത്. ബുദ്ധിഭ്രമമുള്ള പുരുഷന്മാരെയും സ്ത്രീകളെയും വെവ്വേറെ താമസിപ്പിക്കാനുള്ള സൗകര്യങ്ങളൊന്നുമില്ലാത്തതുകൊണ്ട് മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങളെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വരുന്നു. തിരുവനന്തപുരം മാനസിക രോഗാശുപത്രിയിൽ കഴിഞ്ഞ വർഷം ലക്ഷക്കണക്കിന് രൂപ ചെലവ് ചെയ്ത് കുറെ പണികളും നടത്തി. പക്ഷേ തൃശ്ശൂരിലെ മാനസിക രോഗാശുപത്രിയിൽ വാർഷിക ഓയിൽ പെയിന്റിംഗ് പോലും നടത്താനുള്ള സംഖ്യ അനുവദിച്ചില്ല. ആവശ്യത്തിന് സംഖ്യ അനുവദിക്കാത്ത ഈ ദുഃസ്ഥിതി മാറണം. തൃശ്ശൂരിന്റെ ഹൃദയഭാഗത്ത് വിശാലമായ ഭൂമി ഉണ്ട്. അവിടെ അടിയന്തിരമായി പുതിയ വാർഡുകളും പണിയണം. ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തണം. മാനസിക രോഗത്തിന്റെ ചികിൽസയുടെ സങ്കൽപ്പത്തിൽ തന്നെ വിപ്ലവകരമായ പരിവർത്തനങ്ങളും വന്നിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ തൃശ്ശൂർ മാനസികരോഗാശുപത്രിയെ ഒരു നവീന ചികിൽസാ കേന്ദ്രമായി ഉയർത്താനുള്ള സത്വര നടപടികളും കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. സംസ്ഥാനത്തിന്റെ ആവശ്യങ്ങളെ പ്രയോറിറ്റി അടിസ്ഥാനത്തിൽ കാണാനുള്ള ഒരു സൻമനസ്സ് മറ്റെല്ലാ ചിന്താഗതികൾക്കും അതീതമായി സർക്കാർ കൈക്കൊള്ളുമെന്ന പ്രതീക്ഷയോടെ ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് കമ്മിയാണോ മിച്ചമാണോയെന്നറിയാതെയാണ് ഇവിടെ ഈ ധനവിനിയോഗബില്ല് അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്ന പ്രകാരം 15.63 കോടി രൂപയുടെ മിച്ചമാണ് 1986-87-വർഷത്തേയ്ക്ക് അവസാനമായി കണ്ടെത്തിയിട്ടുള്ളത്. എന്നാൽ കേന്ദ്രധനകാര്യമന്ത്രി ശ്രീ. ജനാർദ്ദൻ പൂജാരി പറഞ്ഞു, കേരള സംസ്ഥാനത്തിലെ ബഡ്ജറ്റ് മിച്ചമല്ല, കമ്മിയാണെന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, മിച്ചമാണെന്നു പറഞ്ഞതും ശരിയാണ് കമ്മിയാണെന്നു പറഞ്ഞതും ശരിയാണെന്ന്. ആനുപാതിക ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് പ്രകാരം കമ്മിയാണെന്നും പൊതുവെ മുഴുവൻ ബഡ്ജറ്റ് എടുക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ മിച്ചമാണെന്നുമാണ്. അങ്ങനെയാണ് അദ്ദേഹം സമർത്ഥിച്ചത്. എനിക്ക് കിട്ടിയിട്ടുള്ള അവസാനരേഖ ഇപ്പോഴത്തെ ധനകാര്യമന്ത്രി ഈ സഭയിൽ പ്രസ്താവിച്ച തീയതിയില്ലാത്ത ഒരു സ്റ്റേറ്റ്മെൻറാണ്. അദ്ദേഹത്തിൻറെ പ്രസ്താവനയുടെ തീയതിനോക്കിയാൽമാത്രമേ തീയതിയറിയാൻ സാധിക്കൂ. ഞങ്ങൾക്ക് തന്നിട്ടുള്ള സ്റ്റേറ്റ്മെൻറിൽ തീയതിയില്ല. ആ സ്റ്റേറ്റ്മെൻറ് പ്രകാരം ഈ ബഡ്ജറ്റ് കമ്മി ബഡ്ജറായി തീർന്നിരിക്കുകയാണ്. 15.63 കോടി രൂപയുടെ മിച്ച മുള്ളതിൽ ഈ പ്രസ്താവനപ്രകാരം കരാറുകാർക്ക് കൊടുക്കേണ്ടതായിട്ടുള്ള 35 കോടി രൂപ കൊടുത്തിട്ടില്ല, കിട്ടിയിട്ടില്ല എന്നാണ് പറയുന്നത്. ബഡ്ജറ്റ് പ്രസംഗത്തിൽ കുറെ കുടിശ്ശികകൂടി കൊടുത്തു തീർക്കാനുണ്ടെന്നു പറഞ്ഞുകൊണ്ട് ഇരുപതു കോടി രൂപ എഴുതി ച്ചേർത്തിട്ടുണ്ട്. ആ ഇരുപതുകോടി രൂപയല്ലാതെ കരാറുകാർക്ക് കൊടുക്കേണ്ട 35 കോടി രൂപയുടെ കണക്ക് ഒരിടത്തും പറഞ്ഞിട്ടേയില്ല. അങ്ങനെ 35 കോടി രൂപയുടെ കുടിശ്ശികയുടെ കണക്ക് ഇപ്പോഴത്തെ ധനകാര്യമന്ത്രി മേശപ്പുറത്തുവച്ച പ്രസ്താവനയിൽനിന്നുമാണ് ഇദ്ദേഹം പ്രഥമമായി അറിയുന്നത്. ആ 35 കോടി രൂപയുടെ കണക്കെടുത്താൽ ഈ സംസ്ഥാന ബഡ്ജറ് അവസാനം 19.37 കോടി രൂപയുടെ കമ്മി ബഡ്ജറായി മാറുന്നു. അതുകൊണ്ട് ഈ ബഡ്ജറ് കമ്മി ബഡ്ജറാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ഈ സംസ്ഥാന നിയമസഭ നിയമനിർമ്മാണ സഭയല്ല, ലെജിസ്ലേറ്റീവ് അസംബ്ലിക്ക് പകരം ഇതൊരു ഫിനാൻഷ്യൽ അസംബ്ലിയായിട്ട് മാറിയിരിക്കുന്നു. ഇന്നലെയും ഇന്നുമായി തിടുക്കത്തിൽ കുറെ ഓർഡിനൻസുകൾ പാസ്സാക്കുന്നുണ്ട്. എന്താണ് കാരണം? ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശാസിച്ചിരുന്നു. അവർക്കുപോലും പൊറുതിമുട്ടി. എന്തെങ്കിലും ചെയ്തുകൂട്ടുന്നുണ്ടെന്നേ ഇനി ഡൽഹിയിൽ പോകുമ്പോൾ, പറയാൻവേണ്ടി ഈ നിയമസഭയുടെ എല്ലാ അവകാശങ്ങളെയും ലംഘിച്ചുകൊണ്ട് നിയമങ്ങൾ അപ്പം ചുട്ടെടുക്കുന്നതുപോലെയുള്ള നടപടികളാണ് ഇന്നലെയും മറ്റും കണ്ടത്. ഇവിടെ ഇരുന്നവർക്കാർക്കെങ്കിലും ആ ചർച്ചയിൽ പങ്കെടുക്കാൻ സാധിച്ചുവോ? കാരണം, ആകെ രണ്ടു മണിക്കൂറുള്ളതിൽ മുക്കാൽ മണിക്കൂർ മന്ത്രി പ്രസംഗിക്കാനെടുത്തു. അതായത് ആദ്യം കാൽ മണിക്കൂറും പിന്നീട് അരമണിക്കൂറും. ബാക്കി ഒന്നേകാൽ മണിക്കൂറിൽ മൂന്നോ നാലോ ആളുകൾക്കേ ചർച്ചയിൽ പങ്കെടുക്കാൻ സാധിച്ചിട്ടുള്ളൂ. ഇത് ശരിയായ ഒരു നടപടിയല്ല. ഈ നിയമസഭയിലെ അവകാശങ്ങളെയെല്ലാം ലംഘിച്ചുകൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. ഈ ഗവൺമെൻറ് ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്നതിനുശേഷമുള്ള പ്രത്യേക സ്ഥിതി മുൻ ഗവൺമെൻറുകൾക്കൊന്നും അഴിമതിയില്ലെന്ന് ഞാൻ പറയുന്നില്ല, അഴിമതിയാരോപണങ്ങളും മുൻകാലങ്ങളിൽ ധാരാളം ഉണ്ടായിട്ടുണ്ട്. പക്ഷേ ഇത്രയധികം വ്യാപകമായ രീതിയിലുള്ള അഴിമതി ആരോപണത്തിന് ഈ ഗവൺമെൻറിനല്ലാതെ മറെറാരു ഗവൺമെൻറിനും വിധേയമാകേണ്ടിവന്നിട്ടില്ല. യഥാർത്ഥത്തിൽ അഴിമതി കാണിച്ചിട്ടുണ്ടെന്നുള്ള സംശയം ദൂരീകരിക്കപ്പെടുന്നില്ല. ആ ലിസ്റ്റിൽ ഒന്നാമനാണ് മുൻമന്ത്രിയായ ശ്രീ. എം. പി. ഗംഗാധരൻ. അദ്ദേഹം വാങ്ങിക്കൂട്ടിയിട്ടുള്ള പൈപ്പുകളും സ്റ്റൂയിസ് വാൽവുകളുമെല്ലാം എന്തായിത്തീർന്നിരിക്കുന്നുവെന്നുള്ളതിൻറെ സൂചന അദ്ദേഹത്തെ പിൻതുടർന്നുവന്ന ശ്രീ. കെ. എം. മാണി ഈ സഭയിൽ പറഞ്ഞു. ശ്രീ. കെ. എം. മാണി ഇവിടെ പറഞ്ഞത്, 10,383 കി. മീ. പൈപ്പ് ലേ ചെയ്തിരിക്കുന്നുവെന്നാണ്. 10,383 കിലോമീറ്ററിൽ ഒരു കിലോമീറ്ററിലെങ്കിലും വെള്ളം പോകുന്നുണ്ടെന്നേ ഉറപ്പിച്ചു പറയാൻ അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് സാധിച്ചിട്ടില്ല. വെള്ളം പോകാത്തതായിട്ടുള്ള പൈപ്പുകളാണ് മണ്ണിന്റെ അടിയിൽ കെട്ടിക്കിടക്കുന്നത്. അദ്ദേഹം പറഞ്ഞു, 43 കോടി രൂപയ്ക്ക് പൈപ്പ് വാങ്ങി മുപ്പത്തിയെട്ടര കോടി രൂപയുടെ പൈപ്പുകൾ മണ്ണിൽ കുഴിച്ചിട്ടിരിക്കുന്നുഎന്ന്. നാലരക്കോടി രൂപയുടെ പൈപ്പുകൾ കെട്ടിക്കിടക്കുന്നുവെന്ന്.

ഈ സംസ്ഥാനത്തിന്റെ പണമെല്ലാം അനാവശ്യമായി ബഹുമാനപ്പെട്ട ശ്രീ. എം. പി. ഗംഗാധരനും അദ്ദേഹത്തിന്റെ മാനേജിംഗ് ഡയറക്ടറായ ഭൈരവൻ ചെട്ട്യാരും കൂടി ദുർവിനിയോഗം ചെയ്യുന്നുവെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ചെട്ട്യാര് ഈ സംസ്ഥാനത്തിന് ആപത്തായിത്തീർന്നിരിക്കുകയാണ്. ഈ ചെട്ട്യാർക്ക് വയസ്സ് 12 noon] എത്രയായി. ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് 55 വയസ്സായാൽ പുറത്തു പോകണമെന്നാണ്. അദ്ദേഹം മാനവും മര്യാദയുമുള്ള ആളാണെങ്കിൽ രാജി വച്ച് പുറത്തു പോകണം. ഇതിനു ഉത്തരവാദികളായ ആൾക്കാരെ കൂട്ടച്ചങ്ങലവച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ തലസ്ഥാനത്തുള്ള തെരുവുകളിൽക്കൂടി നടത്തുന്നതായിട്ടുള്ള കാഴ്ചയ്ക്കുള്ള കാലം വളരെ വിദൂരമല്ലയെന്ന് ഞാൻ വിശ്വസിക്കുകയാണ്. അത്തരത്തിലുള്ള അഴിമതിയാണ് ഈ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. പി. ഗംഗാധരൻ: പൈപ്പ് വാങ്ങിയതിനെക്കുറിച്ച് ഈ നിയമസഭയിൽ ധാരാളമായി ഇതിനുമുൻപും പരാമർശിച്ചിട്ടുണ്ട്. അതിനു മറുപടിയായി, വാങ്ങിയതു മുഴുവൻ ഇൻഡ്യാഗവൺമെന്റിനോട് പറഞ്ഞ് ആവശ്യം മനസ്സിലാക്കി ഇൻഡ്യാഗവൺമെന്റ് റേറിലാണ് വാങ്ങിയത് എന്നും, ഇവിടെ കുഴിച്ചിടാനാണ് വാങ്ങിയതെന്നും അല്ലാതെ ഗംഗാധരന്റെ വീട്ടിൽ കൊണ്ടുപോകാനല്ല വാങ്ങിയതെന്നും, അത് ഇവിടെ ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതും അതു പ്രകാരം 62% ഗ്രാമീണ ജനതയ്ക്ക് ശുദ്ധജലം എത്തിച്ചുകൊടുത്തുവെന്നുമുള്ള കാര്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, അദ്ദേഹം പ്രസ്താവിച്ചതിൽ ഒരു യാഥാർത്ഥ്യമുണ്ട്. കുഴിച്ചിടാൻവേണ്ടിയാണ് പൈപ്പ് വാങ്ങിയതെന്നു പറഞ്ഞത് യാഥാർത്ഥ്യമാണ്. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ഒരു അയഥാർത്ഥ്യവുമുണ്ട്. വെള്ളം കൊണ്ടു പോകാനാണ് പൈപ്പ് വാങ്ങിയതെന്ന് പറഞ്ഞത് അയഥാർത്ഥ്യമാണെന്നാണ് ശ്രീ. മാണി സൂചിപ്പിച്ചത്. അതിനപ്പുറം ഞങ്ങൾക്ക് പോകാൻ കഴിയുമോ? ആ നിലയിൽ ഒരു യാഥാർത്ഥ്യമല്ലാത്ത കാര്യം ഉൾക്കൊള്ളിക്കുന്നതു നോക്കുമ്പോൾ ഈ പൈപ്പുകളെല്ലാം അനാവശ്യമായി കുഴിച്ചിട്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിയുടെ പേരിൽ എന്താണ് കുറ്റം. മൂന്നോ നാലോ തവണകളായി അഞ്ചെട്ടു കൊല്ലത്തെ പ്ലാനേറഷൻ ടാക്സ് ഇളവ് ചെയ്തു കൊടുത്തു. പ്ലാനേറഷൻ ടാക്സ് ഇളവ് ചെയ്തുകൊടുത്തതിന്റെ ഫലമായി ഈ സംസ്ഥാനത്തിന്റെ ഖജനാവിന്റെ വരവ് വളരെയധികം കുറഞ്ഞിട്ടുണ്ട്. ഓരോ തവണയും അത് ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട മാണിയുടെ ഉത്തരം എന്താണ്. ശ്രീ. മാണി പല മുഖ്യമന്ത്രിമാരുടെയും കീഴിൽ പ്രവർത്തി എടുത്തിട്ടുണ്ട്. അന്നത്തെ മുഖ്യമന്ത്രിമാരെല്ലാം സമ്മതിച്ചിട്ടാണ് അത് ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറയുന്നത്. സർ, അദ്ദേഹം മുഖ്യമന്ത്രിമാരെ തെറ്റിദ്ധരിപ്പിക്കുന്നതിൽ മിടുക്കനായിരിക്കും. അദ്ദേഹം ക്യാബിനറ്റിൽ തീരുമാനമെടുക്കുവാൻ മിടുക്കനായിരിക്കും. പക്ഷെ ഒരു വസ്തുതയെന്നുള്ള നിലയിൽ ഈ സംസ്ഥാനത്ത് അനാവശ്യമായി അനർഹമായി ഫ്ലാൻറേഷൻ ടാക്സ് വെട്ടിക്കുറച്ചിരിക്കുന്നുവെന്നുള്ളതിന് വല്ല സംശയവുമുണ്ടോ? കഴിഞ്ഞ രണ്ടുദിവസംമുൻപ് ശ്രീമാൻ ബീരാനെക്കുറിച്ച് കേട്ടതെന്താണ്? ഈ സംസ്ഥാനത്ത് നിരവധി ഹോംസെയിൽ ഡിപ്പോകൾ പലർക്കുമായി വീതിച്ചു കൊടുത്തിരിക്കുന്നു. അദ്ദേഹം പറഞ്ഞ ഒരു സംഗതി കേൾക്കാൻ വളരെയധികം രസകരമാണ്. 280—ൽ ചിലപ്പോൾ ഹോംസെയിൽ ഡിപ്പോകളുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ 243—ഉം സഹകാര്യവ്യക്തികൾക്കാണ്. ബാക്കി 40—ൽ ചിലപ്പോൾ മാത്രമെ എഫ്. സി. ഐ. എടുത്തിട്ടുള്ളു. അതും സഹകാര്യവ്യക്തികൾക്കു കൊടുത്തുകഴിഞ്ഞാൽ മാത്രമേ ഈ ഗവൺമെൻറിനു ഒതുങ്ങിയിരിക്കാൻ സാധിക്കുകയുള്ളുവെന്ന നിലയിലാണ്. അത് ശരിയല്ല. ബഹുമാനപ്പെട്ട ഇ. അഹമ്മദ് സിമൻറ് ലൈസൻസിന്റെ കാര്യത്തിലും ആരോപണങ്ങൾക്ക് വിധേയനായിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീനിവാസൻ ആരോപണവിധേയനായി പുറത്തുപോയിരിക്കയാണ്. ഈ സംസ്ഥാനത്തിലെ അഴിമതി അന്വേഷണ ട്രൈബ്യൂണൽ അനാവശ്യമായിട്ടുള്ള സ്ഥാപനമാണ്. മന്ത്രി ശ്രീനിവാസൻ പുറത്തുപോയത് ശരിയാണ്, ഒരു അന്വേഷണത്തിൽ ട്രൈബ്യൂണൽ പ്രഥമദൃഷ്ട്യാതന്നെ കേസുണ്ടെന്ന് പറഞ്ഞിട്ടാണ്, മന്ത്രി ശ്രീനിവാസൻ പുറത്തുപോയത്. സർ, ഈ ട്രൈബ്യൂണലുകൊണ്ട് വല്ല ജോലിയുമുണ്ടോ? സപ്ലിമെൻററി ഡിമാൻറ് ഞങ്ങൾക്ക് തന്നതിൽ ആ ട്രൈബ്യൂണലിൽ 15 ക്ലാർക്കുമാരെ നിയമിക്കാൻ പൈസാ ചോദിച്ചിരിക്കുന്നു. അവിടെ ഇത്രയും ക്ലാർക്കുമാരുടെ ആവശ്യമില്ല. ഇപ്പോഴവിടെയുള്ളത് നമ്മുടെ മുൻ നിയമസഭാസെക്രട്ടറിയും, ഞാൻ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുമ്പോഴുണ്ടായിരുന്ന രണ്ട് ജഡ്ജിമാരുമാണ്. അവർക്കു തന്നെ ക്ലാർക്കുമാരുടെ ജോലിയും നോക്കാം. പ്യൂണിന്റെ ജോലിയും നോക്കാം. അവിടെ അത്ര ജോലിയെയുള്ളൂ. ആ നിലയിൽ അവർക്ക് ആരോഗ്യം കിട്ടണമെങ്കിൽ അവർ ആ ജോലികൂടി എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദിച്ചത്, ഇവിടെനിന്ന് പോയ സെക്രട്ടറി പ്യൂൺ ജോലിയെടുക്കുകയെന്നു പറഞ്ഞാൽ അത് ഹൈക്കോടതിയിലല്ലേ?

ശ്രീ. കെ. ചന്ദ്രശേഖരൻ: എല്ലാ ജോലിയുമൊരുമിച്ച് എടുക്കാം. എന്നുള്ള നിലയിലാണ് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന് അതിന് ബുദ്ധിമുട്ടുണ്ടെങ്കിൽ ഒന്നോ രണ്ടോ ആളുകളെ വച്ചോട്ടേ. അതിൽ എനിക്ക് വിരോധമില്ല. സർ, ഈ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടത്തിയിട്ടില്ലാത്തതിന്റെ വിഷമം എന്നെക്കാൾ കൂടുതൽ അങ്ങേക്കറിയാം. അങ്ങ് ഇക്കാര്യത്തിൽ അങ്ങേയറ്റം ബുദ്ധിമുട്ടിയിട്ടുള്ള ആളാണ്. ഈ സംസ്ഥാനത്തിലെ ഏറ്റവും വലിയ കോർപ്പറേഷന്റെ മേധാവിയായി പ്രവർത്തിച്ചിട്ടുള്ള അങ്ങേക്ക് അവിടെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തീർച്ചയായും അറിയാം. എന്തെല്ലാം ആഭാസങ്ങളാണ് എറണാകുളത്തും കൊച്ചിയിലും നടക്കുന്നത്. വഴി നടക്കാനോ, കാറിൽ സഞ്ചരിക്കാനോ സാധിക്കുന്നില്ല. ഓരോ മാസവും ഓരോ തരത്തിലുള്ള കാര്യങ്ങളാണ് അവിടെ നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അതല്ല ഞാൻ പറയാനുദ്ദേശിക്കുന്നത്. ഈ സംസ്ഥാനത്തിലെ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർമാരും മുനിസിപ്പൽ കമ്മീഷണർമാരും എല്ലാം കൈക്കൂലിയുടെ കൂടാരങ്ങളായി മാറിയിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുൻപ് ഒരു മുനിസിപ്പൽ കമ്മീഷണറുടെ അടുത്ത് ചില രാഷ്ട്രീയപൊതുപ്രവർത്തകർ എന്തോ കാര്യം പറയാൻ പോകുകയുണ്ടായി. ആ കമ്മീഷണർ സധൈര്യം ആ പ്രവർത്തകരോട് പറഞ്ഞു, ഇത് എന്റെ നല്ല കാലമാണ്. എന്റെ വസന്തകാലമാണ് എന്ന്. അഞ്ചു രൂപ കിട്ടിയാൽ ആ അഞ്ചു രൂപയും വാങ്ങുമെന്ന പരിപാടിയിലാണ് ഞാൻ നിൽക്കുന്നതെന്ന് ആ മുനിസിപ്പൽ കമ്മീഷണർ പറഞ്ഞു. കാരണം, എനിക്കു മുകളിൽ ഒരു ആർ. ഡി. ഒ. അല്ലാതെ വേറെ ആരുമില്ല. അദ്ദേഹം ഒപ്പിടാൻ മാത്രമേ ഇവിടെ വരികയുള്ളൂ. അതുകൊണ്ട് കാര്യങ്ങൾ എല്ലാം ഞാനാണ് നോക്കുന്നതെന്നുള്ള നിലയിലാണ് നിൽക്കുന്നത്. അങ്ങനെ ഈ സംസ്ഥാനത്തിലെ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും എല്ലാം തന്നെ അഴിമതിയുടെ കൂടാരങ്ങളായി മാറിയിരിക്കുകയാണ്. പോലീസുകാരുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് പറയാം. വ്യാപകമായി പോലീസ് മർദ്ദനം നടക്കുകയാണ്. പോലീസ് അഡ്വക്കേറ്റുമാരെ അടിച്ചു. അഡ്വക്കേറ്റുമാരെ അടിച്ചത്. ഇവിടെ ഉന്നയിച്ചത് ശ്രീ. വർക്കല രാധാകൃഷ്ണനാണ്. അതിനെപ്പറ്റി പ്രസംഗിച്ചത് ശ്രീമാൻ എ. സി. ജോസ്സാണ്. എ. സി. ജോസ് ഇവിടെ പ്രസംഗിച്ചതിനുപകരം പോലീസുകാരോട് പ്രസംഗിക്കാമായിരുന്നില്ലേ? അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിക്കാമായിരുന്നില്ലേ. സംസ്ഥാനത്തിലെ പോലീസിന്റെ പെരുമാറ്റം അങ്ങേയറ്റം തെറ്റായിട്ടുള്ള രീതിയിലാണ്. കാരണം ലോക്കൽ പോലീസിന് വേണ്ടത്ര ട്രെയിനിംഗ് ഇല്ലാത്തതാണ്. ഇന്ന് ഈ സംസ്ഥാനത്തിലുള്ള ലോക്കൽ പോലീസ് ആരാണ്. 1971—ൽ ഗവൺമെന്റ് സ്വീകരിച്ചത് വളരെ തെറ്റായിട്ടുള്ള നയമാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഈ സംസ്ഥാനത്തിലെ റയട്ട് പോലീസിനെ ഒരു കാലപരിധിക്കുള്ളിൽ ലോക്കൽ പോലീസായിട്ട് മാറ്റാനുള്ള ഒരു ഏർപ്പാട് എന്ന് തുടങ്ങിയോ അന്നെല്ലാംതന്നെ ലോക്കൽ പോലീസിനെ റയട്ട് പോലീസ് ആക്കി മാറ്റുന്ന ഒരു സ്ഥിതിയാണ് ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. ഇത് എത്രയുംവേഗം അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ സംസ്ഥാനത്തിലെ പ്രീഡിഗ്രി ബോർഡിനെപ്പറ്റി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടവസാനിപ്പിക്കാം. പ്രീഡിഗ്രിബോർഡ് നിലവിൽ വരുമോ ഇല്ലയോ എന്നുള്ളതല്ല കാര്യം. എത്ര അനവസരത്തിലാണ് ഈ തീരുമാനമെടുത്തത്. പരീക്ഷകൾ നടക്കുന്ന കാലത്ത്, പരീക്ഷയുടെ റിസൽട്ട് വരുന്ന കാലത്ത്. സർ, എന്തെങ്കിലും തീരുമാനമെടുക്കുമ്പോൾ ഒരു ഗവൺമെന്റ് അത് അവസരോചിതമാണോ എന്ന്, ആലോചിക്കണം. അത് ആലോചിക്കുന്നതിനുപകരം ഈ തീരുമാനം ഏറ്റവും അനവസരത്തിൽ എടുത്തുവെന്നു മാത്രമല്ല എല്ലാ നടപടിക്രമങ്ങളേയും നിഷേധിച്ചുകൊണ്ട് ഏകപക്ഷീയമായി എടുത്ത ഈ തീരുമാനം, ഈ സംസ്ഥാനത്തിലെ ആർക്കും തന്നെ സ്വീകാര്യമല്ല. ആ നിലയിൽ സമരങ്ങളുണ്ടായി. നിയമസഭയ്ക്കകത്തും പുറത്തും സമരങ്ങളുണ്ടായി. ആ സമരങ്ങൾ വിജയിച്ചോ ഇല്ലയോ എന്നുള്ളതല്ല ചോദ്യം. അതുകൊണ്ട് ആർക്കാണ് ബുദ്ധിമുട്ട് വന്നത്. ബഹുമാനപ്പെട്ട ബേബി ജോൺ ഇന്നലെ പറഞ്ഞതുപോലെ ഈ സംസ്ഥാനത്തിലെ വിദ്യാർത്ഥികൾക്കാണ് ബുദ്ധിമുട്ട് വന്നത്. ഈ സംസ്ഥാനത്തിലെ പിഞ്ച് വിദ്യാർത്ഥികൾക്ക്, ഈ സംസ്ഥാനത്തിലെ വളരെ വളരെ ഉന്നത നിലവാരത്തിൽ പാസ്സാകേണ്ട വിദ്യാർത്ഥികൾക്ക്, ഇൻഡ്യയിലെ പല

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തും പോകേണ്ട വിദ്യാർത്ഥികൾക്ക്, ഒക്കെയാണ്, ബുദ്ധിമുട്ട് വന്നത്. ഇൻഡ്യയിലെ വളരെ നല്ല സ്ഥാപനങ്ങളായിട്ടുള്ള ഐ. ഐ. ടി. യിൽ വിദ്യാർത്ഥികൾക്കെല്ലാംതന്നെ ഒരു വർഷം നഷ്ടപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം വന്നിട്ടുണ്ടെങ്കിൽ അതിൽ ഈ ഗവൺമെൻറ് കുറെക്കാരാണ്. ഈ ഗവൺമെൻറിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ വിഭവങ്ങളും പരമാവധി സമാഹരിച്ചും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി പരമാവധി സഹായങ്ങളും വാങ്ങിച്ചും ഈ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളും ജനക്ഷേമകരങ്ങളായ പരിപാടികളും വളരെയേറെ നല്ല നിലയിൽ നടത്തിക്കൊണ്ടു പോകാൻ കഴിഞ്ഞ ഒരു സർക്കാരാണ് ഈ ഐക്യ ജനാധിപത്യമുന്നണി സർക്കാർ. സർ, 4 വർഷത്തിലധികമായി ഈ സംസ്ഥാനത്തെ പ്രതിപക്ഷകക്ഷികളും ഈ സർക്കാരിനെ എതിർക്കാൻ വേണ്ടി എതിർക്കുകയാണ്. രാഷ്ട്രീയ വൈരനിര്യാതനബുദ്ധിവച്ചുകൊണ്ട് എതിർക്കുക എന്നുള്ള നിഷേധാത്മകമായ സമീപനമാണ് പ്രതിപക്ഷകക്ഷികളും നാലേകാൽ വർഷമായിട്ട് ഈ സംസ്ഥാനത്ത് എടുത്തിട്ടുള്ളതെന്ന് ഈ സംസ്ഥാനത്തിലെ രാഷ്ട്രീയ പ്രവർത്തകരായ ആളുകൾക്കറിയാവുന്ന ഒരു കാര്യമാണ്. പ്രതിപക്ഷകക്ഷികളെ സംബന്ധിച്ചിടത്തോളം സൃഷ്ടിപരമായ വിമർശനങ്ങൾക്ക് അവകാശമുണ്ട്. അതുപോലെതന്നെ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ സൃഷ്ടിപരമായ സഹകരണവും പ്രതിപക്ഷകക്ഷികളിൽനിന്ന് ആവശ്യമാണ്. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രതിപക്ഷകക്ഷികൾ സൃഷ്ടിപരമായ വിമർശനവും, സൃഷ്ടിപരമായ സഹകരണവും നടത്തുന്നത് തീർച്ചയായും സർക്കാരിന്റെ നല്ല നടത്തിപ്പിന് ആവശ്യമാണെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. പക്ഷേ ഈ സർക്കാർ അധികാരത്തിൽ വന്ന കാലം മുതൽ എന്തു സമീപനമാണ് പ്രതിപക്ഷ കക്ഷികൾ എടുത്തിട്ടുള്ളത്. ആദ്യമായി ഈ സർക്കാരിനെ താഴെയിറക്കാനുള്ള ശ്രമങ്ങൾ നടത്തി. നിരവധി തവണ ശ്രമങ്ങൾ നടത്തി. എം. എൽ. എ. മാരെ ചാക്കിട്ടു പിടിച്ചുകൊണ്ടുപോയി. അത്തരം നികൃഷ്ടമായ ശ്രമങ്ങൾ നാളിതുവരെ പ്രതിപക്ഷകക്ഷികളുടെ ഭാഗത്തുനിന്ന് ഉണ്ടായി. ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള ഏറ്റവും വലിയ വ്യവസായം അഴിമതി ആരോപണ വ്യവസായമാണ്. ഇവിടത്തെ പ്രതിപക്ഷ കക്ഷികൾക്കാണ് അതിന്റെ കുത്തക. ഈ സംസ്ഥാനത്തിലെ മന്ത്രിമാരെക്കുറിച്ച് നിരർത്ഥകങ്ങളായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് പൊതുജനമദ്ധ്യത്തിൽ കരിതേച്ചു കാണിക്കുകയാണ്. ഈ സംസ്ഥാനഗവൺമെൻറ് എടുത്തിട്ടുള്ള നല്ല കാര്യങ്ങൾ എന്തിനോവേണ്ടിയാണെന്ന് വരുത്തിത്തീർക്കാനും നല്ല കാര്യങ്ങൾക്കു നേരെ പുകമറ സൃഷ്ടിക്കാനും ഈ സംസ്ഥാനത്തിലെ പ്രതിപക്ഷകക്ഷികൾ വ്യാപകമായ ശ്രമങ്ങൾ നടത്തുകയാണ്. അത് ഇന്നും തുടരുന്നു. സർ, ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. വളരെ വർഷങ്ങളായി ശ്രമിച്ചിട്ടും ഈ സർക്കാരിനെ താഴെയിറക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ഈ സർക്കാരിനെതിരായി നിരവധി സമരങ്ങൾ വന്നു. ആ സമരങ്ങൾ ഏതെങ്കിലും വിജയിപ്പിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞോ? ഈ അടുത്ത കാലത്ത് പല സമരങ്ങളും നടത്തി. പ്രതിപക്ഷങ്ങൾ നടത്തുന്ന സമരങ്ങളുടെ സ്ഥിതിയെന്താണ്? ആ സമരങ്ങൾ നടത്തുന്നത് ഉത്തുപ്പൻ മോട്ടോർ സൈക്കിളിൽ കയറിയമാതിരിയാണ്. ഉത്തുപ്പൻ മോട്ടോർ സൈക്കിൾ സ്റ്റാർട്ട് ചെയ്യാനേ അറിയൂ.

LIBRARY ARCHIVES Kerala Legislative Assembly

അത് സ്റ്റാർട്ട് ചെയ്തുകൊണ്ടുപോയി കഴിഞ്ഞാൽ അത് നിറുത്താൻ അറിയുകയില്ല. അതാണ് പ്രതിപക്ഷസമരങ്ങളുടെ ഓരോന്നിന്റേയും സ്ഥിതി. പ്രീഡിഗ്രി ബോർഡിനെതിരായ സമരത്തിന്റെ സ്ഥിതി യെന്തായി? ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞത് കേരളം കത്തുമെന്നാണ്. പ്രഗത്ഭരായ നേതാക്കൻമാരായ ശ്രീമതി ഗൗരിയമ്മയും മറ്റുള്ളവരും ഇവിടെ പട്ടിണി കിടന്നു. കേരളം കത്തിയോ? ജനങ്ങളുടെ അനുഭാവപൂർവ്വമായ സഹകരണം ഉണ്ടായോ? ഇങ്ങനെ ഓരോ സമരങ്ങളും എടുത്തു പരിശോധിച്ചു നോക്കിയാൽ ആ സമരങ്ങളെല്ലാം യേനീയമായി പരാജയപ്പെട്ടതായി കാണാം. എന്തുകൊണ്ടാണ്? ജനങ്ങളുടെ താൽപ്പര്യങ്ങളെ പരിരക്ഷിക്കാനോ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കു വേണ്ടിയോ അല്ല നിങ്ങൾ സമരം ചെയ്യുന്നത്. ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്കുവേണ്ടിയല്ല നിങ്ങൾ സമരം ചെയ്യുന്നത്. പല സമരങ്ങളും ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടിയല്ല. നേരെമറിച്ച് രാഷ്ട്രീയ വൈരനിര്യാതനബുദ്ധിവച്ചുകൊണ്ട് നിങ്ങൾ പല സമരങ്ങളും ആവിഷ്കരിക്കുന്നു. അതുകൊണ്ട് ആ സമരങ്ങൾ മുളയിൽത്തന്നെ പരാജയപ്പെടുന്ന കാഴ്ചയാണ് ഈ സംസ്ഥാനത്ത് കാണുന്നത്.

ഇടതുപക്ഷ മുന്നണിക്ക് നേതൃത്വം കൊടുക്കുന്നത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയാണ്. ആ പാർട്ടി അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങളെ നയിച്ചാൽ എന്താകും സ്ഥിതി? നിങ്ങൾ ധാരാളം സമരങ്ങൾ നടത്തുകയും ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തല്ലോ? നിങ്ങൾക്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഈ നിയമസഭയിൽ ഇന്നുള്ള അംഗങ്ങളെ 1987-ൽ വരുന്ന തെരഞ്ഞെടുപ്പിനുശേഷം തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്ന് പറയുവാൻ സാധിക്കുമോ? ഇപ്പോഴുള്ള അത്രയും എം. എൽ. എ. മാരെ നിങ്ങൾക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയുമോ? ശ്രീ. ഷൺമുഖദാസിന് പറയാൻ കഴിയുമോ? ശ്രീ. ചന്ദ്രശേഖരന് പറയാൻ കഴിയുമോ? ശ്രീ. ബേബിജോണിന് പറയാൻ കഴിയുമോ? നിങ്ങൾ ഉപ്പുവച്ച കലം പോലെ ജനങ്ങളിൽ നിന്ന് അകന്നു പോകുന്നു. ഞങ്ങൾ അഭിമാനത്തോടുകൂടി പറയുന്നു, ഐക്യ ജനാധിപത്യ മുന്നണി അടുത്ത തെരഞ്ഞെടുപ്പിൽ നൂറുസീറ്റുകൾ പിടിച്ചെടുത്തുകൊണ്ട് അധികാരത്തിൽ വരും. ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിൽ വൻപിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരാൻ കഴിയുമെന്ന് ഞാൻ വെല്ലുവിളിക്കുന്നു. ശ്രീ. ഇ. കെ. നായനാർക്ക് പറയാൻ കഴിയുമോ, ഇന്ന് നിയമസഭയിലുള്ള അത്രയും എണ്ണം അംഗങ്ങളെ നിങ്ങൾക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്ന്, നിങ്ങൾക്ക് നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ കഴിയുമോ? ഇല്ല എന്നുള്ളതല്ലേ സത്യം? സി. പി. ഐ. ക്കോ മറ്റ് ഏതെങ്കിലും പാർട്ടിക്കോ അത് പറയാൻ കഴിയുമോ? ഇന്ന് നിയമസഭയിലുള്ള ഭരണ മുന്നണിയിലെ എല്ലാ കക്ഷികളും ആ കക്ഷിയിൽപ്പെട്ട ഇന്ന് നിലവിലുള്ള അംഗങ്ങളെക്കാൾ കൂടുതൽ എം. എൽ. എ. മാരെ തിരിച്ചുകൊണ്ടുവന്നുകൊണ്ട് വമ്പിച്ച ഭൂരിപക്ഷത്തോടെ ഈ ഐക്യ ജനാധിപത്യ മുന്നണി സർക്കാർ വീണ്ടും ഈ സംസ്ഥാനത്ത് അധികാരത്തിൽ വരും. നിങ്ങൾ ഇതുവരെ നടത്തിയ പ്രചരണങ്ങൾ ജനങ്ങൾ വിശ്വസിക്കുന്നില്ല എന്ന് അടുത്തു വരുന്ന തെരഞ്ഞെടുപ്പിൽ വിധിയെഴുതുവാൻ പോവുകയാണ്. നിങ്ങൾ അത് നിഷേധിക്കുകയില്ല, നിഷേധിക്കുവാൻ കഴിയുകയില്ല. അടുത്ത തെരഞ്ഞെടുപ്പ് കുരുക്ഷേത്രത്തിൽവച്ച് നമുക്ക് കാണാം. ഞാൻ ഈ കാര്യത്തെ സംബന്ധിച്ച് അത്രമാത്രമേ പറയുന്നുള്ളൂ. ഇവിടെ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് നിങ്ങളുടെ പാർട്ടിയെ നയിക്കുന്നു. ആ മുന്നണിക്കകത്ത് ഐക്യമുണ്ടോ? ശ്രീ. എം. വി. രാഘവൻ പോയി:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചക്രപാണി പോയി; ശ്രീ. വാസുദേവമേനോൻ പോയി. ചില ആളുകളും പോകാൻ കാത്തിരിക്കുന്നു. ശ്രീ. മൂസ്സാൻകുട്ടി സാഹിബ് അടുത്തുതന്നെ പോവുകയാണ്. ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും ശ്രീ. കെ. പി. അരവിന്ദാക്ഷനും അതുപോലെ പലരും അടുത്ത് പോകാൻ കാത്തിരിക്കുകയാണ്. പല ആളുകളും അടുത്ത് ശ്രീ. എം. വി. രാഘവന്റെ കൂടെ പോകുവാൻ കാത്തിരിക്കയാണ്. ദ്വിമുഖതന്ത്രമാണ് ശ്രീ. എം. വി. രാഘവൻ പാർട്ടിയിൽ സ്വീകരിച്ചിരിക്കുന്നത്. കുറെ ആളുകളെ ഘട്ടംഘട്ടമായി തെരഞ്ഞെടുപ്പിന് മുമ്പ് കൊണ്ടുപോകും. തെരഞ്ഞെടുപ്പിനുശേഷം കുറെ ആളുകളും പോകാൻ നിൽക്കുകയാണ്. ഇപ്പോഴും പോയാൽ പഴയ ആളുകൾക്ക് എം. എൽ. എ. ആകാൻ സാധിക്കുകയില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണനും, ശ്രീ. ജിനദേവനും, ശ്രീ. ടി. കെ. അബ്ദുവും അതുപോലെയുള്ള ആളുകളും അടുത്തതെരഞ്ഞെടുപ്പ് കഴിഞ്ഞ് എം. എൽ. എ. മാരായി കഴിഞ്ഞിട്ട് എം. വി. രാഘവന്റെ കൂടെ പോകാം എന്നാണ് കണക്കുകൂട്ടൽ. അന്ന് ശ്രീ. ഇ. കെ. നായനാർ വരെ പോകും. ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിൽ എം. വി. രാഘവന്റെ പാർട്ടി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയായി കൂടുതൽ അംഗങ്ങളുടെ പിൻതുണയോടുകൂടി ഈ സംസ്ഥാനത്ത് നിയമസഭയിൽ കടന്നുവരും. നിങ്ങൾക്ക് അന്യോന്യം ആരെയെങ്കിലും വിശ്വാസമുണ്ടോ? അന്യോന്യം നിങ്ങൾക്ക് ആരെയെങ്കിലും വിശ്വാസമുണ്ടെന്ന് പറയാൻ കഴിയുമോ? ശ്രീ. ഇ. കെ. നായനാർക്ക് ശ്രീമതി ഗൗരിയമ്മയെ വിശ്വാസമില്ല. ഗൗരിയമ്മയ്ക്ക് നായനാരെ വിശ്വാസമില്ല. അങ്ങനെ വിശ്വാസമില്ലാത്ത ഒരു പാർട്ടി നേതൃത്വം കൊടുക്കുന്ന ഒരു മുന്നണിയുടെ സ്ഥിതി പറയണോ? സർ, ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി കടിപിടി മത്സരം നടത്തുകയാണ്. അടുത്ത നിയമസഭാ കക്ഷി നേതാവാകാൻ ശ്രീമതി ഗൗരിയമ്മ തീരുമാനിച്ചിരിക്കുകയാണ്. ശ്രീ. ഇ. കെ. നായനാരെ വെട്ടിയിട്ടാണ് ശ്രീമതി ഗൗരിയമ്മ ഇവിടെ സത്യാഗ്രഹം കിടന്നത്. പ്രതിപക്ഷ നേതാവ് ഇവിടെയുള്ളപ്പോൾ ഗൗരിയമ്മ എന്തിനാണ് സത്യാഗ്രഹം കിടന്നത്? അവർ സത്യാഗ്രഹം കിടന്നത് ശ്രീ. ഇ. കെ. നായനാരോട് ചോദിച്ചിട്ടില്ല. അദ്ദേഹം അറിഞ്ഞില്ല. ശ്രീ. നായനാരെ മറി കടന്ന്, ഒരു പ്രതിപക്ഷ നേതാവ് ഉള്ളപ്പോൾ എന്തിന് അദ്ദേഹത്തെ മറികടന്ന് ഇവിടെ സത്യാഗ്രഹം കിടന്നു? അപ്പോൾ അടുത്ത പ്രാവശ്യം നേതൃത്വത്തിനു വേണ്ടി മത്സരം നടത്തുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: പ്രീ ഡിഗ്രി ബോർഡ് രൂപീകരണത്തോടനുബന്ധിച്ച് ഇവിടെ നടത്തിയ സത്യാഗ്രഹമുണ്ടല്ലോ? അതിന് ശ്രീമതി ഗൗരിയമ്മയെത്തന്നെ തെരഞ്ഞെടുത്തത് ഭാവിയിലേക്കുള്ള ചൂണ്ടുപലകയായിട്ട്, ശ്രീ. നായനാരെ തഴഞ്ഞ് ആ സ്ഥാനത്ത് ഗൗരിയമ്മയെത്തന്നെ പ്രതിഷ്ഠിക്കാൻ വേണ്ടിയായിരുന്നില്ലേ?

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: അതാണ് ഞാൻ പറഞ്ഞത്, ശ്രീ. ഇ. കെ. നായനാരെ വെട്ടാൻവേണ്ടി ഗൗരിയമ്മ നടത്തിയ ഒരു കളിയാണ് അത്. അതാണ് ആ പാർട്ടിയിലെ സ്ഥിതി. ഇപ്പോൾ എന്താണ് സ്ഥിതിയെന്നു വച്ചാൽ ഒരു വാച്ച് ഡോഗ് കമ്മിറ്റി എല്ലാ സ്ഥലത്തും ഉണ്ടാക്കിയിട്ടുണ്ട്. വാച്ച് ഡോഗ് എന്നു പറഞ്ഞാൽ കാവൽപ്പട്ടി എന്നാണ്. ഓരോ ജില്ലയിലുള്ള കുഴപ്പക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി, അവരെ സൂക്ഷ്മ നിരീക്ഷണം ചെയ്യുന്നതിനുവേണ്ടി അവരുടെ നീക്കങ്ങൾ തടയുന്നതിനുവേണ്ടി, വാച്ച് ഡോഗ് കമ്മിറ്റി ഉണ്ടാക്കിയിരിക്കുന്നു. ആ

LIBRARY ARCHIVES Kerala Legislative Assembly

വാച്ച് ഡോഗ് കമ്മിറ്റിയിൽ പുതിയ ചില ആളുകളുടെ പേരൊക്കെയാണ് കേൾക്കുന്നത്. ആരാണ് വാച്ച് ഡോഗ് എന്ന് അറിയാമോ? 'മാതൃഭൂമി' പത്രത്തിൽ വന്ന കാര്യമാണ് ഞാൻ പറയുന്നത്. വാച്ച് ഡോഗ് കമ്മിറ്റിയിൽ മലപ്പുറത്ത് ശ്രീ. ടി. കെ. ഹംസയാണ് കൺവീനർ. പുതുതായി മാർക്കം കൂടിയ ശ്രീ. ടി. കെ. ഹംസയെ പിടിച്ച് മലപ്പുറം ജില്ലയിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വാച്ച് ഡോഗ് കമ്മിറ്റിയിൽ കൺവീനറാക്കി. ഇന്നലെ വന്ന ശ്രീ. ടി. കെ. ഹംസയുടെ പിന്നിൽ ഇരുത്തിയിരിക്കുന്നവർ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. മൂസ്സാൻകുട്ടി, ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ, ശ്രീ. തങ്കപ്പൻ മുതലായവരാണ്. ഇങ്ങനെയൊരു ഗതികെട്ട പാർട്ടിയാണ് സർ. ഇവിടെ പുതുതായി മാർക്കം കൂടിയ ശ്രീ. ടി. കെ. ഹംസയെപ്പിടിച്ച് മുന്നിലിരുത്തിയിട്ട് വളരെക്കാലമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടി ജീവിതം ബലി കഴിച്ച, പാർട്ടി കെട്ടിപ്പടുക്കാൻ വേണ്ടി ശ്രമിച്ച ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും, മൂസ്സാൻകുട്ടി സാഹിബുമൊക്കെ പിന്നാലേ ഇവിടെ ഇരിക്കുന്നതു കാണുമ്പോൾ സങ്കടം തോന്നും. നിങ്ങൾ ഈ ചെയ്യുന്നത് ശരിയല്ല. ശ്രീ. എം. വി. രാഘവനോട് ഞങ്ങൾക്ക് എതിർപ്പുണ്ട്. അത് വേറെ കാര്യം. എം. വി. രാഘവനെക്കാൾ നിങ്ങൾക്ക് ഞങ്ങളോട് കുറെക്കൂടി വലിയ സമീപനമുണ്ട്. കോൺഗ്രസ്സുകാരാണ് ഏറ്റവും വലിയ ശത്രു എന്ന് നിങ്ങൾ കാണുന്നില്ല. ശ്രീ. എം. വി. രാഘവൻ പറയുന്നത് മുഖ്യശത്രു കോൺഗ്രസ്സ് ആണെന്നാണ്. അത് പഴയ സമീപനമാണ്.

ശ്രീ. എ. എം. ഹസ്സൻ: സി. പി. ഐ. യുടെ നേതാവും മുൻ മുഖ്യമന്ത്രിയുമായ ശ്രീ. സി. അച്യുതമേനോൻ മാർക്സിസ്റ്റ് പാർട്ടിയിൽ ഉണ്ടായിരിക്കുന്ന ഈ ഭിന്നിപ്പ് മുഴുവൻ വ്യക്തിവൈരാഗ്യത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായതാണ്, യാതൊരു വിധത്തിലുള്ള ആദർശ പരവുമല്ലെന്ന് പറഞ്ഞ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻനായർ: ഞാൻ അതിലേക്കാണ് കടക്കുന്നത്. ഇവിടെ ഇരിക്കുന്ന ആളുകളൊക്കെ സി. പി. എം.-ൽ ഉറച്ച് നിൽക്കുമെന്ന് ധരിക്കണ്ട. ശ്രീ. ഒ. ഭരതൻ പ്രസംഗിച്ചത് ശ്രീ. എം. വി. രാഘവൻ ഊതിക്കാച്ചിയ പൊന്നുപോലെ തിരിച്ചു വരുമെന്നാണ്. അങ്ങനെയുള്ള കുറെ ആളുകളും ഇതിലുണ്ട്. ഈ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഇങ്ങനെയുള്ള ആളുകളൊക്കെ എം. എൽ. മാരായി വന്ന്, ശ്രീ. ഇ. കെ. നായനാരുകൂടി എം. വി. രാഘവന്റെ കൂടെ പോയി നായനാരുടെ നേതൃത്വത്തിൽ എം. വി. രാഘവന്റെ പാർട്ടിക്ക് നിയമസഭയിൽ ഭൂരിപക്ഷം ഉണ്ടാകും. അത് സൂക്ഷിക്കണം. അത് കുഴപ്പമുണ്ടാക്കുന്നതാണ്. നിങ്ങളുടെ കുഴപ്പങ്ങൾക്കൊക്കെ പിന്നിൽ സി. പി. ഐ. ക്കാരാണുള്ളത്. നിങ്ങൾ അതും ശ്രദ്ധിക്കണം. നിങ്ങൾ അന്യോന്യം വെടുകയാണ്. സി. പി. ഐ. ക്കാരാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നത്. ശ്രീ. സി. അച്യുതമേനോൻ എന്താണ് പറഞ്ഞതെന്നു വച്ചാൽ, ഏറ്റവും ഒടുവിലത്തെ മാർക്സിസ്റ്റ് പാർട്ടിയിലെ ഭിന്നിപ്പിന് ആദർശപരമായ വലിയ അടിസ്ഥാനമൊന്നും ഉണ്ടെന്ന് കരുതുന്നില്ല, നേരെ മറിച്ച് വ്യക്തിവൈരാഗ്യമാണ് ഇതിന്റെ പിന്നിൽ ഏറെക്കുറെയുള്ളതെന്ന് നിഷ്പക്ഷമതികൾക്ക് കാണാൻ കഴിയും. അദ്ദേഹം വേറെയും ചില കാര്യങ്ങൾ പറഞ്ഞു. നിങ്ങൾ വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ അന്യോന്യം തല്ലുന്ന കുറെ ആളുകളുടെ പാർട്ടിയായി മാറിയിരിക്കയാണ്. നിങ്ങളുടെ കയ്യിൽ ആദർശവും ഇല്ല ഒരു മണ്ണാങ്കട്ടയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ശ്രീ. സി. അച്യുതമേനോൻ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിലാണോ മുൻ സി. പി. ഐ. എം. പി. യായ ശ്രീ. കെ. എ. രാജൻ ആ പാർട്ടിയിൽ നിന്നു പോയത്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഞാൻ അതിലേക്ക് കടക്കുകയാണ്. ശ്രീ. എം. വി. രാഘവൻ ഒരു പുതിയ പാർട്ടി ഉണ്ടാക്കി മത്സരിക്കുകയാണെങ്കിൽ മലബാറിൽ പ്രത്യേകിച്ചും ഇടതു മുന്നണിക്ക് കുറേ സീറ്റുകളും നഷ്ടപ്പെടും. എന്നു പറഞ്ഞാൽ എം. വി. രാഘവന്റെ പാർട്ടിക്ക് സ്വാധീനം ഉണ്ടെന്ന് വ്യംഗ്യത്തേരണ ശ്രീ അച്യുതമേനോൻ പറയുകയാണ് മാർക്സിസ്റ്റു പാർട്ടിയെ പൊളിക്കാൻ വേണ്ടി സി പി. ഐ. ആസൂത്രണം ചെയ്ത വേലയാണ് ഇത്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സഭയിലില്ലാത്ത ശ്രീ. അച്യുതമേനോനെക്കുറിച്ച്. അദ്ദേഹത്തിന്റെ പ്രസ്താവനയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. ആ പത്രത്തിൽ വന്ന പ്രസ്താവന ശരിയല്ലെന്ന് പറഞ്ഞ് സഖാവ് അച്യുതമേനോൻ നിഷേധക്കുറിപ്പ് കൊടുക്കുകയും പത്രത്തിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ വീണ്ടും പഴയ പ്രസ്താവനകളെക്കുറിച്ച് സംസാരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ജനയുഗത്തിൽ തന്നെ അദ്ദേഹം പറയുന്നത്, മാർക്സിസ്റ്റ് പാർട്ടിയിൽ ഇന്നുണ്ടായിട്ടുള്ള ഭിന്നിപ്പ്, അവരെ മാത്രമല്ല, ഇടതുപക്ഷ പ്രസ്ഥാനത്തെ മുഴുവൻ ഭിന്നിപ്പിക്കുമെന്നും ഇനി മുന്നോട്ടുള്ള പ്രയാണത്തിന് കമ്മ്യൂണിസ്റ്റു പാർട്ടികളുടെ ഐക്യമാണ് ആവശ്യമെന്നുമാണ്. പിന്നെ വേറൊന്നും പറയുന്നു. ഈ ഭിന്നിപ്പ് പ്രത്യയശാസ്ത്രപരമാണെന്നു പറയുന്നുണ്ടെങ്കിലും വ്യക്തി വൈരാഗ്യം കൂടി കലർന്നിരിക്കുന്നു. അങ്ങനെ പ്രസ്താവന പുറപ്പെടുവിച്ച അച്യുതമേനോൻ ഇന്ന് തടിതപ്പുകയാണ്. അച്യുതമേനോൻ ആദ്യം പറഞ്ഞതാണ് സത്യം. പിന്നെ വേറൊന്നും പറയുന്നു. മാർക്സിസ്റ്റ് പാർട്ടിയിലെ പഴയ നേതാക്കൾ മാറിയാൽ മാത്രമേ കമ്മ്യൂണിസ്റ്റ് ഐക്യം പ്രാവർത്തികമാക്കാൻ കഴിയുകയുള്ളുവെന്ന് അച്യുതമേനോൻ പറഞ്ഞു. ഗൗരിയമ്മയും ശങ്കരൻ നമ്പൂതിരിപ്പാടുമൊക്കെ മാറിയെങ്കിൽ മാത്രമേ ഈ പാർട്ടി ശുദ്ധമാക്കുകയുള്ളൂവെന്ന്. സി. പി. ഐ. യുടെ നേതാവ് ആയ മി. കെ. എ. രാജൻ പറയുന്നത് എന്താണെന്ന് അറിയാമോ? രാഘവന് എതിരായി മാർക്സിസ്റ്റ് പാർട്ടി അച്ചടക്കത്തിന്റെ പേരിൽ കൈക്കൊണ്ടിട്ടുള്ള നടപടിയെ യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരെല്ലാം ചെറുക്കണമെന്ന് ട്രേഡ് യൂണിയൻ നേതാവും തൃശൂരിലെ മുൻ എം. പി. യുമായ കെ. എ. രാജൻ അഭ്യർത്ഥിച്ചു.

സർ, ഇത് കമ്മ്യൂണിസ്റ്റുകാരുടെ ആവശ്യമാണ്. ഇവർ അന്യോന്യം വെട്ടുന്നയാളുകളാണ്. നിങ്ങൾ എങ്ങനെ ഒരു തിരഞ്ഞെടുപ്പിനുപോകും? മാർക്സിസ്റ്റ് പാർട്ടിയിൽ ഭിന്നിപ്പ് ഉണ്ടാക്കാൻ സി. പി. ഐ. ശ്രമിക്കുന്നു. സി. പി. ഐ. യിൽ ഭിന്നിപ്പുണ്ടാക്കാൻ മാർക്സിസ്റ്റുകാർ ശ്രമിക്കുന്നു. പിന്നെ മറ്റ് പാർട്ടികളിൽ ആളില്ലാത്തതുകൊണ്ട് ഒരു കുഴപ്പവുമില്ല. ഷൺമുഖദാസിന്റെ പാർട്ടിയിലും, ബേബിജോണിന്റെ പാർട്ടിയിലും ആളില്ലാത്തതുകൊണ്ട് കുഴപ്പമില്ല. അതുകൊണ്ട് ഭിന്നിപ്പിന്റെ പ്രശ്നമില്ല. തൽക്കാലം മാർക്സിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചെലവിൽ കുറച്ച് എം. എൽ. എ. മാർ കയറി വന്നുവെന്നല്ലാതെ അടുത്ത തവണ നിങ്ങൾക്ക് സീറ്റൊന്നും കിട്ടുകയില്ല. ആ ധാരണയിൽ നിങ്ങൾ ഇരിക്കണ്ട. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ആളുകൾക്കുതന്നെ കൊടുക്കാൻ സീറ്റുണ്ടാകുകയില്ല. ഷൺമുഖദാസിന് വരെ സീറ്റ് കിട്ടുമോയെന്ന കാര്യം സംശയമാണ്. ആ കാര്യംതന്നെ വളരെ അപകടത്തിലാണ്. സർ, ഇങ്ങനെയൊരു നശിച്ചു നാറിയ മുന്നണി ഇതുവരെ ഈ സംസ്ഥാനം കണ്ടിട്ടില്ല. പ്രതിപക്ഷത്തിന്റെ ചുമതല നിർവ്വഹിക്കാൻ കഴിയാത്ത ഒരു പ്രതിപക്ഷ മുന്നണി സാധാരണയായി പ്രതിപക്ഷം ജനകീയ പ്രശ്നങ്ങൾ എടുത്ത് സമരം ചെയ്യുകയും ജനങ്ങൾക്കു വേണ്ടി നിലകൊള്ളുകയും ചെയ്യുന്നതിന്റെ പേരിൽ പ്രതിപക്ഷ കക്ഷികൾ ശക്തിപ്പെടുകയാണ് മുമ്പുണ്ടായിരുന്നത്. നേരെ മറിച്ച് ഇന്ന് ആ പ്രതിപക്ഷ കക്ഷികൾ ഉപ്പു വച്ച കലം പോലെയായി ആളുകളിൽനിന്നു ഒറപ്പെട്ടു പോകുകയാണ്. സർ, അവർ ജനങ്ങളിൽനിന്ന്, അകന്ന് പോകുകയാണ്. നിങ്ങൾക്ക് ഒരു പാർട്ടിക്കും, ഇന്ന് ഈ നിയമസഭയിലുള്ള അത്രയും അംഗങ്ങളെ അടുത്ത തിരഞ്ഞെടുപ്പിൽ ജയിപ്പിച്ചു കൊണ്ടു വരാൻ കഴിയുമോയെന്ന് ഞാൻ വെല്ലു വിളിക്കുകയാണ്. നിങ്ങൾക്ക് അത് നിഷേധിക്കുവാൻ കഴിയുമോ? പ്രതിപക്ഷത്തിരിക്കുന്ന നേതാക്കൻമാർ പറയട്ടെ. ചങ്കൂറ്റത്തോടുകൂടി പറയട്ടെ. ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. സംവരണ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം സംവരണ തത്വം നിലനിർത്തണമെന്ന പ്രഖ്യാപിത നയവുമായി മുന്നോട്ടു പോകുന്ന ഒരു ഗവൺമെൻറാണ് ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ്. നമ്മുടെ മുഖ്യമന്ത്രി ഈ കാര്യത്തിൽ വളരെ താൽപ്പര്യം കാണിച്ച് പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതിക്ക് വേണ്ടി ശ്രമിച്ചു ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് അതിനെ തകർക്കുവാനുള്ള ചില ഗൂഢ ശ്രമങ്ങൾ, ചില ഭാഗങ്ങളിൽ നിന്നുണ്ടാകുന്നതെന്നുള്ള സത്യാവസ്ഥ വെളിച്ചത്തുക്കൊണ്ടു വരാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, സംവരണം ജനസംഖ്യാനുപാതികമായി കിട്ടണമെന്നുള്ളതാണ് ഈ രാജ്യത്തെ എല്ലാ സമുദായങ്ങളുടെയും താൽപ്പര്യം. ഈ രാജ്യത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സംഘടനകളൊക്കെ തന്നെ ഇന്നുള്ള 10 ശതമാനം 12 ശതമാനമാക്കി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അതുപോലെ തന്നെ സംവരണത്തിന്റെ ആനുകൂല്യവും യഥാർത്ഥത്തിൽ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിയുക്തമായ സ്പെഷ്യൽ ഓഫീസർ സുന്ദരേശന്റെ റിപ്പോർട്ടിൽ മുസ്ലീങ്ങളും, ധീവരർ, അവശ ക്രൈസ്തവർ തുടങ്ങിയവർക്കുള്ള അർഹമായ പരിഗണന ലഭിക്കുന്നില്ല എന്ന് പറഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ സംവരണത്തെ സംബന്ധിച്ച ഒരു പുനർനിർണ്ണയം നടത്തേണ്ട കാലഘട്ടം സമാഗതമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ നിയമസഭയിൽ പുതിയ സംവരണ കമ്മീഷനെ വയ്ക്കുമെന്ന് പറഞ്ഞതാണ്. പക്ഷേ ഒരു കാര്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെൻറിൽ നിന്ന് ചില നിർദ്ദേശമുണ്ടായിട്ടുണ്ട്. പുതുതായി ഉണ്ടായിക്കൊണ്ടിരുന്ന സംഭവ വികാസങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പുതിയ സംവരണ കമ്മീഷനെ വച്ച് സംവരണ ശതമാനം വർദ്ധിപ്പിക്കുന്നത് ഇന്നത്തെ സാഹചര്യത്തിന് അനുകൂലമല്ല എന്ന രീതിയിലാണ് അദ്ദേഹം സൂചിപ്പിച്ചത്. ഇവിടുത്തെ പിന്നോക്ക വിഭാഗങ്ങൾ നിലവിലുള്ള 50 ശതമാനം സംവരണത്തിൽ നിന്ന് കൂട്ടണമെന്ന ആവശ്യമല്ല ഉന്നയിക്കുന്നത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

50 ശതമാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ജനസംഖ്യാനുപാതികമായി യഥാർത്ഥ പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പരിഗണന കിട്ടേണമെന്ന ആവശ്യവുമായിട്ടാണ് ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങൾ മുന്നോട്ട് വരുന്നത്. ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പരിഗണന കിട്ടത്തക്ക വിധത്തിൽ പുതിയ സംവരണ കമ്മീഷനെ വയ്ക്കാനുള്ള നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

സർ, മറ്റൊരു കാര്യം പറയാനുള്ളത് സംവരണ വിരുദ്ധ സമീപനത്തിന്റെ കാര്യത്തിലാണ്. അടുത്തകാലത്ത് ഹൈക്കോടതി ചീഫ് ജസ്റ്റീസ് ശ്രീ. മാലിമത്തിന്റെ ഒരു തീരുമാനമുണ്ടായിരുന്നു. ഹൈക്കോടതിയിലുണ്ടാകുന്ന നിയമനങ്ങളിൽ പിന്നോക്ക വിഭാഗക്കാർക്ക് സംവരണം കൊടുക്കേണ്ടതില്ല എന്നുള്ളതാണ്. സംവരണം എന്നുള്ളത് ആരുടെയും ഔദാര്യമല്ല. നമ്മുടെ ഭരണഘടനയിലെ വകുപ്പ് 15–ൽ 416 (4) എന്നതനുസരിച്ച് പിന്നോക്ക വിഭാഗക്കാർക്ക് സംവരണം കിട്ടാനുള്ള അർഹതയുണ്ട്. അത് കൂടാതെ ഇത്തരം കാര്യങ്ങളിൽ ഇടപെട്ടു ഭരണഘടനയെപ്പോലും ലംഘിച്ചുകൊണ്ടുള്ള തീരുമാനമെടുക്കുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാൻ നിർവ്വാഹമില്ല. ഈ രാജ്യത്തെ പിന്നോക്ക വിഭാഗക്കാർ വളരെ അമർഷത്തോടെ ഇത്തരം തീരുമാനങ്ങളും, ഇത്തരം പ്രഖ്യാപനങ്ങളും നോക്കി കാണുകയാണ്. ഭരണഘടനയുടെ ഉള്ളിൽ നിന്ന് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥമായ കോടതികളും പോലും, ആ കോടതിയിലെ നിയമനങ്ങളും നടപ്പിലാക്കാൻ തയ്യാറാകാതെ ഭരണഘടനയെതന്നെ ലംഘിക്കുന്ന തീരുമാനങ്ങളുമായി മുന്നോട്ട് പോകുകയാണ്. ശ്രീമാൻ മാലിമത്തിന്റെ തീരുമാനത്തിൽ ഈ രാജ്യത്തെ പിന്നോക്ക വിഭാഗക്കാർ ഓറക്കെട്ടായി നിന്ന് എതിർക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നും കോടതിയുടെ നിർദ്ദേശങ്ങളും വേദവാക്യമാണെന്ന് അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നും പറയാനാഗ്രഹിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ഭരണഘടനയുടെ പരിധിയിൽ നിന്നുകൊണ്ട് തീരുമാനമെടുക്കാൻ ബാദ്ധ്യസ്ഥമായവർ ആ തീരുമാനങ്ങളുംപോലും ലംഘിക്കുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങളുമായി മുന്നോട്ടു വരുന്നതിനോട് യോജിക്കാൻ നിർവ്വാഹമില്ല. അടുത്തകാലത്ത് സുപ്രീം കോടതിയിൽ നിന്ന് ഒരു നിർദ്ദേശമുണ്ടായി. മെഡിക്കൽ കോളേജിലെ പ്രവേശനത്തിന്റെ 15 ശതമാനം മറ്റു പരിഗണന നോക്കാതെ മാറ്റിവച്ച് പ്രവേശനം കൊടുക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. അതെല്ലാം ഈ രാജ്യത്തെ പിന്നോക്ക വിഭാഗക്കാർക്കെതിരായിട്ടുള്ള ഒരു ചൂണ്ടുപലകയാണ്. പിന്നോക്ക വിഭാഗക്കാർക്ക് അർഹമായ രീതിയിലുള്ള സംവരണാനുകൂല്യം കിട്ടാത്ത ഒരു സാഹചര്യത്തിലേക്കാണ് വരുന്നത്. ഇത് വളരെ ഗൗരവമായി കാണണം. ചില ബുദ്ധിജീവികളും, ചില തൽപ്പരകക്ഷികളും ഇതിന്റെ പിന്നിൽ നിഗൂഢമായി പ്രവർത്തിക്കുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്ത് തീരുമാനമായാലും ശ്രീ ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി അടിവരയിട്ട് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം കോടതി വിധികളിലൂടെ, തീരുമാനങ്ങളിലൂടെ പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താൻ അനുവദിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മറ്റൊരു കാര്യം യൂണിവേഴ്സിറ്റിയിലും ചില പൊതുമേഖലാസ്ഥാപനങ്ങളിലും സംവരണം പാലിക്കുന്നില്ല. യൂണിവേഴ്സിറ്റി ഒരു പ്രധാന ഘടകമാണ്. നമ്മുടെ യൂണിവേഴ്സിറ്റികളുടെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നില്ല. നിയമനത്തിന്റെ കാര്യത്തിൽ പാലിക്കുന്നില്ല, പ്രൊമോഷന്റെ കാര്യത്തിൽ പാലിക്കുന്നില്ല. ഏതെങ്കിലും ഒരു പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആരെങ്കിലും ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റായി വരികയാണെങ്കിൽ അവരെ തരംതാഴ്ത്തുന്ന ഒരു സ്ഥിതിയാണിന്നുള്ളത്. ഈ അടുത്ത അവസരത്തിലുണ്ടായ ഒരു സംഭവം ഞാൻ പറയുകയാണ്. തൃപ്പൂണിത്തുറയിലെ ജൂനിയർ കോളേജിലെ പ്രിൻസിപ്പലായിരുന്ന മോഹൻദാസിനെ തരംതാഴ്ത്തി കോഴിക്കോട് പ്രൊഫസറാക്കി മാറ്റിയിരിക്കുകയാണ്. വേറൊരു പിന്നോക്ക വിഭാഗക്കാരനു നിയമനം കൊടുക്കാൻ വേണ്ടി നടത്തിയ ഹീനമായ ഒരു നടപടിയാണിത്. ഇങ്ങനെ പിന്നോക്ക വിഭാഗങ്ങളെ ബോധപൂർവ്വം ദ്രോഹിക്കുന്ന ഒരു സമീപനം നമ്മുടെ യൂണിവേഴ്സിറ്റിയിൽ നടന്നു വരുന്നു. അർഹമായ പ്രൊമോഷൻ കിട്ടുന്നില്ല. അർഹമായ നിയമനങ്ങളും നൽകുന്നില്ല. ഈ കാര്യത്തിൽ വളരെ ഗൗരവമായിട്ട് മുഖ്യമന്ത്രിതന്നെ യൂണിവേഴ്സിറ്റിക്കു നിർദ്ദേശം കൊടുക്കണം. യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചുകൊണ്ടു മുന്നോട്ടു പോകണമെന്ന നിർദ്ദേശവും കൊടുക്കാൻ തയ്യാറാകണം.

അതുപോലെ തന്നെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതു ട്രഷറിയിൽ നിന്നാണ്. ഞാനും സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനാണ്. അവിടെ നിയമനത്തിനുള്ള അധികാരം മാനേജുമെന്റിനു കൊടുത്തിരിക്കുകയാണ്. സംവരണ തത്വമനുസരിച്ച് സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയമനം നടത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. നിയമനം വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞ് കാശ് വാങ്ങി പലരും നടക്കുന്നുണ്ട്. കാശ് വാങ്ങുന്നോ, ഇല്ലയോ എന്നതല്ല പ്രശ്നം. നിയമനം നടത്തുമ്പോൾ സംവരണ തത്വം പാലിച്ചുകൊണ്ട് നിയമനം നടത്താനുള്ള നടപടി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും നടപ്പിലാക്കണമെന്നുള്ള വ്യക്തമായ അഭിപ്രായമാണ് ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങൾക്കുള്ളത്.

അതുപോലെ തന്നെ ദേവസ്വം ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളും ഉണ്ട്. ഈ രാജ്യത്തെ ദേവസ്വം ബോർഡിന്റെ നിയമനങ്ങളും പരിശോധിച്ചു നോക്കണം. ആ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നില്ല. അർഹമായ പരിഗണന പിന്നോക്ക വിഭാഗങ്ങൾക്ക് കൊടുക്കുന്നില്ല. അതിന്റെ തലപ്പത്തിരിക്കുന്ന ചില തൽപ്പര കക്ഷികളുടെ താൽപ്പര്യത്തിനനുസൃതമായിട്ട് നിയമനങ്ങളും നടത്തുന്ന ഒരു സ്ഥിതിവിശേഷമാണ് അവിടെയുള്ളത്. അതിനു വേണ്ട നടപടിയെടുക്കണം.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ എസ്.സി., എസ് ടി. യ്ക്കും പിന്നോക്കവിഭാഗങ്ങൾക്കും അർഹമായ പരിഗണന നൽകുന്നില്ല. നമ്മുടെ പല പൊതുമേഖലാസ്ഥാപനങ്ങളിലും ഉദ്യോഗസ്ഥന്മാരെ വിളിച്ചു വരുത്തി ചോദ്യം ചെയ്തപ്പോൾ ഉണ്ടായ സ്ഥിതിയെന്താണ് സംവരണതത്വം പാലിക്കുന്നില്ല. ഹൗസിംഗ് ബോർഡിൽ ഒരൊറ്റ തസ്തികയിൽപ്പോലും പട്ടികവർഗ്ഗത്തിൽനിന്ന് നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെതന്നെ അക്കാര്യം സൂചിപ്പിച്ചിട്ടുള്ളതാണ്. അങ്ങനെ പൊതുമേഖലാസ്ഥാപനങ്ങളിൽ സംവരണ തത്വം പാലിച്ചു പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അർഹമായ പരിഗണന കൊടുക്കുന്നില്ല. മുഖ്യമന്ത്രി വ്യക്തമായ നിർദ്ദേശം കൊടുത്ത് സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി ബാക്ക്ലോഗ് നികത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. നിയമിക്കുന്നത് എവിടെയാണെന്നറിയാമോ? വർക്കർ, കാഷ്വൽ ലേബർ തുടങ്ങിയ ഏറ്റവും കുറഞ്ഞ പോസ്റ്റുകളിലേയ്ക്ക് പിന്നോക്ക വിഭാഗക്കാരെ നിയമിക്കുകയും ഉന്നത പോസ്റ്റുകളിലേക്ക് അവരെ നിയമിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സാചഹര്യം ഇവിടെ നിലനിൽക്കുകയാണ്.

മറ്റൊരു പ്രത്യേകത പി. എസ്. സി. യെ സംബന്ധിച്ചിടത്തോളം ആണ്. പി. എസ്. സി. യെ സംബന്ധിച്ചടത്തോളം സംവരണത്തെപ്പറ്റി പറഞ്ഞ് കഴിഞ്ഞാൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പിന്നോക്കക്കാരന് നിയമനം കിട്ടിക്കഴിഞ്ഞാൽ അതും കൂടി സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ദുഃഖകരമായ അവസ്ഥാവിശേഷമാണ് ഇവിടെ നിൽക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവൻ മെറിറ്റ് ഉള്ളവനായാലും അല്ലെങ്കിലും ആകെ 50 ശതമാനം മാത്രമേ കിട്ടുകയുള്ളൂ. ബാക്കി 50 ശതമാനം മുന്നോക്കക്കാരുടെ കൈയിലേക്ക് പോകുകയാണ്.

അതുപോലെതന്നെ നിയമനം നടത്തുന്ന അവസരത്തിൽ വേറൊരു ബുദ്ധിമുട്ട് എന്ന് പറയുന്നത് വേക്കൻസിയുടെ കാര്യമാണ്. പിന്നോക്കസമുദായത്തിൽപ്പെട്ടവരെ നിയമിക്കാനുള്ള വേക്കൻസിയുണ്ടെങ്കിലും ബുദ്ധിമാൻമാരായ ചില ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെൻറ് ആ വേക്കൻസി ഫില്ല് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നില്ല. അത് അവിടെ കിടന്ന് അവസാനം ലിസ്റ്റ് ക്യാൻസലായി പോകുന്ന സാഹചര്യം വരെ ഉണ്ടാകാറുണ്ട്. അത്തരത്തിലുള്ള കാര്യങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കണം.

നമ്മൾ ആരംഭിച്ചതാണ് വൊക്കേഷ്ണൽ ഹയർ സെക്കൻറി സ്കൂൾ. 71 സ്കൂളുകളിൽ ഇത് ആരംഭിച്ചു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.... ഇവിടെ ഈ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച നടക്കുകയാണ്. ഈ ബില്ലിന്റെ ചർച്ചയിൽ സംസ്ഥാന ഗവൺമെൻറിന്റെ എല്ലാ വകുപ്പുകളെ സംബന്ധിച്ചും ഈ ഗവൺമെൻറിന്റെ വീഴ്ചകളെ സംബന്ധിച്ചും ചർച്ച ചെയ്യപ്പെടുന്ന സുപ്രധാനമായ ഒരു ദിവസമാണ് ഈ ദിവസം. ഈ ദിനത്തിൽ എല്ലാ വകുപ്പുകളെ സംബന്ധിച്ചുള്ള ചർച്ചകളും കേൾക്കണം. അവയ്ക്ക് മറുപടി തരാൻ ബാദ്ധ്യസ്ഥനായ ഒറ്റ മന്ത്രിയെങ്കിലും ഇവിടെയുണ്ടോ? ഈ സഭയോട് കാണിക്കുന്ന അനാദരവാണിത്. ഇവിടെയുള്ള എം. എൽ. എ. മാരോടുപോലും അനാദരവ് കാണിക്കുന്ന ധിക്കാരപരമായ ഒരു സമീപനമാണ് ഈ ഗവൺമെൻറ് കാണിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. ദിനകരൻ: 71 സ്കൂളുകളും ആരംഭിച്ചിട്ടുണ്ടെന്നാണ് എനിക്ക് ഈ നിയമസഭയിൽ ചോദ്യത്തിന് മറുപടിയായി തന്നിട്ടുള്ളത്. വൊക്കേഷണൽ ഹയർ സെക്കൻറി സ്കൂളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യോട് എനിക്കി അവസരത്തിൽ പറയുവാനുള്ളത്. പൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ആദിശേഷയ്യ കമ്മീഷൻ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ട് ചുട്ടെരിക്കണമെന്നാണ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾ പറയുന്നത്. 50 ശതമാനം മാർക്കു വാങ്ങിയ ആളുകൾക്ക് മാത്രമേ കോളേജുകളിൽ കടന്നു ചെല്ലാൻ സാധിക്കുകയുള്ളു. പാവപ്പെട്ട പിന്നോക്കക്കാരന്റെ കുട്ടികൾക്ക് കോളേജുകളിൽ കടന്നു ചെല്ലാനാവാത്ത ഒരു സാഹചര്യം ഉണ്ടാവുകയാണ്. അതിന്റെ ചുവടു പിടിച്ചുകൊണ്ടാണ് പൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ വന്നിരിക്കുന്നത്. അതുകൊണ്ട് പിന്നോക്കക്കാർക്ക് ദോഷകരമായ ഈ റിപ്പോർട്ടിനെ തള്ളിക്കളയുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്: പിന്നോക്ക വിഭാഗങ്ങളുടെ സംവരണം പോലെയുള്ള കാര്യങ്ങളെ വിലയിരുത്തുന്നതിനുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമാന്വേഷണ സമിതിയുടെ പോലെ തന്നെ എം. എൽ. എ. മാർ ഉൾക്കൊള്ളുന്ന ഒരു റിവ്യൂ കമ്മിറ്റി പിന്നോക്ക വിഭാഗങ്ങളുടെ കാര്യത്തിൽ ഉണ്ടാകണം. അതുപോലെ തന്നെ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ പീഡിപ്പിക്കുന്ന സമീപനം ഇവിടത്തെ ചില പ്രമാണിമാരായ ഉദ്യോഗസ്ഥൻമാർ ചെയ്യുന്നുണ്ട്. അതിൽ നിന്നും അവരെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി കാണിക്കുന്ന താൽപ്പര്യം മറ്റുള്ളവർ കാണിക്കുന്നില്ല. മുഖ്യമന്ത്രി ഈ കാര്യങ്ങൾ റിവ്യൂ ചെയ്യാറുണ്ട്; വിലയിരുത്താറുണ്ട്; സ്പെഷ്യലായിട്ട് നിർദ്ദേശങ്ങൾ കൊടുക്കാറുണ്ട്. പക്ഷേ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെൻറ് ഇത് പാലിക്കാൻ തയ്യാറാകുന്നില്ല. പൊതു മേഖലാ സ്ഥാപനങ്ങളിൽ ഇരിക്കുന്നവരും ഈ തത്വം പാലിക്കാൻ തയ്യാറാകുന്നില്ല. ഹൈക്കോടതി. ചീഫ് ജസ്റ്റീസ് വരെ സംവരണ തത്വത്തെ കാറിൽ പറത്തുന്ന നടപടിയുമായി മുന്നോട്ടു പോകുന്നു. ഈ സാഹചര്യത്തിൽ സംവരണ സമുദായങ്ങൾക്കെതിരായിട്ടുള്ള നിഗൂഢമായ നീക്കം സംസ്ഥാന ഗവൺമെൻറിനു തന്നെ ദുഷ്പേര് ഉണ്ടാക്കുന്ന രീതിയിൽ നടക്കുകയാണ്. അതിനു വിരാമമിടണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞുകൊണ്ട് ഞാനീ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാനീ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുന്നു. കുരങ്ങന്റെ കൈയിൽ പൂമാലകൊടുക്കുന്നതുപോലെയാണ് ഈ ബിൽ പാസ്സാക്കിക്കൊടുക്കുന്നത്. ജനവിശ്വാസം നഷ്ടപ്പെട്ട സർക്കാരാണിത്. ഇവിടെ മുന്നണിയും ഭരണവും തകർന്നിരിക്കുന്നു. പാലാഴിക്ഷേത്രത്തിൽ അവർക്കാരുടെ നിവേദ്യം സ്വീകരിക്കാത്തതുപോലെ മുഖ്യമന്ത്രി എസ്.ആർ.പി. ക്കും എൻ. ഡി. പി. ക്കും അയിത്തം കൽപ്പിച്ചിരിക്കുകയാണ്. പാലാഴി കൃഷ്ണവാര്യരും മുഖ്യമന്ത്രി കരുണാകരമാരോരും രാജ്യദ്രോഹികളാണ്. സി. ജി. പാലാഴിക്കാരനാണ്. അവസാനകാലത്തെങ്കിലും അവരുടെ നിവേദ്യം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഘടക കക്ഷികളെ വഴിയിൽ തൂക്കിയ ചെണ്ടകളാക്കിയിരിക്കുന്നു. കേരളാ കോൺഗ്രസ്സിനെ 'ജെ', 'എം'; 'ജെ', ജോസഫ്, മാണി, ജേക്കബ് എന്നിങ്ങനെ മൂന്നു ഗ്രൂപ്പുകളാക്കി കോൺഗ്രസ് (ഐ) യും (എ) യും അടിയോടടിയാണ്. കേരളത്തിലെ കമലാപതി ത്രിപാഠിയാണ് പാവം പത്മരാജൻ. മുഖ്യമന്ത്രിയുടെ ഓഫീസിലെ ശിപായിയുടെ വില പോലും അദ്ദേഹത്തിന് കൽപ്പിക്കുന്നില്ല. അദ്ദേഹം പോലും മറ്റു ഘടകകക്ഷികളെ തള്ളിപ്പറഞ്ഞിരിക്കുന്നു. നാണമുണ്ടെങ്കിൽ അവർ പുറത്തുപോകണം. അല്ലെങ്കിൽ സമരം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണം. അല്ലെങ്കിൽ നാവടക്കു, പണിയെടുക്കു. രാജ്യദ്രോഹികൾക്ക് രാജോചിത സ്വീകരണം നൽകി മുസ്ലീം സമുദായത്തെ വഞ്ചിച്ചു. ഘടക കക്ഷികളേയും സമുദായങ്ങളേയും തമ്മിൽ അടിപ്പിക്കുകയാണ് മുഖ്യമന്ത്രി യുടെ മുഖ്യവിനോദം. പാപ്പിനിശ്ശേരിയിലെ പാമ്പു വളർത്തൽ കേന്ദ്രവും വലതുപക്ഷ മുന്നണിയും ഒന്നുപോലെയാണ്. ഉഗ്ര വിഷപ്പാ മ്പുകളാണ് അപ്പുറത്തിരിക്കുന്നവർ. എം. വി. ആറിനെ പുറത്താക്കിയ തിലാണ് കോൺഗ്രസ്സുകാർക്ക് ആക്ഷേപം. അവരാരും അകത്തില്ല സർ. എന്നും പുറത്താണ്. പിന്നെ എങ്ങനെ അവരെ പുറത്താക്കും. കൊല്ലങ്ങളോളമായി തെരഞ്ഞെടുപ്പു നടത്താത്ത കറക്കു കമ്പനിയാണത്. കോൺഗ്രസ്സുകാർ കാറും ബാറും കാബറേയും മറ്റുമായി കഴിയുകയാണ്. ഖജനാവ് കട്ടു മുടിച്ചു. ഉളുപ്പുണ്ടെങ്കിൽ മന്ത്രിസഭ രാജിവച്ച് തിരഞ്ഞെ ടുപ്പ് നടത്തണം. അപ്പോഴേക്കാണാം മുഖ്യമന്ത്രിയടക്കം തൊഴിലാളി വർഗ്ഗത്തിന്റെ തുപ്പലിൽ ഒലിച്ചുപോകുന്ന കാഴ്ച്ച. മുഖ്യമന്ത്രി അപ്പു റത്തുള്ളവരെ അണ്ടൻ, അടകോടൻ, അപ്പ, ഊപ്പ, ആശാളി, കുശാളികളാ ക്കിയിരിക്കുകയാണ്. ഈ രാജ്യത്ത് തൊഴിലാളികളെ അധിക്ഷേപിക്കു ന്നതായ മാർഗ്ഗമാണ് അനുവർത്തിച്ചു വരുന്നത്. ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ധാർമ്മികമായും നിയമപര മായും ധനം വിനിയോഗിക്കാനുള്ള അവകാശമുള്ള ഒരു ഗവൺമെൻറാണിത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെൻറിനെ എതിർ ത്തുകൊണ്ട് അപ്പുറത്തു നിന്നു സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ഗവൺമെൻറിന് എതിരായിട്ട് ഉന്നയിച്ചിട്ടുള്ളത് പഴകിദ്രവിച്ച അവരുടെ ആരോപണങ്ങൾ തന്നെയാണ്. ഇവിടെ സംസാരിച്ചിട്ടുള്ള ശ്രീ. പീതാം ബരൻ മാസ്റ്റർ അടക്കമുള്ള ആളുകൾ ചൂണ്ടിക്കാണിച്ച ഒരു കാര്യം ഈ ഗവൺമെൻറിനെ ഘടകകക്ഷികൾ തമ്മിൽ യാതൊരു ഐക്യവുമില്ല എന്നു ള്ളതാണ്. ധനം പങ്കിടുന്ന കാര്യത്തിൽ മാത്രമേ ഐക്യമുള്ളു എന്നാണ് അവർ പറഞ്ഞത്. ഞാൻ പറയുന്നത് നിങ്ങളുടെ സ്വന്തം ഭയപ്പാട് മറച്ചു വയ്ക്കാൻ വേണ്ടിയുള്ള ആക്രമണമല്ലേ അതെന്നാണ്. അവർ തമ്മിൽ വമ്പിച്ച ഐക്യമാണ്. സ്വന്തം നിഴലിനെപ്പോലും വിശ്വസിക്കാൻ പറ്റാത്ത പതനത്തിൽ ചെന്നു നിൽക്കുന്ന മാർക്സിസ്റ്റു പാർട്ടി കൂടെ കിടക്കുന്ന സി. പി. ഐ. ക്കാർ നിശയുടെ നിശബ്ദതയിൽ കണ്ണു വെട്ടിച്ച് കടന്നു പോയി വർഗ്ഗശത്രുവുമായി അവിഹിത വേഴ്ച്ച നടത്തിയിട്ട് തിരി ച്ചുവരുന്നോ എന്നുപോലും സംശയിക്കുന്നു. മാർക്സിസ്റ്റ് പാർട്ടി 'കോൺഗ്രസ്' 'എസ്'. കാർ എന്നു നിമിഷവും കോൺഗ്രസ് (ഐ) ക്കാരുടെ കൂടെ ചാടിപ്പോകുമോ എന്ന് ബലമായി വിശ്വസിക്കുന്ന മാർക്സിസ്റ്റ് പാർട്ടി ഞങ്ങളിൽ അനൈക്യം കാണുന്നത് തമാശ യാണ്. ഞാൻ ഈ പറയുന്ന കാര്യങ്ങൾക്കെല്ലാം രേഖയുമായിട്ടാണ് സംസാ രിക്കുന്നത്. ഞാനീ പറയുന്ന മൂന്നു കാര്യങ്ങൾക്കും മൂന്ന് ആധികാരിക മായിട്ടുള്ള രേഖ ഞാൻ മേശപ്പുറത്തു വയ്ക്കാൻ പോകുന്നു. ഞാനീ പറഞ്ഞിട്ടുള്ള അവരുടെ വിശ്വാസമില്ലായ്മക്ക് ആവശ്യമായ രേഖകൾ ഞാൻ മേശപ്പുറത്തു വയ്ക്കാം. മൂന്നു കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. സ്വന്തം നിഴലിനെപ്പോലും മാർക്സിസ്റ്റു പാർട്ടിക്ക് വിശ്വാസമില്ല. സി. പി. ഐ. ക്കാരെ മാർക്സിസ്റ്റു പാർട്ടിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. കോൺഗ്രസ് 'എസ്' നെ മാർക്സിസ്റ്റു പാർട്ടിയ്ക്ക് വിശ്വസി ക്കാൻ കഴിയുന്നില്ല. കബീർ മാസ്റ്ററും പീതാംബരൻ മാസ്റ്ററും ബഹളം കൂട്ടിയതുകൊണ്ട് ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നു ള്ളത് രേഖ കാണിച്ച് പറയുവാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതാ എന്റെ കൈയിൽ ഒരു പുസ്തകമുണ്ട്. ആയിരക്കണക്കിന് സഖാക്കൾ ചുവന്ന കൊടി പിടിച്ച് അലകടൽ പോലെ ഒഴുകിപ്പോകുന്ന മുഖച്ചിത്രമുള്ള ഒരു പുസ്തകം. ആ പുസ്തകത്തിന്റെ പേര് സി. പി. എം., സി. പി. ഐ. ഭിന്നത എന്നാണ്. ശത്രുവിനെ വകവരുത്താൻ വളരെ ആവേശത്തോടുകൂടി മുഷ്ടി ചുരുട്ടിപ്പോകുന്ന സഖാക്കളുടെ ഫോട്ടോ ഉള്ള ഈ പുസ്തകത്തിന്റെ പേരാണ് ഞാൻ നേരത്തെ പറഞ്ഞത്. ഇതെഴുതിയത് ചില്ലറ മാർക്സിസ്റ്റുകാരനൊന്നുമല്ല. അദ്ദേഹത്തിന്റെ പേര് ഹർകിഷ് സുർജിത് സിംഗ് എന്നാണ്. ഈ പുസ്തകത്തിൽ പറയുന്നത് ഇവർ തമ്മിൽ വലിയ സ്നേഹമുണ്ടെന്നോണ്. പുസ്തകം വലുതായതുകൊണ്ട് ഇവർ തമ്മിലുള്ള സ്നേഹത്തെക്കുറിച്ച് വിശദീകരിക്കാൻ സമയമില്ല. ഒരൊറ്റക്കാര്യം മാത്രം ഞാൻ ഇവിടെ പറയുന്നു. ''ഇപ്പോഴാ സി. പി. ഐ. ക്കാർ തങ്ങളുടെ നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. അവർ മാർക്സിസ്റ്റു വിരുദ്ധ മുന്നണിയിൽനിന്ന് പുറത്തു കടന്ന് ഇടതുപക്ഷ മുന്നണിയിൽ ചേർന്നിട്ടുണ്ട്. ഇടതുപക്ഷ ഐക്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് അതുവഴി വഴിതെളിഞ്ഞിട്ടുണ്ട്. കോൺഗ്രസ് ഭരണത്തിനെതിരേ വിശാലമായ ചെറുത്തു നിൽപ്പ് നടത്തുന്നതിൽ അവർക്ക് വൈമുഖ്യവും ചാഞ്ചാട്ടവുമുണ്ട്.'' ഞാൻ ചോദിക്കുന്നത് കോൺഗ്രസ്സിനു എതിരായിട്ടുള്ള സമരത്തിന് സി. പി. ഐ. ക്കാരെ കിട്ടുമെന്ന് ഇവർക്ക് വേണ്ടത്ര ബോദ്ധ്യമില്ല. എന്നോടെന്തിനാ ബഹളം കൂട്ടുന്നത്? അദ്ദേഹത്തോട് ബഹളം കൂട്ടാൻ നിങ്ങൾക്ക് ധൈര്യമില്ലല്ലോ. ഇത്രയും സമുന്നതനായ ഒരു മാർക്സിസ്റ്റ് നേതാവ് സി. പി. ഐ. ക്കാരെക്കുറിച്ച് വിശ്വാസമില്ലാത്തവരാണ് എന്നു പറഞ്ഞിരിക്കുന്നു. കോൺഗ്രസ്സുകാരോട് സമരം ചെയ്യുന്നതിന് ചാഞ്ചാട്ടവും വൈമുഖ്യവും ഉണ്ടെന്നു പറഞ്ഞിരിക്കുന്നു. അതിന് അദ്ദേഹത്തോട് മറുപടി പറയാതെ എന്തിനാണ് എന്നോട് ബഹളം കൂട്ടുന്നത്. പിന്നെ ധാർമ്മിക രോഷം ഉള്ളത് നമ്മുടെ കോൺഗ്രസ് 'എസ്' കാർക്കാണ്. അവരെക്കുറിച്ച് പറഞ്ഞതിനുള്ള രേഖയും എന്റെ കൈയിൽ ഉണ്ട്. സർ,' അതിന്റെ പേര് ചിന്ത എന്നാണ്. സാധാരണ ഗതിയിൽ മാർക്സിസ്റ്റ് പാർട്ടിയുടെ തലയ്ക്കകത്ത് കാര്യമായിട്ടില്ലാത്തതും അവരുടെ കൈകളിൽ സാധാരണ കണ്ടു വരാറുള്ളതുമായ പ്രസിദ്ധീകരണം. ബൽഹാം സമരം തീർന്നു എന്ന തലക്കെട്ടിൽ ഇതിൽ പറഞ്ഞ ഒരു കാര്യം ഞാൻ ഇവിടെ വായിക്കുകയാണ്. ''പൊതുവിൽ യുക്തി പൂർവ്വം ചിന്തിക്കുന്നു എന്ന് അഭിമാനിക്കുന്ന കോൺഗ്രസ് എസ്സിനു അഭിമാനം മാത്രമേയുള്ളൂ. കോൺഗ്രസ് (എസ്) നേതാവ് ശരത്പവ്വാർ, മഹാരാഷ്ട്രയിലെ ജനതാപാർട്ടി നേതാവ് ജോഷിയും മറ്റും ഇത്തരം ഒരു സമരത്തിൽ ഇറങ്ങിത്തിരിച്ച സന്ദർഭത്തിൽ, കോൺഗ്രസ് 'ഐ' യിൽ ലയിക്കുന്നതിനെ തടുത്തു നിന്നിട്ടുള്ള പവ്വാറിനെ ഇക്കാര്യത്തിൽ ഇച്ഛാഭംഗമാണ് ഉണ്ടായിട്ടുള്ളത്. അത്തരത്തിൽ ഒരു സമരം അദ്ദേഹം നയിച്ചതിനെക്കുറിച്ച് അഭിപ്രായ വ്യത്യാസം ഉയർന്നുവന്നിരുന്നു. തന്റെ കാലിന്റെ അടിയിലെ മണ്ണ് ഒലിച്ചു പോകുന്നത് കണ്ടറിഞ്ഞ പവ്വാർ അതിനെ തടഞ്ഞു നിർത്തുന്നതിനുള്ള മാർഗ്ഗമായിട്ടാണ് ഭാഷാ പ്രശ്നം ഉയർത്തിയത്''. കോൺഗ്രസ് ഐ യിൽ ലയിക്കാൻ തടുത്തു നിൽക്കുന്നു എന്നാണ് പറഞ്ഞത്. നിങ്ങളെക്കുറിച്ച് നല്ല വേഷമല്ല. കോൺഗ്രസ് ഐ യിൽ ലയിക്കാൻ തടുത്തു നിൽക്കുന്ന കോൺഗ്രസ് എസ് നിങ്ങളെക്കുറിച്ച് പറഞ്ഞത്, മാർക്സിസ്റ്റുകാരോട് പ്രതികരിക്കാൻ ധൈര്യമില്ലാതെ പോയ നിങ്ങളുടെ പതനത്തെക്കുറിച്ച് ആലോചിച്ച് ഖേദിക്കുകയാണ് ഞാൻ എന്നാണ്. ചന്ദ്രികയുടെയോ, ഇവിടത്തെ രേണ മുന്നണിപത്ര

LIBRARY ARCHIVES Kerala Legislative Assembly

ത്തിനോയോ ഏതെങ്കിലും രേഖ ഹാജരാക്കാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഇവരുടെ രേഖതന്നെയാണ് ഇവരുടെ അനൈക്യത്തെ കാണിക്കുന്നതിന് ഹാജരാക്കുന്നത്. ഇതിനെക്കുറിച്ച് പറയാൻ ധൈര്യം ഇല്ലാഞ്ഞിട്ട് ഞങ്ങടെ തമ്മിൽ അനൈക്യം എന്നുപറഞ്ഞ് ബഹളം വച്ചിട്ടു എന്താ കാര്യം. പിന്നെ മാർക്സിസ്റ്റ് പാർട്ടി ആദർശത്തിന്റെ പരിവേഷമിട്ടു നിൽക്കുന്നു. ഞാൻ കഴിഞ്ഞ ആഴ്ച കണ്ണൂരിലായിരുന്നു. എന്താ സർ അവിടത്തെ സ്ഥിതി, അവിടെ മാർക്സിസ്റ്റ് പാർട്ടിക്ക് എന്താണ് രോഗം എന്നതിനെക്കുറിച്ച് സംശയം. ഒരാൾ പറഞ്ഞു പ്രമേഹം ആണെന്ന്. ചിലർ പറഞ്ഞു അങ്ങനെ ഒന്നുമല്ലെന്ന്. സത്യത്തിൽ കണ്ണൂർ ജില്ലയിലെ മാർക്സിസ്റ്റ് പാർട്ടിയെ അത്യാസന്ന നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. എന്താ രോഗം എന്നു രാഷ്ട്രീയ ഭിഷഗ്വരൻമാർ നിരന്തരമായിട്ട് ഗവേഷണം നടത്തി. എ. എസ്. ടി. അഥവാ ആൻറി ശരിയത്ത് ടാബലറ്റ് അമിതമായി കഴിച്ചു പോയതു കൊണ്ട് തലച്ചോറിലേക്ക് രക്തം പോകുന്ന ധമനി പിരിഞ്ഞു മുറുകി പൊട്ടിയതു കൊണ്ടുള്ള രക്തസ്രാവം കൊണ്ടാണ് അവർ ഈ പതനത്തിലെത്തിയതെന്ന ഒരു അഭിപ്രായമുണ്ട്. സംഗതി അതൊന്നുമല്ല, എന്നും കരുണാകരൻ ഗവൺമെൻറിനെ ചതിയിൽ വീഴ്ത്താൻ വേണ്ടിയിട്ട് വിജനമായ സ്ഥലത്ത് വാരിക്കുഴി കുഴിക്കുന്നതിനിടയിൽ കുഴൈറ്റുകാരെ കണ്ട് പേടിച്ചതിൽ നിന്നുമുള്ള ഷോക്കാണെന്ന് മറ്റു ചിലർക്ക് അഭിപ്രായമുണ്ട്. എന്നാൽ സംഗതി ഇതു രണ്ടുമല്ല, എന്നും ലോകത്തിലെ എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടികളേയും പരമ്പരാഗതമായി ബാധിച്ചു വരാറുള്ള ഹെർണ്ണിയയെക്കാൾ വേദനയുള്ള ഒരു പരമ്പരാഗത രോഗമാണ് അവരെ ഇപ്പോൾ ബാധിച്ചിട്ടുള്ളത് എന്നും ശക്തിയായ ഒരഭിപ്രായം ഉണ്ട്. സംഗതി ഏതായാലും പോക്കാണ് എന്ന കാര്യത്തിൽ സംശയമില്ല. ആർക്കും അവരെ ചികിൽസിച്ച് ഭേദമാക്കാൻ പറ്റാത്ത രീതിയിൽ സംഗതി ചെന്നെത്തിയിരിക്കുന്നു. ഇനി ഒരൊറ്റ പ്രതീക്ഷ മാത്രമേയുള്ളൂ. എന്തെന്നു വച്ചാൽ പണ്ടത്തെപോലെ ഒന്നും നമ്മുടെ മുമ്പിൽ മാർക്സിസ്റ്റ് പാർട്ടിയെ കാണാൻ പറ്റുകില്ലെങ്കിലും, രക്തം കൊടുത്ത് നോക്കിയാൽ ഒരുപക്ഷേ നമുക്കൊക്കെ കണ്ടു നിൽക്കാൻ പറ്റിയ കോലത്തിലാക്കി പാർട്ടിയെ മാറ്റിയെടുക്കാൻ പറ്റുമോ എന്ന ഒരു പരീക്ഷണം നടത്താം. രക്തമാണെങ്കിൽ വില കൊടുത്തു വാങ്ങിക്കാൻ പറ്റുകയില്ല. ബന്ധുക്കളുടേയും സ്വന്തക്കാരുടേയും ഒക്കെ രക്തം വേണം. അതിന് ബന്ധുക്കളും ആര്, സ്വന്തക്കാരാര് എന്ന് എങ്ങനെ അറിയാം? രക്തമൊക്കെ പരിശോധിച്ചു നോക്കുമ്പോൾ കണ്ണൂർ ജില്ലയിൽ മാർക്സസുറ്റുകാരിൽ അധികം പേരുടെയും രക്തം ആർ പോസിറ്റീവ് ഗ്രൂപ്പാണ്. അഥവാ രാഘവനെ അനുകൂലിക്കുന്ന വിഭാഗത്തിന്റേത്. അതുകൊണ്ട് അക്കാര്യത്തിൽ രക്തനിർണ്ണയം നടത്തിയിട്ടുപോലും എവിടെ നിൽക്കുന്നു എന്നു കണ്ടുപിടിക്കാൻ പറ്റാത്ത ഒരു പതനത്തിൽ അവർ ചെന്നെത്തിനിൽക്കുകയാണ്. ഇപ്പോൾ ഇവിടെ ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ ഈ പ്രീഡിഗ്രിബോർഡ് രൂപീകരണത്തോടനുബന്ധിച്ചുള്ള സമരത്തിന്റെ ഫലമായി കുട്ടികളുടെ പഠിത്തമാകെ കുഴപ്പത്തിലായി എന്നു പറഞ്ഞു. ആരാ കുഴപ്പത്തിലാക്കിയത്? അദ്ധ്യാപകരേയും കുട്ടികളേയും മുഴുവൻ തെരുവിലിറക്കി വിദ്യാഭ്യാസത്തിന്റെ ശക്തമായ മുന്നേറ്റത്തെ തകർക്കുന്നതിന് വേണ്ടി, ഗൂഢാലോചന നടത്തിയത് ശരിയായിട്ടു പറഞ്ഞാൽ അക്ഷര വൈരികളായ അപ്പുറത്തുള്ളവരാണ്. എല്ലാ സമരവും നടത്തി തോറ്റിട്ട് ഇപ്പോൾ അവസാനം രണ്ടാമതും ബഹളം. പി. ഡി. സി. സമരം കഴിഞ്ഞു, നിരാഹാരം കഴിഞ്ഞു, വലിയ ബഹളമൊക്കെയാക്കി, ജേക്കബ് ബിന്ദേറയും, ഗവൺമെൻറിന്റെയും നയങ്ങളെ നിങ്ങളെ തോൽപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമെന്നു പറഞ്ഞു. പക്ഷെ ഇനി നിങ്ങൾ അങ്ങ് മറന്നേക്ക്, കാര്യം എന്താണ്, നിങ്ങൾക്കും കിട്ടി 10+2, ഞങ്ങൾക്കും കിട്ടി 10+2. ഞങ്ങൾക്കു കിട്ടിയ 10+2 എന്തെന്നു വച്ചാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുമേലെയായിട്ട് പ്രീഡിഗ്രി വിദ്യാഭ്യാസം. അതിശക്തമായ സമരത്തിനു ശേഷം അവർക്കും കിട്ടി 10+2. അതായത് 10 ദിവസത്തെ അസംബ്ലി നിർത്തി വെക്കലും, 2 ദിവസത്തെ ബഹളവും. അങ്ങനെ അവർക്കു വേണ്ട 10+2 അവർക്കും കിട്ടി, ഞങ്ങൾക്കു വേണ്ട 10+2 ഞങ്ങൾക്കും കിട്ടി. അവർക്കും ഗുണം ഞങ്ങൾക്കും ഗുണം, രാജ്യത്തിനാകെ ഗുണം. ഞാൻ വളരെ വ്യക്തമായിട്ടു പറയുന്നു, ലക്ഷ്യബോധമില്ലാതെ ഒരു സമരം നയിച്ചതിന്റെ പരിണതഫലം ആ രംഗത്തെ ജീവനക്കാരേയും വിദ്യാർത്ഥികളേയും വിദ്യാഭ്യാസ രംഗത്തെ സ്നേഹിച്ചിരുന്ന മുഴുവൻ മനുഷ്യരേയും തകർച്ചയിലേത്തിച്ചുവെന്നാണ്. അങ്ങനെ ഈ രാജ്യത്തെ വിദ്യാഭ്യാസ രംഗത്തെ ആകെ തകർച്ചയിലെത്തിച്ചതിന്റെ ഒന്നാം പ്രതികൂം, ആ പാപഭാരം കഴുകിത്തീർക്കാൻ വേണ്ടി നടത്തുന്ന വിക്രിയകളും മാത്രമാണ് ഇന്ന് ഗവൺമെന്റിനെതിരെ നടത്തുന്ന കുറ്റാരോപണങ്ങൾ എന്ന് ഞാൻ ആരോപിക്കുകയാണ്. ഇവിടെ അവർക്ക് എന്താണ് പറയാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കുറിച്ച് ആലോചിക്കുമ്പോൾ എനിക്ക് ദുഃഖം തോന്നുകയാണ്. ലോകത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനങ്ങൾ ഐതിഹാസികമായ ധീരോദാത്തമായ മുന്നേറ്റങ്ങൾ നടത്തിയ ചരിത്രമാണുള്ളത്. വർണ്ണ വിവേചനത്തിനെതിരായി, അടിമത്വത്തിനെതിരായി, തൊഴിലാളികളുടെ നേരെയുള്ള ചൂഷണത്തിനെതിരായി, രാഷ്ട്രീയപരമായും മറ്റെല്ലാ വിധത്തിലുമുള്ള വിവേചനത്തിനെതിരായി സ്ത്രീകളുടെ മോചനത്തിനായി, ലോകത്തുയർന്നു വന്നിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ പേര് ഈ സുഹൃത്തുക്കളുടെ പേരിലൂടെ കൂട്ടിച്ചേർക്കേണ്ടി വരുന്നത് വളരെയധികം ഭയനീയമാണ്. ഇടതുപക്ഷ പ്രസ്ഥാനം എന്ന ലോകത്തിലെ മഹത്തായ ആശയം ഇവരുടെ കൈയിലായിപ്പോയല്ലോ, ഇവിടെ അതിന്റെ പേര് ഉച്ചരിക്കാൻ കഴിയുന്നത് ഇവരിലൂടെയാണല്ലോ എന്നുള്ളതിൽ ഞാൻ ഖേദിക്കുകയാണ്. എന്താണ് ഇവരുടെ റോൾ? ഇടതുപക്ഷ മൂവ്മെന്റ് ലോകത്ത് ഉണ്ടാക്കിയ പരിവർത്തനമെന്ത്, ഇൻഡ്യയിൽ ഉണ്ടാക്കിയ പരിവർത്തനമെന്ത്, ഇവിടെ ഇവർ ചെയ്യുന്ന കാര്യമെന്ത്? ഈ രാജ്യത്തെ ജനങ്ങൾക്ക് എത്രയോ പ്രശ്നങ്ങൾ ഉണ്ട്. പ്രശ്നങ്ങൾ ഉള്ളപ്പോൾ ഇവരുടെ ഏർപ്പാടെന്ത്? ഇവർ പ്രക്ഷോഭണം നടത്തുന്നു. തൊഴിലില്ലായ്മ പരിഹരിക്കാനല്ല, നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനല്ല, കുവൈറ്റുകാരെ സ്വീകരിച്ചതിനെപ്പറ്റിയും പ്രീഡിഗ്രി ബോർഡ് രൂപീകരണത്തെപ്പറ്റിയും മാത്രമേ അവർക്ക് പ്രശ്നമുള്ളൂ. എത്രയെത്ര വലിയ കാര്യം നടക്കുന്നു ഈ രാജ്യത്ത്. അതിനെ കുറിച്ചൊന്നും മനസ്സിലാക്കാതെ ഈ ചെറിയ ബാലിശമായ കാര്യങ്ങൾ പൊക്കിപിടിച്ച് സമരം നടത്തുന്ന നിങ്ങളാണോ ഇൻഡ്യയിൽ ഇടതുപക്ഷ പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർ! ഞാൻ ഒന്നു പറയട്ടെ. ഇവരോട് സമാനമായിട്ട് ഒരൊറ്റ കഥാപാത്രമേ മലയാളമണ്ണിൽ ജനിച്ചിട്ടുള്ളൂ, "അപ്പുക്കിളി". പാലക്കാട്ടെ, കരിമ്പനത്തോട്ടങ്ങളുടെയും കരിമ്പാറകെട്ടുകളുടെയും പശ്ചാത്തലത്തിൽ കോളത്തിലെ അനുഗൃഹീത സാഹിത്യകാരൻ ഒ. വി. വിജയൻ നെയ്തെടുത്ത മനോഹരമായ ഒരു കൃതിയാണ് ഖസാക്കിന്റെ ഇതിഹാസം. ഇതിലെ കഥാപാത്രമാണ് അപ്പുക്കിളി. ആ നോവലിലെ എല്ലാ കഥാപാത്രങ്ങളും ഗൗരവതരങ്ങളായ ജീവിത സത്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ, വളരെയധികം സങ്കീർണ്ണമായ പ്രശ്നങ്ങളിൽ വിഹരിക്കുമ്പോൾ അപ്പുക്കിളിയുടെ ജോലി എന്താണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

തുറിയെ പിടിക്കുക, തുമ്പിയെ പിടിച്ച് നൂലിൽ കെട്ടുക, എന്നിട്ട് അതിനെ പറത്തിക്കുക, എന്നിട്ട് കൊച്ചു കുട്ടികളെപ്പോലെ തുടയിൽ തട്ടി തുള്ളിച്ചാടുക. ചത്ത ചിലന്തിയെ കൊണ്ടു വരിക, എന്നിട്ട് ഊതുക, അപ്പുക്കിളിയുടെ വിചാരം എന്തെന്നറിയാമോ, ഊതിയാൽ ചത്ത ചിലന്തിക്ക് ജീവൻ നൽകും എന്നാണ്. ആ അപ്പുക്കിളിയുടെ രാഷ്ട്രീയാവതാരമാണ് ഇവിടത്തെ മാർക്സിസ്റ്റ് പാർട്ടി. ഈ രാജ്യത്ത് എത്രയോ വലിയ മാറ്റങ്ങൾ നടക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കു നിർവ്വഹിക്കാനുള്ള രാഷ്ട്രീയ കടമകൾ മറന്ന് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് അവർ അപ്പുക്കിളിയെ പോലെ നിൽക്കുന്നു. വളരെ വിനീതമായിട്ട് ചോദിക്കട്ടെ ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ബേബിജോണിനെ പോലെയുള്ള വളരെ ഉന്നതൻമാരായിട്ടുള്ള ആളുകൾ—ഞാനിവിടത്തെ ഇടതു പക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കൻമാരെ ആക്ഷേപിക്കുന്നില്ല—ഈ രാജ്യത്ത് തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനു വേണ്ടി പങ്കു വഹിച്ചിട്ടുള്ളവർ, അവരുടെ മോചനത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ളവർ ആണെന്നുള്ള കാര്യം ഞാൻ നിഷേധിക്കുന്നില്ല. ഈ രാജ്യത്ത് സാമുദായിക സൗഹാർദ്ദം തകർത്തിട്ടുണ്ടെങ്കിൽ ഈ രാജ്യത്ത് പ്രാദേശിക വീക്ഷണങ്ങൾ ഉയർന്നിട്ടുണ്ടെങ്കിൽ അതിൽ ഒന്നാം പ്രതിയായിട്ട് നിൽക്കേണ്ടത് ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്ന് ഞാൻ പറയുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഈ കാലഘട്ടത്തിൽ നിർവ്വഹിക്കാനുള്ള രാഷ്ട്രീയമായ കടമകൾ മറന്നതിന്റെ ഫലമായി നിങ്ങളാണ് ഇവിടെ സ്പർദ്ധയുടെ വിത്തു വിതച്ചത്. നിങ്ങളാണ് ഇവിടെ വർഗ്ഗീയതയെ താലോലിച്ചത്; നിങ്ങളാണ് ഈ രാജ്യത്ത് ഉന്നത മൂല്യങ്ങൾ തകർക്കുന്നത് എന്ന് ഞാൻ പറയുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ വിശാലമായ ലക്ഷ്യങ്ങൾ എല്ലാം മറന്നിട്ട് സ്പർദ്ധ ഉണ്ടാക്കി, കുഴപ്പം ഉണ്ടാക്കി, ആളുകളെ തമ്മിൽ തല്ലിച്ചു, അതാണത്രേ ഇവരുടെ വിപ്ലവം, ലെനിനിസ്റ്റ് വിപ്ലവം, മാർക്സിസ്റ്റ് വിപ്ലവം, ലോക കമ്മ്യൂണിസ്റ്റ് നേതാക്കളുടെ വിപ്ലവം ഒക്കെ മറന്നിട്ട് ഈ രാജ്യത്ത് കുഴപ്പം ഉണ്ടാക്കുക, തെരുവിൽ കലാപം ഉണ്ടാക്കുക അതാണത്രേ ഇവരുടെ വിപ്ലവത്തിന്റെ പുതിയ ശൈലി, ഇവരെ കുറിച്ചുതന്നെയാണ് സഞ്ജയൻ ഒരിക്കൽ പറഞ്ഞത്. ഇവരുടെ വിപ്ലവ ശൈലി ആലോചിച്ചുകൊണ്ട് സഞ്ജയൻ ഒരിക്കൽ പറഞ്ഞത് ഇവിടെ ഉദ്ധരിക്കാൻ ഞാനാഗ്രഹിക്കുന്നു.

"പരസ്പരസ്പർദ്ധയിലാണുലകുത്തിനവശത്വ,
പരിഹാരമെന്നു കണ്ഠക്ഷോഭം ചെയ്യുന്നോരേ,
വിദ്വേഷക്കാറ്റുതിയൂതി വിപ്ലവത്തീ ജ്വലിപ്പിക്കാ-
നുദ്യമിക്കുമീർച്ചപ്പൊടിത്തലച്ചോറൻമാരേ
പട്ടിണിതൻ പൊറുതിക്കായ് നിണക്കൊടി പറപ്പിച്ച്
പട്ടണപ്രദക്ഷിണത്തിനൊരുങ്ങുന്നോരേ
സോദരരേ പതിക്കല്ലേ സോദരദ്രോഹികളായ തിര്യക് വർഗ്ഗത്തിൽ"

സ്വന്തം തത്വങ്ങളെ ബലികഴിച്ച് പരസ്പരം സ്പർദ്ധ ഉണ്ടാക്കി രാജ്യത്ത് കുഴപ്പം ഉണ്ടാക്കി അവരുടെ ഉദ്ദേശത്തിന്റെ നിലനിൽപ്പിനുവേണ്ടി പ്രവർത്തിക്കുകയാണ്: മഹാത്മാഗാന്ധി പറഞ്ഞതുപോലെ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാരാണ് കമ്മ്യൂണിസത്തിന്റെ ബദ്ധ വൈരികൾ. കമ്മ്യൂണിസത്തെ നശിപ്പിക്കുന്ന, രാജ്യത്തെ നശിപ്പിക്കുന്ന രാജ്യത്തെ എല്ലാ ഉന്നത മൂല്യങ്ങളെയും നശിപ്പിക്കുന്ന ധാർമ്മികമായിട്ട് ഇടതുപക്ഷം എന്ന പേര്

LIBRARY ARCHIVES Kerala Legislative Assembly

വിളിക്കാൻ പോലും അർഹത ഇല്ലാത്തവർക്ക് ധാർമ്മികമായി ഈ ഗവൺമെൻറിനെ വിമർശിക്കാൻ പോലും അർഹത ഇല്ല എന്നു ഇവിടെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഗവൺമെൻറിൻെറ ധനവിനിയോഗ ബില്ലിനെ ശക്തമായിട്ട് അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. കെ. ആറുമുഖൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുന്നു. ഈ ധനവിനിയോഗബിൽ പാസ്സായാൽ ഈ രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗപ്പെടുത്തുകയില്ല. നേരെമറിച്ച് ജനകീയസമരങ്ങളെ അടിച്ചമർത്താൻവേണ്ടി പോലീസ് സന്നാഹം ശക്തിപ്പെടുത്താൻവേണ്ടിയാണ് ഉപയോഗപ്പെടുത്തുക. ബാക്കിവരുന്ന സംഖ്യ അഴിമതിക്കാരായ മന്ത്രിമാർക്ക് വീതം വയ്ക്കുവാനും കൂടാതെ രാജ്യത്തെ ഒറ്റിക്കൊടുക്കുവാനും ആവശ്യമായ സാഹചര്യം സൃഷ്ടിക്കാൻമാത്രമേ ഈ ധനം ഉപയോഗപ്പെടുത്തുകയുള്ളു എന്നുള്ളതുകൊണ്ട് ഞാൻ അതിനെ ശക്തിയായി എതിർക്കുന്നു. ഈ ഗവൺമെൻറ് നടത്തിയ അഴിമതികളെക്കുറിച്ച് വിശദീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. നമ്മുടെ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഈ ഗവൺമെൻറിലെ മന്ത്രിമാർ നടത്തിയ അഴിമതിയെപ്പറ്റി വിശദമായ ഒരു റിപ്പോർട്ട് കൊടുത്തിരുന്നു. അതിനുപുറമേ ഈ നിയമസഭയേക്കുറിച്ചുതന്നെ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ചില മെമ്പർമാർ ഈ ഗവൺമെൻറിൻെറ അഴിമതിയെസംബന്ധിച്ച് ചൂണ്ടിക്കാണിച്ചതാണ്. അത്രയും അഴിമതിയെക്കുറിച്ച് വ്യക്തമായ അന്വേഷണം നടത്താനോ ഫലപ്രദമായ നടപടി സ്വീകരിക്കാനോ കഴിയാതെ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെൻറാണ് ഇവിടെ ഭരിക്കുന്നത്. അത് വീണ്ടും തുടരുന്നു. എങ്ങോട്ട്? ഈ മന്ത്രിമാരുടെ അഴിമതികാരണം നമ്മുടെ സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളും ഈ ഗവൺമെൻറിനോട് സഹകരിക്കാതിരിക്കാൻ തയ്യാറെടുത്തിരിക്കുന്നു. അവർ പ്രഖ്യാപനങ്ങളും നടത്തിയിരിക്കുന്നു. സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചതിൻെറ ഫലമായി നമ്മുടെ റേഷൻ മൊത്തവ്യാപാരം സ്വകാര്യവ്യക്തികൾക്ക് ഏൽപ്പിച്ചുകൊടുക്കാൻ തീരുമാനിച്ചു. സഹകരണസ്ഥാപനങ്ങൾക്ക് കൊടുത്തില്ല. അതിൻെറ ഫലമായി പാലക്കാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ ഈ ഗവൺമെൻറിനോട് സഹകരിച്ചില്ലെന്നു മാത്രമല്ല ഭവനനിർമ്മാണപദ്ധതികൾപോലും നടപ്പിലാക്കാൻകഴിയാത്ത നടപടികളിലേക്ക് നീങ്ങുമെന്നും ഓണച്ചന്തപോലും ബഹിഷ്കരിക്കുമെന്നുമുള്ള നിലയിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇത് എന്താണ് കാണിക്കുന്നത്? ഈ രാജ്യത്തെ സ്വകാര്യവ്യക്തികളെ പ്രോൽസാഹിപ്പിക്കുന്നതിലൂടെ ഗവൺമെൻറും മന്ത്രിമാരും അഴിമതി നടത്തിയതിൻെറ ഫലമായി സഹകരണസ്ഥാപനങ്ങൾപോലും ഈ ഗവൺമെൻറിനോട് സഹകരിക്കുകയില്ല എന്ന പ്രഖ്യാപനവുമായി മുന്നോട്ടുപോകുന്ന സ്ഥിതിയാണ് കാണുന്നത്. ഇത് കേട്ടാലും നമ്മുടെ മന്ത്രിമാർക്ക് സന്തോഷമാകും. കാരണം എങ്ങനെയെങ്കിലും ഭരിക്കുക, ഈ രാജ്യത്തെ സ്വകാര്യ വ്യക്തികളെ പ്രോൽസാഹിപ്പിക്കാൻവേണ്ടി അവരെ സഹായിക്കുക എന്നതിൻെറ പേരിൽ, അഴിമതി നടത്തുക എന്നതിൻെറ പേരിൽ നക്കാപിച്ചകൂലി സമ്പാദിക്കുക എന്ന നിലപാട് എടുത്തുകൊണ്ട് മുന്നോട്ടു പോകുന്ന ഈ ഗവൺമെൻറിനെപ്പറ്റി എന്തു പറയാനാണ്? അഴിമതിക്കാരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ഗവൺമെൻറ് എടുക്കുന്നത്. അതിന് ഏറ്റവും ഒടുവിലത്തെ ഉദാഹരണം ഞാൻ പറയാം. കോളേജ് പ്രവേശനത്തിൻെറ പേരിൽ കോളേജ് മാനേജുമെൻറുകൾക്ക് പരസ്യമായി കൈക്കൂലി വാങ്ങാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള അനുവാദം കൊടുത്ത ഗവൺമെന്റാണിത്. അഴിമതി പരിശോധിച്ച് നടപടിയെടുക്കുന്ന സിൻഡിക്കേറ്റിനെ സസ്പെൻഡ് ചെയ്തു നിറുത്തിയിരിക്കുന്നു ഈ ഗവൺമെന്റ്. ഈ അഴിമതി തടയാൻ പുനഃസംവിധാനമുണ്ടാക്കുന്നതിൽനിന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി ബോധപൂർവ്വം മാറിനിൽക്കുന്നു. പൊതുതാൽപ്പര്യത്തേക്കാൾ മന്ത്രിക്ക് സ്വകാര്യ വിദ്യാഭ്യാസക്കച്ചവടക്കാരോടുള്ള താൽപ്പര്യത്തെയാണ് ഇത് കാണിക്കുന്നത്. എന്തിനേറെ പറയുന്നു, നമ്മുടെ മുഖ്യമന്ത്രിയുടെ സ്വന്തം മണ്ഡലമായ മാളയിൽ ഒരു കാർമ്മൽ കോളേജുണ്ട്. ആ കാർമ്മൽ കോളേജിൽ പ്രീഡിഗ്രി പ്രവേശനത്തിനുവരുന്ന കുട്ടികളിൽനിന്നും അധികഫീസായി 69 രൂപവീതം ഈടാക്കുന്നു. യാത്രാ സൗകര്യത്തിനുവേണ്ടിയുള്ള ഐഡന്റിറ്റി കാർഡ് പുറത്തു സ്റ്റേഷനറി കടകളിൽ 25 പൈസക്ക് വിൽക്കുമ്പോൾ കാർമ്മൽ കോളേജിൽ അമ്പതു രൂപക്ക് വിൽക്കപ്പെടുന്നു. മറ്റു ചെലവുകൾ എന്ന പേരിൽ പുതിയ ഫീസ് 25 രൂപ എന്ന തോതിൽ ഓരോ വിദ്യാർത്ഥികളിൽനിന്നും വസൂലാക്കുന്നു. ഇവർക്കെതിരായി നടപടിയെടുക്കാൻ തയ്യാറുണ്ടോ? എങ്ങനെയാണ് നടപടിയെടുക്കുക? നടപടിയെടുത്താൽ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ മാളയാണ്. മറ്റു കാര്യങ്ങളിലേക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അവർക്കെതിരായിട്ട് നടപടിയെടുത്താലുണ്ടാകുന്ന ഭവിഷ്യത്തുകൾ മനസ്സിലാക്കിക്കൊണ്ട് നടപടിയെടുക്കാതെ അതിനെ പ്രോൽസാഹിപ്പിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് എടുക്കുന്നത്. ഇതാണ് വിദ്യാഭ്യാസരംഗത്തെ ഈ ഗവൺമെന്റിന്റെ നയം.

അതുപോലെ 'ഈ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്ത് ക്ഷേമപ്രവർത്തനം സംഘടിപ്പിച്ച്', 'വികസന പ്രവർത്തനം സംഘടിപ്പിച്ച് മുന്നോട്ടു പോകുന്നു. അഞ്ചാം വയസ്സിലേക്ക് കടന്നു' എന്നൊക്കെ ഭരണകക്ഷി മെമ്പർമാർ ഉടനീളം പ്രസംഗിക്കുന്നതു കേട്ടു. നമ്മുടെ കാർഷികമേഖല യാകെ തകർന്നു. പ്രത്യേകിച്ച് നെൽകൃഷി. നെൽകൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി, അതിനെ വളർത്തിക്കൊണ്ടു വരുന്നതിനുവേണ്ടി, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻവേണ്ടി ജനാർദ്ദനൻനായർ കമ്മീഷൻ ഒരു റിപ്പോർട്ട് കൊടുത്തിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ആ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള, ഈ രാജ്യത്തെ നെൽകൃഷിക്കാർക്ക് മുഴുവൻ രാസവളത്തിന് 50 ശതമാനം സബ്സിഡി കൊടുത്താൽ മാത്രമേ ഈ രാജ്യത്തെ നെൽകൃഷിക്കാരെ നിലനിറുത്താൻ കഴിയുകയുള്ളൂ എന്ന കാര്യം നടപ്പിലാക്കിയിട്ടില്ല. നമ്മുടെ സംസ്ഥാനമാണെങ്കിൽ ക്ഷ്യക്കമ്മിയുള്ള സംസ്ഥാനമാണ്. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമുള്ള നിലപാട് സ്വീകരിക്കുന്നതിനുപകരം ആ മേഖലയെ തരിശാക്കാൻവേണ്ടിയുള്ള നടപടിക്രമമാണ് ഈ ഐക്യജനാധിപത്യ മുന്നണി തുടരുന്നത്. അതിന്റെ ഫലമായി നെൽകൃഷിയുടെ ഏരിയാ കുറഞ്ഞു വരുന്നു. ആരും നെൽകൃഷി ചെയ്യാൻ തയ്യാറാകുന്നില്ല. അതുമാത്രമല്ല വരൾച്ച വന്നാലും വെള്ളപ്പൊക്കമുണ്ടായാലും ഏറ്റവും കൂടുതൽ ബാധിക്കുന്നത് നെൽകൃഷിക്കാരെയാണ്. വെള്ളപ്പൊക്കമുണ്ടായാലും നെൽകൃഷി നശിക്കും, വരൾച്ചയുണ്ടായാലും നെൽകൃഷി നശിക്കും. അങ്ങനെ നശിക്കുന്ന കൃഷിക്കാരെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള നിലപാട് എടുക്കാൻ ഈ മുന്നണിഗവൺമെന്റ് ഇന്നേവരെ തയ്യാറായിട്ടില്ല. ഈ രാജ്യത്തെ നെൽകൃഷിക്കാർക്ക് അണക്കെട്ടുകളിൽനിന്നും വെള്ളം വിട്ടുകൊടുക്കുന്നു. നെൻമണി ഉറയ്ക്കുന്ന കാലഘട്ടത്തിൽ വെള്ളം കിട്ടാതെ വരുന്നതിന്റെ ഫലമായി നെൽകൃഷി ഉണങ്ങുന്നു. ഇങ്ങനെ ഉണങ്ങുന്ന

LIBRARY ARCHIVES Kerala Legislative Assembly

നെൽകൃഷിയെ സംരക്ഷിക്കാൻ ഭൂഗർഭജലം ആ വയലുകളിൽ കണ്ടുപിടിച്ച് കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കണം. കുട്ടനാടൻപ്രദേശങ്ങളിൽ വെള്ളം വറ്റിച്ച് കൃഷി നടത്താൻ സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതുപോലെതന്നെ പാലക്കാട് ജില്ലയിലെ കൃഷി മേഖലകളിൽ ഭൂഗർജ്ജലം കണ്ടുപിടിച്ച് കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുവാനാവശ്യമായിട്ടുള്ള നടപടികളും സ്വീകരിച്ചുകൊണ്ട് കൃഷിക്കാരെ സഹായിക്കാനാവശ്യമായിട്ടുള്ള നയം രൂപീകരിക്കാൻ, അങ്ങനെയുള്ള പ്രവർത്തനം സംഘടിപ്പിക്കാൻ ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് തയ്യാറാകുന്നില്ല. ഏറ്റവും കൂടുതൽ വരൾച്ച ബാധിച്ച ഒരു പ്രദേശമാണ് പാലക്കാട് ജില്ല. അവിടത്തെ നെൽകൃഷിക്കാർക്ക് സാമ്പത്തികസഹായം ഇന്നേവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. വാഴകൃഷി ചെയ്യാത്ത, മറ്റു കൃഷികളും ചെയ്യാത്ത കൃഷിയുടമകൾക്കാണ് സാമ്പത്തികസഹായം കൊടുത്തത്. പാലക്കാട് ഡി. ഡി. സി. യിൽ പാലക്കാട് ജില്ലയിലെ മുഴുവൻ എം. എൽ. എ. മാരും അത് ചൂണ്ടിക്കാണിച്ചുകൊടുത്തു. അതിനെക്കുറിച്ച് അന്വേഷിക്കണമെന്നു പറഞ്ഞു. യഥാർത്ഥത്തിൽ കൃഷിയുണങ്ങിപ്പോയ ആളുകളെ സഹായിക്കുന്നതിനുപകരം കൃഷി ചെയ്യാത്ത, കൃഷിയില്ലാത്ത ആളുകൾക്ക് സാമ്പത്തികസഹായം കൊടുത്ത നാണംകെട്ട പ്രവർത്തനമാണ് വരൾച്ചയുടെ പേരിൽ ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ചെയ്തത്. വരൾച്ചയുടെ പേരിൽ ഈ ഗവൺമെൻറ് ഒരു കാര്യം ചെയ്തു. രണ്ടു ദിവസത്തിലൊരിക്കൽ രണ്ടു ബക്കറ്റ് വെള്ളം കൊടുക്കുന്ന പ്രവർത്തനം ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് നടപ്പിലാക്കി. നേരേമറിച്ച് ദിവസേന വെള്ളം കൊടുക്കുന്നതിനാവശ്യമായ പ്രവർത്തനം സംഘടിപ്പിച്ചില്ലെന്നുമാത്രമല്ല ഈ രാജ്യത്തെ കൃഷിക്കാരെ ഏറ്റവുംകൂടുതൽ പാപ്പരാക്കുന്ന നിലപാട് എടുക്കുകയും ചെയ്തു. വിളയിറക്കുന്ന കാലഘട്ടത്തിൽ ആ കൃഷിക്കാരെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള യാതൊരുവിധ സാമ്പത്തിക സഹായങ്ങളും ഈ ഗവൺമെൻറ് ചെയ്തിട്ടില്ല. നേരേമറിച്ച് വിള ഇൻഷ്വറൻസിൻെറ പേരിൽ കേന്ദ്ര ഗവൺമെൻറ് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആ വിള ഇൻഷ്വറൻസ് നമ്മുടെ നാട്ടിലെ കൃഷിക്കാർക്ക് യോജിച്ചതാണോ? പ്രത്യേകിച്ചും പാലക്കാട് ജില്ലയിലെ കൃഷിക്കാർക്ക് യോജിച്ചതാണോ? അല്ല. ഈ രാജ്യത്തെ ഒരു താലൂക്ക് മുഴുവനോ ഒരു പഞ്ചായത്ത് മുഴുവനോ, ഒരു പ്രദേശം മുഴുവനോ നശിച്ചാൽ മാത്രമേ വിള ഇൻഷ്വറൻസിൻെറ പ്രയോജനം കിട്ടുകയുള്ളൂ എന്നു പറഞ്ഞാൽ ഇത് എന്ത് ഇൻഷ്വറൻസാണ് സർ? ലൈഫ് ഇൻഷ്വറൻസ്പോലെതന്നെ വിള ഇൻഷ്വറൻസും ഈ രാജ്യത്തെ കൃഷിക്കാരന് കിട്ടാനുതകുന്ന സ്ഥിതിയിലേക്ക് എത്തിയാൽമാത്രമേ വിള ഇൻഷ്വറൻസ് പദ്ധതികൊണ്ട് പ്രയോജനമുണ്ടാവുകയുള്ളൂ.

നമ്മുടെ സംസ്ഥാനത്തെ കർഷകത്തൊഴിലാളി പെൻഷൻെറ കുടിശ്ശിക ഇനിയും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടില്ല. 1982-ൽ ഇതിന് അപേക്ഷ കൊടുത്തിട്ടുള്ള 50,000-ാളം വരുന്ന അപേക്ഷകർക്ക് ഇന്നേവരെ പരിശോധിച്ച് അർഹതപ്പെട്ട കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല. ഇന്നിപ്പോൾ കർഷകത്തൊഴിലാളികൾക്ക് 45 രൂപയാണ് പെൻഷൻ കൊടുക്കുന്നത്. അത് 75 രൂപയാക്കി ഉയർത്തി ഈ രാജ്യത്തെ അർഹതപ്പെട്ട മുഴുവൻ കർഷകത്തൊഴിലാളികൾക്കും നിയമപ്രകാരം അതാതു മാസങ്ങളിൽത്തന്നെ എത്തിച്ചുകൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കർഷകത്തൊഴിലാളികളുടെ പ്രൊവിഡൻറ് ഫണ്ടോ ക്ഷേമനിധിയോ നടപ്പിലാക്കാനാവശ്യമായ പ്രവർത്തനം ഇന്നേവരെ ഈ ഗവൺമെൻറ് നടത്തിയിട്ടില്ല. ഈ മുന്നണി അഞ്ചാം വയസ്സിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കടക്കുന്നു എന്നു പറഞ്ഞുകൊണ്ട് നടക്കുന്ന ആളുകളോട്, ഞാൻ ചോദിക്കുകയാണ്, ഈ രാജ്യത്തെ കർഷകത്തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നിലപാടെടുക്കാൻ ഇന്നേവരെ ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ? ഈ രാജ്യത്തെ കർഷകത്തൊഴിലാളികളേയും ദുർബ്ബലജനവിഭാഗങ്ങളേയും ഏറ്റവും കൂടുതൽ പാപ്പരാക്കുന്ന നയമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. വിദ്യാഭ്യാസാനുകൂല്യത്തിനുവേണ്ടി ഫീസ് ഇളവു ചെയ്തുകൊടുക്കുന്നതിനുള്ള വരുമാനപരിധി 12,000 രൂപയിൽനിന്ന് 20,000 രൂപയാക്കി ഉയർത്തിയെന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചുവെങ്കിൽപ്പോലും ജില്ലാകളക്ടർക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ് വരുമാന സർട്ടിഫിക്കറ് കൊടുക്കുരുതെന്ന്. ഇവിടെ പ്രഖ്യാപനം ഒന്ന്, പ്രവർത്തനം മറെറാന്ന്. ഈ രാജ്യത്തെ വിദ്യാർത്ഥികളെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള നിലപാടല്ല എടുക്കുന്നത്. ഈ രാജ്യത്ത് ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസിൽ ബി. ഡി. സി. ഇല്ലാത്തതിൻെറ പേരിൽ കോൺഗ്രസ് 'ഐ' യുടെ ഓഫീസായി അധഃപതിച്ചിരിക്കുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്തെ എൻ.ആർ.ഇ.പി., ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പ്രവർത്തനങ്ങളും വിലയിരുത്തുന്ന കമ്മിറ്റികളിൽ ഈ രാജ്യത്തെ കോൺഗ്രസ് ഐ-യുടെ ഭരണകക്ഷിയിൽപെട്ട ഹരിജൻമെമ്പറെമാത്രം ഉൾപ്പെടുത്തിക്കൊണ്ട് കോൺഗ്രസ്സിൻെറ സ്വകാര്യസ്വത്താക്കിമാറ്റിക്കൊണ്ട് എന്തു അഴിമതിയും ചെയ്തു മുന്നോട്ടുപോകാനുള്ള നിലപാടാണ് ഈ മുന്നണി ഗവൺമെൻറ് എടുത്തിട്ടുള്ളത്. ഈ ക്ഷേമപ്രവർത്തനങ്ങളൊന്നുംതന്നെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. അതുപോലെ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള യാതൊരുവിധ പ്രവർത്തനവും നടത്തുന്നില്ല. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും കൈമുതലാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെൻറിനുവേണ്ടി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ഞാൻ ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ സഭയിലെ മുഴുവൻ പ്രതിപക്ഷ മെമ്പർമാരും സംസാരിച്ചപ്പോഴും പറഞ്ഞത് മുഴുവൻ

1 P.M.] ശ്രീ. ആറുമുഖവും പറഞ്ഞു. അതിനപ്പുറത്തൊന്നും പറഞ്ഞിട്ടില്ല. അതിനു ശേഷമായി ഇവിടെ സംസാരിച്ചത് ബഹുമാനപ്പെട്ട ശ്രീ. ബേബിജോണും ബഹുമാന്യനായ ശ്രീ. ചന്ദ്രശേഖരനുമാണ്. ബഹുമാനപ്പെട്ട ശ്രീ. ബേബി ജോൺ പറഞ്ഞു, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒരു നേട്ടവും കൈവരിച്ചിട്ടില്ലെന്ന്. മാത്രമല്ല, വിലക്കയറ്റംകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതംതന്നെ ദുസ്സഹമാക്കത്തക്ക പ്രവർത്തനങ്ങളാണ് ഈ ഗവൺമെൻറ് നടത്തിയതെന്നാണ്. ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞത്, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തച്ചടി പ്രഭാകരൻെറ പ്രസ്താവനയോടുകൂടി ഇവിടെ അവതരിപ്പിച്ച മിച്ച ബഡ്ജറ് കമ്മി ബഡ്ജറായി മാറിയിരിക്കുന്നു എന്നാണ്. ഈ രണ്ട് കാര്യങ്ങളല്ലാതെ വേറെയൊന്നും പറയാൻ ഇല്ല. ശ്രീ. ചന്ദ്രശേഖരൻ കടത്തി ഒന്നുകൂടി പറഞ്ഞു. പി.ഡബ്ല്യു.ഡി. ബോർഡ് സമരം, അതുകൂടി പറഞ്ഞ് അവസാനിപ്പിച്ചു. അതിൻെറ നേട്ടമോ കോട്ടമോ ഒന്നും അദ്ദേഹം പറഞ്ഞിട്ടില്ല. ഒരു കാര്യം ആലോചിക്കാനുണ്ട്. 1982 മേയ് മാസത്തിൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായി ചാർജെടുക്കുമ്പോൾ നമ്മുടെ സംസ്ഥാന ഖജനാവിൻെറ നില എന്തായിരുന്നുവെന്ന് ആലോ

LIBRARY ARCHIVES Kerala Legislative Assembly

ചിക്കേണ്ടതാണ്. ശ്രീ. നായനാർക്ക് അതെല്ലാം അറിയാം. ശ്രീ. ബേബി ജോണിനും അറിയാം. 140-ഓളം കോടി ഉറുപ്പിക ഓവർ ഡ്രാഫ്റ്റ് ഉള്ള ഒരു ഗവൺമെന്റിന്റെ ചുമതല ഏറ്റെടുത്തുകൊണ്ടാണ് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായി അധികാരത്തിലേക്ക് കടന്നു വന്നത്. ആ സാഹചര്യം മാറി, ഈ കഴിഞ്ഞ നാലുവർഷക്കാലത്തെ ഭരണംകൊണ്ട് ജനങ്ങളാഗ്രഹിച്ച രീതിയിലുള്ള ഭരണം കാഴ്ച വയ്ക്കുകയും ക്രമസമാധാന രംഗത്ത് മാന്യമായ നിലയിൽ ജീവിക്കുവാനുള്ള സാഹചര്യം സാധാരണക്കാരായ ജനങ്ങൾക്ക് നൽകുകയും ചെയ്തതിനു ശേഷം വികസനപ്രവർത്തനങ്ങളുടെ കാര്യങ്ങളിൽ സർവ്വകാല റിക്കാർഡുകളും ഭേദിച്ചുകൊണ്ട് ഈ ഗവൺമെന്റ് നാലു വർഷക്കാലം ഭരിക്കുകയും ചെയ്തു. ബഡ്ജറ്റ് മിച്ച ബഡ്ജറാണെന്ന് പറഞ്ഞതിൽ ആർക്കാണ് തർക്കം? 140 കോടി രൂപ ഓവർ ഡ്രാഫ്റ്റോടുകൂടി അധികാരത്തിൽ വന്ന ശ്രീ. കരുണാകരൻ ഗവൺമെന്റ് ഇപ്പോഴും നിൽക്കുന്നത്; ഇന്നലത്തെ കണക്കുകൂടി അനുസരിച്ച് 54 കോടി ഉറുപ്പിക റിസർവ്വ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തുകൊണ്ടാണ് . എന്നിട്ടും നിങ്ങൾ പറയുന്നു കമ്മി ബഡ്ജറാണ് അവതരിപ്പിച്ചതെന്ന്. എനിക്ക് പ്രതിപക്ഷത്തോട് അപേക്ഷിക്കാനുള്ളത്, നിങ്ങൾ ദയവുചെയ്ത് ഇത്തരത്തിലുള്ള പ്രചാരണം ഇന്ന് അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തന്നെ പറഞ്ഞു മിച്ച ബഡ്ജറ് മിച്ച ബഡ്ജറ് തന്നെയാണ്, അതിന് തർക്കമില്ലെന്ന്. വളരെ ശക്തിയായി ഇന്നലെ നമ്മുടെ പുതിയ ധനകാര്യമന്ത്രി ശ്രീ. തച്ചടി പ്രഭാകരൻ പ്രഖ്യാപിച്ചത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ശ്രീ. പൂജാരി പറഞ്ഞത് ഞങ്ങളാരും നിഷേധിക്കുന്നില്ല. ഞങ്ങൾ എതിർക്കുന്നുമില്ല. ശ്രീ. പൂജാരി പറഞ്ഞ ആസ്പെക്ട് എടുത്ത് നോക്കുമ്പോൾ ശരിയാണ്. മറ്റ് സംസ്ഥാനങ്ങളിലെ ബഡ്ജറുമായി താരതമ്യപ്പെടുത്തുമ്പോൾ കഴിഞ്ഞ അഞ്ചിട്ടു വർഷക്കാലമായി കേരള സംസ്ഥാനം അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ് എടുത്തു പരിശോധിച്ചാൽ ശ്രീ. കെ. എം. മാണി ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറും അതേ രീതിയിൽ തന്നെയാണെന്നു കാണാൻ സാധിക്കും. അങ്ങനെയാണെങ്കിൽ ഇത് മിച്ച ബഡ്ജറ് ആണെന്നുള്ളതു നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നമ്മുടെ ധനകാര്യവകുപ്പ് ശ്രീ. മാണി കൈകാര്യം ചെയ്തത് മോശമായതുകൊണ്ടാണല്ലോ മുഖ്യമന്ത്രി അതിൽനിന്ന് ശ്രീ. മാണിയെ മാറ്റി ശ്രീ. തച്ചടി പ്രഭാകരന്റെ കൈയിലേക്ക് കൊടുത്തത്. അതിനെപ്പറ്റി വല്ല അഭിപ്രായവും ഇണ്ടോ?

ശ്രീ. പി. സി. ജോർജ്ജ്: സർ, ഞാൻ അത് വിശദീകരിക്കാനാഗ്രഹിക്കുന്നില്ല. കാരണം എനിക്ക് സമയം കുറവാണ്. ഞങ്ങൾ ഒരു ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണ്. അതുകൊണ്ട് ഞങ്ങൾക്ക് തോന്നുന്ന കാര്യങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ചർച്ചചെയ്യും. നിങ്ങളാരും ഇതിൽ വിഷമിക്കേണ്ട. പക്ഷേ കേരളാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ കാഴ്ചപ്പാടിൽ ഞങ്ങളുടെ കൈവശമുള്ള വകുപ്പുകളും ഞങ്ങൾ കൊടുത്ത വകുപ്പുകളുമൊക്കെ താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും മാന്യവും അഭിമാനകരവുമായിട്ടാണ് ഞങ്ങളുടെ നീക്കം എന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. ശ്രീ. ബാലകൃഷ്ണപിള്ള എന്നുപറയാൻ നിങ്ങൾക്ക് ഭയമായിരുന്നു. അദ്ദേഹത്തെ കേന്ദ്ര വിഭജനാക്കി കൊണ്ട്, രാഷ്ട്രീയത്തിൽ നിന്ന് തേജോവധം ചെയ്യാൻ നിങ്ങൾ ശ്രമിച്ചു. നിങ്ങൾ മാത്രമല്ല പലരും ശ്രമിച്ചു. ഇന്ന് ആ ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

എവിടെയാണ്? ആ ബാലകൃഷ്ണപിള്ള ഇപ്പോഴും ഐക്യജനാധിപത്യ മുന്നണിയിലെ പ്രഗൽഭനായ മന്ത്രിയായി അധികാരത്തിൽ വന്നിരിക്കുകയാണ്. നിങ്ങളും അത് മനസ്സിലാക്കണം. ഞാൻ അതിന്റെ ചർച്ചയിലേക്ക് പോകുന്നില്ല. ഞാൻ പറഞ്ഞുവന്നത് ഈ 4 വർഷക്കാലത്തെ ഭരണംകൊണ്ട് ഈ മുന്നണിയിൽ ഒന്നും നടന്നില്ലെന്ന് ശ്രീ. ബേബി ജോൺ പറഞ്ഞതിന് മറുപടിയായിട്ട് പറഞ്ഞതാണ്. കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട ശ്രീ. തച്ചടി പ്രഭാകരൻ ഒരു പ്രസ്താവന നടത്തി. അദ്ദേഹം പറഞ്ഞു കഴിഞ്ഞ കാലങ്ങളിൽ കൊടുക്കുവാനുള്ളതുൾപ്പെടെ മുഴുവൻ പെൻഷനുകളും രണ്ടുമാസത്തിനകം കൊടുത്തു തീർക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന്. പണമില്ലെന്നാണോ നിങ്ങൾ പറയുന്നത്? നിങ്ങൾ പറയുന്നു കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തില്ല, വിധവാ പെൻഷൻ കൊടുത്തില്ല, മറ്റേ പെൻഷൻ കൊടുത്തില്ല, മറ്റച്ച പെൻഷൻ കൊടുത്തില്ല എന്നൊക്കെ. അത് മുഴുവൻ കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഒരു കാരണവശാലും അത് പെൻഡിംഗ് ആയിട്ട് ഇടേണ്ട കാര്യമില്ല. രണ്ടുമാസത്തിനകം മുഴുവൻ കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു എന്നാണ് മന്ത്രി പറഞ്ഞത്. നിങ്ങൾ അത് കാണുകയില്ല. നിങ്ങൾക്ക് ഒരിക്കലും നല്ല കാര്യം കാണാൻ കഴിയുകയില്ല. അതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. അതുകൊണ്ട് നല്ലത് ചെയ്യുന്നതിനെ നല്ലതായി കാണുവാൻ നിങ്ങളെപ്പോലുള്ള നേതാക്കൻമാരെങ്കിലും ശ്രമിക്കണമെന്ന് മാത്രമേ ഞങ്ങൾക്ക് അപേക്ഷയുള്ളൂ.

സർ, എനിക്ക് പ്രീ-ഡിഗ്രി ബോർഡിനെപ്പറ്റി ഒരു അഭിപ്രായം പറയാനുണ്ട്. ഈ നിയമസഭാ സമ്മേളനം തുടങ്ങുമ്പോൾ മുതൽ ആ പ്രശ്നം ഉണ്ടായിരുന്നു. ഇന്ന് സംസാരിച്ചപ്പോഴും ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ അതിനെപ്പറ്റി പറയുന്നത് കേട്ടു. എനിക്ക് വിനീതമായി പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷ മെമ്പർമാരോടും ഒരു അപേക്ഷയുണ്ട്, ഈ പ്രീ-ഡിഗ്രി ബോർഡ് ചർച്ച ഒന്ന് അവസാനിപ്പിക്കണം. അതിനെപ്പറ്റി രണ്ട് അടിയന്തിരപ്രമേയം, രണ്ട് കാളിംഗ് അറ്റൻഷൻ, നാലോ അഞ്ചോ സബ്മിഷൻ ഇത്രയും ഈ സഭയിൽ വന്നതാണ്. ഈ സംസ്ഥാനത്തെ ജനങ്ങൾ മുഴുവൻ ഇത് ചർച്ചചെയ്തതാണ്; പത്രങ്ങളിൽ മുഴുവൻ എഴുതിയതാണ്. +2-വിനെ നിങ്ങൾ ആരും എതിർക്കുന്നില്ലെന്നു പറയേണ്ട ഗതികേടിലേക്ക് നിങ്ങൾ വന്നു. ആദ്യം നിങ്ങളുടെ നയമെന്തായിരുന്നു? ഇവിടത്തെ പാവപ്പെട്ട അദ്ധ്യാപകരേയും യൂണിവേഴ്സിറ്റിയിലെ ജീവനക്കാരേയും മുഴുവൻ തെരുവിലേക്ക് ഇറക്കിവിട്ട് അതിലൂടെ രാഷ്ട്രീയ മുതലെടുപ്പ് നടത്തുവാനുള്ള നികൃഷ്ടമായ ശ്രമമായിരുന്നു. അതിന്റെ പരിണിതഫലമാണ് നിങ്ങൾ അനുഭവിച്ചത്. +2-വിനെ എതിർക്കാൻ നിങ്ങൾ തയ്യാറായി. നിങ്ങൾ എതിർത്തു. പിന്നെ അത് അംഗീകരിക്കാൻ തയ്യാറായി. ഇപ്പോൾ എന്താണ് ആകെയുള്ള പ്രശ്നം? സർ, +2 പ്രശ്നമുണ്ടാക്കി ആരാണ് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയത്? ഇന്ന് റിസൾട്ട് വരാതിരിക്കുന്നതിൽ എനിക്കും വേദനയുണ്ട്. ആയിരക്കണക്കിന് വരുന്ന വിദ്യാർത്ഥികളേയും, അതുപോലെ അവരുടെ രക്ഷിതാക്കളേയും തീരാ ദുഃഖത്തിലാക്കി. രക്ഷിതാക്കളുടെ സമ്പാദ്യം എന്നുപറയുന്നത് തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസമാണ്. അത് ഈ നിലയിലായിപ്പോകുന്നതിൽ എനിക്കും വേദനയുണ്ട്. ഈ നിയമസഭയിലെ ഒരംഗം എന്നുള്ള നിലയിൽ എനിക്ക് ഗവൺമെന്റിനോടും പ്രതിപക്ഷത്തോടും അപേക്ഷിക്കാനുള്ളത്, അടഞ്ഞ ഒരു അദ്ധ്യായമായി കണക്കാക്കി ഇതിൽ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങളും ഉണ്ടെങ്കിൽ എല്ലാവരുമായിട്ട് ചർച്ചചെയ്തു പരിഹരിക്കണമെന്നാണ്. ഈ പ്രീ—ഡിഗ്രി ബോർഡ് ചർച്ച ഇവിടെ അവസാനിപ്പിക്കണം. ഈ സംസ്ഥാനത്തു ജനങ്ങൾക്ക് എന്തെങ്കിലുമൊരു ചെറിയ സംശയമുണ്ടെങ്കിൽ ആ സംശയം ദൂരീകരിക്കുവാനുള്ള നടപടി സ്വീകരിച്ചേ മതിയാകൂ. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അതിനു അനുകൂലമായ തീരുമാനമെടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് എനിക്ക്, പറയാനുള്ളത്. അതുപോലെതന്നെ ഇന്ന് പ്രീ—ഡിഗ്രി റിസൽട്ട് വന്നിട്ടില്ല. ഈ റിസൽട്ടിനെ സംബന്ധിച്ച് പറയുമ്പോൾ റിസൽട്ട് ബോഗസാണെന്ന ആരോപണം ഈ സംസ്ഥാനത്ത് പ്രതിപക്ഷം ബുദ്ധിപരമായി ഉയർത്തിവിട്ടിരിക്കുന്നു. അപാകതകൾ ഉണ്ടെന്ന വിശ്വാസം എനിക്കുമുണ്ട്. അതിൽ ഞാൻ തർക്കിക്കുന്നില്ല. എന്റെ അഭിപ്രായം ജയിച്ച വിദ്യാർത്ഥികൾക്കുപോലും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതരത്തിലാണ് ഈ ഫലപ്രഖ്യാപനം. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്ക് ഇവിടത്തെ സർട്ടിഫിക്കറ്റുമായി ചെല്ലുമ്പോൾ ഈ സർട്ടിഫിക്കറ്റുകൾ കള്ള സർട്ടിഫിക്കറ്റുകളാണെന്ന പേരുദോഷം ഉണ്ടാക്കിത്തീർത്ത് പാവപ്പെട്ട ആ വിദ്യാർത്ഥികളെ നശിപ്പിക്കുന്ന ശ്രമം നടത്തരുതെന്ന അഭ്യർത്ഥന എനിക്കുണ്ട്. പ്രതിപക്ഷത്തിന്റെ ഈ ശ്രമം അവസാനിപ്പിക്കണം. എത്രയുംവേഗം നല്ല രീതിയിൽ ഈ പ്രശ്നം അവസാനിപ്പിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം നടത്തണമെന്ന അഭിപ്രായംകൂടി എനിക്കുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരള കോൺഗ്രസ്സിന്റെ അഭിപ്രായം എപ്പോഴും എവിടേയും പറഞ്ഞിട്ടുണ്ട്. ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം അനുസരിച്ച് പോകുന്നവരാണ്; ആരുടേയും അഭിപ്രായം കേട്ട് പോകുന്നവരല്ല. ഒരു ഉദാഹരണം പറയാം. കേന്ദ്രവിരുദ്ധമാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ പറയട്ടെ. എനിക്ക് അതിൽ വിരോധമില്ല.

സർ, ഇൻഡ്യയിൽ ഇന്ന് റബ്ബറിന്റെ വിലയിടിവിനെപ്പറ്റി പറഞ്ഞപ്പോൾ പ്രതിപക്ഷവും ഭരണപക്ഷവും ഈ രാജ്യത്തെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും കൂടി കേരളാ കോൺഗ്രസ്സുകാരെ റബ്ബർ മുതലാളിമാരുടെയും കായൽ രാജാക്കൻമാരുടെയും പാർട്ടിയെന്ന് പറഞ്ഞ് ആക്ഷേപിച്ചിരുന്നു. പക്ഷേ അതിൽനിന്ന് പ്രതിപക്ഷം ഇന്ന് മാറിയിരിക്കുന്നു. ഒന്നുരണ്ട് ഏക്കർ ഭൂമിയുള്ള പാവപ്പെട്ട റബ്ബർ കർഷകനുവേണ്ടി സംസാരിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറായിരിക്കുന്നു. റബ്ബറിന് വിലയിടിവ് ഉണ്ടായപ്പോൾ, നാളികേരത്തിന് വിലയിടിവ് ഉണ്ടായപ്പോൾ, നാളികേരക്കൃഷിക്കാർ ബുദ്ധിമുട്ടിയപ്പോൾ അവർക്കുവേണ്ടി കേരളാ കോൺഗ്രസ്സുകാർ സമരം ചെയ്തു. അത് കേന്ദ്ര വിരുദ്ധസമരമല്ല. അത് കേന്ദ്ര വിരുദ്ധസമരമാണെങ്കിൽ ഹരിയാനയിൽ ശ്രീ. ഭജൻലാൽ ചെയ്യുന്നത് കേന്ദ്ര വിരുദ്ധസമരമാണോ? ഗുജറാത്തിൽ ശ്രീ. അമൃത്സിംഗ് ചൗധരി ചെയ്യുന്നത് കേന്ദ്രവിരുദ്ധ സമരമാണോ? ബംഗാളിൽ ശ്രീ. പ്രിയരഞ്ജൻദാസ് മുൻഷി ചെയ്യുന്നത് കേന്ദ്രവിരുദ്ധ സമരമാണോ? കേന്ദ്രം എന്നു പറയുന്നത് നമ്മുടെ അമ്മയാണ്. അവരുടെ മുന്നിൽ കരഞ്ഞുകൊണ്ട് ചെന്നുചോദിക്കുവാനുള്ള അവകാശം നമുക്കുണ്ട്, കേരളത്തിലെ ജനങ്ങൾക്കുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞിക്കണ്ണന്റെ പ്രസംഗത്തെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾക്ക് അതിനോട് അനുഭാവമുണ്ട്. അതുകൊണ്ട് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. റബ്ബർ കർഷകരുടെ കാര്യം പറയുമ്പോൾ ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. ഇൻഡ്യയിൽ ഇതുവരേയും സീലിംഗ് പ്രൈസ് ഒരു കാർഷിക ഉൽപ്പന്നത്തിനും ഏർപ്പെടുത്തിയിട്ടില്ല. ഇൻഡ്യയിൽ ഒരു ഉൽപ്പന്നത്തിനും സീലിംഗ് പ്രൈസ് ഫിക്സ് ചെയ്തിട്ടില്ല.

പാവപ്പെട്ട റബ്ബർ കർഷകരുടെ മുതുകത്തിടിക്കാൻ, വയറ്റത്തടിക്കാൻ അവരെ കൊല്ലാൻ ഡൽഹിയിലിരിക്കുന്ന നാണംകെട്ട റബ്ബർ ലോബി ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്: ആ റബ്ബർ ലോബിയുടെ പരിശ്രമത്തിന്റെ ഭാഗമായി റബ്ബറിന് മാക്സിമം പ്രൈസ് 16 രൂപയാക്കി ഫിക്സ് ചെയ്യാനും സീലിംഗ് പ്രൈസ് ഏർപ്പെടുത്തുന്നതിനുമുള്ള തീരുമാനമെടുത്തതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഐക്യജനാധിപത്യമുന്നണിയോടൊപ്പം ഈ കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും പ്രതിപക്ഷത്തെയും ഞാൻ ക്ഷണിക്കുന്നു. കേന്ദ്രത്തിന്റെ മുമ്പിൽ ഈ വസ്തുത മനസ്സിലാക്കിച്ചുകൊണ്ട് കേരളത്തിലെ റബ്ബർ കൃഷിക്കാരെ രക്ഷിക്കാനുള്ള നടപടിയുമായിട്ട് മുന്നോട്ടുപോകണമെന്നു മാത്രമാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്. ഇത് കേരളാ കോൺഗ്രസ്സിന്റെ മാത്രം അഭിപ്രായമല്ല. കേരളത്തിലെ റബ്ബർ കർഷകരോട് സ്നേഹവും ആത്മാർത്ഥതയുമുള്ള സകലയാളുകളും ഇക്കാര്യത്തിൽ യോജിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ 'ശ്രീ. കെ. പി. എ. മജീദ്')

ശ്രീ. കെ. ടി. കുമാരൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഇവിടെ അപ്പുറത്തുനിന്നും സംസാരിച്ച പലയാളുകളും ഇപ്പുറത്തിരിക്കുന്ന ഞങ്ങളെപ്പറ്റിയാണ് പറഞ്ഞത്. അവരുടെ എല്ലാ പ്രാഗൽഭ്യത്തോടുകൂടിയുമാണ് അവർ രാഷ്ട്രീയവിമർശനം നടത്തിക്കൊണ്ടിരുന്നത്. എനിക്കുമുമ്പായി സംസാരിച്ച കോൺഗ്രസ്സിലെ രാമചന്ദ്രൻ മാസ്റ്ററും മുസ്ലീംലീഗിലെ ബഷീറുമൊക്കെ വളരെ വിമർശനങ്ങളും തൊടുത്തുവിടുകയുണ്ടായി. ബഷീർ നല്ലൊരു വാചാലനായ കാബറേ പ്രസംഗം നടത്തി. ഞാൻ ബഷീറിനോട് ഒരു കാര്യം ചോദിക്കുകയാണ്. മാവൂർ റയോൺസിൽ അദ്ദേഹം നയിക്കുന്ന ഒരുവിഭാഗം തൊഴിലാളികളുണ്ട്. മാവൂർ ഗ്വാളിയോർ റയോൺസിലെ 6000—ത്തോളം വരുന്ന തൊഴിലാളികൾക്ക് ഒരു കൊല്ലവും ഒരുമാസവുമായി ജോലിയില്ലാതായിരിക്കുകയാണ്. ആ തൊഴിലാളികളെ ഇന്ന് പട്ടിണിയിലാണ്. ബിർളാ മാനേജുമെന്റിന്റെ കീഴിലുള്ള ആ തൊഴിലാളികളെ പട്ടിണിയിലാണ്. ബോണസ് ചോദിച്ചതിന്റെ പേരിൽ, ഒരു പുതിയ കരാറിനുവേണ്ടി ചോദിച്ചുവെന്നുള്ളതിന്റെ പേരിൽ ആ ഫാക്ടറി അടച്ചിട്ടിട്ട് ഒരുവർഷമായി. ബഷീറിന്റെ യൂണിയനിലുള്ള പട്ടിണികിടക്കുന്ന തൊഴിലാളികളിൽ ഒരാളായ മൂസക്കോയ തന്റെ കുഞ്ഞുകുട്ടികളെ പോറ്റാൻ നിവൃത്തിയില്ലാതെ തൂങ്ങിമരിച്ചു സർ. അതിനെസംബന്ധിച്ച് ഒരക്ഷരം പറഞ്ഞിരുന്നുവെങ്കിൽ നമുക്ക് മറ്റ് വിമർശനങ്ങളെപ്പറ്റി മനസ്സിലാക്കാമായിരുന്നു. ഈ നിയമസഭയിലേയ്ക്ക് എന്നെയും ബഷീറിനെയും തിരഞ്ഞെടുത്ത ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനകോടികളുടെ ഏതെങ്കിലും ജീവിതപ്രശ്നങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സംസാരിച്ചോ? ഇല്ല. അവർക്ക് പറയുവാനുള്ളത് ഇപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടികളേയും ഇടതുപക്ഷമുന്നണിയെയും സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാണ്. മുസ്ലീംലീഗിനെസംബന്ധിച്ച് അവരുടെ രാഷ്ട്രീയമെന്താണെന്ന് നമുക്കറിയാം. മരക്കച്ചവടം, മന്ത്രിസ്ഥാനം പിന്നെ മഞ്ചേരി—മലപ്പുറം അതിലപ്പുറമൊന്നുമില്ല. എന്നാൽ ഒരുകാലത്ത് അവർ മുസ്ലീം ന്യൂനപക്ഷങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി സംസാരിച്ചിരുന്നു. ഇന്ത്യയിൽ എവിടെയെങ്കിലും മുസ്ലീം ജനവിഭാഗങ്ങളും വിഷമതകളനുഭവിക്കുമ്പോൾ അവർ അതിനെപ്പറ്റി പറയുമായിരുന്നു. ഇപ്പോൾ അതുമില്ല. ഈ കഴിഞ്ഞയാഴ്ച മുസ്ലീം ലീഗ് കോഴിക്കോട് എയർ കണ്ടീഷൻ റൂമിൽ വച്ച് ഒരു പ്രമേയം അംഗീകരിച്ചു. എന്താണ് സർ അതിന്റെ അർത്ഥം? അഹമ്മദ്ബാദിൽ ഹൈന്ദവവർഗ്ഗീയവാദികൾ നൂറുകണക്കിന് മുസ്ലീംങ്ങളുടെ തലയറുത്തുകൊണ്ടിരിക്കുകയാണ്. ഞാനും നിങ്ങളുമൊക്കെ പത്രത്തിൽ വായിച്ചതാണ്. കഴിഞ്ഞകാലങ്ങളിൽ മുസ്ലീം ജനതയ്ക്കെതിരേയിട്ടുള്ള ആക്രമണത്തെക്കുറിച്ച് പ്രതിഷേധിച്ച് സംസാരിച്ചിരുന്നു.. ഇപ്പോൾ പ്രസംഗിച്ചുകൂടാ. ഇപ്പോൾ അങ്ങനെയൊരു പ്രമേയം പാസ്സാക്കിയാൽ നമ്മുടെ മുഖ്യമന്ത്രി കരുണാകരൻ ഒന്നു കണ്ണുമിഴിപ്പിച്ചാൽമതി, ബഷീർ മൂത്രമൊഴിയ്ക്കും. ആ ഒരവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. മുസ്ലീംലീഗിന്റെ ഗതികേടിനെപ്പറ്റി ഞാൻ ആലോചിക്കുകയാണ്. ഈ രാജ്യത്തെ സ്ഥിതി എന്താണ്? എനിക്ക് കോൺഗ്രസ്സുകാരായിട്ടുള്ള ആളുകളോട് പറയുവാനുള്ളത്, ഇവർ ഇന്ത്യാരാജ്യം ഭരിക്കുന്ന പാർട്ടിയിലെ ആളുകളല്ലേ എന്നാണ്. ഇന്ന് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആലോചിക്കുമ്പോൾ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് 38 വർഷംകഴിഞ്ഞു. ഈ രാജ്യത്ത്, സ്വാതന്ത്ര്യം നേടിയ ഇന്ത്യ അതിന്റെ രാഷ്ട്രീയഭൂപടം നിലനിറുത്തണമോ എന്ന ഒരു ചോദ്യമില്ലേ സർ, ഇന്ന് നിലനിൽക്കുന്നത്. നമ്മുടെ അതിർത്തി സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഒട്ടേറെ പറയുവാനുണ്ട്. ഇന്ത്യ എന്ന നമ്മുടെ രാജ്യം നമ്മുടെ എല്ലാമെല്ലാമായ മഹത്തായ രാജ്യം അതുപോലെതന്നെ അതിന്റെ സ്വാതന്ത്ര്യം, പരമാധികാരം, ഭദ്രത, അത് നിലനിൽക്കണമോയെന്ന ചോദ്യം ഉയർന്നിരിക്കുകയാണ്. പല സംസ്ഥാനങ്ങളും ഇന്ത്യാഗവൺമെന്റുമായി സായുധമായി ഇടപെടുന്ന, സൈനികമായ നീക്കങ്ങൾ ആഭ്യന്തരമായി നടന്നുകൊണ്ടിരിക്കുകയാണ്. കരുണാകരന്റെ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഞാൻ എന്താണ് പറയേണ്ടത്? ഇതിനെ സംബന്ധിച്ചൊന്നും അവർക്ക് അങ്കലാപ്പില്ല. അവർക്ക് ഇവിടെ എന്താണ് പ്രധാനം? മന്ത്രിക്കസേരയും ഭരണവുമാണ്. ഇതാണ് ഇന്നത്തെ സ്ഥിതി. ഇന്ത്യ ഭരിക്കുന്ന ഒരു ദേശീയപാർട്ടിയുടെ ഗതികേടിനെപ്പറ്റി നിങ്ങൾ ആലോചിക്കണം. കഴിഞ്ഞ ജൂലൈ മാസത്തിൽ നമ്മുടെ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. വയലാർ രവി തന്റെ മന്ത്രിസ്ഥാനം രാജിവച്ചതിനുശേഷം കോഴിക്കോട് ഒരു സ്വീകരണത്തിൽ പങ്കെടുക്കുകയുണ്ടായി. ഇന്നത്തെ നമ്മുടെ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി, കേരളത്തിൽ ഇന്നുവന്നുകൊണ്ടിരിക്കുന്ന ഏറ്റവും ഭയാനകമായ ഒരു സ്ഥിതിവിശേഷത്തെസംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പാർട്ടി പരസ്യമായ ഒരു ചർച്ച നടത്തണമെന്ന്. കാരണം ഈ കഴിഞ്ഞ നാലുവർഷക്കാലമായി കേരളത്തിൽ ഭരണാധികാരത്തിന്റെ എല്ലാ തുറകളിലും മതസാമുദായിക ശക്തികളുടെ അഴിഞ്ഞാട്ടം വളരെ ഭയാനകമായിട്ടാണ് നടക്കുന്നത്. അപകടപ്പെടുത്തുന്ന ഒരു സ്ഥിതിവിശേഷം ഇവിടെ വളർന്നുകൊണ്ടിരിക്കുകയാണ്. ശ്രീമാൻ രവിയുടെ പ്രസംഗമാണ്. അത്രത്തിൽ ഭയാനകമായ ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ കേരളത്തിലുള്ളത്. ശ്രീമാൻ കരുണാകരനും നൂറുദ്ദീനുമൊക്കെ ഇതിനെ എതിർക്കണം. എന്താണ് നിങ്ങളുടെ രാഷ്ട്രീയം? .....(ബഹളം)..... രാഘവന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ഞങ്ങൾ പരിശോധിച്ചുകൊള്ളാം. വളരെ ഖേദകരമായ കാര്യമാണത്. രാഘവനെപ്പോലെയുള്ള ആളുകൾ ഈ പ്രസ്ഥാനത്തിൽനിന്ന് പോകുന്നത് അല്ലെങ്കിൽ ഭിന്നിക്കുന്നത് ഇപ്പുറത്ത് ഞങ്ങളെസംബന്ധിച്ചിടത്തോളം വേദനാജനകമായ കാര്യമാണ്. അത് വേറെ കാര്യം. മാർക്സിസ്റ്റ് പാർട്ടിയുടെ ആഭ്യന്തരകാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയാനാഗ്രഹിക്കുന്നില്ല. .....(ബഹളം)..... രാജനായാലും രാഘവനായാലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽനിന്ന് പോകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം തീർച്ചയായും നേട്ടമല്ല, കോട്ടമാണ്. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. എനിക്ക് പറയാനുള്ളത് നമ്മുടെ രാജ്യത്തെ കോൺഗ്രസ്സിനെ സംബന്ധിച്ചാണ്. അതേപ്പറ്റി നിങ്ങൾ ഊറ്റംകൊള്ളുന്നുണ്ടല്ലോ? ഇന്ത്യാരാജ്യം ഭരിക്കുന്ന നിങ്ങൾ പലപ്പോഴും ഒരുകാര്യം പറയാറുണ്ടല്ലോ? അഹമ്മദ്സാഹിബ്ബ് മിനിഞ്ഞാന്നും പറഞ്ഞു, ''വരാൻപോകുന്ന കാലഘട്ടത്തിൽ ഈ മുന്നണി'', ഈ മുന്നണിയെന്നുപറഞ്ഞാൽ ഏതു മുന്നണിയാണ്? നിങ്ങളുടെ ഈ മുന്നണിയാണോ? ഇന്ത്യ ഭരിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ സ്ഥിതിയെപ്പറ്റി ഞാൻ ആലോചിക്കുകയായിരുന്നു. ഞാൻ ഒരുകാര്യം ചോദിക്കട്ടെ; സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയ്ക്കുനേരിട്ടിട്ടുള്ള വിഷമതകൾക്കെല്ലാം കാരണം ഇപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടിയാണെന്നാണല്ലോ നിങ്ങൾ പറഞ്ഞുനടക്കുന്നത്. സ്വതന്ത്ര ഇന്ത്യയ്ക്ക് കഴിഞ്ഞ 38 വർഷക്കാലമായി ആപൽക്കരമായ എല്ലാ പ്രതിസന്ധികളിലും വിശ്വസിക്കാവുന്ന ഒരേയൊരു സുഹൃത്താരാണ്? പറയൂ? അവിടെയിരിക്കുന്നവരും ഇവിടെയിരിക്കുന്നവരുമെല്ലാം പറയുന്ന ഒരു വാചകമുണ്ട്, മഹത്തായ സോവിയറ്റ് യൂണിയൻ. അല്ലേ? അഭിപ്രായവ്യത്യാസമുണ്ടായിരിക്കാം. കമ്മ്യൂണിസ്തെ തള്ളിപ്പറയാൻ, സോവിയറ്റ് യൂണിയനെ തള്ളിപ്പറയാൻ, ഈ രാജ്യത്തെ തൊഴിലാളി പ്രസ്ഥാനത്തെ തള്ളിപ്പറയാൻ ഈ ഭൂമുഖത്താരും വളർന്നിട്ടില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം പോരായ്മകളുണ്ടായിരിക്കാം. തെറ്റുകളൊക്കെ മനസ്സിലാക്കാം. പക്ഷേ കമ്മ്യൂണിസത്തെ, സോഷ്യലിസത്തെ തള്ളിപ്പറയാൻമാത്രം ഈ ഭൂമുഖത്ത് മറ്റൊരു ശക്തിയുണ്ടോ? ഞാൻ വളരെയധികം നീട്ടുന്നില്ല. ഈ കേരളസംസ്ഥാനത്തിന്റെ സ്ഥിതിതന്നെ ഇന്ന് എന്താണ്? കേന്ദ്രവുമായി സഹകരിച്ചു പോകുന്ന ഒരു പ്രശ്ന സംസ്ഥാനത്തിന് അതിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് നിങ്ങൾ 1982 മേയ്മാസംമുതൽ പറഞ്ഞിരുന്നത്. എനിക്ക് മുമ്പായി പ്രസംഗിച്ച നമ്മുടെ തോമസ് ഒരു കാര്യം പറയുകയുണ്ടായി. 1982—ൽ ഈ സംസ്ഥാനത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം 22 ലക്ഷമായിരുന്നു. ഇപ്പോൾ 28 ലക്ഷമെന്നാണ് പറയുന്നത്. ഇതൊന്നും പ്രശ്നങ്ങളല്ലേ?

നിങ്ങൾക്കിവിടെ ആകെയുള്ള പ്രശ്നം ഭരിക്കണമെന്നുള്ളതുമാത്രമാണ്. നിങ്ങൾ ഊറ്റം കൊള്ളുന്നുവല്ലോ നാലു കൊല്ലം ഭരിച്ചുവെന്ന്. അത് നിങ്ങളുടെ ഗുണം കൊണ്ടല്ല, ഞങ്ങളുടെ നൻമകൊണ്ടാണ് ഈ അലവലാതി മുന്നണി അവിടെയിരിക്കുന്നത് അതാണു സത്യം. അതല്ലായെന്നു പറയാൻ നിങ്ങൾക്കു കഴിയുമോ? ഇൻഡ്യാ രാജ്യത്തിന്റെ മാത്രമല്ല ലോകത്തിന്റെ ആകെത്തന്നെ ഇന്നത്തെ താൽപ്പര്യം മുൻനിർത്തി ഇൻഡ്യ ഇന്നു നേരിടുന്ന പ്രശ്നത്തെ മുൻനിർത്തി ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ ഒരിക്കലും പ്രാദേശിക, സാമുദായിക, മത ശക്തികളുമായി കൂട്ടുബന്ധം പാടില്ല. അതിന്റെ അടിസ്ഥാനത്തിൽ ഒരു മതേതര ജനാധിപത്യ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ മുന്നണി മതി എന്നു പ്രതിപക്ഷം തീരുമാനിച്ചതിന്റെ പാശ്ചാത്തലത്തിലാണ് കരുണാകരൻ,

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ അവിടെയിരിക്കുന്നത്. അതല്ലേ സത്യം. എന്നിട്ട് 4 കൊല്ലം ഇവിടെ ഭരിച്ചില്ലേയെന്ന് വലിയ വായാടിത്തം പറയുകയാണ്. ഞങ്ങളുടെ തത്വാധിഷ്ഠിതമായിട്ടുള്ള, ഇൻഡ്യയെ സ്നേഹിക്കുന്ന, ഇൻഡ്യയുടെ ഭാവിയെ സ്നേഹിക്കുന്ന ഒരു രാഷ്ട്രീയസ്ഥിതിയെ കണക്കിലെടുത്തുകൊണ്ട് ഞങ്ങളെടുത്ത തീരുമാനത്തിന്റെ പാശ്ചാത്തലത്തിലാണു നിങ്ങളിന്നു ഭരിക്കുന്നത്. അതിൽ നിങ്ങൾ ഊറ്റം കൊള്ളണമെന്നില്ല. നിങ്ങളെപ്പോലെ ഞങ്ങളും തീരുമാനിച്ചാൽ ആരാണ് ഇപ്പോൾ ഇവിടെ വരാത്തത്? അക്കഥ ഞാൻ പറയുന്നില്ല. ഇവിടെ നിങ്ങൾക്ക് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി പറയാനൊന്നുമില്ല. ഏതെങ്കിലുമൊരു പ്രശ്നത്തിന് നിങ്ങൾ പരിഹാരം കണ്ടിട്ടുണ്ടോ? തൊഴിലില്ലായ്മ പ്രശ്നവും വിദ്യാഭ്യാസ മേഖലയിലുള്ള പ്രശ്നവും വ്യാവസായിക മേഖലയിലുള്ള പ്രശ്നവുമുൾപ്പെടെയുള്ള പല പ്രശ്നങ്ങൾക്കും നിങ്ങൾക്ക് മൗലികമായി ഈ സംസ്ഥാനത്തിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതിന് പരിഹാരം കണ്ടുവെന്നു പറയാനുണ്ടോ? പിന്നെ നിങ്ങൾക്കാകെയുള്ളത് പരേതനായ സി. എച്ച്. മുഹമ്മദുകോയയുടെ വാചകം കടം വാങ്ങിയെടുത്താൽ ഈ പ്ലാനിംഗിന്റെ പദ്ധതികളുടെ ഭാഗമായിട്ടു വരുന്ന ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി., ഐ.ആർ.ഡി.പി. മുതലായ തേങ്ങാപൂളുകൾ. സി. എച്ച്. മുഹമ്മദുകോയ പണ്ടു പറഞ്ഞ വാചകമാണ് ഈ "തേങ്ങാപൂള". ഈതേങ്ങാപൂളുകാണിച്ചു അവിടെ വീട്, ഇവിടെ വീട്, അവിടെ പാലം, പിന്നെ വരൾച്ചയുടെ ഫലംകൊണ്ടു കേന്ദ്രത്തിൽ നിന്നു കിട്ടിയ 120 കോടി ഉറുപ്പിക. അതുകൊണ്ട് അവിടേയും, ഇവിടേയുമുള്ള റോഡുകളൊക്കെ ഒന്നു കുറുപ്പിച്ചിട്ട് പറയും, കണ്ടോ, ഞങ്ങൾ ഇതെല്ലാം ചെയ്യുന്നെന്ന്. മൗലികമായി ജനങ്ങളെ ബാധിക്കുന്ന, ഈ സംസ്ഥാനത്തെ ബാധിക്കുന്ന ഒരു പ്രശ്നത്തിനുപോലും പരിഹാരം കാണാൻ കൂട്ടാക്കാത്ത ഈ ഗവൺമെൻറിന്റെ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ അപൂർവ്വാവസരങ്ങളിൽ മാത്രമേ ഒരു ഗവൺമെൻറിന് നാലു വർഷം പൂർത്തിയാക്കിക്കൊണ്ട് അഞ്ചാമത്തെ വർഷത്തേക്ക് കടക്കാനുള്ള സൗഭാഗ്യം സിദ്ധിക്കുകയുള്ളൂ. അങ്ങനെ അഭിമാനകരമായ നാലുവർഷം പിന്നിട്ട് അതിന്റെ അഞ്ചാംവർഷത്തേയ്ക്ക് കടന്നപ്പോൾ അവതരിപ്പിക്കപ്പെട്ട ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. തളരാത്ത ഊർജ്ജസ്വലതയുടേയും തളിരിട്ട കർമ്മശേഷിയുടേയും ഉദാത്തപ്രതീകമായ ശ്രീ. തച്ചടി പ്രഭാകരന്റെ ആദ്യത്തെ ധനവിനിയോഗ ബില്ലാണിത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാരുൾപ്പെടെ പ്രതിപക്ഷത്തുനിന്നുള്ള പല സ്നേഹിതൻമാരും ഈ ചർച്ചയിൽ പങ്കെടുത്തപ്പോൾ കഴിഞ്ഞ നാലു വർഷക്കാലമായി ഒന്നും ചെയ്യാത്ത ഒരു ഭരണകൂടത്തിന്റെ ധനവിനിയോഗ ബില്ലാണിതെന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. പരിചയസമ്പന്നനായ ശ്രീ. ബേബി ജോണും അനുഭവസമ്പത്തുള്ള ശ്രീ. ചന്ദ്രശേഖരനുമുൾപ്പെടെ അങ്ങേവശത്തുനിന്നും പ്രസംഗിച്ച മുഴുവൻ ആളുകളും കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് കേരളത്തിന്റെ സാമ്പത്തിക രംഗത്തെ പുരോഗതിക്കുവേണ്ടി, കാർഷിക രംഗത്തെ പുരോഗതിക്കുവേണ്ടി, വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്കുവേണ്ടി ഒന്നും ചെയ്തില്ലായെന്നു വാദഗതി ഉന്നയിക്കുകയുണ്ടായി. അവരോടുള്ള മുഴുവൻ ബഹുമാനവും

LIBRARY ARCHIVES Kerala Legislative Assembly

അതേപടി കാത്തുസൂക്ഷിച്ചുകൊണ്ടു പറയുന്ന കാര്യങ്ങളും കാണാൻവേണ്ടി യുള്ള സങ്കുചിതമായ രാഷ്ട്രീയ ചിന്താഗതിക്കുമുമ്പിൽ ഇത്തരം കാര്യങ്ങളും വിസ്മരിച്ചു പോയതിൽ ഞങ്ങളെപ്പോലുള്ള ആളുകൾക്ക് വളരെയധികം ദുഃഖമുണ്ട്. കഴിഞ്ഞ നാലു വർഷക്കാലമായി വളരെയേറെ നേട്ടങ്ങളുടെ പട്ടികയുമായിട്ടാണ് ഈ ഗവൺമെൻറ് കടന്നു വന്നിരിക്കുന്നത്. സർ, നീതിനിർവ്വഹണത്തിൽ നിതാന്തജാഗ്രത പാലിച്ചുകൊണ്ട് ക്രമസമാധാന രംഗത്ത് കാര്യശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞ ഗവൺമെൻറും അവരുടെ ധനവിനിയോഗ ബില്ലുമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ നെടുവീർപ്പിട്ടു നട്ടംതിരിഞ്ഞ കേരളത്തിലെ കർഷകരുടെ കാർഷിക വിഭവങ്ങൾക്ക് വിലനിലവാരം പിടിച്ചുനിർത്തിക്കൊണ്ട് അവരെ സഹായിക്കാൻ മുന്നോട്ടുവന്ന ഒരു ഗവൺമെൻറിൻെറ ധനവിനിയോഗ ബില്ലാണിവിടെ ചർച്ച ചെയ്യുന്നത്. കാലവർഷക്കെടുതിയിൽ തകർന്നു പോയ പാലങ്ങളേയും ഒലിച്ചുപോയ റോഡുകളേയും ഒരു യുദ്ധകാലാ ടിസ്ഥാനത്തിൽ പണി നടത്തി ഗതാഗതയോഗ്യമാക്കി തീർത്ത ഒരു ഗവൺമെൻറിൻെറ ധനവിനിയോഗ ബില്ലാണിത്. നേട്ടങ്ങളുടെ പട്ടിക ഇനിയും അവസാനിച്ചിട്ടില്ല. കയറിക്കിടക്കാൻ ഒരു കൂരപോലുമില്ലാത്ത 'മനുഷ്യ പുത്രനു തലചായ്ക്കാൻ മണ്ണിലിടമില്ലാ' എന്ന ആ കവിതാ വാചകം തൊലികറുത്ത കൈപ്പട്ടം പൊക്കി അലതല്ലിപ്പിടഞ്ഞു പാടിക്കൊണ്ടിരുന്ന പതിനായിരങ്ങൾക്ക് കയറിക്കിടക്കാൻ ഭവന നിർമ്മാണ പദ്ധതികളിലൂടെ ലക്ഷക്കണക്കിനു വീടുകൾ പ്രദാനം ചെയ്ത ഒരു ഗവൺമെൻറിൻെറ ധനവിനിയോഗ ബില്ലാണിത്. കാളവണ്ടിച്ചക്രങ്ങൾ ഉരുണ്ടുകൊണ്ടിരുന്ന കേരളത്തിൻെറ ഗ്രാമീണ റോഡുകളെ ആർ.എൽ.ഇ.ജി.പി., എൻ.ആർ. ഇ.പി. തുടങ്ങിയ പദ്ധതികളിലൂടെ ടാറിട്ട് ട്രാൻസ്പോർട്ട് ബസ്സുകളോടിച്ച ഒരു ഗവൺമെൻറിൻെറ ധനവിനിയോഗ ബില്ലാണ് ഇവിടെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. 'നെല്ലിനുചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലല്ല സാധു പുലയൻ' എന്നു പണ്ടു കവി വരച്ചുകാട്ടിയ ആ പാവപ്പെട്ട ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഹരിജൻ കോളനികളിൽ വെള്ളവും വെളിച്ചവുമെത്തിച്ച, വീടുകൾ പണിതു കൊടുത്ത, അതിനുള്ള വഴി കൊടുത്ത ഒരു ഗവൺമെൻറിൻെറ ധനവിനിയോഗ ബില്ലാണിത്. മണ്ണെണ്ണ വിളക്കിൻെറ അരണ്ടവെളിച്ചത്തിൽ കഴിഞ്ഞുകൂടിക്കൊണ്ടിരുന്ന കേരളത്തിനെറ ഉൾനാടൻ പ്രദേശങ്ങളിൽ വെളിച്ച വിപ്ലവത്തിൻെറ പേരിൽ വൈദ്യുതിയുടെ പ്രകാശധാരയിൽ മുക്കിയ ഒരു ഗവൺമെൻറിൻെറ ധനവിനിയോഗബില്ലാണിത്. അതുപോലെതന്നെ നമുക്കറിയാം, വേഴാമ്പലുകളെപ്പോലെ വാപൊളിച്ചു തൊണ്ടയുമായി ഒരിറ്റു വെള്ളത്തിനുവേണ്ടി കാത്തിരുന്ന ലക്ഷങ്ങളുടെ കണ്ഠങ്ങളിലേക്ക് കുളിർമ്മയുള്ള കുടിനീരെത്തിച്ച ഒരു ഗവൺമെൻറിൻെറ ധനവിനിയോഗ ബില്ലാണിത്.

ശ്രീ. വി. കെ. രാജൻ: സർ, ഇപ്പോഴെ വെളിച്ച വിപ്ലവത്തിൻെറ കാര്യം പറഞ്ഞു. ഇപ്പോഴത്തെ പവർകട്ട് ബെന്നിയ്ക്ക് ഒഴിവാക്കിയിട്ടാണോ മറ്റുള്ളവർക്ക് ഏർപ്പെടുത്തിയത്?

ശ്രീ. ബെന്നി ബഹനാൻ: രാജാ, എനിക്ക് യാതൊരു പവർകട്ടും ഇല്ല. രാജൻ ഈ പോക്കു പോയാൽ അടുത്തതായി പവർകട്ടു ഉണ്ടാകുവാൻ പോകുന്നത് ശ്രീ. രാജനായിരിക്കും. അതുകൊണ്ട് സൂക്ഷിച്ചുകൊള്ളണം. ഇവിടെ 'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി' എന്ന പഴയ പാട്ടിൽ പാടിക്കേട്ട ആ കോരൻമാരുടെ കുമ്പിളിലേക്ക് പഞ്ഞകർക്കിട മാസങ്ങളിൽ 12 ഔൺസ് റേഷൻ പൊരിഞ്ഞിട്ടുകൊടുത്ത ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന്റെ ധനവിനിയോഗ ബില്ലുമായിട്ടാണു സർ, ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കടന്നുവന്നിരിക്കുന്നത്. 'മനുഷ്യശക്തിയെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞ മുഴുവൻ ശാസ്ത്ര പുരോഗതിയുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഗ്രാമങ്ങളിൽ വ്യാവസായിക വികസനത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തിയിട്ടുള്ള ഒരു ഗവൺമെൻറാണു സർ, കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ്'. അതുപോലെതന്നെ നമുക്കറിയാം സർ, 'ഇഷ്ടനാഥന്റെ ബേബിക്കു പാലും നിർദ്ധനച്ചെറുക്കനു് ഉമിനീരു'മെന്നു് പണ്ടു് ചങ്ങമ്പുഴ പാടിയ ആ നിർദ്ധനച്ചെറുക്കന്റെ ഉമിനീരിനു പകരം അവനു് ഉച്ചക്കഞ്ഞി പ്രദാനം ചെയ്ത ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന്റെ ധനവിനിയോഗ ബില്ലാണിത്. ഈ കാര്യങ്ങളൊന്നും കാണാതെ ഇപ്പോഴെന്താണു പറയുന്നത്. ഇപ്പോഴും പാർട്ടിയ്ക്കകത്തുള്ള അഭിപ്രായവ്യത്യാസങ്ങളും മുന്നണിക്കകത്തെ അഭിപ്രായവ്യത്യാസങ്ങളും ആരാണു പറയുന്നത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു് ദേശീയ വീക്ഷണമുണ്ടു്. അതിലാരും സംശയിക്കേണ്ടാ. നമ്മുടെ രാജ്യത്തു് ഉണ്ടായിക്കൊണ്ടിരിക്കുന്ന ദേശീയ പ്രശ്നങ്ങളിലേക്കു് വിരൽ ചൂണ്ടാനും അതിലേക്കു് കടന്നുചെല്ലാനും ആരും മുതിരുന്നില്ല. പക്ഷെ ഇൻഡ്യയുടെ ദേശീയബോധം ഉയർത്തിപ്പിടിക്കാൻ എല്ലാ കാലഘട്ടത്തിലും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സു് തയ്യാറായിട്ടുണ്ടു്. ഇൻഡ്യ ഭരിക്കുന്ന കോൺഗ്രസ്സു് പാർട്ടി ഇപ്പോഴും കേരളത്തെയും അതുപോലെതന്നെ മറ്റു സംസ്ഥാനങ്ങളെയും അവഗണിക്കുന്നുവെന്നു പറയുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സു് ഇൻഡ്യ ഭരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനമാണു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം മറ്റൊരു ചെറിയ കൊണ്ടിട്ടില്ലെങ്കിലും ശരി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ കോടാനുകോടി പ്രവർത്തകൻമാർ ഇന്നു ദേശീയ വീക്ഷണത്തോടുകൂടി മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്നു. കാശ്മീർ മുതൽ കന്യാകുമാരി വരെ പരന്നു കിടക്കുന്ന വിശാലമായ ഇൻഡ്യാ രാജ്യം ഒരേയൊരിൻഡ്യ ഒരൊറ ജനത എന്ന വിചാരത്തിന്റെ അടിസ്ഥാനത്തിൽ ഒത്തൊരുമിച്ചു പോകുന്നവരാണു്. അതിനെ തകർക്കുന്ന ഒരു പരിപാടിയും ഇവിടെയുണ്ടാകരുതെന്നു് ആഗ്രഹിക്കുന്നവരാണു്. അതിനുവേണ്ടി ശരീരത്തിലെ അവസാനതുള്ളി രക്തംപോലും ചിന്തേണ്ടിവന്ന ശ്രീമതി ഇന്ദിരാഗാന്ധി വളർത്തിയെടുത്ത പാർട്ടിയുടെ പ്രവർത്തകൻമാർക്കെതിരെ ഇപ്പോഴും പറയുന്നതെന്താണു്. ഞങ്ങൾ പ്രാദേശികത വളർത്തുന്നുവെന്നാണു്. ഹാസ്യക്കറിയാമോ ആരാണു് പ്രാദേശികത വളർത്തുന്നതെന്നു്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇൻഡ്യാ രാജ്യം ഒന്നിച്ചു കാണുമെന്നു പറഞ്ഞല്ലോ. ഈയിടെ മിസോറാമിൽ രാജീവ്ഗാന്ധിയും കലാപകാരികളുമായിട്ടു് കരാറുണ്ടാക്കി. ഇൻഡ്യൻ പാർലമെൻറ് പാസ്സാക്കിയ നിയമംപോലും അവിടെ ബാധകമല്ലായെന്നാണു് ആ കരാറിൽ പറഞ്ഞിരിക്കുന്നത്. ഇതെന്താണു് ഇൻഡ്യയെ ഒന്നിച്ചു കാണലാണോ?

ശ്രീ. ബെന്നി ബഹനാൻ: 'പൊട്ടക്കുളത്തിൽ പുളവൻ ഫണീന്ദ്രൻ' എന്നു പറഞ്ഞതുപോലെ കേരളത്തിൽമാത്രം ഒതുങ്ങിനിന്നുകൊണ്ടു് കൃഷ്ണൻകുട്ടി ഈ വക കാര്യങ്ങളെപ്പറ്റി പറയല്ലേ. ഇവിടെ പ്രാദേശിക പാർട്ടികളുമായി കൂട്ടുചേരുന്നുവെന്നു പറഞ്ഞു. ശ്രീ. എം. വി. രാഘവനെ പാർട്ടിക്കകത്തു നിന്നു് പുറത്താക്കിയ സംഘടനാപരമായ കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ആരാണിവിടെ പ്രാദേശികം

LIBRARY ARCHIVES Kerala Legislative Assembly

വളർത്തുന്നത്, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണോ? നിങ്ങളുടെ അനൗദ്ധമായ കോൺഗ്രസ്സ് വിരോധത്തിന്റെ പേരിൽ നിങ്ങൾ എത്രയോ പ്രാദേശിക പാർട്ടികളുമായി കൂട്ടുചേരുന്നു. കാശ്മീർ എടുക്കാം, തൊട്ടടുത്തുള്ള തമിഴ്നാടെടുക്കാം, ആന്ധ്രപ്രദേശമെടുക്കാം, അവിടെയെല്ലാമെന്താണ്? ഇന്ദിരയുടെ വികാരത്തിൽ ഇന്നേവരെ പങ്കുചേരാത്ത ഫറൂക്ക് അബ്ദുള്ള അവിടത്തെ സുഖവാസ കേന്ദ്രത്തിൽ ഇൻഡ്യയിലെ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ വിളിച്ചപ്പോൾ ശ്രീ. എ. കെ. ശശീന്ദ്രൻ, നിങ്ങളുടെ പാർട്ടിയുടെ നേതാവായ ശരത് പവാറുംപ്പെടെ ഈ രാജ്യത്തിലെ മുഴുവൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലെയും പ്രതിപക്ഷ നേതാക്കൻമാർ അവിടെ പോയല്ലോ?

ശ്രീ. കാനം രാജേന്ദ്രൻ: സർ, അങ്ങ് ദേശീയ പാർട്ടികളും വർഗ്ഗീയ കക്ഷികളുമായി കൂട്ടുപിടിക്കുന്നതിനെതിരായിട്ട് പറഞ്ഞല്ലോ. ത്രിപുരയിൽ അങ്ങയുടെ പാർട്ടിയുടെ കൂടെ ആരാണുള്ളതെന്ന് ഒന്നു വിശദീകരിക്കാമോ?

ശ്രീ: ബെന്നിബഹനാൻ: കാനം രാജേന്ദ്രാ, ത്രിപുരയിൽ ഞങ്ങളുടെ പാർട്ടി ഒറ്റയ്ക്കാണു മുന്നോട്ടു പോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ പ്രസംഗിച്ചപ്പോൾ അദ്ദേഹം ജനയുഗം പത്രം ഉയർത്തിപ്പിടിച്ചുകൊണ്ട് പറഞ്ഞു, ഞാനതിലേയ്ക്ക് വരാമെന്ന്. അതായത് എം. വി. രാഘവൻ പ്രശ്നത്തിലേക്ക് വരാമെന്നു പറഞ്ഞു. പക്ഷെ അതു മറന്നുപോയി. നിങ്ങളുടെ പാർട്ടി എന്താണു പറഞ്ഞത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ ആ പാർട്ടിയുടെ ആഭ്യന്തരപ്രശ്നമാണ്, അതുകൊണ്ട് ഞങ്ങൾ അങ്ങോട്ടു കടക്കുന്നില്ലെന്ന്. സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്തുപറയുന്നു. ഞങ്ങളുടെ പാർട്ടിക്കകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത് ആദർശപരമായ രാഷ്ട്രീയ ശുദ്ധീകരണത്തിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ പുറത്താക്കിയത് എന്നു പറഞ്ഞു. ഊതിക്കാച്ചിയ പൊന്നുപോലെ രാഘവനെ പുറത്തുകൊണ്ടുവരുമെന്ന് ശ്രീ. ഭരതൻ പറഞ്ഞതാണ്. ഊതിക്കാച്ചിയ പൊന്നല്ല, ഉടച്ചു തകർത്ത മൺകലമാക്കി നിങ്ങൾ രാഘവനെ പിഴുതെറിഞ്ഞു. ഞങ്ങൾക്ക് അതിൽ വിരോധമില്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. ആദർശത്തിന്റെയും ആദരവിന്റെയും പേരിൽ ആണ് നിങ്ങൾ പുറത്താക്കിയത് എങ്കിൽ ആരെയാണ് പുറത്താക്കേണ്ടത്. മുസ്ലീം ലീഗുമായി, ഇവിടത്തെ പ്രാദേശിക പാർട്ടികളുമായി, ഐക്യം വേണമെന്നു പറഞ്ഞ ബദൽരേഖയുടെ അടിസ്ഥാനത്തിലാണ് നിങ്ങൾ അദ്ദേഹത്തെ പുറത്താക്കിയതെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല. നിങ്ങളുടെ പാർട്ടി നേതാക്കൻമാർ ഇൻഡ്യൻയൂണിയൻ മുസ്ലീം ലീഗുമായി തമിഴ് നാട്ടിൽ ഐക്യമുണ്ടാക്കിയപ്പോൾ എം. വി. രാഘവനെ അല്ല, നിങ്ങളുടെ പാർട്ടിയിൽ നിന്ന് ആദ്യം ചവിട്ടി പുറത്താക്കേണ്ടത് സഖാവ് ഇ. എം. എസ്സിനേയും ബാലാനന്ദനേയുമൊക്കെയാണ്. അതിന് നിങ്ങൾ ധൈര്യം കാണിച്ചോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങളിലേക്ക് ഞാൻ കടക്കുകയല്ല.

ശ്രീ. ടി. കെ. ഹംസ: സർ, ആൻറണി കോൺഗ്രസ്സുകാർ ഇപ്പോൾ കോൺഗ്രസ്സിന്റെ അകത്ത് കയറിയിട്ട് അവർക്ക് പിഡാനുവേകാലം ആണെന്നു പറഞ്ഞത് ഓർമ്മയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നിബഹനാൻ: ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ആർക്കും ഒരു പീഡാനുഭവവുമില്ല. അങ്ങനെയൊരു പീഡാനുഭവം ഉണ്ടാക്കാൻ ഞങ്ങളം തയ്യാറില്ല. ശ്രീ. ഹംസയ്ക്ക് പണ്ടുണ്ടായ പീഡാനുഭവങ്ങളം വച്ചുകൊണ്ട് പറയുന്നതായിരിക്കും. അങ്ങനെയൊന്നും ഞങ്ങളംക്കില്ല. ശ്രീ. ഹംസ പുറത്തുപോയി. ഞാൻ അതിലേക്ക് കടക്കുന്നില്ല. മാർക്സിസ്റ്റ് പാർട്ടിയിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങളിൽ സന്തോഷിക്കുന്നതിനും ആഹ്ലാദിക്കുന്നതിനും നിങ്ങളുടെ പാർട്ടിയിൽ തന്നെയുണ്ടായ വിടവിൽനിന്ന് മുതലെടുക്കണം എന്ന് ഞങ്ങളം ആഗ്രഹിക്കുന്നില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്തു സംഭവിച്ചു എന്ന് ശ്രീ. ബഷീർ ഇവിടെ സൂചിപ്പിച്ചു. ഇന്ന് ആ പാർട്ടി എവിടെ പോയി നിൽക്കുന്നു. എം. വി. രാഘവൻ നിങ്ങളുടെ കൂടെ ഉണ്ടായിരുന്നതല്ലേ? ഭരതൻ പി. വി. കുഞ്ഞിക്കണ്ണനോട് പറഞ്ഞു, പണ്ടു കാലഘട്ടങ്ങളിലുണ്ടായ അനുഭവങ്ങളം പി. വി. ക്ക് അറിയില്ലേ എന്ന്. ഞാൻ ആരുടേയും വികാരത്തെ വ്രണപ്പെടുത്തിക്കൊണ്ട് പറയുകയല്ല. ശ്രീ. ഭരതൻ! നിങ്ങളം പി. വി. കുഞ്ഞിക്കണ്ണനെപ്പോലെ മാർക്സിസ്റ്റ് പാർട്ടിയിലെ തലമുതിർന്ന നേതാക്കൻമാരോട് ചോദിച്ചുകൊണ്ട് പഴയകാല അനുഭവങ്ങളം കുത്തിയിളക്കി പുറത്തിടാൻ തയ്യാറാകരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. നിങ്ങളം എം. വി. രാഘവനെ വളർത്തിയില്ലേ? വള്ളത്തോളിന്റെ ശിഷ്യനും മകനും എന്ന കവിത നമ്മളൊക്കെ വായിച്ചിട്ടുണ്ട്. വള്ളത്തോളം ശിഷ്യനും മകനും എന്ന കവിതയിൽ പറഞ്ഞു.

കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽ നിന്നിതാനീം
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി
എന്നാലതും നൽകി അനുഗ്രഹിക്കാം.

ശ്രീ. നായനാർ, നിങ്ങളം വളർത്തിയ നിങ്ങളുടെ രാഘവൻ, നിങ്ങളം ആശുപത്രിയിൽ കിടന്നുകൊണ്ട് കത്തയച്ച രാഘവൻ, ആ രാഘവനിൽ നിന്ന് കിട്ടീലയോ ദക്ഷിണ വേണ്ടുവോളം വിശിഷ്ടനാം രാഘവനിൽ നിന്നിതാനീം, ദിവ്യായുധം വല്ലതുമുണ്ടുബാക്കി, എന്നാലതും നൽകി അനുഗ്രഹിക്കാം എന്നു പറഞ്ഞാൽ കുറമാണോ? ശിഷ്യനും മകനും എന്നതിൽ വള്ളത്തോളം.....

ശ്രീ. ഒ. ഭരതൻ: സർ, ആശുപത്രിയിൽ നിന്ന് ശ്രീ. ഇ. കെ. നായനാർ അങ്ങനെ കത്തയച്ചില്ല എന്നും ആശുപത്രിയിൽ കിടന്നതിനു ശേഷം പേന തൊട്ടിട്ടില്ല എന്നും അദ്ദേഹം പരസ്യമായി പ്രസ്താവന ഇറക്കി.

മി. ചെയർമാൻ: അതിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല.

ശ്രീ. എ. സി. ജോസ്: കത്ത് അയച്ചതുകൊണ്ടല്ലേ അദ്ദേഹം മിണ്ടാതിരിക്കുന്നത്.

ശ്രീ. ബെന്നിബഹനാൻ: ഈ പാർട്ടിയിൽ ഇപ്പോഴും ഊരുവിലക്ക് നിലനിൽക്കുന്നുവെന്നുള്ളതിന് ഏറവും വലിയ തെളിവാണ് അത്, ശ്രീ. നായനാർ കത്തയച്ചുവെന്ന് പത്രങ്ങളിലൊക്കെ വന്നതാണ്, നമ്മളൊക്കെ വായിച്ചതുമാണ്. അതിനു മറുപടി പറയാൻ പോലും നായനാർക്ക് സാധിക്കാത്തതുകൊണ്ട് ആ പാർട്ടി ശ്രീ. നായനാർക്കു പോലും ഊരുവിലക്ക് ഇട്ടോയെന്ന് ഞങ്ങളം സംശയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: സർ, ബെന്നി പച്ചക്കള്ളമേ പറയാറുള്ളൂ വെന്ന് എന്നെക്കൊണ്ട് പറയിപ്പിക്കാൻ വേണ്ടിയാണ് അത് പ്രസംഗിച്ചത്.

ശ്രീ. എം. എം. ഹസ്സൻ: സർ, മറുപടി പറഞ്ഞ കൂട്ടത്തിൽ കത്തയച്ചിട്ടില്ല എന്ന് അദ്ദേഹം പറഞ്ഞിട്ടില്ല.

ശ്രീ. ബെന്നി ബഹനാൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കള്ളം പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: സർ, ഞാൻ പുറപ്പെടുവിച്ച പ്രസ്താവനയിൽ ഒന്നേ വായിച്ചിട്ടുള്ളൂ, മറേത് മനസ്സിൽ വച്ചിരിക്കുകയാണ്. കള്ളമാണ് പറഞ്ഞത്.

ശ്രീ. എ. സി. ജോസ്: സർ, കത്തയച്ചില്ല എന്ന് അദ്ദേഹം പറയുന്നില്ല. ഞങ്ങൾക്ക് കിട്ടിയ പത്രങ്ങളിൽ അദ്ദേഹം കത്തയച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. ഇ. കെ. നായനാർ: സർ, ജോസും പച്ചക്കള്ളം പറയുകയാണ്. പിറേറദിവസം പത്രങ്ങളിൽ വന്നതാണ്.

ശ്രീ. എ. സി. ജോസ്: ഇപ്പോഴും കത്തയച്ചില്ല എന്ന് അദ്ദേഹം പറയുന്നില്ല.

ശ്രീ. ബെന്നി ബഹനാൻ: അദ്ദേഹം പോലും നിഷേധിക്കാതെ, അദ്ദേഹം കള്ളം പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ബെന്നിക്ക് രാഘവനോട് എന്നു മുതലാണ് സ്നേഹം തുടങ്ങിയത്.

ശ്രീ. ബെന്നി ബഹനാൻ: ഞങ്ങൾക്ക് യാതൊരു സ്നേഹവുമില്ല. ഞങ്ങൾക്ക് രാഘവനെക്കൊണ്ട് മുതലെടുക്കേണ്ട. രാഷ്ട്രീയം ഒരു ധർമ്മയുദ്ധമാണെങ്കിൽ ഞങ്ങൾ ശിഖണ്ഡികളോട് യുദ്ധം ചെയ്യാറില്ല. ഞങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് യുദ്ധം ചെയ്യാൻ തയ്യാറായിട്ടുള്ളവരാണ്. ഞങ്ങൾക്ക് രാഘവന്റെ സഹായം ഒരു കാലഘട്ടത്തിലും രാഷ്ട്രീയതാൽപ്പര്യത്തിനു വേണ്ട. ബഹുമാനപ്പെട്ട നായനാർ വരെ അദ്ദേഹത്തെ ആ കാലഘട്ടത്തിൽ പ്രോത്സാഹിപ്പിച്ചുവെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെ വളരെയേറെ സഹായിച്ച അദ്ദേഹത്തോട് ശിഷ്യനും മകനും എന്ന കവിതയിൽ വള്ളത്തോൾ പറഞ്ഞതു പോലെ

മകൻ പരിക്കേറെ മരിക്കിലെന്തു
മഹാരഥൻ ശിഷ്യൻ അരികിലില്ലേ
രാമൻ ജഗൽപുത്രനാണു പോലും
വിദ്യാർപ്പണം പാത്രം അറിഞ്ഞുവേണം.

ശ്രീ. നായനാർ നിങ്ങളുടെ പാർട്ടി രാഘവന്റെ അഭിപ്രായ വ്യത്യാസത്തിൽപെട്ട് തകർന്ന് ചോര ഒലിപ്പിച്ചിരുന്നുവെങ്കിൽ പോലും നിങ്ങൾക്കു പാളിച്ച പറ്റരുത്, വിദ്യാർപ്പണം പാത്രമറിഞ്ഞുവേണം എന്നു മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ. ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല.

ഇന്ന് സി. പി. ഐ. ക്കാർ കാനം രാജേന്ദ്രൻ ഉൾപ്പെടെ മിണ്ടുന്നില്ല. ശ്രീ. കാനം രാജേന്ദ്രനു ഇപ്പോഴും കീരിയുടെ മാനസികാവസ്ഥയാണ്. മൂർഖൻ പാമ്പിനെ വളഞ്ഞിട്ടുകൊണ്ടു പോകുന്ന കീരി, ആ വളയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കിടന്ന് പ്രാണരക്ഷാർത്ഥം ചാടുന്നതു കാണുമ്പോഴും, മാറിനിന്നു ചിരിക്കുന്ന കീരിയുടെ മാനസികാവസ്ഥയാണ് ഇപ്പോഴും കാനം രാജേന്ദ്രനുള്ളത്. കാരണം അവർക്ക് ഇവിടുത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നുകാണണം. അതിനുവേണ്ടിയുള്ള എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുന്നതിനുവേണ്ടി അവരുടെ പാർട്ടി തയ്യാറായി നിൽക്കുകയാണ്. ഇവിടെവരുമ്പോഴും ശ്രീ. കരുണാകരനെപ്പോലെയുള്ള ആളുകളും എന്തെങ്കിലും പറഞ്ഞാൽ പോലും ഇന്നേവരെ അവരുടെ ഔദ്യോഗികനേതൃത്വം നിർഭാഗ്യകരമെന്ന പേരുപറഞ്ഞ് മാറി നിൽക്കുന്നതല്ലാതെ, മാർക്സിസ്റ്റ് പാർട്ടിയിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് പോലും അവർക്ക് അഭിപ്രായമില്ല. അങ്ങനെ പരസ്പരം പാരവെച്ചുകൊണ്ടിരിക്കുന്ന പാർട്ടികളാണ് ഐക്യജനാധിപത്യമുന്നണിയെ കുറ്റപ്പെടുത്തുന്നത്. അതിൽ ആർക്കും സംശയം വേണ്ട. കഴിഞ്ഞ നാലു വർഷക്കാലമായി വളരെയേറെ വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന മുന്നണിയുടെ ധനവിനിയോഗ ബില്ലാണ് ഇവിടെ ചർച്ചക്ക് വന്നിരിക്കുന്നത്. ഒന്നും എതിർത്തുപറയാൻ ഇല്ലാത്തപ്പോഴും പത്രങ്ങളിൽ വരുന്ന കാര്യങ്ങളും മാത്രം കടമെടുത്തുകൊണ്ട് പറയുന്ന മാർക്സിസ്റ്റ് പാർട്ടിയും പ്രതിപക്ഷവും ഒരുകാര്യം ആലോചിക്കണം. ഇവിടത്തെ മുന്നണിയ്ക്കകത്തുള്ള അഭിപ്രായവ്യത്യാസങ്ങളും പറഞ്ഞ് നിങ്ങളും സംതൃപ്തി അടയേണ്ട.

ഇവിടെ കേന്ദ്രഗവൺമെന്റിന്റെ സഹായത്തെക്കുറിച്ച് പറഞ്ഞു. കേന്ദ്രം സഹായിച്ചില്ലേ? ഇവിടെ കേന്ദ്രം സഹായിക്കുന്നില്ല എന്ന് ആരെങ്കിലും പറയുന്നുണ്ടോ? ഇവിടെ വ്യവസായത്തിന്റെ ചർച്ച വന്നപ്പോഴും, ഓരോ ഉപധനാഭ്യർത്ഥനകളുടെ ചർച്ച വന്നപ്പോഴും കേന്ദ്ര സഹായത്തിന്റെ സംസാരിക്കുന്ന കണക്കുകളും പറഞ്ഞു.

കാർഷിക രംഗത്തെ കാര്യം എടുക്കാം. കേരളത്തിലെ കർഷകരുടെ ഏറ്റവും വലിയ ഉൽപ്പന്നമാണ് നാളികേരം. ആ കർഷകർ പ്രതിസന്ധിയെ അതിജീവിച്ചപ്പോഴും ആ സമയത്തൊക്കെ കേന്ദ്രഗവൺമെന്റിന്റേയും കേന്ദ്ര ഏജൻസികളുടേയും സഹായത്തോടുകൂടി കാർഷികമേഖലയിലും വ്യവസായമേഖലയിലും ഒക്കെ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുള്ള ഗവൺമെന്റാണിത്. ഇവിടെ ആരെങ്കിലും കേരളം, കേരളം എന്ന് നാലു പ്രാവശ്യം സംസാരിച്ചാൽ അതൊക്കെ കേരളത്തോടുള്ള സ്നേഹമാകുമെന്ന അഭിപ്രായം കോൺഗ്രസ്സിനില്ല. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സ്, എല്ലാ കാലഘട്ടത്തിലും വിശാലമായ ഇൻഡ്യാരാജ്യത്തെ മുഴുവൻ ഒരുമിച്ചു കാണുന്ന രാഷ്ട്രീയ ആദർശവും രാഷ്ട്രീയ പ്രത്യയശാസ്ത്രവും രാഷ്ട്രീയമായ സമീപനവും കഴിഞ്ഞ നൂറാണ്ടുകളായി വച്ചുപുലർത്തുന്ന ഒരു പാർട്ടിയാണ്.. സങ്കുചിതമായ നൈമിഷികമായ, രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ അഖിലേന്ത്യാ രാഷ്ട്രീയത്തിൽ ഈ രാജ്യത്തെ വർഗ്ഗീയ, പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങളെ വളർത്തുന്നതിനുവേണ്ടി അവരുടെ വീട്ടുമുറ്റത്ത് കയറിയിറങ്ങുന്ന ഇവിടുത്തെ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അപ്പുറത്തുനിന്നുകൊണ്ട്, അടിസ്ഥാനരഹിതമായ ആരോപണങ്ങളും ഉന്നയിക്കാതെ ഈ മുന്നണിയുടെ നല്ലകാര്യങ്ങളും അംഗീകരിക്കാനുള്ള സൻമനോഭാവം പ്രകടിപ്പിക്കണമെന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനവിനിയോഗബില്ലിനെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, ഇവിടെ രാഷ്ട്രീയമായ വിവാദത്തിലേക്ക് വലിച്ചിഴക്കാനാണ് ഭരണപക്ഷത്തുനിന്നും സംസാരിച്ച അധികം മെമ്പർമാരും ശ്രമിച്ചത്. 49 മാസം കഴിഞ്ഞ് ഭരണത്തിലേക്കു നീങ്ങിയ ഈ മന്ത്രിസഭയുടെ നേട്ടത്തെപ്പറ്റി ഭരണ പക്ഷക്കാർ ഇവിടെ വിശദീകരിക്കുകയുണ്ടായി. ഭരണപരമായ നേട്ടം പറയാനില്ലാത്തതുകൊണ്ട് മുഴുവൻ സമയവും രാഷ്ട്രീയം പറഞ്ഞു. ശ്രീ. എം. വി. രാഘവന്റെ കാര്യം ഇല്ലാതിരുന്നെങ്കിൽ അവർ കഷ്ടത്തിലായേനെ. എം. വി. രാഘവനെ കിട്ടിയില്ലായിരുന്നുവെങ്കിൽ ബെന്നി ബഹനാൻ കഷ്ടത്തിലാകുമായിരുന്നു. ഇവിടെ ജനസംഖ്യയുടെ പകുതിയോളം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുകയാണ്. അതാണ് ഈ 4 കൊല്ലത്തെ ഭരണത്തിന്റെ നേട്ടം. അതുപോലെതന്നെ 30% പേർക്കു മാത്രമേ ഭാഗികമായി തൊഴിലുള്ളൂ. കേരളത്തിൽ നാലുകൊല്ലത്തിനു ശേഷം തൊഴിലില്ലാത്തവർ 19 ലക്ഷത്തിൽനിന്നും 26 ലക്ഷമായി ഉയർന്നു. ഇത് ശ്രീ. ഇ. അഹമ്മദ് എഴുതിയ പുസ്തകത്തിലെ വിവരമാണ്. ഇവരുടെ നാലുവർഷത്തെ നേട്ടമാണ് ഇതൊക്കെ. അപ്പോഴും തൊഴിലില്ലായ്മ വർദ്ധിച്ചു, ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവരുടെ എണ്ണം കൂടി, തൊഴിൽ കിട്ടിയതോ ഭാഗികമായി 30% പേർക്ക്. ഇതാണ് രണ്ടരക്കോടി ജനങ്ങളുള്ള കേരളത്തെ സംബന്ധിച്ചുള്ള സ്ഥിതി. നാലു കൊല്ലത്തെ കരുണാകരൻ മുന്നണി ഭരണത്തിന്റെ നേട്ടമാണിത്. കോൺഗ്രസ് ഭരണത്തിന്റെ നേട്ടത്തെപ്പറ്റിയാണ് ഇവിടെ ഇത്രയും നേരം ബെന്നി ബഹനാൻ പറഞ്ഞത്. കോൺഗ്രസ്സ് ഇൻഡ്യാരാജ്യം മുഴുവൻ ഭരിക്കുന്നുണ്ടോ? 8 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സുണ്ടോ? 25 കോടി ജനങ്ങളുടെ ഇടയിൽ ഇൻഡ്യയിൽ കോൺഗ്രസ് ഭരിക്കുന്നുണ്ടോ? ഇല്ല. ഇവിടെ ചിലർ പറഞ്ഞു, ഇൻഡ്യ മുഴുവൻ കോൺഗ്രസ്സാണുപോലും ഭരിക്കുന്നത് എന്ന്. സ്വാതന്ത്ര്യം കിട്ടി, 38 വർഷം കഴിഞ്ഞു. ബംഗാളിൽ 9 കൊല്ലമായി മാർക്സിസ്റ്റു പാർട്ടി ഗവൺമെൻറാണ് ഭരിക്കുന്നത്. നിങ്ങളും വന്നിട്ട് 49 മാസമേ ആയിട്ടുള്ളൂ. അതുപോലെതന്നെ ത്രിപുരയിൽ 8-ാം വർഷത്തിലേക്കാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റുപാർട്ടി നേതൃത്വത്തിലുള്ള ഗവൺമെൻറ് കടക്കുന്നത്. തമിഴ്നാട്ടിൽ കോൺഗ്രസ്സുണ്ടോ? ആന്ധ്രയിൽ കോൺഗ്രസ്സുണ്ടോ? ആസ്സാമിൽ ഒരു കൊച്ചുപാർട്ടി ഭരിക്കുന്നു. ആസ്സാമിൽ കോൺഗ്രസ്സുണ്ടോ? ആസ്സാമിൽ കോൺഗ്രസ്സിനെ തൂത്തുവലിച്ചെറിഞ്ഞ് ഒരു കൊച്ചുപാർട്ടി ആസാം ഗണ പരിഷത്ത് 10 മാസമായി ഭരണമേറ്റിട്ട്. പഞ്ചാബിൽ കോൺഗ്രസ്സുണ്ടോ? കർണ്ണാടകത്തിൽ കോൺഗ്രസ്സുണ്ടോ? ഇൻഡ്യയിൽ 8 സംസ്ഥാനത്ത് 25 കോടിജനങ്ങളും ജീവിക്കുന്നിടത്ത് കോൺഗ്രസ്സുണ്ടോ? ഇവിടെ കേരളത്തിൽ കോൺഗ്രസ്സുണ്ടോ? ചോദിക്കട്ടെ, കരുണാകരൻ കക്ഷി ഒറ്റയ്ക്കുനിന്നു മൽസരിച്ചാൽ കോൺഗ്രസ്സിന്റെ പേരും പറഞ്ഞുകൊണ്ട് ബെന്നിബഹനാന് നടക്കാനാവുമോ? 10 സീറ്റുകിട്ടുമോ കോൺഗ്രസ്സിവിടെ ഒറ്റയ്ക്കുനിന്ന് മൽസരിച്ചാൽ? ഞങ്ങളും ഒറ്റയ്ക്കുനിന്ന് മൽസരിച്ചപ്പോഴും സീറ്റുകളും 20 എണ്ണം വാങ്ങി. ഞങ്ങളും 20 എണ്ണം വാങ്ങിയതാണ്. നിങ്ങൾക്ക് 10 എണ്ണം കിട്ടുമോ? ഒറ്റയ്ക്കു മൽസരിച്ചപ്പോൾ 9 എണ്ണമാണ് നിങ്ങൾക്ക് കിട്ടിയത്. വെറുതേ വർത്തമാനം പറയണ്ട, ഇവിടെ കോൺഗ്രസ്സില്ല, കോൺഗ്രസ്സിവിടത്തെ ജാതി-മത വർഗ്ഗീയ കക്ഷികളുടെ തടവുകാരനാണ്. ജാതി-മത വർഗ്ഗീയ കക്ഷികളുടെ എച്ചിൽ തിന്നു ജീവിക്കുന്ന കക്ഷിയാണ് ഇവിടത്തെ കോൺഗ്രസ്. എന്നിട്ടിപ്പോൾ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയെപ്പറ്റി കമ്മ്യൂണിസത്തെപ്പറ്റി എതിർത്തുകൊണ്ട് ലീഗുമെമ്പർ ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിക്കുന്നു. തിന്ന ചോറിന്റെ കൂറുണ്ടോ ബഷീറിന്? പാനൂർ നിയോജകമണ്ഡലത്തിൽ ഇനി ബഷീർ നിന്നു മൽസരിച്ചാൽ അവിടെ കെട്ടി വച്ച പണം കിട്ടുമോ? അവിടത്തെ മാവൂർ ഫാക്ടറിത്തൊഴിലാളികളെക്കുറിച്ച് ഒരു വാചകം ബഷീർ പറഞ്ഞിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ പ്രസംഗത്തെ സ്വാഗതം ചെയ്യുമായിരുന്നു. മാവൂർ ഫാക്ടറിയിലെ ഒരു തൊഴിലാളിയാണ് ശ്രീ. ബഷീർ. അത് പറയാതെ, ഇടതുപക്ഷജനാധിപത്യമുന്നണിയെപ്പറ്റി കരുണാകരന്റെ എച്ചിലിനു വേണ്ടി പ്രസംഗിച്ചു നടക്കേണ്ട ആവശ്യമുണ്ടോ? ബഷീർ തൊഴിലാളിയാണ്. ലീഗ് മെമ്പർ രാമൻ തൊഴിലാളിയല്ല. എന്നിട്ട് ആ തൊഴിലാളികളെപ്പറ്റി ഒരു വാചകവും പറഞ്ഞിട്ടില്ല. അതുപോകട്ടെ, ഒരു പുതിയ ധനകാര്യമന്ത്രിയാണ് നമുക്കുള്ളത്. പഴയ ധനകാര്യമന്ത്രിയുടെ കാലുവാരി, കരുണാകരൻ. പുതിയ ധനകാര്യമന്ത്രി വന്നു. കഴിഞ്ഞ വർഷം പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ശ്രീ. വി. പി. സിംഗ് പറഞ്ഞ ഒരു വാചകം ഞാനിവിടെ ഉദ്ധരിക്കുകയാണ്. "The formulation of a budget is an annual exercise, but to be meaningful, It has to be said in a longer time frame." ഇത് ആദ്യത്തെ ബഡ്ജറ്റിലെ ഒരു വാചകമാണ്. ഞാനിത് പറയാൻ കാരണം മാർച്ച് 21-ന് നമ്മുടെ മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി, സ്വന്തം പദവി എന്നാണ് തെറിച്ചുപ്പോകുന്നതെന്ന് നിശ്ചയമില്ലാതിരുന്നതിനാൽ അനിശ്ചിതത്വത്തിന്റെ നിഴലിൽ ഡമോക്ലീസിന്റെ വാൾ തലയ്ക്കുമേൽ തൂങ്ങി നിൽക്കുമ്പോൾ 1986-87-ലെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചു. Longer time frame പോകട്ടെ, shorter time frame പോലും ഇല്ലാതെ ധനകാര്യമന്ത്രി സ്ഥാനം ഒഴിയേണ്ട ദിവസങ്ങൾപോലും എണ്ണിയെണ്ണി പോകുമ്പോൾ മിച്ചം കാണിക്കാനുള്ള വ്യഗ്രതയിൽ പടച്ചുവച്ച meaningless exercise അർത്ഥരഹിതമായ അഭ്യാസം മാത്രമാണ് ഈ വർഷത്തെ ബഡ്ജറ്റ്. അതിൽ പ്രഖ്യാപിച്ച ചെലവിനങ്ങൾക്കുവേണ്ടിയാണ് ധനവിനിയോഗ ബിൽ എന്നതുകൊണ്ടുതന്നെ ഈ ബില്ലും അർത്ഥരഹിതമായിത്തീരുന്നു, അടിസ്ഥാനരഹിതമായിത്തീരുന്നു. ഇന്നലെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, നമ്മുടെ കമ്മിയും മിച്ചവും ഇന്ന് ചർച്ച ചെയ്തത് അവസാനിപ്പിക്കാൻ. എങ്ങനെ അവസാനിപ്പിക്കാൻ? നിങ്ങളിന്നലെ പറഞ്ഞത് കമ്മിയാണെന്നാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഒരുചോദ്യം മി. നായനാർ, 1985-86-ലെ വർഷാവസാന മിച്ചം 168 കോടിരൂപയാണ് എന്ന് റിസർവ്വ് ബാങ്കും കേന്ദ്രഗവൺമെന്റും ഇവിടെ അറിയിച്ചിട്ടുള്ളത് നിഷേധിക്കുന്നുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ഞാൻ പറഞ്ഞു തീർന്നില്ല. ഞാൻ കണക്കിലേക്ക് വരുന്നതേയുള്ളൂ. ബഹുമാനപ്പെട്ട മാണി മന്ത്രി, എന്റെ കണക്ക് പറഞ്ഞു തീർന്നില്ല. തച്ചടി അതിനെതിരായി പറഞ്ഞതാണ് ഞാനിപ്പോൾ എടുക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: മണി മന്ത്രിയല്ല, മന്ത്രി മാണിയാണ്. മുൻപ് മണി മന്ത്രിയായിരുന്നു ഇപ്പോഴല്ല.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി, മാണി മാർച്ച് 21-ന് ഈ സഭയിൽ പറഞ്ഞത് 1985-86 അവസാനം 86 കോടി രൂപയുടെയും ഈ വർഷാവസാനം 15.63 കോടി രൂപയുടെയും മിച്ചമുണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ്. ഈ സമ്മേളനത്തിന്റെ ആദ്യദിവസം ജൂൺ 23–ാം തീയതി നമ്മുടെ ഈ സഭയിൽ പറഞ്ഞു. എന്നാൽ 1985–86 അവസാനം 168 കോടി രൂ. യും ഈ വർഷാവസാനം 101 കോടിരൂപയുടെയും മിച്ചമുണ്ടാകുമെന്ന് പറഞ്ഞു. അതാണ് ഞാൻ കറക്ഷൻ ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി: വർഷാവസാനം 121 കോടി രൂപയുടെ മിച്ചമുണ്ടാകുമെന്നാണ് പറഞ്ഞത്.

ശ്രീ. ഇ. കെ. നായനാർ: നിങ്ങളം അച്ചടിച്ചുതന്ന കടലാസിലുള്ളതാണ് ഞാൻ പറഞ്ഞത്. അല്ലാതെ എന്റെ സ്വന്തം കണക്കല്ല. എന്റെ സ്വന്തം ഏർപ്പാടല്ല. അത് ഞാൻ വേറെ എഴുതിക്കൊണ്ടുവരും. ഇതിപ്പോളം നിങ്ങളം അച്ചടിച്ചു തന്നതാണ്. കേന്ദ്രത്തിൽ നിന്നും അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി മാണി പറഞ്ഞു, ആ രേഖ കേന്ദ്രത്തിന്റെ കത്ത് വയ്ക്കുമ്പോൾ ഇപ്പോഴുള്ള എസ്റ്റിമേറ്റ് മാറും. അങ്ങനെ വരുമ്പോൾ എസ്റ്റിമേറ്റ് മാറുന്നത് ഈ രീതിയിലായിരിക്കും, 86 കോടിരൂപയുടെ കഴിഞ്ഞവർഷം അവസാനത്തിലുണ്ടായിരുന്ന മിച്ചത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത മാർച്ചിൽ 15 കോടിരൂപയാണ് മിച്ചമെങ്കിൽ ഇനി വരാൻ പോകുന്നത് 15 കോടി ഉരുപ്പികയുടെ മിച്ചം 150 കോടി രൂ. യായി മാറുമെന്ന് ബഹുമാനപ്പെട്ട നമ്മുടെ മാണി പറഞ്ഞു. പിറേന്ന് നമ്മുടെ തച്ചടി അതിന് മറുപടി കൊടുത്തു ഈ അസംബ്ലിയിൽ. എന്താണ് മറുപടി കൊടുത്തത്? മാണി ഇത് പറഞ്ഞതിന്റെ അടുത്ത ദിവസം 24–ാം തീയതി പുതിയ ധനകാര്യമന്ത്രി ബഹുമാനപ്പെട്ട തച്ചടിപ്രഭാകരൻ—ഇപ്പോൾ ധനകാര്യമന്ത്രിയാണ്—പ്രഖ്യാപിച്ചു. എന്താണ് പ്രഖ്യാപിച്ചത്? മാണിക്ക് മറുപടി, ''റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തിയും സമ്പാദ്യപദ്ധതികളിലൂടെ കൂടുതൽ ധനം സമാഹരിച്ചും, കേന്ദ്രത്തിൽനിന്നും വിഹിതം കിട്ടുമെന്ന് പ്രതീക്ഷിച്ചും (കിട്ടുമെന്നല്ല, വാചകം മനസ്സിലാക്കണം) ഈ വർഷത്തെ സാമ്പത്തികനില കുഴിയല്ലാതെ ഭദ്രമാക്കാം എന്നാണ് എന്റെ പ്രതീക്ഷ''. മനസ്സിലായോ? ഒന്ന് ഇവിടെ പ്രതീക്ഷ, മറേത് കേന്ദ്രത്തിൽനിന്ന് കിട്ടുമെന്നുള്ള പ്രതീക്ഷ. മൂന്നു നാലു പ്രതീക്ഷ. ഈ വർഷത്തെ സാമ്പത്തികനില കുഴിയില്ലാതെ പുതിയ ധനകാര്യവകുപ്പു മന്ത്രി ഭദ്രമാക്കും. പ്രതീക്ഷ മനസ്സിലായോ? കേന്ദ്രത്തിൽനിന്നുള്ള പ്രതീക്ഷ അസ്ഥാനത്താണ്. നമുക്ക് കഞ്ചിക്കോട്ട് കോച്ചു ഫാക്ടറി കിട്ടിയോ? കരുണാകരൻ പാലക്കാട് കോട്ട മൈതാനിയിൽ വച്ച് പ്രസംഗിച്ചതാണ്. കോൺഗ്രസ്സിവിടെ ജയിച്ചാൽ പിറേന്ന് കഞ്ചിക്കോട്ട് ഫാക്ടറി വരുന്നതാണെന്ന്. കോച്ചുഫാക്ടറി. ഇതുപോലെ പ്രതീക്ഷവച്ച് പറഞ്ഞതാണ്. 'കോച്ച്' ഫാക്ടറി ഇപ്പോൾ നമുക്കില്ല. അത് ഇപ്പോൾ പഞ്ചാബിലാണ്. മാണിക്ക് ഇപ്പോൾ മനസ്സിലായോ തച്ചടിയുടെ മറുപടി? ഈ പ്രതീക്ഷവച്ച് തച്ചടി പറഞ്ഞത് എന്തിനാണെന്നറിയാമോ? മാണിയെ ഒന്ന് ഇരുത്താൻ വേണ്ടിയാണ്. മാണി ഇനി കള്ളം പറയരുത്. കേന്ദ്രത്തിൽനിന്ന് പ്രതീക്ഷിച്ചാൽ അത് എങ്ങനെ കിട്ടുമെന്ന് കണക്കാക്കും? വരൾച്ചക്ക് നമ്മം 1000 കോടി ചോദിച്ചല്ലോ, എന്നിട്ട് കിട്ടിയോ? എത്രയാണ് കിട്ടിയത്? 42 കോടി രൂപ. 600 കോടിയിലധികം നമ്മം വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും വേണ്ടി ആവശ്യപ്പെട്ടല്ലോ എന്നിട്ട് എത്രയാണ് കിട്ടിയത്? 42 കോടിയാണോ? എത്ര കിട്ടിയെന്ന് നിങ്ങൾ പറയണം. എന്നിട്ടിപ്പോഴും ചോദിച്ചാൽ കിട്ടുമെന്നുള്ള പ്രതീക്ഷ വച്ചാണ് പറയുന്നത്. എന്താ ഡോക്ടർ ജോസഫേ? ജോസഫിനറിയാം ഇതിന്റെ കള്ളി എത്രയാണ് കിട്ടിയത്....
.....(ചിരി).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ജോസഫുമായിട്ട് കൂട്ടുകൂടാൻ വല്ല ഗൂഢാലോചനയുമുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ഞങ്ങടെ രണ്ടുപാർട്ടിയാണെങ്കിലും പല കാര്യങ്ങളും എന്നോട് പറയാറുണ്ട്.

അപ്പോഴാ ഇവിടെ പറയുന്നതുപോലെ അല്ല. ശ്രീ. തച്ചടിപ്രഭാകരൻ ജൂലൈ 3–ാം തീയതി ഡൽഹിയിൽ വച്ച് പത്രലേഖകരോട് പറഞ്ഞു, കുടിശ്ശിക മാണി പറഞ്ഞതുപോലെ 35 കോടിയല്ല, 65 കോടി ഉറുപ്പിക യാണെന്ന്. നിഷേധിക്കാൻ തയ്യാറുണ്ടോ? ഡൽഹിയിലെ പത്രലേഖകരോട് പറഞ്ഞതാണ് അത്. ഇവിടെ പറഞ്ഞുവോ എന്ന് അറിയില്ല. അതുകൊണ്ട് ഈ വർഷാരംഭത്തിലെ ധനകാര്യമിച്ചം മുൻധനകാര്യമന്ത്രിയുടെ കണക്കനുസരിച്ച് മാർച്ച് 21–ന് 15.63 കോടിരൂപ. ജൂൺ 23 ലെ അദ്ദേഹത്തിന്റെ തന്നെ കണക്കനുസരിച്ച് മിച്ചം 101 കോടി രൂപ. റവന്യൂപിരിവ് വർദ്ധിപ്പിച്ചും നിക്ഷേപസമ്പാദ്യമുണ്ടാക്കിയും കേന്ദ്രത്തിന്റെ സഹായത്തോടുകൂടിയും കമ്മിയില്ലാതാക്കുവാൻ ശ്രമിക്കും. ഇതാണ് നമ്മുടെ ഇപ്പോഴത്തെ ധനകാര്യമന്ത്രിയുടെ നിലപാട്. അതുകൊണ്ടുതന്നെ ഈ ധനവിനിയോഗബില്ലും അയഥാർത്ഥമാണ്. ഇതുതന്നെ കള്ളമാണ്. രണ്ടുപേരും രണ്ടുവിധത്തിലാണ് സംസാരിക്കുന്നത്. ഇവർ രണ്ടുപേരും പറയുന്നതും സ്വീകരിക്കാൻ വയ്യ. അതുകൊണ്ട് ഈ ധനവിനിയോഗബില്ലും അയഥാർത്ഥ്യമാണ്.

സർ, 2041 കോടി രൂപ ചെലവാക്കാനുള്ള അനുമതിയാണ് ചോദിച്ചത്. ഈ പ്ലാനിന്റെ കാലത്ത് ആ തുക മുഴുവൻ ചെലവഴിക്കാൻ കിട്ടുമോ? ഇതു മതിയാകുമോ? ഇനിയും എത്ര വേണ്ടിവരും? പോരാതെ വരുന്നത് കിട്ടാതെ വന്നാലുള്ള സ്ഥിതിയെന്താണ്? ബഡ്ജറ്റ് പ്രസംഗത്തിന്റെ 33–ാം പേജിൽ പറഞ്ഞിരിക്കുന്നത് 130 കോടി രൂപയുടെ അധിക വിഭവസമാഹരണം നടത്തുമെന്നാണ്. ഏതു ഫൈറത്തിലാണ് ഇത് ഉണ്ടാക്കുന്നത്? 130 കോടി രൂപ അധികവിഭവസമാഹരണം നടത്തിയാലേ ഇക്കൊല്ലം പ്ലാനുള്ളു. ആരുടെ പോക്കറ്റ് തട്ടിയെടുത്തിട്ടാണ് ഇത് ഉണ്ടാക്കുന്നത്? പാവപ്പെട്ട നാട്ടുകാരുടെ പോക്കറ്റ്. എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചിട്ടാണ് ഇതുണ്ടാക്കാൻ പോകുന്നത്. അതല്ലേ നിങ്ങൾ ചെയ്യാൻ പോകുന്നത്? അതിൽ അങ്ങനെ എഴുതിവച്ചിരിക്കുന്നത് നിങ്ങളാരും ശ്രദ്ധിച്ചിട്ടില്ല. 130 കോടി ഉണ്ടാക്കാമെന്നാണ് എഴുതിവച്ചിരിക്കുന്നത്. എന്നിട്ട് ഇതിനകത്ത് മാണിയും കരുണാകരനും അതു മിണ്ടിയിട്ടില്ല. കള്ളക്കണക്ക് പിഴയ്ക്കും. ഒരിക്കൽ പിഴച്ചാൽ സർവ്വത്ര പിഴയ്ക്കും. അതാണ് ഇവിടെ സംഭവിച്ചത്. കാരണം മാണി മന്ത്രിസ്ഥാനം പോകുമെന്നു വിചാരിച്ചു കമ്മി മിച്ചമാക്കാൻ നോക്കി. പക്ഷേ കണക്കുണ്ടോ ശരിയാകുന്നു? ഇതു കള്ളക്കണക്കല്ലേ? ഇപ്പോഴാ 2 ധനകാര്യമന്ത്രിമാരും കൂടി തർക്കമാണ്". മുഖ്യമന്ത്രിക്കാണെങ്കിൽ ഇക്കാര്യത്തിൽ ഒരു നിശ്ചയവുമില്ല. മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം കമ്മിയും മിച്ചവും ഒപ്പമാണ്. അദ്ദേഹത്തിന് അതിനെക്കുറിച്ച് വിവരമില്ല. അതിനെസംബന്ധിച്ചുള്ള വിവരമുണ്ടാകണമെങ്കിൽ ഫിനാൻസും എക്കണോമിക്സുമൊക്കെ കുറെ പഠിക്കണം. .....(ബഹളം).....ഈ ഓട്ടത്തിനിടയ്ക്ക് അതു പഠിക്കുകയില്ല. അതിന് കുറെ പണിയെടുക്കണം. .....(ബഹളം).....ഈ തുക എന്തിനാണ്? ഇത്രയും തുക വികസനപ്രവർത്തനത്തിനാണോ എന്നാണ് ചോദ്യം. ഞങ്ങടെ ഇന്നയിന്ന വികസനപ്രവർത്തനങ്ങടെ നടത്തും. ഇന്നയിന്ന പ്രവർത്തനങ്ങടെ ശക്തിപ്പെ

ടുത്തും എന്നൊക്കെ ഒരു ധാരണ വേണ്ടേ? ഗവർണ്ണറുടെ പ്രസംഗത്തിൽ എഴുതിവച്ചിരിക്കുന്നത് 6–ാം പദ്ധതിയുടെ സ്പിൽ ഓവർ വർക്കാണ് 7–ാം പദ്ധതിയെന്നാണ്. 6–ാം പദ്ധതി വിജയിച്ചിട്ടില്ലെന്നു മുഖ്യമന്ത്രി ഇവിടെ വച്ചു പറഞ്ഞു. അതിന്റെ സ്പിൽ ഓവറാണ് 7–ാം പദ്ധതി. സ്പിൽ ഓവറിൽ എവിടെയാണ് വികസനം? 6–ാം പദ്ധതി തോറ്റു. അതിന്റെ സ്പിൽ ഓവർ 7–ാം പദ്ധതി. 7–ാം പദ്ധതിയിൽ പിന്നെ വികസനം എവിടെയാണെന്നാണ് ഞാൻ ചോദിക്കുന്നത്. ഇതൊന്നും ആലോചിക്കാതെ ഞങ്ങടെ ആനയെ വാങ്ങും, കോഴിയെ വാങ്ങും, ഐ. ആർ. ഡി. പി. ഉണ്ട്, ആനയാക്കും, മയിലാക്കും, ഒട്ടകമാക്കും എന്നൊക്കെ പ്രസംഗിച്ചിട്ട് വലിയ കാര്യമൊന്നുമില്ല. നിങ്ങടെതന്നെ എഴുതിവച്ചിട്ടുണ്ട് സ്പിൽ ഓവറാണെന്നാണ്. അപ്പോൾ ഒരു പദ്ധതിയും ഒരു വികസന പ്രവർത്തനവും ഇവിടെ നടക്കുന്നില്ല.

വികലമായ ഒരു വിദ്യാഭ്യാസനയമാണ് ഇവിടെയുള്ളത്. ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു നിങ്ങടെ എന്തിനാണ് പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരം നടത്തിയതെന്ന്. പ്രീഡിഗ്രി ബോർഡിനെപ്പറ്റി ഇപ്പോൾ എല്ലാപേരും ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. മുസ്ലീംലീഗും അതിനെപ്പറ്റി ചിന്തിക്കാൻ തുടങ്ങി. പ്രീഡിഗ്രി ബോർഡ് കൊണ്ടു വന്നാൽ ന്യൂനപക്ഷത്തിനും പിന്നോക്കവിഭാഗ സമുദായങ്ങൾക്കും അനുകൂലമായ അന്തരീക്ഷം ഉണ്ടാകുമോ? ഉണ്ടാകുകയില്ല. നിങ്ങൾ ചിന്തിച്ച് ചർച്ച ചെയ്തു പിന്നെ തീരുമാനിച്ചാൽ മതി. ഉണ്ടാകുകയില്ലെന്നു ഞാൻ പറയാൻ കാരണം ഇതൊരു ഗൗരവമേറിയ പ്രശ്നമാണ്. ഗുജറാത്തിൽ നടന്നതെന്താണ്? ഗുജറാത്തിൽ സംവരണം കൊടുത്തതിനെതിരായിട്ട് അവിടത്തെ ഭരണാധികാരത്തിലുള്ള, കോൺഗ്രസ് മന്ത്രിസഭയിലെ ബ്രാഹ്മണമേധാവിത്വവും അവർണ്ണവിഭാഗവും തമ്മിൽ കലാപമാണ്. അതാണിപ്പോൾ ഹിന്ദു–മുസ്ലീം കലാപമായി വ്യാപിച്ചത്. അഹമ്മദാബാദിൽ 50 ആളുകൾ മരിച്ചെന്നാണ് ഗവൺമെന്റ് കണക്ക്. മരിച്ചത് അമ്പതല്ല. 100 കണക്കിന് ആളുകൾ മരിച്ചിട്ടുണ്ട്. ഇപ്പോൾ ഇതു തുടങ്ങിയിട്ട് മൂന്നു നാല് മാസമായി. കഴിഞ്ഞ കൊല്ലവും അതിനുമുമ്പിലത്തെ കൊല്ലവും അവിടെ കലാപമുണ്ടായി. സവർണ്ണരും അവർണ്ണരും തമ്മിലുള്ള റിസർവേഷൻ പ്രശ്നമാണ് അതിന്റെ അടിസ്ഥാനകാരണം. റിസർവേഷൻ പാടില്ലെന്നു പറയുന്നവരാണ് അധികാരത്തിലുള്ള ബ്രാഹ്മണ മേധാവിത്വവും ആർ. എസ്. എസ്. കാരും, ഹിന്ദു ഡോമിനേഷൻകാരും. ആ അനുഭവം വച്ചിട്ട് പ്രീഡിഗ്രി ബോർഡ് വന്നാൽ ഈ സംസ്ഥാനത്തെ അവർണ്ണസമുദായങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കും ഇന്നു കിട്ടിയിട്ടുള്ള അധികാരവും അവകാശവും ഇന്നത്തേക്കാളും ആംഗീകരിക്കപ്പെടുമോ? ഇല്ല. ഇല്ല എന്നുള്ളതിന്റെ തെളിവ് ഞാൻ പറയാം. കത്തോലിക്കാ നേതൃസമ്മേളനത്തിൽ പ്രീഡിഗ്രി ബോർഡിനെപ്പറ്റി അവതരിപ്പിച്ച പ്രബന്ധത്തിൽ ഫാദർ വള്ളമറ്റം പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. നിലവിലുള്ള ഹൈസ്കൂളുകളിൽ പ്രീഡിഗ്രി ബോർഡ് നിലവിൽ വരുമ്പോൾ 90 ശതമാനവും സ്വകാര്യ മേഖലയ്ക്ക് കിട്ടണം. അതിൽ നല്ല ഒരു പങ്ക് സമുദായത്തിന് തരാമെന്നു വിദ്യാഭ്യാസമന്ത്രി ടി. എം. ജേക്കബ് ഉറപ്പു നൽകിയിട്ടുണ്ട്. നിലവിലുള്ള സ്വകാര്യകോളേജുകളെപ്പോലെ 50 ശതമാനം സീറ്റ് മെറിറ്റിനു, 20 ശതമാനം സമുദായത്തിനു, 30 ശതമാനം മാനേജ്മെന്റിനു നീക്കിവയ്ക്കണമെന്നാവശ്യപ്പെടാൻ സമ്മർദ്ദം ചെലുത്തണം. സമുദായത്തിനു അനുകൂലമായ സർക്കാരാണ് സംസ്ഥാനത്തു നിലവിലുള്ളത്. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ മെഡിക്കൽ ബിരു

LIBRARY ARCHIVES Kerala Legislative Assembly

ാനന്തര കോഴ്സ്, സ്വകാര്യ പോളിടെക്നിക്, പ്രീ-ഡിഗ്രി ബോർഡ് എന്നീ പ്രശ്നങ്ങളിൽ നമുക്ക് അനുകൂലമായ സമീപനമായിരുന്നു ഈ ഗവൺമെൻറിനേറത്. എന്നാൽ ജനങ്ങളുടെ സമ്മർദ്ദം മൂലം നമുക്കു തന്ന ഉറപ്പു പാലിക്കാൻ ഗവൺമെൻറിന് കഴിഞ്ഞില്ല. ജൂലൈ 15—ാം തീയതിയിലെ മാതൃഭൂമി പത്രത്തിൽ വന്ന റിപ്പോർട്ടാണിത്. അപ്പോഴാ ഞാൻ ചോദിക്കുന്നത് ഈ പ്രീ-ഡിഗ്രി ബോർഡ് ആർക്കുവേണ്ടിയായിരുന്നു? ഈ സംസ്ഥാനത്തെ മുൻതൂക്കമുള്ള സവർണ്ണമേധാവിത്വത്തിനുവേണ്ടി. ഇവിടത്തെ ഹൈസ്കൂളുകളിലേയും കോളേജുകളിലേയും ഭൂരിഭാഗം സീറ്റുകളും അവരുടെ സ്വകാര്യമാനേജുമെൻറിന് തട്ടിയെടുക്കാൻ. അപ്പോഴാ നഷ്ടം ആർക്കാണ് വരുന്നത്? അതുകൊണ്ടാണ് ഇപ്പോഴാ മുസ്ലീംലീഗും മറ്റുള്ളവരും ആലോചിക്കുന്നത്. എൻ. ഡി. പി. ക്ക് ആണെങ്കിൽ ഇപ്പോഴാ കയ്യിൽ കിട്ടിയതും പോയി. അതുകൊണ്ടാണ് ഞങ്ങളാ ശക്തമായി പോരാടിയത്.

ഒരു മന്ത്രി വ്യവസായവകുപ്പിനെ അഴിമതിജഡിലമാക്കി. മറ്റൊരു മന്ത്രി വ്യവസായവകുപ്പ് സ്തംഭിപ്പിച്ചു. ഇപ്പോഴാണെങ്കിൽ 100 ശതമാനം പവർകട്ടും. ശ്രീ. കെ. എം. മാണി വെളിച്ചവിപ്ലവത്തിൻറെ കൈത്തിരിയുമേന്തി മുന്നോട്ട് മാർച്ച് ചെയ്യുന്നു. ബാലകൃഷ്ണപിള്ള പിന്നോക്കം വീണു ഇരുട്ടിൽ തപ്പിത്തടയുകയാണ്. 6 മാസത്തിനുശേഷം നമുക്ക് പവർകട്ട് വരുമെന്നു മാണി ഈ അസംബ്ലിയിൽ പറഞ്ഞിരുന്നു. നിങ്ങളെല്ലാം മറന്നെങ്കിലും ഞാൻ മറന്നിട്ടില്ല. ഇവിടെ പവർകട്ട് വേണ്ടി വരുമെന്നുള്ള സത്യം അന്നു നമ്മുടെ ബഹുമാനപ്പെട്ട മാണി പറഞ്ഞു. അതുകൊണ്ട് ഇപ്പോഴാ 100 ശതമാനം പവർകട്ട് ഏർപ്പെടുത്തി വ്യവസായശാലകളെ നിശ്ചലമാക്കിയതിൻറെ ഉത്തരവാദിത്വം ഈ ഗവൺമെൻറ് ഏറ്റെടുക്കണം. കാരണം വൈദ്യുതിക്ഷാമം തടയാൻ ഈ 6 മാസത്തിനകം ഈ ഗവൺമെൻറ് വല്ലതും ചെയ്തോ? ഇവിടെ നടന്നതെന്താണെന്നു വച്ചാൽ കരുണാകരൻറെ മുഖച്ഛായയുടെ ചർച്ചയായിരുന്നു. ഇവിടെ മുഖച്ഛായ നന്നാക്കുകയായിരുന്നു. അതാണ് ഇവിടെ നടന്നത്. അല്ലാതെ വൈദ്യുതികട്ട് ഇല്ലാതാക്കുവാൻവേണ്ടി ഒന്നും ചെയ്തില്ല. മാണി പറഞ്ഞത് സത്യമായിരുന്നെങ്കിലും അതു പരിഹരിക്കുന്നതിനാവശ്യമായ നടപടി ഇവിടെ എടുത്തില്ല. ജൂൺ ആദ്യം മഴ പെയ്തില്ലെങ്കിൽ 300 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കുറവുണ്ടാകുമെന്നും, പവർകട്ട് ഏർപ്പെടുത്തേണ്ടിവരുമെന്നും 6 മാസം മുമ്പുതന്നെ അറിയാമായിരുന്നിട്ടും അതു പരിഹരിക്കുന്നതിന് എന്തുകൊണ്ട് നടപടികൾ സ്വീകരിച്ചില്ല? വരാൻപോകുന്ന വൈദ്യുതിക്ഷാമം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയെ അറിയിച്ചിരുന്നോ? എന്നു പറഞ്ഞാൽ കേന്ദ്രത്തെ അറിയിച്ചിരുന്നോ? അറിയിച്ചില്ല. കേന്ദ്രം മുഴുവൻ നമുക്ക് തരുമെന്നു പറഞ്ഞിരുന്നതല്ലാതെ കേന്ദ്രത്തിൽ നിന്നു സംസ്ഥാന വിഹിതം നേടിയെടുക്കാൻ ശ്രമിച്ചോ? വെളിച്ചത്തിൻറെ ഒരു വിഹിതം നമുക്ക് കേന്ദ്രത്തിൽ നിന്നു കിട്ടിയോ? ഇങ്ങനെയൊരു സിറ്റുവേഷൻ വരാൻപോകുന്നുണ്ടെന്ന് 6 മാസത്തിനുമുമ്പേ ഗവൺമെൻറിന് അറിയാമായിരുന്നിട്ടും കേന്ദ്രത്തിൽ നിന്നു കിട്ടാനുള്ള വിഹിതം വാങ്ങിക്കാൻ ശ്രമിച്ചില്ല. വൈദ്യുതി പദ്ധതികളുടെ കോൺട്രാക്ടുകളിൽ അഴിമതി നടത്തുന്നതിനിടയിൽ ഇതിനൊന്നിനും സമയമില്ലായിരുന്നു.

അതുപോലെതന്നെ ഇടുക്കി രണ്ടാം ഘട്ടം കമ്മീഷൻ ചെയ്തിട്ടും പ്രയോജനമില്ല. ഇടമലയാറിൽ ചോർച്ചയാണ്. കല്ലടയിൽ വെള്ളം പൊയ്ക്കൊണ്ടിരിക്കുന്നത് നമ്മാം നേരിട്ട് കണ്ടതാണ്. 6—ാം പദ്ധതി

2915- 99

LIBRARY ARCHIVES Kerala Legislative Assembly

കാലയളവിൽ പുതിയതായി ഒരൊറ്റ വൈദ്യുത പദ്ധതിയും നടപ്പിലായില്ല. ആരാണ് ഉത്തരവാദി? പ്രതിപക്ഷമാണോ? ഞങ്ങളാണോ

2 P.M.] സിമന്റ് വാങ്ങാൻ പോയത്? ഞങ്ങളാണോ കല്ല് വാങ്ങാൻ പോയത്? 6-ാം പദ്ധതിയിൽ ഒരൊറ്റ പദ്ധതിയും പൂർത്തിയായില്ല. അഥവാ പദ്ധതി ഉണ്ടെങ്കിലും പൂർത്തിയാക്കാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. ഇപ്പോഴും അറേബിക് പദ്ധതികളെക്കുറിച്ചുള്ള ചർച്ചയാണ്. അല്ലാതെ ഇവിടത്തെ വെള്ളം ഊർജ്ജമാക്കുകയല്ല. അറേബിക് പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന് ഇപ്പോഴും പറയുകയില്ലെന്ന മട്ടാണ്. ഈ തരത്തിൽ ഒരു വശത്ത് ഗവൺമെന്റ് ഹൈഡൽ പ്രോജക്ട് ഉപേക്ഷിക്കപ്പെടുമ്പോൾ മറുവശത്ത് വനം വെട്ടിത്തെളിക്കുന്നു. സൈലന്റുവാലിയെക്കുറിച്ച് ശ്രീമതി ഇന്ദിരാഗാന്ധി ജീവിച്ചിരിപ്പുള്ള കാലഘട്ടത്തിൽ ഞാനും ശ്രീ. ബാലകൃഷ്ണപിള്ളയും കൂടിപ്പോയി സംസാരിച്ചതാണ്. സംസാരിച്ചപ്പോൾ അന്ന് സൈലന്റുവാലിയെ സംബന്ധിച്ച് അന്വേഷിച്ചിട്ട്, അത് ഉപേക്ഷിക്കപ്പെടുകയാണെങ്കിൽ നിങ്ങൾക്ക് പൂയാംകുട്ടി പദ്ധതി തരാമെന്ന് ഉറപ്പു പറഞ്ഞതാണ്. എം. ജി. കെ. മേനോന് മലയാളം അറിയാവുന്നതുകൊണ്ട് അദ്ദേഹവുമായി മലയാളത്തിൽ, സംസാരിച്ചു. ശ്രീമതി ഇന്ദിരാഗാന്ധിക്ക് അത് അറിയില്ലല്ലോ. പൂയാംകുട്ടി പദ്ധതി തരാമെന്ന് ഇന്ദിരാഗാന്ധി ഉറപ്പിച്ചു പറഞ്ഞതാണ്. ഏറ്റവും വലിയ പദ്ധതിയാണ് പൂയാംകുട്ടി പദ്ധതി. ഇപ്പോൾ നമുക്ക് സൈലന്റ് വാലി പോയി പൂയാംകുട്ടി നമുക്ക് കിട്ടിയതുമില്ല. നമുക്ക് ഇപ്പോൾ വെളിച്ചവുമില്ല. ഇവിടെ മുഖ്യമായ നന്നാക്കാനുള്ള തിരക്കല്ലേ? ശ്രീ. മാണിയുടെ പാലം വലിക്കാൻ ഒരു വിഭാഗം, ശ്രീ. വയലാർ രവിയുടെ പാലം വലിക്കാൻ മറ്റൊരു വിഭാഗം. രണ്ട് ആളുകളുടെ പാലവും വലിച്ചു. ശ്രീ. മാണി പോയില്ല, ശ്രീ. വയലാർ രവിക്ക് കുറച്ച് അഭിമാനമുള്ളതുകൊണ്ട് രാജിവച്ചു. മാണിയുടേത് മുഴുവൻ ഗ്യാസ് പോയതാണ്. കുറേ ഗ്യാസ് തീർന്നതാണ്. വയലാർ രവി പറഞ്ഞു ഞാനില്ലാ എന്ന്, കേന്ദ്രത്തിൽ നിന്ന് ശുപാർശ വന്നപ്പോൾ അടുത്ത ഇലക്ഷൻ വരുമ്പോൾ നോക്കിക്കൊള്ളാം, കരുണാകരന്റെ കാല് വാരാൻ കഴിയുമോ എന്നൊക്കെ. അപ്പോൾ ആ നിലയ്ക്കുള്ള അന്തസ്സ് ശ്രീ. മാണിക്കുണ്ടോ? ഒരു ചെറിയ ഞൊണ്ണൻ വകുപ്പായാലും ശ്രീ. മാണി അവിടെ ഇരിക്കും. ശ്രീ. മാണിക്ക് അന്തസ്സുണ്ടെങ്കിൽ രാജിവച്ച് പോവുകയില്ലേ? പോവുകയില്ലെന്ന് എനിക്കറിയാം. എന്റെ കൂടെ അല്ലേ ശ്രീ. മാണി 20 മാസം ഉണ്ടായിരുന്നത്. അതുകൊണ്ട് പോവുകയില്ലെന്ന് അറിയാം.

ശ്രീ. കെ. എം. മാണി: കുടിവെള്ളവും ജലസേചനവുമൊക്കെ ഞൊണ്ണൻ വകുപ്പാണെന്നാണോ വിചാരിക്കുന്നത്?

ശ്രീ. ഇ. കെ. നായനാർ: അല്ല. നല്ല വകുപ്പാണ്. അപ്പോൾ 7-ാം പദ്ധതി 6-ാം പദ്ധതിയുടെ സപ്പിള്ളോവറാണെന്ന് ഞാൻ പറയുന്നു. കാലിയായ ഖജനാവിനെക്കുറിച്ച് ഞങ്ങൾ എന്തിനാണ് തർക്കിക്കുന്നത്. കാലിയായ ഖജനാവിനെക്കുറിച്ച് തർക്കിച്ചിട്ട് കാര്യമുണ്ടോ? ഇത് പാസ്സാക്കാൻ പാടില്ലെന്നാണ് ഞാൻ പറയുന്നത്. ഇപ്പോൾ മുഴുവനും പറയുന്നില്ല. ബാക്കി അവിശ്വാസ പ്രമേയത്തിന്റെ ചർച്ചക്ക് വച്ചിരിക്കുകയാണ്. നിങ്ങൾക്ക് വിഷയമില്ലാത്തതുകൊണ്ടല്ലേ ശ്രീ. രാഘവനിൽ കേറി പിടിച്ചിരിക്കുന്നത്. ശ്രീ. ബെന്നി ബഹനാനെപ്പോലുള്ള പുതിയ ചെറുപ്പക്കാർക്ക് രാഷ്ട്രീയസ്പാർട്ടികളെപ്പറ്റി വലിയ വിവരമില്ല. ഞാൻ രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയിട്ട് 50 കൊല്ലമായി.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നിങ്ങൾക്ക് പാർട്ടിയെ പറ്റി വല്ല വിവരവുമുണ്ടോ? മുസ്ലീം ലീഗുകാരുടെ ഓഫീസ്സുണ്ടോ അവിടെ പ്രവർത്തിക്കുന്നു. വെറുതെ കുത്തിയിരിക്കുകയാണ്.

നമ്മുടെ രാജ്യത്തിലെ വില വർദ്ധനവ്—അരി, പഞ്ചസാര, ഉപ്പ് തുടങ്ങിയ സാധനങ്ങളുടെ കാര്യം എടുക്കാം. ഉപ്പ് സത്യാഗ്രഹം ചെയ്ത വരാണ് നമ്മൾ. ദണ്ഡിയാത്ര—1930—ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഗുജറാത്തിൽ നടന്നത് ഉപ്പിന്റെ വില കുറയ്ക്കാൻ വേണ്ടിയാണ്. ഇവിടെ ഉപ്പിന്റെ വില 20 പൈസയിൽനിന്ന് 82 പൈസയായിരിക്കുകയാണ്. കുറയ്ക്കാൻ വല്ല പരിപാടിയും നിങ്ങൾക്കുണ്ടോ? കരുണാകരൻ കോൺഗ്രസ്സിനെ പറഞ്ഞിട്ട് കാര്യമില്ല. ദണ്ഡിയാത്രയുടെ കാലത്താണ് ഞാൻ കോൺഗ്രസ്സിൽ ചേർന്നത്. അന്ന് 31 ആളുകൂടിയും പിടിച്ച് ലാത്തിച്ചാർജ്ജിനെ നേരിട്ടത് ഉപ്പിന്റെ വില കുറയ്ക്കുവാനും ബ്രിട്ടീഷ് സാമ്രാജ്യത്തെ കെട്ടുകെട്ടിക്കുവാനുമാണ്. അങ്ങനെ കോഴിക്കോട് കടപ്പുറത്തു നടന്നു, കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂർ നടന്നു, അബ്ദുറഹ്മാൻ സാഹിബ് ക്രൂരമായ ലാത്തിച്ചാർജ് ജിനെ നേരിട്ടു. നമ്മൾ അന്ന് ഉപ്പിന്റെ നികുതി കുറയ്ക്കാൻ വേണ്ടിയാണ് സമരം ചെയ്തത്. അന്ന് 22 പൈസാ എന്നുള്ളത് ഇന്ന് 82 പൈസയായി. സ്വാതന്ത്ര്യം കിട്ടിയിട്ട് 38 കൊല്ലമായി. ഉപ്പിന്റെ വില കയറിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ പഞ്ചസാരയുടെ കാര്യവും. പഞ്ചസാരയ്ക്ക് 2.50 രൂപ ഉണ്ടായിരുന്നത് ഇന്ന് 5.50 രൂപയായി. 2 രൂപ 90 പൈസയുണ്ടായിരുന്ന അരിക്ക് ഇന്ന് 5.50 രൂപയായി. അങ്ങനെ ഈ ഭരണകാലത്ത് പഞ്ചസാര, അരി, ഉപ്പ് ഈ മൂന്നിനേയും വില 300 ശതമാനം 400 ശതമാനം കണ്ടു വർദ്ധിച്ചിരിക്കുന്നു. ഇത് ന്യായമായ വിലയ്ക്ക് കൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ? അതുകൊണ്ട് ഈ തരത്തിൽ 49 മാസക്കാലത്തെ ഭരണം, ജനങ്ങളുടെ മേലുള്ള കടന്നാക്രമണം, ജനാധിപത്യത്തിൻമേലുള്ള ഒരു ഏകാധിപത്യ സ്വഭാവം, എല്ലാ അവകാശങ്ങളെയും ചവിട്ടിമെതിച്ചുകൊണ്ടുള്ള സംവിധാനം ഇതെല്ലാം കൊണ്ട് ധനവിനിയോഗ ബില്ലിനെ ഒരിക്കലും സ്വീകരിക്കാൻ വയ്യ. ഞാൻ ഇതിനെ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഭരണകക്ഷിയിലേയും പ്രതിപക്ഷത്തേയും ബഹുമാനപ്പെട്ട അംഗങ്ങൾ ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച് ചർച്ച നടത്തിയപ്പോൾ അൽപമൊക്കെ രാഷ്ട്രീയ പ്രസരം അതിൽ വന്നിട്ടുണ്ടെങ്കിലും ചില സൃഷ്ടിപരമായ നിർദ്ദേശങ്ങളും ചർച്ചയിൽ ഉന്നയിച്ചതിന് ഞാൻ ആദ്യമായി സഭയിലെ രണ്ടു വിഭാഗം ആളുകൾക്കും നന്ദി രേഖപ്പെടുത്തുകയാണ്. പ്രതിപക്ഷനേതാവ് ഞാൻ ഇന്നലെ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. അദ്ദേഹത്തിന് കണക്ക് എങ്ങനെയാണെന്നുള്ളത് മനസ്സിലാകാത്തതുകൊണ്ടായിരിക്കാം. മാർച്ച് 21-ാം തീയതി അന്നത്തെ ധനകാര്യമന്ത്രി അവതരിപ്പിച്ച കണക്കിലെ വസ്തുതയിൽനിന്ന് ഒരു പൈസപോലും വ്യതിയാനമുള്ള സ്റ്റേറ്റുമെന്റ് ഞാൻ ഈ സഭയിൽ നടത്തിയിട്ടില്ല. 1981 മാർച്ച് മാസം 21-ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റിൽ, അന്ന് ഗവൺമെന്റ് പ്രതീക്ഷിച്ചത് 82-കോടി രൂപയുടെ മിച്ചമാണ്. പക്ഷെ മാർച്ച് 31-ാം തീയതി വന്ന കണക്കനുസരിച്ച്, റിസർവ്വ് ബാങ്ക് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ച കണക്കനുസരിച്ച്, 168.14 കോടി രൂപയുടെ കാഷ് ബാലൻസ് ഉണ്ട്. അപ്പോൾ അന്ന് ആ ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിച്ചിരുന്നത് നിലവിലിരിക്കുന്ന കുടിശ്ശിക ബില്ലുകൾ 20 കോടി രൂപ കൊടുത്തു തീർക്കാൻ ഉണ്ടായിരുന്നതും പിന്നീട് വരുന്ന വർഷത്തിൽ 15 കോടി രൂപ കൊടുക്കേണ്ടി വരും എന്ന സാമാന്യമായ കണക്കാണ് ബഡ്ജറിലൂടെ സഭയുടെ മുൻപിൽ അവതരിപ്പിച്ചത്. 1981 മാർച്ച് മാസം 31—ാം തീയതി തന്നെ ബാങ്കിൽ ഈ 35 കോടി രൂപ കൂടി കൊടുത്താലും 121.64 കോടി രൂപ കാഷ് ബാലൻസ് ഉണ്ട്. ഒരു മാർച്ച് മാസം 31—ാം തീയതി വരുന്ന കാഷ് ബാലൻസ് കൊണ്ട് അടുത്ത മാർച്ച് മാസം 31—ാം തീയതി വരുമ്പോൾ അത് നിലനിർത്തിക്കൊണ്ടുപോകാമെന്ന്. ഒരു ഗവൺമെൻറും കണക്ക് കൂട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. കാരണം നമ്മൾ ബഡ്ജറിൽ പ്രതീക്ഷിക്കുന്നതിനേക്കാൾ പലപ്പോഴും ചെലവുകൂടിയെന്നുവരും. ഒരു പാലത്തിന് 10 ലക്ഷം രൂപ വച്ചു. ടെൻഡർ വിളിക്കുമ്പോൾ 40 ശതമാനം 50 ശതമാനം അധികച്ചെലവ് ഉണ്ടാകും. അധികച്ചെലവ് ഉണ്ടായിക്കഴിഞ്ഞാലും നമുക്ക് ആ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടിവരും. പല ഡിപ്പാർട്ടുമെൻറുകളിലേയും പ്രവർത്തനങ്ങൾ അതാണ്. അതുകൊണ്ട് ബഡ്ജറ് എന്നുപറഞ്ഞാൽ തന്നെ എക്സ്പക്റേഷൻ ആണ്. വരുമാനം ഇത്ര ഉണ്ടാകും ചെലവ് ഇത്ര ഉണ്ടാകും. ആ എക്സ്പക്റേഷനിൽ എപ്പോഴും വേരിയേഷൻ ഉണ്ടാകും എന്നുള്ളത്, ശ്രീ. ബേബി ജോൺ ഭരിച്ച കാലത്തുള്ള ബഡ്ജറ് എടുത്ത് പരിശോധിച്ചാൽ വ്യക്തമാകുന്ന കാര്യമാണ്. അതാണ് ഞാൻ പറഞ്ഞത് ബഡ്ജറിൽ വേരിയേഷൻ ഉണ്ടാകുമെന്ന്. അതാണ് ഞാൻ നിയമസഭയിൽ പറഞ്ഞത്. മാർച്ച് മാസം 31—ാം തീയതി കാഷ് ബാലൻസ് ഉണ്ടെങ്കിലും ശരി ഗവൺമെൻറ് പല പല പ്രവർത്തനങ്ങളും ഏറ്റെടുത്ത് മുന്നോട്ട് പോകുന്നുണ്ട്. ഈ അടുത്ത കാലത്ത് നാളികേര വിലയിടിവ് ഉണ്ടായി. അത് ബഡ്ജറിൽ ഇല്ലാത്തതാണ്. നാളികേര വിലയിടിവ് ഉണ്ടാകുമെന്ന് ആരെങ്കിലും പ്രതീക്ഷിച്ചോ? ഈ ഗവൺമെൻറ് 4—4½ കോടി രൂപ അതിനുവേണ്ടി മാറ്റിവയ്ക്കേണ്ടി വന്നു. ട്രാൻസ്പോർട്ട് കോർപ്പറേഷനു സപ്ലിമെൻററി ഡിമാൻറ് വരുന്നു. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ടു വരാത്തതുകൊണ്ട് ബഡ്ജറിൽ ഉള്ളതിൽനിന്നും വ്യത്യസ്തമായി 8 കോടി രൂപ നീക്കിവയ്ക്കേണ്ടി വന്നിട്ടുണ്ട്. അപ്പോഴും ഓരോ വർഷത്തിലും ഒരു എക്സ്പക്റേഷൻ വരുന്ന അവസരത്തിൽ പിടിച്ച് പിടിച്ച് കസർത്ത് നടത്തുന്നു. അതുകൊണ്ടാണ് ഞാൻ സഭയിൽ പറഞ്ഞത് 15.9 കോടി രൂപയുടെ മിച്ചം അവതരിപ്പിച്ചതുകൊണ്ട് വർഷാവസാനത്തിൽ അതിൽ കൂടുതൽ മിച്ചം ഉണ്ടാക്കാനുള്ള ശ്രമം ഉണ്ടാക്കണമെന്ന്.

സർ, കൂടുതൽ വിഭവങ്ങൾ സമാഹരിക്കുകയും ചെലവുകൾ കുറച്ചുകൊണ്ടുവരുകയും കേന്ദ്രത്തിൽനിന്ന് കൂടുതൽ വിഹിതം കണക്കു പറഞ്ഞു വാങ്ങുകയും ചെയ്യാനുള്ള ശക്തമായ നടപടികളുമായി ഗവൺമെൻറ് മുന്നോട്ടു പോകുന്നതുകൊണ്ട് മാർച്ച് 21—ാം തീയതി അവതരിപ്പിച്ച ബഡ്ജറിലെ മിച്ചം കുറയ്ക്കാതെ അത് ഗവൺമെൻറ് കാത്തുസൂക്ഷിക്കുമെന്നുള്ള കാര്യം ഈ സഭയ്ക്ക് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, സഭയുടേയും ജനങ്ങളുടേയും പരിഗണനയ്ക്കുവേണ്ടി ചില വസ്തുതകൾ പറയുകയാണ്. സംസ്ഥാനത്തെ റവന്യൂ വരുമാനം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതനുസരിച്ച് 1418.88 കോടി രൂപയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂവും കേന്ദ്രത്തിന്റെ വിഹിതവും ചേർത്താണ് ഇവിടെ പറയുന്നത്. ഉദ്യോഗസ്ഥൻമാരുടെ ശമ്പളമായിത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

704 കോടി രൂപ ഈ വർഷം ചെലവുവരുന്നുണ്ട്. സർവ്വീസിലി രുന്ന ഉദ്യോഗസ്ഥൻമാരുടെ പെൻഷനുതന്നെ 137 കോടി രൂപ ഒരു വർഷം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. എന്നു പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂവിന്റെ 59 ശതമാനം നമ്മുടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളമായിത്തന്നെ പോകുന്നുണ്ട്. അതുപോലെ തന്നെ നമ്മുടെ വിദ്യാഭ്യാസ ചെലവുകൾക്ക് 462 കോടി രൂപയാണ് ചെല വഴിക്കുന്നത്. അതുകൊണ്ട് ഭരണച്ചെലവുകൾ കഴിയുന്നത്ര കുറച്ചുകൊണ്ടു വന്നിട്ട് കൂടുതൽ വികസനപ്രവർത്തനങ്ങൾക്ക് തുക മാറിവയ്ക്കണമെ ന്നുള്ള ഒരു നയമാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. ഒരു ചെറിയ ഉദാഹരണം പറയാം. ആറാം പഞ്ചവൽസര പദ്ധതിയും മൂന്നാം പഞ്ചവൽസരപദ്ധതിയുടെ രണ്ടാംവർഷവുംകൂടി പരിശോധിച്ചുകഴി ഞ്ഞാൽ കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഡി. എ. യ്ക്ക് അനുസൃ തമായി ഉദ്യോഗസ്ഥൻമാർക്ക് 34 ഡി. എ. കൂടി കൊടുത്തു കഴിഞ്ഞിട്ടുണ്ട്. 34 ഡി. എ.യ്ക്കു മാത്രമായി ആറാം പഞ്ചവൽസരപദ്ധതിയും ഏഴാം പഞ്ചവൽസരപദ്ധതിയുടെ 2-ാം വർഷവും കൂടിച്ചേർത്ത് ആയിരം കോടി രൂപയോളമാണ് കൊടുത്തിട്ടുള്ളത്. അത് കൊടുക്കേണ്ട എന്ന അർത്ഥ ത്തിലല്ല. ഗവൺമെന്റു കമ്മിറ്റഡ് ആണ്. കേന്ദ്രം ഡി. എ. പ്രഖ്യാ പിച്ചു കഴിഞ്ഞാൽ സ്റ്റേറ്റ് ഗവൺമെന്റും അതനുസരിച്ചുള്ള ഡി. എ. കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സർ, എന്തുകൊണ്ട് ഇങ്ങനെ യൊരു ക്യാഷ് ബാലൻസ് വരാൻ ഇടയായി. 1985–86–ൽ ഇങ്ങനെയൊരു മിച്ച ക്യാഷ് ബാലൻസ് ഉണ്ടായതിന് കാരണം നമുക്കുണ്ടായിരുന്ന 242 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് കേന്ദ്രഗവൺമെന്റിന്റെ പുതിയൊരു നയത്തിന്റെ അടിസ്ഥാനത്തിൽ മിഡ് ടേം ലോണായി കൺവെർട് ചെയ്തത് നമുക്കു സഹായകരമായതും പ്ലാൻ അച്ചീവ്മെന്റിന് മുമ്പ് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചതിൽനിന്നും വ്യത്യസ്തമായി ഉദാരമാ യൊരു സമീപനംമൂലം 100 കോടി രൂപ പ്ലാൻ അഡ്വാൻസായി കിട്ടിയ തുമാണ്. അതുപോലെതന്നെ സംസ്ഥാനഗവൺമെന്റിന് 1985–86ൽ നല്ലൊരു ഫൈനാൻസ് മാനേജുമെന്റ് കൊടുക്കാൻ കഴിഞ്ഞതുമൂലവു മാണ് ഇവിടെ ശ്രീ കാനം രാജേന്ദ്രൻ സൂചിപ്പിക്കുകയുണ്ടായി, കേന്ദ്രത്തിൽനിന്നുള്ള നികുതിവിഹിതം കുറഞ്ഞുവെന്ന്. എവിടെനിന്നു കിട്ടി അദ്ദേഹത്തിന് ഈ കണക്കെന്ന് എനിക്കറിയില്ല. 1984—85 ൽ 233 കോടി രൂപയാണ് നികുതിവിഹിതമായി കേരളത്തിന് കിട്ടിയത്. 1985–86–ൽ 261 കോടി രൂപയായി അത് വർദ്ധിച്ചു. 1985–86–ൽ 292.6 കോടി രൂപ കിട്ടണമെന്നാണ്. അങ്ങനെ ഓരോ വർഷവും കേന്ദ്രനികു തിവിഹിതം വർദ്ധിക്കുന്നതായിട്ടാണ് കാണുന്നത്. വെറുതെ തെറ്റി ദ്ധാരണ ഉണ്ടാക്കുന്നവിധത്തിലുള്ള സ്റ്റേറ്റ്മെന്റുകൾ പുറപ്പെടുവി ക്കരുതെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, എക്നോമിക് റിവ്യൂവിലെ കണ ക്കാണ് ഞാനിവിടെ ഉദ്ധരിച്ചത്. ഇന്നലെ ഇവിടെ പറഞ്ഞ കാര്യമാണ്. കൃത്യമായി ഇപ്പോൾ എന്റെ കൈയിലില്ല. ആ വർഷം വച്ചിട്ട് അതിന്റെ ശതമാനമാണ് ഞാനിവിടെ ഉദ്ധരിച്ചത്. ഗവൺമെന്റിന്റെ ആധികാ രികമായ കണക്കുതന്നെയാണ് ഞാനിവിടെ ഉദ്ധരിച്ചത്.

ശ്രീ. തച്ചടി പ്രഭാകരൻ: ഇതിന്റെ ശതമാനം കൂട്ടിയാൽ മതി. തുക വലുതാണ്. 233, 261, 292 ഇതിന്റെ ശതമാനം കൂട്ടിയാൽ മതി.

സർ, ഈ ഗവൺമെന്റിനെപ്പറ്റി ബഹുമാനപ്പെട്ട ബേബി ജോൺ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് കരുണാകരന്റെ കുറ്റംകൊണ്ടാണ് ഇവിടെ മഴ പെയ്യാത്തത് എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: സർ, ഞാൻ പറഞ്ഞത് ആറാം പദ്ധതി അവസാനിച്ചപ്പോഴും നമ്മുടെ അച്ചീവ്മെന്റ് അഞ്ചാം പദ്ധതിയെക്കാൾ കുറവായിരുന്നുവെന്നാണ്. അതാണ് ഈ കരുണാകരന്റെ കാലത്തുണ്ടായത് എന്നാണ്. അല്ലാതെ മഴ പെയ്യാത്തതിനെക്കുറിച്ചല്ല.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ഞാൻ പറയുന്നത് മുഴുവൻ കേൾക്കാനുള്ള സഹിഷ്ണതകാണിക്കണം. ബഹുമാനപ്പെട്ട ബേബി ജോൺ പറഞ്ഞത് കാർഷികോൽപ്പന്നങ്ങൾക്ക് ഇടിവുണ്ടായതിനെപ്പറ്റിയാണ്. റബ്ബർ, കാർഡമം, നാളികേരം ഒഴിച്ചുള്ള മറ്റു നാണ്യവിളകളുടെ ഉൽപ്പാദനമൊക്കെ കുറഞ്ഞുവെന്നദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം ഗവൺമെന്റിന്റെ കുറവായി കാർഷികോൽപ്പന്നങ്ങളുടെ വർദ്ധനവിൽ ഉണ്ടാകേണ്ട കുറവിനെ കണക്കുകൂട്ടി ഉദ്ധരിച്ചുകൊണ്ട് ഇവിടെ പറഞ്ഞു. സർ, കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലത്തെ കാര്യം നമുക്കറിയാവുന്നതാണ്. അതിൽ ഒരു വർഷം കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ വരൾച്ചയുണ്ടായ വർഷമാണ്. വരൾച്ച സമയത്തു മഴയുണ്ടാക്കുവാൻ ഈ ഗവൺമെന്റോ കരുണാകരനോ വിചാരിച്ചാൽ സാധിക്കുമോ? മഴകിട്ടാത്തതുമൂലം നമുക്കു ബുദ്ധിമുട്ടുണ്ടായി. അടുത്തൊരു വർഷം വന്നപ്പോൾ വെള്ളപ്പൊക്കത്തിന്റെ ഫലമായി വളരെ നാശനഷ്ടങ്ങളുണ്ടായി. അത് നമ്മുടെ കാർഷികോൽപ്പാദനത്തെ ,സാരമായി ബാധിച്ചുവെന്നുള്ളത് ഗവൺമെന്റിനു അറിയാം. അതുകൊണ്ടാണ് കർഷകരെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റു ചില നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ പറഞ്ഞതുപോലെ നാളികേരത്തിന്റെ വിലയിടിവ് നമ്മുടെ സാമ്പത്തികാവസ്ഥയെ സാരമായി ഉലയ്ക്കുകയുണ്ടായി. 1984–85–ൽ ഒരു പ്രത്യേക സാഹചര്യത്തിൽ 4,000 രൂപവരെ ഒരു ക്വിന്റൽ വെളിച്ചെണ്ണയ്ക്കുണ്ടായിരുന്നു. പെട്ടെന്ന് അതിന്റെ വില ഇടിഞ്ഞിടിഞ്ഞു അപ്രതീക്ഷിതമായ ഒരു സാഹചര്യത്തിൽ ഒരു ക്വിന്റൽ കൊപ്രായ്ക്കു കേവലം 850 രൂപയായും ഒരു ക്വിന്റൽ വെളിച്ചെണ്ണയ്ക്ക് 1300 രൂപയായും കുറഞ്ഞു. ഈ സ്ഥിതിവിശേഷത്തെ നേരിടാൻ ഈ ഗവൺമെന്റു സ്വീകരിച്ച സമീപനം എന്തായിരുന്നു. ഈ ഗവൺമെന്റ് നാളികേര കർഷകർക്ക് ന്യായമായ വില കൊടുക്കുന്നതിനു വേണ്ടി സഹകരണസ്ഥാപനങ്ങൾ വഴി കൊപ്ര സംഭരിക്കാനുള്ള ശ്രമം നടത്തി. എന്നാൽ ടോട്ടൽ പ്രൊഡക്ഷൻ മുഴുവൻ സംഭരിക്കുകയെന്നുള്ളതല്ലായിരുന്നു നമ്മുടെ നയം. നാളികേരത്തിന് വിലകുറഞ്ഞ അവസരത്തിൽ 23,000 ടൺ കൊപ്ര 1200 രൂപ ഒരു ക്വിന്റലിന് വില നിശ്ചയിച്ചുകൊണ്ട് ഈ ഗവൺമെന്റിനു സംഭരിക്കാൻ കഴിഞ്ഞു. ഇൻഡ്യാഗവൺമെന്റിന്റെ ചരിത്രത്തിൽ ആദ്യമാണ് ഒരു ക്യാഷ് ക്രോപ്പായി നാളികേരത്തെ അംഗീകരിച്ചുകൊണ്ട് അത് സംഭരിക്കുന്നതിന് ആവശ്യമായിട്ടുള്ള പണം നൽകാമെന്നു പറഞ്ഞുകൊണ്ടുള്ള തീരുമാനം കേന്ദ്ര ക്യാബിനറ്റ് എടുത്തത്. അതുകൊണ്ടാണ് 23,000 ടൺ കൊപ്ര സംഭരിച്ച്, 30 കോടി രൂപ ഈ സംരംഭത്തിനുവേണ്ടി നീക്കിവയ്ക്കാൻ ഗവൺമെന്റ് സന്നദ്ധമായത്. ഈ ഗവൺമെന്റു കഴിഞ്ഞ നാലഞ്ചുമാസക്കാലം മാർക്കറ്റിലിറങ്ങി കൊപ്ര സംഭരിക്കാൻ നടത്തിയ ധീരമായ ശ്രമത്തിന്റെ ഫലമാണ് ഇന്ന് ഒരു ക്വിന്റൽ കൊപ്രയ്ക്ക് 1310 രൂപവരെയായത്.

ശ്രീ. ഇ. കെ. നായനാർ: സർ, നമ്മുടെ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറായ ശ്രീ. ഗോപാലന്റെ ഒരു പ്രസ്താവനയുണ്ടായിരുന്നു. നാഫെഡ് കൊപ്ര എടുക്കാൻ തുടങ്ങിയതിനുശേഷം എട്ടു കോടിരൂപ നഷ്ടമാണ് എന്ന്. ഇതിൽ വല്ല സത്യവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: സർ, നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടമുണ്ടായത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒന്ന് മനസ്സിലാക്കണം. നാളികേരവിലയിടിവിനുള്ള കാരണങ്ങളിലൊന്നായി ഗവൺമെൻറ് കണക്കാക്കിയത് കുറഞ്ഞവിലക്കുള്ള പാമോയിൽ ഇംപോർട്ട് ചെയ്തു കൊടുക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് ഗവൺമെൻറ് തീരുമാനിച്ചത് പാമോയിൽ ഇനി റേഷൻ കടകൾവഴി വിതരണം ചെയ്യരുതെന്നാണ്. കുറഞ്ഞ വിലയ്ക്കുള്ള പാമോയിൽ വാങ്ങി ഉപയോഗിച്ചിരുന്ന ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഒരു കിലോ വെളിച്ചെണ്ണയ്ക്ക് 15 രൂപ വച്ചു കൊടുക്കാൻ ഗവൺമെൻറ് തീരുമാനിക്കുകയും ഏകദേശം 23,000 ടണ്ണിൽ 20,000 ടൺ വെളിച്ചെണ്ണയും പ്രോസസ് ചെയ്ത് 15 രൂപയ്ക്ക് ഈ രാജ്യത്തെ റേഷൻ കടകൾ വഴി വിതരണം ചെയ്യുകയും ചെയ്തു. ഈ രാജ്യത്തെ ജനങ്ങൾ വാങ്ങിച്ചതാണ്. ഈ രാജ്യത്തെ എല്ലാ റേഷൻ കടകൾ വഴിയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ശാഖകൾ വഴിയും സഹകരണമാവേലിസ്റ്റോറുകൾ വഴിയും വെളിച്ചെണ്ണ വിതരണം ചെയ്തു. വെളിച്ചെണ്ണ പുറത്ത് ഒരു കിലോക്ക് 21 രൂപ വിലയുണ്ടായിരുന്നപ്പോൾ റേഷൻ കടകൾ വഴി 15 രൂപയ്ക്ക് വിതരണം ചെയ്തു. അതുകൊണ്ട് ഒരു കിലോ വെളിച്ചെണ്ണയ്ക്ക് ഉപഭോക്താക്കൾക്ക് കൊടുത്തയിനത്തിൽ ഗവൺമെൻറിന് 6 രൂപ നഷ്ടംവന്നു.

ശ്രീ. ബേബി ജോൺ: നിങ്ങൾ സംഭരിച്ച വെളിച്ചെണ്ണ ഇവിടെത്തന്നെ ഡിസ്ട്രിബ്യൂട്ട് ചെയ്യുകയാണോ ചെയ്തത്? നിങ്ങൾ ഔട്ട് സൈഡ് സെയിൽസ് ഒന്നും നടത്തിയിട്ടില്ലേ? ഇവിടെത്തന്നെ ഡിസ്ട്രിബ്യൂട്ട് ചെയ്യുകയായിരുന്നോ, അതായിരുന്നോ ഗവൺമെൻറിന്റെ നയം. കൊപ്രയുടെ വില വർദ്ധിപ്പിക്കാൻ വെളിച്ചെണ്ണ ഇവിടെത്തന്നെ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്ന നയമായിരുന്നു ഗവൺമെൻറിന്റ് അല്ലെ?

ശ്രീ. തച്ചടി പ്രഭാകരൻ: നാഫെഡുകാർ ചോദിച്ചു. നാഫെഡ് അന്ന് സംഭരിച്ചു വച്ചിരിക്കുന്ന കൊപ്രായ്ക്ക് ഗോഡൗൺ സൗകര്യമില്ലാത്തതുകൊണ്ട് വില്പ്പക്കട്ടെയെന്ന് ചോദിച്ചു. ഈ ഗവൺമെൻറ് ശക്തമായി പറഞ്ഞത് യാതൊരു കാരണവശാലും വിൽക്കണ്ട, പിടിച്ചുവച്ചെങ്കിൽ മാത്രമെ വില വർദ്ധിക്കൂ എന്നാണ്. സംസ്ഥാനത്തെ ആഭ്യന്തര മാർക്കറ്റിൽ പാമോയിലിനു പകരം റേഷൻ കടകൾ വഴി വെളിച്ചെണ്ണ വിൽക്കാൻ തുടങ്ങി. ഇൻഡ്യയിലെ ആഭ്യന്തര വിപണിയിൽത്തന്നെ നമ്മുടെ കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ വെളിച്ചെണ്ണ പുറത്തു വിറ്റിട്ടുണ്ട്. ഇവിടെ മാത്രമല്ല വിറ്റത്. ഇവിടെ റേഷൻ കടക്കാർക്ക് കുറഞ്ഞ വിലയ്ക്ക് വെളിച്ചെണ്ണ കൊടുക്കുകയും അതോടൊപ്പംതന്നെ നമ്മുടെ ആഭ്യന്തരവിപണിയിൽ വിൽക്കുകയും ചെയ്തു. ഇപ്പോൾ ഓണം വരുന്നു. കഴിഞ്ഞ ആഴ്ച രണ്ടുദിവസം മുമ്പ് ചർച്ച ചെയ്തു തീരുമാനിച്ചിരിക്കുന്നു. എല്ലാ റേഷൻ ഷോപ്പുകളിലും വെളിച്ചെണ്ണ വിതരണം ചെയ്താൽമതി പാമോയിൽ വിതരണം ചെയ്യണ്ടയെന്ന്. ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ഗവൺമെൻറ് തീരുമാനമെടുത്തു. നാളികേരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നത് മാർക്കറ്റ് വില കുറയുമ്പോൾ, അവിടെ പ്രതിസന്ധിയുണ്ടാകുമ്പോൾ മാർക്കറ്റിൽ പോകുന്ന നയത്തിന് മാറ്റം വരുത്തണമെന്നാണ്. റബ്ബറായാലും ശരി, കാർഡമമായാലും ശരി, നാളികേരമായാലും ശരി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കാഷ് ക്രോപ്പുകൾക്ക് ന്യായമായവില ലഭിക്കുന്നതിനുള്ള സ്ഥിരസംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചുവരികയാണ്. ഒരു മിനിമം പ്രൈസ് നിശ്ചയിച്ചു കൊണ്ട് ആ പ്രൈസിന് അനുസരണമായ കാർഷിക ഉൽപ്പാദനചെലവുമായി തുലനം ചെയ്യുന്ന ഒരു വില കൃഷിക്കാർക്ക് കൊടുക്കാനുള്ള നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് വേണ്ട പ്രവർത്തനങ്ങളും നടത്തിവരികയാണ്. അതിൽ പ്രധാനമായിട്ടുള്ളത് നാളികേരത്തിനാണ്. നാളികേരം കേരളത്തിലുള്ള സഹകരണസ്ഥാപനങ്ങളും വഴിയും സ്ഥിരമായി സംഭരിക്കാനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക്. ഈ ഗവൺമെന്റ് രൂപം കൊടുത്തുകഴിഞ്ഞു. അത് കേന്ദ്രത്തിന്റെയും പ്ലാനിംഗ് കമ്മീഷന്റെയും മുൻപിൽ ഒരാഴ്ചയ്ക്കകം സമർപ്പിക്കാനുള്ള സംവിധാനങ്ങളായിക്കഴിഞ്ഞിട്ടുണ്ട്. സ്ഥിരമായി കാർഷികോൽപ്പന്നങ്ങൾക്ക് ഒന്നിനു മാത്രമല്ല, റബ്ബറിനും മറ്റും ചിലപ്പോൾ വിലയിടിയുന്നുണ്ട്. അതുകൊണ്ട് ഒരു മിനിമം പ്രൈസ് നിശ്ചയിച്ചുകൊണ്ട് അതു വാങ്ങണമെന്ന നിലപാട് സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കാർഡമമായാലും ശരി, ഏത് കാർഷിക ഉൽപ്പന്നമായാലും ശരി, കാർഷിക ഉൽപ്പാദന ചെലവുമായി തുലനം ചെയ്യുമ്പോൾ മാർക്കറ്റ് വില കുറഞ്ഞു വരുന്നുവോ ആ കാർഷിക ഉൽപ്പന്നം മുഴുവൻ ഗവൺമെന്റിന്റെ ഏതെങ്കിലുമൊരു ഏജൻസിയെക്കൊണ്ട് സംഭരിപ്പിക്കാൻ സ്ഥിരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: മഹാരാഷ്ട്രയിൽ പരുത്തിക്ക് വില കുറവാണ്. അവിടെ ഇൻഡ്യാഗവൺമെന്റിന്റെ ഒരു സ്കീമുണ്ട്. ആ പരുത്തി മുഴുവൻ ഇൻഡ്യാഗവൺമെന്റ് സംഭരിച്ച് വിൽക്കുകയുംചെയ്യുന്ന വിധത്തിൽ ഒരു സ്കീമുണ്ട്. അത് അനൗൺസ് ചെയ്തത് ശ്രീ. ഭൂട്ടാ സിംഗാണ്. അതായത് ഇപ്പോഴത്തെ നമ്മുടെ കേന്ദ്ര ആഭ്യന്തരവകുപ്പു മന്ത്രി. അതിനുശേഷമാണ് ഞങ്ങൾ അദ്ദേഹത്തെ കണ്ടത്. ഇക്കാര്യം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്, കേരളത്തിലും ഈ്ര വലിയ സമ്മർദ്ദം വരികയാണെങ്കിൽ ഞാൻ അതിനെപ്പറ്റി ആലോചിക്കാമെന്ന് ഞങ്ങൾക്ക് ഉറപ്പു തന്നതാണ്. ആ തരത്തിൽ ഇവിടത്തെ മിച്ചമുള്ള കൊപ്രയെടുക്കാൻ കേന്ദ്രഗവൺമെന്റിൽ ഒരു സ്കീം നിങ്ങൾക്ക് സമർപ്പിച്ചുകൂടേ? മഹാരാഷ്ട്രയിൽ ഇപ്പോൾ എടുക്കുന്നുണ്ട്. അതുപോലെ കേന്ദ്രഗവൺമെന്റിന് എടുത്തുകൂടേ?

ശ്രീ. തച്ചടി പ്രഭാകരൻ: ഗവൺമെന്റിന് ഇതുപോലെ വിലയിടിവുണ്ടാകുന്ന അവസരങ്ങളിൽ മുഴുവൻ കൊപ്രയും സംഭരിക്കാൻ സാദ്ധ്യമല്ല. 350 കോടി നാളികേരം ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരളാ ഗവൺമെന്റ് രണ്ടു രൂപവച്ച് വാങ്ങുകയാണെങ്കിൽ 700 കോടി രൂപ നാളികേരം സംഭരിക്കാൻ വേണ്ടിവരും. പക്ഷേ അതിനു ഗവൺമെന്റ് എടുക്കുന്ന സമീപനമെന്നു പറഞ്ഞാൽ വില കുറയുന്നതുകൊണ്ട് ഒരു ക്വിന്റലിന് 1200 രൂപ സ്പ്പോർട്ട് പ്രൈസ് ഉണ്ടെന്നു പറഞ്ഞാൽ സ്വാഭാവികമായും മാർക്കറ്റിൽ വില കൂടുമെന്നുള്ളതാണ് പ്രകടമായ ഒരുദാഹരണമാണ്. 850 രൂപ ഒരു ക്വിന്റൽ കൊപ്രയ്ക്കുണ്ടായിരുന്നപ്പോൾ നാഫെഡിനെയും മാർക്കറ്റിംഗ് ഫെഡറേഷനെയും മാർക്കറ്റിൽ വിട്ട് 23,000 ടൺ കൊപ്ര വാങ്ങിയപ്പോൾ 850 രൂപയെന്നുള്ളത് 1310 രൂപയാക്കി ഉയർത്താൻ കഴിഞ്ഞത് മുഴുവൻ വാങ്ങിയതുകൊണ്ടല്ല.

ശ്രീ. ഇ. കെ. നായനാർ: പാർലമെന്റിന്റെ ആം പാർട്ടി ഡെലിഗേഷൻ ഇവിടെ വന്ന് എൻക്വയറി ചെയ്തു, അവിടെപ്പോയി റിപ്പോർട്ട് സമർപ്പിച്ചത് 1,500 രൂപ കൊടുക്കണമെന്നാണ്. എന്നിട്ട് നിങ്ങൾ വലിയ മെച്ചമായിട്ടാണ് 1,300 എന്നു പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: അത് പടിപ്പടിയായി ഉയർത്തിക്കൊണ്ടു വന്ന് 1,500 വരെ എത്തിക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ആഗ്രഹം. അല്ലാതെ ഒരു സുപ്രഭാതത്തിൽ ഇങ്ങനെ കിട്ടുന്നതു മുഴുവൻ ഗവൺമെന്റ് 1,500 രൂപയ്ക്ക് എടുക്കുക എന്ന നയമല്ല. പടിപ്പടിയായി ഉയർത്തി അതിനെ ഒരു താങ്ങുവിലയിൽ കൊണ്ടുചെന്നെത്തിക്കുകയെന്നുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അതുപോലെതന്നെ എല്ലാ കാർഷിക ഉൽപ്പന്നങ്ങളെ സംബന്ധിച്ചും ഗവൺമെന്റിന് ഈ നയമാണുള്ളത്. കൃഷിക്കാരുടെ കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ചെലവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള വില കൊടുക്കുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമായി അംഗീകരിച്ചിരിക്കുകയാണ്.

ശ്രീ. ബേബിജോൺ: കേന്ദ്രഗവൺമെന്റിന്റെ പ്രൈസ് കമ്മീഷൻ നിശ്ചയിക്കുന്ന പ്രൈസാണോ അതല്ല നമ്മുടെ സംസ്ഥാനത്തെ ഉൽപ്പാദനച്ചെലവെല്ലാം കൂടി എടുത്തിട്ട് നിങ്ങൾ നിശ്ചയിച്ച പ്രൈസാണോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഏകദേശമായ കണക്കുവച്ചുകൊണ്ടാണ് ഞങ്ങൾ നാളികേരത്തിന്റെ വില 1,200 രൂപയായി തീരുമാനിച്ചത്. 15 വർഷത്തെ നാളികേരത്തിന്റെ വിലയുടെ ആവറേജ് പരിശോധിച്ചപ്പോൾ, 1984–85–ൽ ഒരു ക്വിന്റലിന് 4,000 രൂപ വന്നതുപോലെ ഒരു വർഷവും വന്നിട്ടില്ല. അതുകൊണ്ട് ഒരു മിനിമം പ്രൈസ് 15 വർഷക്കാലത്തെ നാളികേരവിലയുടെ ശരാശരി പ്രൈസ് എടുത്തതിനുശേഷമാണ് കുറഞ്ഞത് 1,200 രൂപയെങ്കിലും കൃഷിക്കാർക്ക് ലഭ്യമാകത്തക്കവിധത്തിൽ തീരുമാനിച്ചത്. ഇന്ന് അഭിമാനകരമായി ഞങ്ങൾക്ക് പറയാൻ കഴിഞ്ഞു നാളികേരവില 1,310 രൂപയാക്കിയെന്ന്.

സർ, ഇന്നലെ പ്രതിപക്ഷനേതാവ് ഒരു കാര്യമുന്നയിച്ചു. 100 കോടിരൂപയുടെ അധികവിഭവസമാഹരണമുണ്ടാകണമെങ്കിൽ ശ്രീ. കെ.എം. മാണിയും മുഖ്യമന്ത്രിയും കൂടി ഡൽഹിയിൽപ്പോയി കേന്ദ്രഗവൺമെന്റിൽ നിന്ന് വാങ്ങിച്ചെടുക്കണമെന്ന്. സർ, 130 കോടി രൂപ 1986–87 വർഷാരംഭത്തിലുള്ള മിച്ചമാണെന്ന് നേരത്തെ സഭയിൽ ഞാൻ സൂചിപ്പിച്ചതാണ്. ഞാൻ ഇന്നലെ ഈ സഭയിൽ പറഞ്ഞു. ഇവിടത്തെ നികുതിയിൽനിന്നുതന്നെ കഴിഞ്ഞ വർഷം പിരിച്ചതിനേക്കാൾ 100 കോടി കൂടുതലായി പിരിക്കണമെന്ന് തീരുമാനിച്ചിരിക്കുന്നു. അതുകൊണ്ട് ഈ വർഷം കഴിഞ്ഞ വർഷത്തെ 79 കോടിയേക്കാൾ 100 കോടി രൂപയെങ്കിലും കൂടുതലായി പിരിക്കണമെന്നുള്ളതാണ് ലക്ഷ്യം. അതുപോലെതന്നെ നാഷണൽ സേവിംഗ്സിന്റെ കാര്യം പറഞ്ഞു. നാഷണൽ സേവിംഗ്സ് വഴി 100 കോടി രൂപ പിരിക്കാൻ കഴിഞ്ഞാൽ അതിന്റെ മൂന്നിൽ രണ്ടുഭാഗം നമുക്ക് കിട്ടും. ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുന്നു. 130 കോടി രൂപയുടെ വിഭവ സമാഹരണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെടാതെ സുരക്ഷിതമായി മുന്നോട്ടു പോകുമെന്ന്.

ശ്രീ. ഇ. കെ. നായനാർ: നിങ്ങളുടെ ബഡ്ജറ്റിൽ 33–ാമത്തെ പേജിൽ പറഞ്ഞിരിക്കുന്നു, നിലവിലുള്ള വരുമാനമാർഗ്ഗങ്ങളിൽ നിന്നുള്ള തുക കഴിച്ച് 130 കോടി രൂപയുടെ അധികവിഭവസമാഹരണം കൂടി നടത്തിയാലേ 1986–87–ലെ പ്ലാൻ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കൂ എന്ന് പ്ലാനിംഗ് കമ്മീഷൻ ചൂണ്ടിക്കാട്ടിയെന്ന്. ഇത്രയും കൂടുതൽ പിരിച്ചെങ്കിലല്ലേ ഇവിടെ പ്ലാൻ നടക്കൂ. അപ്പോൾ നികു

LIBRARY ARCHIVES Kerala Legislative Assembly

തികം വർധിപ്പിച്ച് 130 കോടി രൂപ ഈ വർഷം സമാഹരിക്കാൻ ആവില്ലല്ലോ. പ്ലാനിംഗ് കമ്മീഷനുമായി ജനുവരിയിൽ നടന്ന ചർച്ചയിൽ മറ്റു മാർഗ്ഗങ്ങളും ചൂണ്ടിക്കാണിച്ചുവെന്നാണ് പറയുന്നത്. മാർഗ്ഗങ്ങളും പറയുന്നില്ല. എന്താണ് മാർഗ്ഗം.

ശ്രീ. തച്ചടി പ്രഭാകരൻ: നികുതി കൂടുതൽ പിരിച്ചെടുത്ത് അധിക വിഭവം സമാഹരിക്കും. പ്രതിപക്ഷം മനസ്സിലാക്കേണ്ട കാര്യമാണ്. ഒരൊറ്റ പുതിയ നികുതിയും പാവപ്പെട്ട ജനങ്ങളിൽ അടിച്ചേൽപ്പിക്കാതെ, ഇന്ന് നിലവിലുള്ള നികുതികളിൽ യാതൊരു വർദ്ധനവുമുണ്ടാക്കാതെ 100 കോടി രൂപ അധികവിഭവസമാഹരണം നടത്തുന്നു. കഴിഞ്ഞ വർഷം നിശ്ചയിച്ച 352 കോടി രൂപയുടെ സ്ഥാനത്ത് 1985–86–ൽ ബഡ്ജറ്റിൽ നിർദ്ദേശിച്ചതിനേക്കാൾ 76 കോടി രൂപ അധികമായി പിരിച്ചിരിക്കുന്നു. 454 കോടി രൂപയാണ് കഴിഞ്ഞ വർഷം പിരിച്ചിരുന്നത്. ഈ വർഷം 554 കോടി പിരിക്കാനുള്ള ടാർജറാണ് വച്ചിട്ടുള്ളത്.

സർ, ജൂൺമാസം വരെയുള്ള കണക്കുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ച് പരിശോധിച്ച് വിലയിരുത്തി. കഴിഞ്ഞ ജൂൺമാസം വരെ പിരിച്ചതിനേക്കാൾ 12 കോടി രൂപ അധികമായി പിരിച്ചെടുക്കാൻ ഈ മൂന്നുമാസക്കാലംകൊണ്ട് കഴിഞ്ഞിരിക്കുന്നു. നേരത്തെ ഇവിടെ പറഞ്ഞു, ശ്രീ. കെ. എം. മാണി 35 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് പറഞ്ഞപ്പോൾ പുതിയ ധനകാര്യമന്ത്രി അറുപതുകോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് പറഞ്ഞുവെന്ന്. മാർച്ച് 21 വരെ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ കൊടുത്തുതീർക്കുവാനുണ്ടെന്ന് ഓരോ ഡിപ്പാർട്ടുമെൻറിലെയും കണക്കുകൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കി. ഈ കുടിശ്ശികകൾ, പെൻറിംഗ് ബില്ലുകൾ, ഗവൺമെൻറിൻറെ കമ്മിറ്റഡ് ആയിട്ടുള്ള കുടിശ്ശികകൾ എല്ലാം ഈ വർഷം അവസാനിക്കുന്നതിനുമുമ്പുതന്നെ ഈ ഗവൺമെൻറ് കൊടുത്തുതീർക്കുമെന്ന് അറിയിക്കുകയാണ്. അതുപോലെതന്നെ അഗതിപെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്ഷയരോഗികളുടെ പെൻഷൻ, സ്വാതന്ത്ര്യസമരസേനാനികളുടെ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, അദ്ധ്യാപകവിദ്യാർത്ഥികളുടെ തൊഴിലില്ലായ്മ വേതനം ഇവയൊക്കെ നൽകുന്നതിൽ പലയിടങ്ങളിലും പല രീതിയിലുള്ള കാലതാമസമുണ്ടായിട്ടുണ്ട്. ചിലപ്പോൾ ഉദ്യോഗസ്ഥൻമാർ ഇല്ലെന്നു പറഞ്ഞുകൊണ്ട്, ചില ട്രഷറികളിൽ മണി ഓർഡർ അയയ്ക്കാൻ സൗകര്യമില്ലെന്നു പറഞ്ഞുകൊണ്ട് ഒക്കെ കാലതാമസം വന്നിട്ടുണ്ട്. ഇവയെല്ലാം ഈ ഓണത്തിനുമുമ്പുതന്നെ നൂറുശതമാനവും അവരുടെ വീടുകളിൽ എത്തിക്കുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പു നൽകുകയാണ്.

തൊഴിലില്ലായ്മയെക്കുറിച്ച് വളരെ വ്യക്തമായ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. ബേബിജോണുമൊക്കെ ഇവിടെ സൂചിപ്പിച്ചു. ഈ ഗവൺമെൻറ് തൊഴിലില്ലായ്മ വേതനമെന്ന് പറഞ്ഞുകൊണ്ട് ഒരു മാസം അൻപതു രൂപവച്ച് രണ്ടര ലക്ഷത്തോളം ചെറുപ്പക്കാർക്ക് കൊടുക്കുന്നുണ്ട്. അതിനെക്കുറിച്ച് ഗവൺമെൻറ് പരിശോധിച്ചപ്പോൾ ഒരു വർഷത്തെ വേതനമായ 600 രൂപ ഒരുമിച്ച് കൊടുത്തുകഴിഞ്ഞാൽ അവർക്ക് തൊഴിൽ കണ്ടെത്താനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് 2,80,000-ഓളം ആളുകളുണ്ടെങ്കിലും നൂതനമായ തൊഴിൽ സംരംഭങ്ങൾ കാണേണ്ടതു പതിനായിരത്തിൽ താഴെവരുന്നവർക്കാണ്. ഈ ഗവൺമെൻറിൻറെ ഒരു നയമെന്നുള്ള നിലയിൽ സ്വയം തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തുന്നതിനുവേണ്ടി മുന്നോട്ടു വരുന്ന ചെറുപ്പക്കാർക്ക് അറുനൂറു രൂപയുടെ സ്ഥാനത്ത് കുറച്ചുരൂപകൂടി ഗവൺമെൻറിൻെറ വിഹിതമായ് കൊടുക്കുകയാണ്. അങ്ങനെ അൻപതു രൂപയെന്ന പരിധിക്കടുത്തു പോകുന്ന സമീപനം മാറിക്കൊണ്ട് സ്വയം തൊഴിൽ കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിയ്ക്ക് രൂപം കൊടുക്കാൻ ഈ ഗവൺമെൻറ് ആഗ്രഹിക്കുകയാണ്. ഫിനാൻസ് ഏജൻസികളും, സഹകരണ സ്ഥാപനങ്ങളും, നാഷണലൈസ്ഡ് ബാങ്കുകളും എന്നിവയുടെ സഹായത്തോടുകൂടി തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് നൂതനമായ തൊഴിൽ സംരംഭങ്ങളുണ്ടാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

സർ, ഇവിടെ പരമ്പരാഗത വ്യവസായങ്ങളോടുള്ള സമീപനത്തെക്കുറിച്ച് പറഞ്ഞു. ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞു, ശ്രീ. തച്ചടി വലിയ വായാടിത്തമടിച്ച് പറയുന്നുവെന്ന്. തകർന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് രക്ഷിക്കുവാൻവേണ്ടി ശ്രമിക്കുന്നതാണ്. അതിൻെറ തകർച്ചയുടെ പ്രശ്നങ്ങളും ആ രംഗത്ത് പ്രവർത്തിച്ചിരുന്ന ഒരു പ്രവർത്തകനെന്നുള്ള നിലയിൽ എനിക്ക് വളരെ വ്യക്തമായി അറിയാവുന്നതാണ്. ഇതിനുവേണ്ടി രണ്ടുകോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ നാലഞ്ചു മാസക്കാലമായി കയർ, ഫാക്ടറികളിൽ കെട്ടിക്കിടക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് വേതനം പോലും കിട്ടാത്ത ഒരു ദയനീയ സ്ഥിതി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കയർ തൊഴിലാളികളുടെ ഒരു സമരം ഇവിടെ നടന്നു. അതിൽ എല്ലാ രാഷ്ട്രീയ കക്ഷികളും ചേർന്നിരുന്നു. അതിൽ ശ്രീ. അച്യുതാനന്ദൻ പോയി ഒരു രാഷ്ട്രീയ പ്രസംഗം നടത്തിയെന്നൊരു കുഴപ്പമുണ്ടാക്കിച്ചാൽ അത് കക്ഷി, രാഷ്ട്രീയ ദേഭമെന്യേ നടന്ന ഒരു സമരമായിരുന്നു. ശ്രീ. അച്യുതാനന്ദൻെറ വിലകുറഞ്ഞ രാഷ്ട്രീയത്തിൻെറ ഫലം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അതൊന്നും പറയുന്നില്ല.....(ബഹളം) .....1980—ൽ ശ്രീമതി ഗൗരിയമ്മയ്ക്ക് സീറ്റ് കിട്ടാതിരിക്കാൻവേണ്ടി അച്യുതാനന്ദൻ എതിർത്ത കാര്യങ്ങളൊക്കെ നമുക്ക് അറിയാമല്ലോ. പിന്നെ ഇപ്പോഴെന്താണ് ഇത്ര സ്നേഹമെന്ന് എനിക്കറിയില്ല.

മി. സ്പീക്കർ: എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും വേണ്ടപ്പെട്ട വരാണല്ലോ.

ശ്രീ. തച്ചടി പ്രഭാകരൻ: കക്ഷി രാഷ്ട്രീയ ഭേദമെന്യേ പതിനായിരക്കണക്കിന് തൊഴിലാളികളും ഈ സെക്രട്ടേറിയറ്റിനു മുമ്പിൽ നടന്ന സമരത്തിൽ പങ്കെടുത്തു. അവിടെ ശ്രീ. അച്യുതാനന്ദൻ പോയി വിലകുറഞ്ഞ രാഷ്ട്രീയപ്രസംഗം നടത്തി. സി. പി. ഐ. കാർ പോയി കക്ഷി രാഷ്ട്രീയത്തിനതീതമായിട്ടാണ് പ്രസംഗിച്ചത്. അന്നു വൈകിട്ട് മൂന്നു മണിക്ക് ക്യാബിനറ്റ് വിളിച്ചുകൂട്ടി അൻപതു ലക്ഷം രൂപ ഗവൺമെൻറിനേറ്റതായും ഗവൺമെൻറിൻെറ ഗ്യാരണ്ടിയോടുകൂടി ആകെ രണ്ടു കോടി രൂപ അന്നത്തെ ക്യാബിനറ്റിൽ പാസ്സാക്കിയെടുത്തു. ഒന്നരക്കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് ആകെ കെട്ടിക്കിടക്കുന്നത് എന്നാണ് കണക്കുകൂട്ടിയത്. അങ്ങനെ അൻപതുലക്ഷം രൂപ ഗവൺമെൻറ് റിലീസ് ചെയ്തു. ഫെഡറേഷൻെറ അപേക്ഷവച്ചുകൊണ്ട് സംസ്ഥാനസഹകരണ ബാങ്കിൽനിന്നും ഒന്നരക്കോടി രൂപയും കൂടി കൊടുത്ത് ഈ ഓണക്കാലത്ത് തൊഴിലാളികളെ പട്ടിണിക്കിടാതിരിക്കാൻ കഴിഞ്ഞു.....(ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങളിൽ നിന്നും ഇൻസ്റ്റിറ്റ്യൂഷൻ ഫിനാൻസിൽ നിന്നുമൊക്കെ വായ്പയെടുക്കണമെങ്കിൽ ചില നടപടിക്രമങ്ങളൊക്കെയുണ്ട്. വന്നാലുടനെ കാശ് കൊടുക്കുന്ന ഏർപ്പാടില്ല. അതിനപേക്ഷ കൊടുക്കണം, കമ്മിറ്റി കൂടണം, കമ്മിറ്റി കൂടി പാസ്സാക്കണം, ഇങ്ങനെയുള്ള നടപടിക്രമങ്ങളൊക്കെയുണ്ട്.

അതുപോലെ കശുവണ്ടി വ്യവസായത്തെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഇവിടെ ഉണ്ണിച്ചേട്ടനൊക്കെ വളരെ വികാരപരമായി പ്രസംഗിച്ചു. ഈ സംസ്ഥാനത്ത് കശുവണ്ടിഫാക്ടറികൾ അടഞ്ഞുകിടക്കാൻ തുടങ്ങിയിട്ട് അഞ്ചുവർഷത്തോളമായി. നായനാർ ഗവൺമെന്റിന്റെ കാലത്ത് നമ്മൾ പലരുംകൂടി അത് തുറന്നു പ്രവർത്തിപ്പിക്കാൻവേണ്ടി ശ്രമിച്ചതാണ്. നടന്നില്ല. ഇന്ന് കാപ്പക്സ് എന്നു പറയുന്ന സഹകരണസ്ഥാപനം അതിനുവേണ്ടി ഉണ്ടാക്കി. അടഞ്ഞുകിടക്കുന്ന മുഴുവൻ കശുവണ്ടി ഫാക്ടറികളും ഗവൺമെന്റിന്റെയും ഇൻസ്റ്റിറ്റ്യൂഷൻ ഫിനാൻസിന്റേയും സഹായത്തോടുകൂടി ഈ വർഷം അവസാനിക്കുന്നതിനുമുമ്പ് ഏറ്റെടുത്ത് നടത്താനുള്ള നടപടികളും ത്വരിതഗതിയിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തന്നെ പത്തു പന്ത്രണ്ട് ഫാക്ടറികളും എടുത്തുകഴിഞ്ഞു.....(ബഹളം)..... അങ്ങനെ അടഞ്ഞു കിടക്കുന്ന ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ വേണ്ടിയാണ് കാഷ്യു ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഉണ്ടാക്കിയത്. ആ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷനു അടഞ്ഞുകിടന്ന ഫാക്ടറികൾ തുറന്നു നടത്തിക്കാൻ കഴിയാത്തതുകൊണ്ട് കാപ്പക്സ് എന്ന പുതിയ സഹകരണ സ്ഥാപനം ഉണ്ടാക്കി. അടച്ചിട്ട ഫാക്ടറികളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ അവർക്ക് കഴിയാത്തതുകൊണ്ട് ഈ ഗവൺമെന്റ് അങ്ങനെ ചെയ്യുന്നതിൽ ചിലപ്പോളവർക്ക് ബുദ്ധിമുട്ടുകാണും..... .....(ബഹളം).....

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇത് ഒരു ചെപ്പടിവിദ്യയിൽക്കൂടി പരിഹരിക്കാമെന്നാണ് ധനകാര്യമന്ത്രി പറയുന്നത്. അത് വളരെ സ്വാഗതാർഹമാണ്. കുത്തക സംഭരണം നിർത്തിവച്ചതിനു ശേഷമാണ് മുതലാളിമാർ ഈ ഫാക്ടറികൾ അടച്ചിട്ടതെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ? കുത്തക സംഭരണം പുനഃസ്ഥാപിക്കാതെ രണ്ടുവർഷംകൊണ്ട് ഏഴ് ഫാക്ടറികൾ കാപ്പക്സ് ഏറ്റെടുത്തു എന്ന് പറയുന്നു. ഇങ്ങനെയാണെങ്കിൽ നിങ്ങൾ എത്രവർഷംകൊണ്ടാണ് അടഞ്ഞു കിടക്കുന്ന ഈ അറുപത്തഞ്ച് ഫാക്ടറികളും ഏറ്റെടുക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: കുത്തക സംഭരണം നടത്താൻ തീരുമാനിച്ചത് അന്ന് കശുവണ്ടികൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടിയായിരുന്നു. അന്ന് കശുവണ്ടി കൃഷിക്കാർക്ക് ഒരു കിലോ കശുവണ്ടിക്ക് നാലും അഞ്ചും രൂപവരെ വില കിട്ടിയിരുന്നു. ഒരു താങ്ങുവില നിശ്ചയിച്ചുകൊണ്ട് ഗവൺമെന്റ് മോണോപ്പളി പ്രൊക്യൂവർമെന്റ് നടത്താനുള്ള തീരുമാനമെടുത്തു. ഇന്ന് കശുവണ്ടികൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ന്യായമായ വില കിട്ടുന്നുണ്ടെന്നു ഉറപ്പ് വന്നതുകൊണ്ടാണ് ആ പ്രൊക്യൂവർമെന്റ് നിറുത്തിയിരിക്കുന്നത്. ഇനി എങ്ങനെയെങ്കിലും കശുവണ്ടിയുടെ വില ഇടിയുന്ന സാഹചര്യം വരുമ്പോൾ അപ്പോൾ ഈ മാതിരി കാര്യങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഈ ഫാക്ടറികൾ എടുക്കണമെന്ന് പറഞ്ഞത് തമാശയടിക്കാൻവേണ്ടി പറഞ്ഞതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറ് ഒരു വർഷത്തിനകം ഏറെറടുക്കുമെന്നാണ് പറഞ്ഞത്. ഒരു സമയബന്ധിത പരിപാടിയനുസരിച്ചുതന്നെ അടഞ്ഞുകിടക്കുന്ന ഫാക്ടറികളും ഏറെറടുത്ത് നടത്തുവാനും അവിടെ പ്രോസസ് ചെയ്യാനാവശ്യമായ കശുവണ്ടി വേണമെങ്കിൽ ഇറക്കുമതി ചെയ്യുവാനുമുള്ള തീരുമാനങ്ങളും എടുത്തുകഴിഞ്ഞിട്ടുണ്ട്. ആ ഫാക്ടറികളിൽ കഴിയുന്നത്ര തൊഴിലാളികൾക്ക് പണി കൊടുക്കുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ഇന്നലെ ശ്രീ. കാനം രാജേന്ദ്രൻ കെ. എഫ്. സി. യെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞു. ഇന്നലെതന്നെ ആ പരാതികളെക്കുറിച്ച് പരിശോധിക്കുന്നതിനുവേണ്ടി ഫിനാൻസ് സെക്രട്ടറിയെയും ഫിനാൻസ് ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ഷൻ വിങ്ങിനെയും അയച്ചിട്ടുണ്ട്. പരാതിയെന്തെങ്കിലും ഉണ്ടെങ്കിൽ അന്വേഷിച്ച് കർശനമായ നടപടികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിലെടുക്കുമെന്ന് അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. .....(ബഹളം).....
ആവശ്യമായ നടപടികളും സ്വീകരിച്ച് കെ. എഫ്. സി. യെപ്പോലെ വ്യവസായ വായ്പകളും കൊടുക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.....(ബഹളം).....
ഈ സാമ്പത്തികവർഷം ഗവൺമെൻറ് ചെയ്യാനാഗ്രഹിക്കുന്ന മറെറാരുകാര്യം ഞാനും ഉപമുഖ്യമന്ത്രിയുമായി ആലോചിച്ച് എം. എൽ. എ. മാരുടെ റോഡുകളൊക്കെ ഈ വർഷം തന്നെ പണിയാരംഭിക്കാൻവേണ്ടി അനുമതി നൽകണമെന്നതാണ്. അങ്ങനെ ഒരു നയം സ്വീകരിച്ചിട്ടുണ്ട്.

നേരത്തേ ഭരണാനുമതി നൽകിയതാണ്. ഏതെല്ലാം വികസന പ്രവർത്തനങ്ങളും നമ്മൾ തുടങ്ങിവച്ചിട്ടുണ്ടോ ആ വികസന പ്രവർത്തനങ്ങളെല്ലാം ഒരു സമയ ബന്ധിത പരിപാടിയനുസരിച്ച് പൂർത്തിയാക്കണമെന്നുള്ളതാണ് ഈ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നയം. 10–12 വർഷമായിട്ടും പൂർത്തിയാകാതിരിക്കുന്ന വർക്കുകളുണ്ട്. അത് ഗവൺമെൻറിൻെറ മാത്രം കുറ്റംകൊണ്ടല്ല, പല കാരണങ്ങൾകൊണ്ടുമാണ്. അത് പൂർത്തിയാകുന്നതോടൊപ്പംതന്നെ ഡപ്യൂട്ടി ചീഫ് മിനിസ്റ്ററും ധനകാര്യമന്ത്രിയെന്നുള്ള നിലയിൽ ഞാനും ചർച്ച ചെയ്ത് ഈ വർഷം തന്നെ അവശേഷിക്കുന്ന എം. എൽ. എ. റോഡിൻെറ പണി പൂർത്തിയാക്കുന്നതിനാവശ്യമായ സാമ്പത്തിക നില എവിടെ നിന്നെങ്കിലും കണ്ടുപിടിച്ച് അത് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് തരാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

സർ, ഇവിടെ ഐക്യ ജനാധിപത്യ മുന്നണിയുടെ ഘടകകക്ഷികളെ തമ്മിൽ ഭിന്നിപ്പിക്കുന്ന തന്ത്രമാണ് പ്രതിപക്ഷങ്ങളും സ്വീകരിച്ചിട്ടുള്ളത്. ഈ ഐക്യ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം അഞ്ചാമത് വർഷത്തേയ്ക്ക് പ്രവേശിച്ചിരിക്കുകയാണെന്ന കാര്യത്തിൽ നിങ്ങളും ഭരിക്കുന്നവർക്കും സംശയമില്ലല്ലോ? ഈ മുന്നണി കൂലാവധി മുഴുവൻ ഭരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം ഐക്യ മുന്നണി എന്നു പറയുന്നത് ഒരു പാർട്ടിയുടെ നയം മാത്രം ഉൾക്കൊള്ളുന്നതല്ല. പക്ഷേ കോൺഗ്രസ്സിൻെറ ദേശീയ നയം കാഴ്ചപ്പാടിലും കോൺഗ്രസ്സ് നിരന്തരമായി എടുത്തിട്ടുള്ള സമീപനത്തിൽ നിന്ന് വ്യതിചലിക്കാതെയും ഘടകകക്ഷികളുമായി ചർച്ച ചെയ്ത് യോജിച്ച് ഭരിക്കുന്ന ഒരു ഐക്യമുന്നണിയായിരിക്കും ഇവിടെ ഭരിക്കുന്നത്. നിങ്ങൾ എത്രകണ്ട് എതിർത്താലും ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടു പോകും. ഐക്യജനാധിപത്യ മുന്നണിയെക്കുറിച്ച് പരാമർശിച്ചതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഈ ഐക്യമുന്നണി ഈ നിയമസഭയുടെ കാലാവധി തീരുന്ന മുറയ്ക്കോ, അല്ലെങ്കിൽ അതിന് മുൻപോ, വീണ്ടും ഒരു തെരഞ്ഞെടുപ്പിലൂടെ ഈ രാജ്യത്തെ ജനങ്ങളെ നേരിട്ടുകൊണ്ട് ഇന്നുള്ളതുപോലെ വമ്പിച്ച ഭൂരിപക്ഷത്തിൽ അധികാരത്തിലേക്ക് വരുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ല് പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

1986–ലെ കേരള ധനവിനിയോഗ (5–ാം നമ്പർ) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിത്തീർന്നു.

1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ കേരള ധനവിനിയോഗ (5–ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

1986–ലെ കേരള ധനവിനിയോഗ (5–ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ശ്രീ. ബേബി ജോൺ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

താഴെപ്പറയും പ്രകാരം അംഗങ്ങളുടെ വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—63

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ്ഹാജി
5. ,, സി. ടി. അഹമ്മദ്അലി
6. ,, കെ. അവുക്കാദർകുട്ടിനഹ
7. ,, ആർ ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നിബഹനാൻ
11. ,, പി. ഭാസ്കരൻ
12. ,, വി. ദിനകരൻ
13. ,, പി. സി. ജോർജ്ജ്
14. ,, കെ. എം. ഹംസക്കുഞ്ഞ്
15. ,, എം. എം. ഹസ്സൻ
16. ,, സി. ജി. ജനാർദ്ദനൻ
17. ,, ടി. എസ്. ജോൺ
18. ,, എ. സി. ജോസ്
19. ,, ജോസ് കുറ്റിയാനി
20. ഡോ: കെ. സി. ജോസഫ്
21. ശ്രീ. കെ. സി. ജോസഫ്
22. ,, പി. ജെ. ജോസഫ്
23. ശ്രീമതി എം. കമലം
24. ശ്രീ. ജി. കാർത്തികേയൻ
25. ,, കെ. കരുണാകരൻ
26. ,, മണിമംഗലത്തു കുട്ട്യാലി
27. ,, ഇ. ജെ ലൂക്കോസ്
28. ,, കെ. പി. എ. മജീദ്
29. ,, കെ. എം. മാണി
30. ,, എം. വി. മാണി
31. ,, കെ. മുഹമ്മദാലി
32. ,, ഇ. ടി. മുഹമ്മദ് ബഷീർ
33. ,, പി. എ. മുഹമ്മദ്കുട്ടി
34. ,, പി. വി. മുഹമ്മദ്
35. ,, ടി. എച്ച്. മുസ്തഫ
36. ,, കെ. എസ്. നാരായണൻ നമ്പൂതിരി
37. ,, കെ. പി. നൂറുദ്ദീൻ
38. ,, ഉമ്മൻചാണ്ടി
39. ,, സി. വി. പത്മരാജൻ
40. ,, തച്ചടി പ്രഭാകരൻ
41. ,, കെ. രാഘവൻമാസ്റ്റർ
42. ,, രാഘവൻ പൊഴക്കടവിൽ
43. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
44. ,, എസ്. രാമചന്ദ്രൻപിള്ള
45. ,, തേറമ്പിൽ രാമകൃഷ്ണൻ
46. ,, കെ. പി. രാമൻ
47. ,, രമേശ് ചെന്നിത്തല
48. ,, തോപ്പിൽ രവി
49. ,, വയലാർ രവി
50. ,, എൻ. ശക്തൻനാടാർ
51. ,, പി. സീതിഹാജി
52. ,, കടവൂർ ശിവദാസൻ
53. ,, നാലകത്തു സൂപ്പി
54. ,, കെ. കെ. ശ്രീനിവാസൻ
55. ,, എൻ. ശ്രീനിവാസൻ

LIBRARY ARCHIVES Kerala Legislative Assembly

56. ശ്രീ. പന്തളം സുധാകരൻ
57. ,, കോട്ടക്കുഴി സുകുമാരൻ
58. ,, സി. എം. സുന്ദരം
59. ,, എൻ. സുന്ദരൻനാടാർ
60. ,, പി. പി. തങ്കച്ചൻ
61. ,, സി. എഫ്. തോമസ്
62. ,, കെ. കെ. തോമസ്
63. ,, പി. കെ. വേലായുധൻ

പ്രതികൂലിക്കുന്നവർ—51

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ,, ഒ. ഭരതൻ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
10. ,, കെ. ചന്ദ്രശേഖരൻ
11. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
13. ,, സിറിയക് ജോൺ
14. ,, കെ. ജെ. ജോർജ്ജ്
15. ശ്രീമതി കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, കെ. ഇ. ഇസ്മയിൽ
19. ,, എം. ജിനദേവൻ
20. ,, ഇ. കെ. നായനാർ
21. ,, വി. സി. കബീർ
22. ,, കെ. ടി. കണാരൻ
23. ,, എം. കെ. കേശവൻ
24. ,, വി. കേശവൻ
25. ,, സി. ടി. കൃഷ്ണൻ
26. ,, കെ. കൃഷ്ണൻ കുട്ടി
27. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
28. ,, പി. കുമാരൻ
29. ,, പി. വി. കുഞ്ഞിക്കണ്ണൻ
30. ,, ലോനപ്പൻ നമ്പാടൻ
31. ,, സി. പി. മൂസ്സാൻകുട്ടി
32. ,, കെ. മൂസ്സക്കുട്ടി
33. ,, എ. കെ. പത്മനാഭൻ
34. ,, ഇ. പത്മനാഭൻ
35. ,, കെ. പങ്കജാക്ഷൻ
36. ,, ടി. പി. പീതാംബരൻ മാസ്റ്റർ
37. ,, കെ. പി. പ്രഭാകരൻ
38. ശ്രീമതി റേച്ചൽ സണ്ണി പനവേലി

LIBRARY ARCHIVES Kerala Legislative Assembly

39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ,, വി. കെ. രാജൻ
41. ,, കാനം രാജേന്ദ്രൻ
42. ,, കെ. ശങ്കരനാരായണപിള്ള
43. ,, എ. കെ. ശശീന്ദ്രൻ
44. ,, എ. സി. ഷൺമുഖദാസ്
45. ഡോക്ടർ എ. സുബ്ബാറാവു
46. ശ്രീ. എ. വി. താമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, ജി. വരദൻ
51. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ 63
പ്രതികൂലിക്കുന്നവർ 51
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചതായും ബിൽ പാസ്സായതായും പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്നുതന്നെ വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ ഉച്ചയ്ക്കുശേഷം 2-49ന് പിരിഞ്ഞു.)

(നിയമസഭ വൈകുന്നേരം 4 മണിക്ക് മി. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു.)

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഏതാനും വാക്കുകൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലിനജല സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികളുടെയും നിവാരണ പരിപാടികളുടേയും ശാസ്ത്രീയവും കാര്യക്ഷമവുമായ ആസൂത്രണ നിർവ്വഹണത്തിന് ആവശ്യമായ വിവര സമാഹരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly